# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2021 മേയ് 31, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2030/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

**I ചരമോപചാരം**

ആർ. എൽ. ഭാട്ടിയ, കെ. ആർ. ഗൗരിയമ്മ,
ആർ, ബാലകൃഷ്ണപിള്ള കെ. ജെ. ചാക്കോ, സി.എ. കുര്യൻ
കെ. എം. ഹംസക്കുഞ്ഞ്, ബി. രാഘവൻ എന്നിവരുടെ നിര്യാണം .. 1

**II ചെയർമാന്മാരുടെ പാനൽ** .. 9

**III മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ഒന്നാമത്തെ ഇനം അനുസരിച്ചുള്ള
കടലാസ്സുകൾ ..9

**IV റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ..18

**V റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ..18

**VI ഗവൺമെന്റ് പ്രമേയം**

(ചട്ടം 118 അനുസരിച്ചുള്ള പ്രമേയം)
ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യൽ

__മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ..19

**VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച** ..36

**VIII വ്യക്തിപരമായ വിശദീകരണം**

അവാസ്തവ പ്രസ്താവന

__ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ..115

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 മേയ് 31, തിങ്കൾ*

വാല്യം 184] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2021 മേയ് മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ......

## I ചരമോപചാരം

ആർ. എൽ. ഭാട്ടിയ, കെ. ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണപിള്ള, കെ. ജെ. ചാക്കോ, സി. എ. കുര്യൻ, കെ. എം. ഹംസക്കുഞ്ഞ്, ബി. രാഘവൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ ഗവർണർ ആർ. എൽ. ഭാട്ടിയ 2021 മേയ് 15-നും മുൻ മന്ത്രിമാരായ കെ. ആർ. ഗൗരിയമ്മ 2021 മേയ് 11-നും ആർ.ബാലകൃഷ്ണപിള്ള 2021 മേയ് 3-നും കെ. ജെ. ചാക്കോ 2021 ഏപ്രിൽ 12-നും മുൻ ഡെപ്യൂട്ടി സ്പീക്കർമാരായ സി. എ. കുര്യൻ 2021 മാർച്ച് 20-നും കെ. എം. ഹംസക്കുഞ്ഞ് 2021 മേയ് 13-നും മുൻ നിയമസഭാംഗം ബി. രാഘവൻ 2021 ഫെബ്രുവരി 23-നും അന്തരിച്ചു.

ആർ. എൽ. ഭാട്ടിയ

പ്രമുഖ കോൺഗ്രസ് നേതാവായിരുന്ന ആർ. എൽ. ഭാട്ടിയ 1921 ജൂലൈ 3-ന് പഞ്ചാബിലെ അമൃത്സറിൽ സമ്പന്നമായ ഒരു വ്യാവസായിക കുടുംബത്തിലാണ് ജനിച്ചത്. പഞ്ചാബ് സർവ്വകലാശാലയിൽനിന്നും ബിരുദവും ലാഹോർ സർവ്വകലാ ശാലയിൽനിന്നും നിയമ ബിരുദവും നേടി.

1975-77 കാലഘട്ടത്തിൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു. 1982 മുതൽ 1984 വരെ പഞ്ചാബിലെ കോൺഗ്രസ് പാർട്ടി അദ്ധ്യക്ഷനായി. പിന്നീട് എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചാബിലെ മുതിർന്ന കോൺഗ്രസ് നേതാവും പ്രമുഖ വ്യവസായിയുമായ അദ്ദേഹം 1972-ലെ ഉപതെരഞ്ഞെടുപ്പിലാണ് അമൃത്സറിൽനിന്ന് ആദ്യമായി പാർലമെന്റംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. വളരെയധികം ജനപ്രീതി നേടിയ നേതാവായിരുന്ന അദ്ദേഹം പിന്നീട് അതേ മണ്ഡലത്തിൽനിന്നും അഞ്ചുതവണ കൂടി ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ലോക്സഭാംഗമായിരിക്കെ ഐക്യരാഷ്ട്ര രക്ഷാസമിതിയിലേയ്ക്കുള്ള സംഘത്തിലെ ഇന്ത്യൻ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. 1992 മുതൽ 1996 വരെ വിദേശകാര്യ സഹമന്ത്രിയായിരുന്നു. 2004 ജൂൺ 23 മുതൽ 2008 ജൂലൈ 10 വരെ കേരള ഗവർണർ ആയിരുന്നു. പിന്നീട് ബീഹാർ ഗവർണറായി സേവനമനുഷ്ഠിച്ച അദ്ദേഹം ഓൾ ഇന്ത്യ പീസ് ആൻഡ് സോളിഡാരിറ്റി ഓർഗനൈസേഷന്റെ ചെയർമാൻ, ലോക്സഭ പെറ്റീഷൻസ് കമ്മിറ്റി ചെയർമാൻ, ലോക്സഭയുടെ ഫുഡ് ആൻഡ് സിവിൽ സപ്ലൈസ് കമ്മിറ്റി ചെയർമാൻ, ഫ്രണ്ട്സ് ഓഫ് ദി സോവിയറ്റ് യൂണിയന്റെ വൈസ് പ്രസിഡന്റ്, ബൾഗേറിയ ഫ്രണ്ട്ഷിപ്പ് സൊസൈറ്റിയുടെ ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. കോൺഗ്രസ് പാർലമെന്ററി പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റി, ഇന്ത്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസ്, ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള സെലക്ട് കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു. ആർ. എൽ. ഭാട്ടിയ പരന്ന വായനാശീലമുണ്ടായിരുന്ന രാഷ്ട്രീയ നേതാവായിരുന്നു. അദ്ദേഹം നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞ കഴിവുറ്റ രാഷ്ട്രീയ നേതാവ്, മികച്ച പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി, ഗവർണർ എന്നീ നിലകളിൽ ശോഭിച്ച ആർ. എൽ. ഭാട്ടിയയുടെ നിയോഗം നികത്താനാകാത്ത നഷ്ടമാണ്.

കെ. ആർ. ഗൗരിയമ്മ

രാഷ്ട്രീയ കേരളത്തിന് നിർണ്ണായക സംഭാവനകൾ നൽകിയ ത്യാഗനിർഭരമായ ജീവിതം ചരിത്രത്തിന്റെ ഭാഗമാക്കിയ മുൻ മന്ത്രി കെ. ആർ. ഗൗരിയമ്മ 2021 മേയ് 11-ന് അന്തരിച്ചു.

1919 ജൂലൈ 14-ന് കെ. എ. രാമൻ-പാർവ്വതി അമ്മ ദമ്പതികളുടെ മകളായി ചേർത്തലയിൽ ജനിച്ച ഗൗരിയമ്മ കേരള ചരിത്രത്തിൽ ഒട്ടേറെ ഏടുകൾ എഴുതി ച്ചേർത്തുകൊണ്ടാണ് കടന്നുപോയത്. നിയമത്തിൽ ബിരുദം നേടിയ കെ. ആർ. ഗൗരിയമ്മ വിദ്യാർത്ഥിനി ആയിരിക്കുമ്പോൾത്തന്നെ സജീവ രാഷ്ട്രീയത്തിലിറങ്ങി.

ജാതിവ്യവസ്ഥ ശക്തമായിരുന്ന അക്കാലത്ത് സ്വന്തം സമുദായത്തിൽനിന്നും ആദ്യമായി നിയമബിരുദം നേടിയ വനിതയാണ് കെ. ആർ. ഗൗരിയമ്മ. നിയമ വിദ്യാർത്ഥി യായിരിക്കെ ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 1947-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗത്വം സ്വീകരിച്ചു. ദീർഘകാലം കേരള കർഷക സംഘം, കേരള മഹിളാ സംഘം എന്നീ പ്രസ്ഥാനങ്ങളുടെ പ്രസിഡന്റായിരുന്ന കെ. ആർ. ഗൗരിയമ്മ തൊഴിലാളികളും കർഷകരും സാധാരണക്കാരും ഉൾപ്പെടുന്ന അധഃസ്ഥിത വിഭാഗങ്ങൾക്കുവേണ്ടിയും വനിതകളുടെ ഉന്നമനത്തിനുവേണ്ടിയും പോരാടി. സ്വാതന്ത്ര്യത്തിന് മുമ്പും അതിനുശേഷവും ക്രൂരമായ പോലീസ് അതിക്രമങ്ങൾ ക്കിരയാകുകയും ദീർഘകാലം ജയിൽവാസം അനുഭവിക്കുകയും ചെയ്തു.

1952-53, 1954-56 വർഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചി നിയമസഭകളിലും അഞ്ചാം കേരള നിയമസഭ ഒഴികെ ഒന്ന് മുതൽ പതിനൊന്നുവരെ എല്ലാ നിയമ സഭകളിലും അംഗമായിരുന്നു. ചേർത്തല, അരൂർ എന്നീ നിയോജക മണ്ഡലങ്ങ ളെയാണ് നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്നത്. ഐക്യകേരളം രൂപീകരിക്ക പ്പെട്ടശേഷം നിലവിൽവന്ന ആദ്യ മന്ത്രിസഭയിൽ റവന്യൂ, എക്സൈസ്, ദേവസ്വം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചു. പതിനൊന്ന് തവണ കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ ആറ് മന്ത്രിസഭകളിൽ അംഗമായിരുന്ന കെ. ആർ. ഗൗരിയമ്മ സംസ്ഥാനത്തെ ആദ്യ വനിതാ മന്ത്രിയുമായിരുന്നു. വിവിധ മന്ത്രിസഭകളിൽ റവന്യൂ, വിജിലൻസ്, വ്യവസായം, കൃഷി, കയർ, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം തുടങ്ങിയ നിരവധി വകുപ്പുകളുടെ ചുമതല വഹിച്ചു. കർഷകരെയും കർഷകത്തൊഴിലാളികളെയും കുടിയൊഴിപ്പിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിയമവും ലക്ഷക്കണക്കിന് കർഷകരെ കൃഷിഭൂമിയുടെ ഉടമസ്ഥരാക്കിയ ഭൂപരിഷ്കരണ നിയമവും അവതരിപ്പിച്ചത് മന്ത്രിയെന്ന നിലയിൽ കെ. ആർ. ഗൗരിയമ്മയായിരുന്നു. വ്യവസായ വകുപ്പുമന്ത്രിയായിരിക്കെ ടെക്നോപാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. കുടിയൊഴിപ്പിക്കൽ നിരോധന നിയമം, ഭൂപരിഷ്കരണ നിയമം, വനിതാകമ്മീഷൻ നിയമം, അഴിമതി നിരോധന നിയമം തുടങ്ങി കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ വിപ്ലവം സൃഷ്ടിച്ച ഒട്ടേറെ നിയമങ്ങളിൽ കെ. ആർ. ഗൗരിയമ്മ എന്ന പ്രഗത്ഭയായ ഭരണാധികാരിയുടെ സംഭാവനകളുണ്ട്. കേരള നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയുടെ ചെയർപേഴ്സൺ ആയിരുന്നു. വ്യവസ്ഥാപിത രീതിയിൽനിന്ന് വ്യത്യസ്തമായ ഭരണ ശൈലിയാണ് കെ. ആർ. ഗൗരിയമ്മ സ്വീകരിച്ചത്. അസാധാരണ നേതൃപാടവവും ഭരണവൈഭവവും കാഴ്ചവച്ച അവർ ഇന്ത്യയിലെതന്നെ ഏറ്റവും കരുത്തരായ ഭരണാധികാരികളിൽ ഒരാളായിരുന്നു.

കെ. ആർ. ഗൗരിയമ്മ നാല് പതിറ്റാണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗമായിരുന്നു. 1994 മുതൽ ജനാധിപത്യ സംരക്ഷണ സമിതിയെന്ന പേരിൽ സ്വന്തം പാർട്ടി രൂപീകരിച്ച് പ്രവർത്തിച്ചു. തുടർന്ന്, 1996-ലും 2001-ലും നടന്ന തെരഞ്ഞെടുപ്പുകളിൽ വിജയിച്ചു. 2001-ൽ യു.ഡി.എഫ്. മന്ത്രിസഭയിൽ കൃഷി വകുപ്പുമന്ത്രിയായി. സംസ്ഥാനത്തെ ആദ്യ വനിതാ മന്ത്രി, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം നിയമസഭാംഗമായിരുന്ന വനിത, ഏറ്റവും പ്രായം കൂടിയ മന്ത്രി തുടങ്ങിയ റെക്കോർഡുകളുടെ ഉടമയാണ്. 'ആത്മകഥ' എന്ന പേരിലെഴുതിയ സ്വന്തം ജീവചരിത്രത്തിന് 2011-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

കഴിവുറ്റ ഭരണാധികാരിയും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നിരാലംബർക്കും അധഃസ്ഥിത വിഭാഗങ്ങൾക്കുംവേണ്ടി സ്വന്തം ജീവിതം സമർപ്പിച്ച നേതാവുമായിരുന്ന കെ. ആർ. ഗൗരിയമ്മയുടെ വിയോഗം രാഷ്ട്രീയ കേരളത്തിന് തീരാനഷ്ടമാണ്.

## ആർ. ബാലകൃഷ്ണപിള്ള

മുൻമന്ത്രിയും കേരള കോൺഗ്രസ് സ്ഥാപകനേതാവും കേരള കോൺഗ്രസ് (ബി)-യുടെ ചെയർമാനുമായ ആർ. ബാലകൃഷ്ണപിള്ള 2021 മേയ് 3-ന് അന്തരിച്ചു.

ശ്രീമൂലം പ്രജാസഭാംഗമായിരുന്ന വാളകം കീഴൂട്ട് രാമൻപിള്ളയുടെയും കാർത്ത്യായനി അമ്മയുടെയും മകനായി 1934 ഏപ്രിൽ 7-ന് ജനിച്ചു. ബിരുദധാരിയായ ആർ. ബാലകൃഷ്ണപിള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെയാണ് പൊതുരംഗത്തെത്തിയത്. വിദ്യാഭ്യാസ കാലത്ത് തിരുവിതാംകൂർ സ്റ്റുഡന്റ്സ് യൂണിയനിൽ അംഗമായിരുന്നു. പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്നു. യു.ഡി.എഫ്.-ന്റെ സ്ഥാപക നേതാക്കളിൽ പ്രമുഖനായ ആർ. ബാലകൃഷ്ണപിള്ള കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും എ.ഐ.സി.സി. അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. 1964-ൽ കേരള കോൺഗ്രസ് രൂപീകരണത്തിന് മുൻകയ്യെടുത്ത അദ്ദേഹം അതിൻെറ സ്ഥാപക ജനറൽ സെക്രട്ടറിയായി.

1960-ൽ 25-ാം വയസ്സിൽ പത്തനാപുരത്തുനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുമ്പോൾ അക്കാലത്തെ ഏറ്റവും പ്രായം കുറഞ്ഞ അംഗമെന്ന റെക്കോർഡിന് ഉടമയായിരുന്നു. രണ്ടാം കേരള നിയമസഭയിലേയ്ക്ക് പത്തനാപുരം നിയോജകമണ്ഡലത്തിൽനിന്നും അഞ്ചുമുതൽ പതിനൊന്നുവരെയുള്ള നിയമസഭകളിലേയ്ക്ക് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. 1971-ൽ മാവേലിക്കര മണ്ഡലത്തിൽനിന്നും ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1964 മുതൽ 1987 വരെ എടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെയും 1987 മുതൽ 1995 വരെ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റായിരുന്നു. പാർലമെന്റംഗം,

മന്ത്രി എന്നീ സ്ഥാനങ്ങളിലിരിക്കുമ്പോഴും പഞ്ചായത്ത് പ്രസിഡന്റിന്റെ പദവിയിൽ തുടർന്ന വ്യക്തി എന്ന പ്രത്യേകതയും അദ്ദേഹത്തിനുണ്ട്. സി. അച്യുതമേനോൻ, കെ. കരുണാകരൻ, ഇ. കെ. നായനാർ, എ. കെ. ആന്റണി മന്ത്രിസഭകളിലായി ഗതാഗതം, വൈദ്യുതി തുടങ്ങിയ പല പ്രധാന വകുപ്പുകളുടെയും ചുമതല വഹിച്ചു. കൈകാര്യം ചെയ്ത വകുപ്പുകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1977-ൽ കേരള കോൺഗ്രസ് വിട്ട് അദ്ദേഹം കേരള കോൺഗ്രസ് (ബി) എന്ന പാർട്ടി രൂപീകരിച്ചു.

എൻ.എസ്.എസ്.-ലൂടെ സാമുദായിക പ്രവർത്തനങ്ങളിലും സജീവമായിരുന്ന അദ്ദേഹം അതിന്റെ ഡയറക്ടർ ബോർഡ് അംഗമായിരുന്നു. 2017 മുതൽ സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ പദവിയിൽ തുടരുകയായിരുന്നു. 'ആർ. ബാലകൃഷ്ണപിള്ളയുടെ ആത്മകഥ' എന്നപേരിൽ സ്വന്തം ജീവചരിത്രം എഴുതിയിട്ടുണ്ട്. പഠിക്കുന്ന കാലത്ത് നാടകങ്ങളിൽ അഭിനയിച്ചിട്ടുള്ള ആർ. ബാലകൃഷ്ണപിള്ള നീലസാരി, ഇവൾ ഒരു നാടോടി, വെടിക്കെട്ട് തുടങ്ങിയ മൂന്ന് സിനിമകളിലും അഭിനയിച്ചിട്ടുണ്ട്.

രാഷ്ട്രീയപ്രവേശനം നടത്തിയ കാലം മുതൽ വിടവാങ്ങുന്നതുവരെ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന നേതാവാണ് ആർ. ബാലകൃഷ്ണപിള്ള. മുന്നണി രാഷ്ട്രീയത്തിന്റെ പ്രധാന പ്രയോക്താക്കളിൽ ഒരാളായിരുന്ന ആർ. ബാലകൃഷ്ണപിള്ള വാക്കിലും പ്രവർത്തിയിലും തന്റേതായ ഒരു ശൈലി പിന്തുടർന്നിരുന്നു. ആറ് പതിറ്റാണ്ട് നീണ്ട രാഷ്ട്രീയ ജീവിതത്തിൽ പ്രതിസന്ധികളെ അതിജീവിച്ച് അദ്ദേഹം മുന്നേറി. തെറ്റാണെന്ന് തോന്നുന്ന കാര്യങ്ങളിൽ തന്റെ വിയോജിപ്പ് തുറന്ന് പ്രകടിപ്പിക്കാൻ മടിക്കാത്ത പ്രകൃതക്കാരനായിരുന്ന ആർ. ബാലകൃഷ്ണപിള്ള കഴിവുറ്റ ഒരു ജനപ്രതിനിധി, മികച്ച സംഘാടകൻ, വാഗ്മി എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു.

ആർ. ബാലകൃഷ്ണപിള്ളയുടെ നിര്യാണത്തോടെ നേതൃപാടവവും കർമ്മശേഷിയുമുള്ള കരുത്തുറ്റ ഒരു രാഷ്ട്രീയ കാരണവരെയാണ് കേരളത്തിന് നഷ്ടമായിരിക്കുന്നത്.

## കെ. ജെ. ചാക്കോ

മുൻമന്ത്രിയും മുതിർന്ന കേരള കോൺഗ്രസ് നേതാവുമായ കെ. ജെ. ചാക്കോ 12-4-2021-ന് അന്തരിച്ചു. ജോസഫ്-ഏലിയാമ്മ ദമ്പതികളുടെ മകനായി 1930 മാർച്ച് 2-ന് ജനിച്ച കെ. ജെ. ചാക്കോ സ്കൂൾ വിദ്യാർത്ഥിയായിരിക്കെ തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. പിന്നീട് കേരളാ കോൺഗ്രസ് രൂപീകൃതമായതോടെ ആ പാർട്ടിയിൽ ചേർന്നു. എറണാകുളം ലാ

കോളേജിൽനിന്നും നിയമബിരുദം നേടിയ കെ. ജെ. ചാക്കോ കഴിവുറ്റ ഒരു അഭിഭാഷകനായിരുന്നു. ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തുടർന്ന് നാലും അഞ്ചും കേരള നിയമസഭകളിലേയ്ക്ക് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. സി. എച്ച്. മുഹമ്മദ് കോയ മന്ത്രിസഭയിൽ റവന്യൂ, സഹകരണം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചു. മന്ത്രിയായിരിക്കെ പെസഹ വ്യാഴം പൊതുഅവധിയായി മാറ്റണമെന്ന ആവശ്യം അംഗീകരിപ്പിക്കുന്നതിൽ കെ. ജെ. ചാക്കോ നിർണ്ണായക പങ്കാണ് വഹിച്ചത്. നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. 'പുത്തൻപുരാണം: ഒരു നിയമസഭാ സാമാജികന്റെ ഓർമ്മക്കുറിപ്പ് ' എന്ന പേരിൽ ഒരു പുസ്തകം രചിച്ചിട്ടുണ്ട്.

മികച്ച ഒരു പൊതുപ്രവർത്തകനെയാണ് കെ. ജെ. ചാക്കോയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>സി. എ. കുര്യൻ</u>

മുൻ ഡെപ്യൂട്ടി സ്പീക്കറും സി.പി.ഐ. ദേശീയ കൗൺസിൽ അംഗവുമായിരുന്ന സി. എ. കുര്യൻ 20-3-2021-ന് അന്തരിച്ചു. ചെമ്പിലായിൽ എബ്രഹാം-പൊന്നമ്മ ദമ്പതികളുടെ മകനായി 1933 ഡിസംബർ 25-ന് കോട്ടയം പുതുപ്പള്ളി ഇരവിനല്ലൂരിൽ ജനിച്ചു. ബിരുദപഠനത്തിനുശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി ലഭിച്ചുവെങ്കിലും പൊതുപ്രവർത്തനത്തിൽ ആകൃഷ്ടനായ അദ്ദേഹം ജോലി രാജിവച്ച് രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചു.

മൂന്നാറിലെ തോട്ടം മേഖല കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. മൂന്നാറിലെ തേയിലത്തോട്ടം മേഖലയിൽ ഇടതുപക്ഷ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ മുന്നിട്ടിറങ്ങിയവരിൽ പ്രധാനിയായിരുന്നു സി. എ. കുര്യൻ. എസ്റ്റേറ്റ് ഉടമകളുടെ ചൂഷണത്തിന് ഇരയായിരുന്ന തൊഴിലാളികളുടെ അവകാശങ്ങൾക്കും ക്ഷേമത്തിനും വേണ്ടി ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. മോശമായ തൊഴിൽ സാഹചര്യങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളികളിൽ സംഘടനാബോധം വളർത്തുന്നതിനും അവർക്കെതിരെയുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനും സി. എ. കുര്യന്റെ പരിശ്രമങ്ങൾക്ക് കഴിഞ്ഞു. തൊഴിലാളിക്ഷേമം ലക്ഷ്യമിട്ട് ട്രേഡ് യൂണിയൻ രംഗത്ത് വിശ്രമമില്ലാതെ പ്രവർത്തിച്ച അദ്ദേഹം രാഷ്ട്രീയ കേസ്സുകളിൽപ്പെട്ട് 27 മാസം വിവിധ ജയിലുകളിലും 17 മാസം വിയ്യൂർ സെൻട്രൽ ജയിലിൽ എ.കെ.ജി. ഉൾപ്പെടെയുള്ള നേതാക്കളോടൊപ്പവും തടവിൽ കഴിഞ്ഞിട്ടുണ്ട്.

പീരുമേട് നിയോജകമണ്ഡലത്തിൽനിന്നും അഞ്ച്, ആറ്, പത്ത് എന്നീ നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാംഗമായിരിക്കെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുന്നതിനും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും അദ്ദേഹം വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. പത്താം കേരള നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കറായി പ്രവർത്തിച്ചു. എ.ഐ.ടി.യു.സി. സ്റ്റേറ്റ് സെക്രട്ടറി, ഓൾ ഇന്ത്യ പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി, സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ദേവികുളം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ്, ഹൈറേഞ്ച് എസ്റ്റേറ്റ് ലേബർ യൂണിയൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. സി.പി.ഐ. ദേശീയ കൺട്രോൾ കമ്മീഷൻ അംഗമായിരുന്നു.

ട്രേഡ് യൂണിയൻ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയെയും പരിശ്രമശാലിയായ ഒരു നേതാവിനെയുമാണ് സി. എ. കുര്യന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. എം. ഹംസക്കുഞ്ഞ്

കേരള നിയമസഭാ മുൻ ഡെപ്യൂട്ടി സ്പീക്കറും മുസ്ലീംലീഗ് നേതാവുമായ കെ. എം. ഹംസക്കുഞ്ഞ് 13-5-2021-ന് അന്തരിച്ചു. ഏഴാം കേരള നിയമസഭയിൽ 30-6-1982 മുതൽ 7-10-1986 വരെ ഡെപ്യൂട്ടി സ്പീക്കർ പദവി അലങ്കരിച്ച കെ. എം. ഹംസക്കുഞ്ഞ് മട്ടാഞ്ചേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചാണ് നിയമസഭയിലെത്തിയത്.

കെ. എം. ഹംസക്കുഞ്ഞ് 1941 മേയ് 14-ന് ജനിച്ചു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെയാണ് പൊതുപ്രവർത്തനരംഗത്തേയ്ക്ക് കടന്നുവന്നത്. 1966-ൽ എറണാകുളം മുനിസിപ്പൽ കൗൺസിൽ അംഗമായി. തുടർന്ന് കൊച്ചി കോർപ്പറേഷൻ രൂപീകരിച്ചപ്പോൾ നടന്ന തെരഞ്ഞെടുപ്പിൽ കോർപ്പറേഷൻ കൗൺസിൽ അംഗമായി. ദീർഘകാലം നഗരസഭാംഗമായി പ്രവർത്തിച്ചു. 1973 മുതൽ രണ്ടര വർഷം കൊച്ചി കോർപ്പറേഷൻ മേയറായിരുന്നു. കേരള നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി ചെയർമാൻ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ അംഗം, ജി.സി.ഡി.എ. അംഗം, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് വർക്കിംഗ് കമ്മിറ്റി അംഗം, മുസ്ലീം ലീഗ് എറണാകുളം ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സുദീർഘമായ പൊതുപ്രവർത്തന പാരമ്പര്യമുള്ള കെ. എം. ഹംസക്കുഞ്ഞ് മികച്ച വാഗ്മിയും ജനസമ്മതനായ നേതാവുമായിരുന്നു. തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിലും നിസ്വാർത്ഥമായ പരിശ്രമം നടത്തിയ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## ബി. രാഘവൻ

മുൻ എം.എൽ.എ. ബി. രാഘവൻ 23-2-2021-ന് അന്തരിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായിരിക്കെയായിരുന്നു വിയോഗം. കെ. ഭരതൻ-ചക്കി ദമ്പതികളുടെ മകനായി 1952 ഒക്ടോബർ 1-ന് ജനിച്ച ബി. രാഘവൻ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്നത്. അടിയന്തരാവസ്ഥക്കാലത്ത് ഒളിവിൽ കഴിയേണ്ടിവന്നതുമൂലം പഠനം തടസ്സപ്പെടുകയും പിന്നീട് മുഴുവൻ സമയ രാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകുകയും ചെയ്തു. കർഷക ത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുവാൻ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. കെ.എസ്.കെ.ടി.യു. സംസ്ഥാന പ്രസിഡന്റായിരിക്കെ അദ്ദേഹം നേതൃത്വം നൽകിയ പ്രക്ഷോഭങ്ങൾ ശ്രദ്ധേയമാ യിരുന്നു.

കൊല്ലം ജില്ലയിലെ നെടുവത്തൂർ നിയോജകമണ്ഡലത്തിൽനിന്നും എട്ട്, ഒൻപത്, പന്ത്രണ്ട് നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം നിയോജക മണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി സഭയ്ക്കുള്ളിലും പുറത്തും ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തി. 1989-1991 കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർമാനായി പ്രവർത്തിച്ചിരുന്നു. സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി അംഗം, കെ.എസ്.കെ.ടി.യു. സംസ്ഥാന ട്രഷറർ, ഓൾ ഇന്ത്യ അഗ്രികൾച്ചർ വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ്, കാഷ്യൂ വർക്കേഴ്സ് സെന്റർ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു വരിക യായിരുന്നു. കൊട്ടാരക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ്, കുസാറ്റ് സിൻഡിക്കേറ്റ് മെമ്പർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

സാധാരണക്കാരോടും കർഷകത്തൊഴിലാളികൾക്കുമൊപ്പം തോളോട് തോൾ ചേർന്നുനിന്ന് പ്രവർത്തിച്ച കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളിലെ മുന്നണിപ്പോ രാളിയായ ഒരു പൊതുപ്രവർത്തകനെയാണ് ബി. രാഘവന്റെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ മുരളി പെരുനെല്ലി, പി. എസ്. സുപാൽ, റോജി എം. ജോൺ എന്നിവരെ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 27 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2021 | അല്ല |

II തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 13 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 14 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 2021 | 33 | ദി കേരള പഞ്ചായത്ത് രാജ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 34 | ദി കേരള മുനിസിപ്പാലിറ്റി (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 36 | ദി കേരള എംപ്ലോയ്മെന്റ് ഗാരന്റി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഓർഡിനൻസ്, 2021 | അല്ല |
| 6 | 2021 | 40 | ദി കേരള ടോഡി ഇൻഡസ്ട്രി ഡെവലപ്മെന്റ് ബോർഡ് ഓർഡിനൻസ്, 2021 | അല്ല |
| 7 | 2021 | 42 | ദി കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

III വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 30 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

IV പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 1 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 26 | ദി പേമെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

V ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 17 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 18 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 19 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 2021 | 20 | ദി കേരള ഡിസാസ്റ്റർ ആൻഡ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 21 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

VI വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 10 | ദി കേരള മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 11 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 37 | ദി കേരള കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

VII ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 31 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 | അല്ല |
| 2 | 2021 | 38 | ദി കേരള സെൽഫ് ഫിനാൻസിംഗ് കോളേജ് ടീച്ചിംഗ് ആൻഡ് നോൺ-ടീച്ചിംഗ് എംപ്ലോയീസ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 39 | ദി എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 45 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 | അല്ല |
| 5 | 2021 | 48 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) (നമ്പർ 2) ഓർഡിനൻസ്, 2021 | അല്ല |
| 6 | 2021 | 49 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) (നമ്പർ 3) ഓർഡിനൻസ്, 2021 | അല്ല |

VIII സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 24 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്(അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 32 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 47 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (തേഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

IX മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 25 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (4) | (5) | (6) |
|---|---|---|---|---|
| 2 | 2021 | 28 | ദി കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആൻഡ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 29 | ദി കേരള ഇൻലാന്റ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 46 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 [3-3-2021-ലെ തിരുത്തൽ വിജ്ഞാപനം നമ്പർ 11407/ലെഗ്.ഐ 1/2020/ലോ. സഹിതം] | അല്ല |

X പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 3 | ദി കേരള ടൈലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 4 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 5 | ദി കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 2021 | 6 | ദി കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 7 | ദി കേരള ലേബർ വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 6 | 2021 | 8 | ദി കേരള കാഷ്യു വർക്കേഴ്സ് റിലീഫ് ആൻഡ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 7 | 2021 | 9 | ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 8 | 2021 | 12 | ദി കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 9 | 2021 | 15 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 10 | 2021 | 16 | ദി കേരള ബാംബൂ, കാട്ടുവള്ളി ആൻഡ് പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 11 | 2021 | 41 | ദി കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

XI മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ക്രമനമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 35 | ദി കേരള ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്രി ഫീഡ് ആൻഡ് മിനറൽ മിക്സ്ചർ(റെഗുലേഷൻ ഓഫ് മാനുഫാക്ചർ ആന്റ് സെയിൽ) ഓർഡിനൻസ്, 2021 | അല്ല |

XII ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമനമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 22 | ദി കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 23 | ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 43 | ദി കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 44 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2021 | അല്ല |

XIII കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 2 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2021 | അല്ല |

## IV റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## V റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

# VI ഗവൺമെന്റ് പ്രമേയം

(ചട്ടം 118 അനുസരിച്ചുള്ള പ്രമേയം)

## ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, " നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ചരിത്രപരമായും സാംസ്കാരികമായുമുള്ള ഗാഢബന്ധം ഇരുപ്രദേശങ്ങൾക്കും ജനങ്ങൾക്കുമിടയിൽ പണ്ടേയുണ്ട്. ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പ് ലക്ഷദ്വീപിലെ പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1-ന് സംസ്ഥാന രൂപീകരണംവരെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു ലക്ഷദ്വീപ്. ലക്ഷദ്വീപിലെ ജനങ്ങൾ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ഭരണ തലത്തിലും മലയാളത്തിന് അവിടെ വലിയ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വാണിജ്യത്തിനുമെല്ലാം ലക്ഷദ്വീപ് നിവാസികൾക്ക് കേരളവു മായാണ് കൂടുതൽ ബന്ധം. ഇത്തരത്തിൽ പല തലങ്ങളിലുമുള്ള പങ്കിടലുകൾവഴി കേരളജനതയ്ക്ക് ലക്ഷദ്വീപുകാർ എല്ലാ അർത്ഥത്തിലും സഹോദരങ്ങളാണ്.

സാംസ്കാരികമായുള്ള ലക്ഷദ്വീപിന്റെ സവിശേഷതകൾക്കും തനത് ജീവിത രീതികൾക്കുംമേൽ കടന്നുകയറ്റം നടക്കുന്നതായി അവിടത്തെ ജനങ്ങൾതന്നെ അഭിപ്രായപ്പെടുകയാണ്. അവരുടെ ഭക്ഷണക്രമത്തെയും ഉപജീവന മാർഗ്ഗങ്ങളെയുമൊക്കെ തകർക്കാനുള്ള നീക്കങ്ങൾ നടക്കുന്നുവെന്നും ലക്ഷദ്വീപുകാരുടെ ജീവനുതന്നെ വെല്ലുവിളിയുണ്ടാകുന്ന ഭരണപരമായ നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നുവെന്നുമാണ് അവിടെനിന്നും പുറത്തുവരുന്ന വാർത്തകൾ സൂചിപ്പി ക്കുന്നത്. ടൂറിസത്തെ ശക്തിപ്പെടുത്താൻ എന്ന പേരിൽ ആ നാടിന്റെ സംസ്കാരവും സത്തയുമാണ് ഇല്ലായ്മ ചെയ്യപ്പെടുന്നത്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്നത് ഏതൊരു ജനാധിപത്യ സംവിധാനത്തിന്റെയും അടിസ്ഥാനപരമായ കർത്തവ്യമാണ്. ആ പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിനുപകരം അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഔദ്യോഗികതലത്തിൽ നിന്നുതന്നെയുണ്ടാകുന്നുവെന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ലക്ഷദ്വീപിലെ ഭരണകൂടത്തിന് വ്യക്തികളുടെ ഭൂമിയും സ്വത്തും ഏറ്റെടുക്കാൻ അമിതാധികാരം നൽകുന്ന വ്യവസ്ഥ സാധാരണ ജനങ്ങളുടെയിടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. അതുപോലെതന്നെ, ഇപ്പോൾ വരുത്തി യിട്ടുള്ള പുതിയ നിയന്ത്രണങ്ങൾമൂലം ധാരാളം ആളുകളെ അവർ ജോലി ചെയ്തു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽനിന്നും പിരിച്ചുവിടുന്നു. ഇത് വലിയ തോതിലുള്ള സാമ്പത്തിക അസമത്വങ്ങൾക്കും സാമൂഹ്യ അസ്വസ്ഥതകൾക്കും ഇടവരുത്തുന്നതാണ്.

ഇന്ത്യൻ സമൂഹത്തിന്റെ ആത്യന്തികമായ സവിശേഷത അതിന്റെ നാനാത്വത്തിലെ ഏകത്വമാണ്. ഇന്ന് ലക്ഷദ്വീപിൽ കാണുന്നതിന് സമാനമായ വിധത്തിൽ ഈ രാജ്യത്തിന്റെ നാനാത്വങ്ങളെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളിലും ആസൂത്രിതമായി നടത്തിയിട്ടുണ്ട്. അവയുടെയൊക്കെ പരിണിതഫലം ദുരന്തങ്ങളായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും രാജ്യങ്ങളുടെ അവിഭാജ്യ ഘടകങ്ങളായ ചില പ്രദേശങ്ങൾ വെട്ടിമുറിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അത് പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാകരുത്. രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്രപശ്ചാത്തലത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠയുളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിൽ ഉയരുന്നു. കേരളം ആ ആശങ്ക പങ്കുവയ്ക്കുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വിലകൽപ്പിക്കുന്ന സംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യംനിൽക്കുന്ന ഒന്നാണ്. അതിനാൽത്തന്നെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തു നിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹ ത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. പിണറായി വിജയൻ): സർ, ലക്ഷദ്വീപ് ജനതയുടെ തനതായ ജീവിതരീതികളെയില്ലാതാക്കി കാവി അജണ്ടകളും കോർപ്പറേറ്റ് താൽപ്പര്യങ്ങളും അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോഴവിടെ നടന്നുകൊണ്ടിരിക്കുന്നത്. തെങ്ങുകളിൽ കാവിനിറം പൂശിക്കൊണ്ട് ആരംഭിച്ച്, ഇപ്പോൾ ആ ജനതയുടെ ആവാസ് വ്യവസ്ഥകളെയും ജീവിതത്തെയും സ്വാഭാവിക ബന്ധങ്ങളെയും തകർക്കുന്ന

തരത്തിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. പൗരത്വഭേദഗതി ബില്ലിനെതിരെ സ്ഥാപിച്ചിരുന്ന ബാനറുകൾ എടുത്തുമാറ്റുകയും അത് എഴുതിയവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും ലക്ഷദ്വീപിലുണ്ടായി. പൊതുവെ സമാധാനപരമായി ജീവിക്കുകയും അതിഥികളെ സ്നേഹവായ്പ്പുകൊണ്ട് വീർപ്പുമുട്ടിക്കുകയും ചെയ്യുന്ന രീതിയാണ് ലക്ഷദ്വീപിലെ ജനത സാധാരണനിലയിൽ സ്വീകരിക്കുന്നത്. കുറ്റകൃത്യങ്ങൾ അത്യപൂർവ്വമായി തീർന്ന ലക്ഷദ്വീപിൽ ഗുണ്ടാ ആക്ട് കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ പ്രതിഷേധങ്ങൾ ഉയർന്നുവരുമ്പോൾ അവയെ നേരിടുന്നതിന് മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തിയാണ് ഇത്തരം നടപടികൾ സ്വീകരിച്ചിരിക്കുന്നത്. സ്വേച്ഛാധിപത്യപരമായ ഭരണരീതി ഇതിലൂടെ തുടർന്നും വികസിച്ചുവരികയും ജനങ്ങളുടെ ഉപജീവനത്തിന് അടിസ്ഥാനമായി നിൽക്കുന്ന മത്സ്യബന്ധനത്തെ തകർക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. മത്സ്യത്തൊഴിലാളികളുടെ ബോട്ടും വലയും സൂക്ഷിക്കുന്ന കുടാരങ്ങൾ തകർത്തിരിക്കുന്നു. ജനങ്ങളുടെ സ്വാഭാവികമായ ഭക്ഷണരീതിയിൽ പ്രധാനമായി നിൽക്കുന്ന ഗോമാംസം ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുകയും ഗോവധ നിരോധനമെന്ന സംഘ്പരിവാർ അജണ്ട പിൻവാതിലിലൂടെ നടപ്പിലാക്കുകയും ഗോവധവും ഗോമാംസവും നിരോധിക്കുന്നതോടൊപ്പം ഡെയറി ഫാമുകൾ അടച്ചുപൂട്ടുകയും ചെയ്യാനുള്ള നടപടികളാണ് മുന്നോട്ടുവയ്ക്കുന്നത്. ഇത്തരത്തിൽ ഒരു ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ഇഞ്ചിഞ്ചായി ഇല്ലാതാക്കുന്ന നടപടികൾക്കാണ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റർ ലക്ഷദ്വീപിൽ നേതൃത്വം നൽകുന്നത്. ലക്ഷദ്വീപിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനങ്ങളെയെല്ലാം ഇല്ലാതാക്കി ഉദ്യോഗസ്ഥമേധാവിത്വം അടിച്ചേൽപ്പിക്കാനുള്ള നടപടി തുടരുന്നു. ജില്ലാ പഞ്ചായത്തിന്റെയും വില്ലേജ് ദ്വീപ് പഞ്ചായത്തിന്റെയും അധികാരങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ കീഴിലാക്കിക്കഴിഞ്ഞിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽനിന്നും മത്സ്യബന്ധനം, ആരോഗ്യം, വിദ്യാഭ്യാസം, മൃഗസംരക്ഷണം, കാർഷികം എന്നീ വകുപ്പുകൾ എടുത്തുമാറ്റുകയാണ്. ഈ വകുപ്പുകളിൽ നേരിട്ടിടപെടാൻ അധികാരമില്ലാതിരുന്ന അഡ്മിനിസ്ട്രേറ്റർക്ക് അതിനുള്ള അധികാരവും ഒരു ഉത്തരവിലൂടെ നൽകിയിരിക്കുകയാണ്. ഇതിലൂടെ കേന്ദ്രസർക്കാർ തങ്ങൾക്ക് താൽപ്പര്യമുള്ള ഉദ്യോഗസ്ഥരെ വിന്യസിച്ച് ദ്വീപിന്റെ സ്വാഭാവികമായ ജനാധിപത്യക്രമത്തെ തകർക്കുകയാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതിവിചിത്രമായ ഉത്തരവും അവതരിപ്പിക്കുകയാണ്. രണ്ട് കുട്ടികളിൽ കൂടുതലുള്ളവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കരുതെന്ന സമീപനം നമ്മുടെ രാജ്യത്ത് കേട്ടുകേൾവി പോലുമില്ലാത്തതാണ്. അതും നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. അതുവഴി ദ്വീപിലെ ബഹുഭൂരിപക്ഷം പേർക്കും അവരുടെ ജനാധിപത്യപരമായ അവകാശം

ഇല്ലാതാകുന്ന സ്ഥിതിയാണുണ്ടാകുന്നത്. ദ്വീപ് സമൂഹത്തിന്റെ ആവാസവ്യവസ്ഥയും സംസ്കാരവും സുരക്ഷയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവിടെ നിലനിൽക്കുന്ന നിയമമാണ് ദ്വീപിന് പുറത്തുള്ള ആർക്കും ഇവിടെ ഭൂമിവാങ്ങാൻ അവകാശമില്ലായെന്നത്. ഇന്ത്യയിൽ പലയിടത്തും നിലനിൽക്കുന്ന നിയമവുമാണ്. എന്നാൽ അതിനും മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായ പരിഷ്കാരങ്ങളും നടപ്പിലാക്കുകയാണ്. ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം പുതുക്കണമെന്ന് നിർദ്ദേശവും വന്നുകഴിഞ്ഞു. ഇതിന് വീഴ്ചവന്നാൽ 2 ലക്ഷം രൂപ പിഴയൊടുക്കുകയും ഓരോ ദിവസവും 20,000 രൂപ പിഴയൊടുക്കുകയും ചെയ്യണമെന്ന നിർദ്ദേശവും വന്നുകഴിഞ്ഞു. വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്ത് ജീവിക്കുന്നവർക്ക് തീർത്തും അപ്രാപ്യമായ നടപടിയാണ് വന്നുകൊണ്ടിരിക്കുന്നത്.

നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാട്ടുകളാണ് കേരളവും ലക്ഷദ്വീപും. ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പ് പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1 വരെ ലക്ഷദ്വീപ് അന്നത്തെ മലബാർ ജില്ലയുടെ ഭാഗവുമായിരുന്നു. കേരളവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ജീവിതക്രമവും സാംസ്കാരിക രീതിയുമാണ് ലക്ഷദ്വീപിനുള്ളത്. മലയാളമാണ് അവരുടെ പ്രധാനപ്പെട്ട ഭാഷ. മലയാളം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ് ദ്വീപിലുള്ളത്. ഹൈക്കോടതിയടക്കമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കൊച്ചിയിലുമാണ്. ചരക്കുനീക്കം നടക്കുന്നത് കൊച്ചി, ബേപ്പൂർ എന്നീ തുറമുഖങ്ങളിലൂടെയാണ്. ചരിത്രപരമായി നിലനിൽക്കുന്ന ഈ പാരസ്പര്യ ബന്ധത്തെ തകർക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. സാംസ്കാരികമായ ലക്ഷദ്വീപിന്റെ സവിശേഷതകൾക്കും അവിടത്തെ തനത് ജീവിതരീതികൾക്കുംമേൽ നടത്തിയ കടന്നുകയറ്റത്തെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. ലോകത്തിന്റെ പല ഭാഗങ്ങളിലും ജനതയുടെ ജീവിത സവിശേഷതകളെ തകർക്കപ്പെടുന്ന പരിശ്രമങ്ങൾ നടന്നിടത്തെല്ലാം ശക്തമായ ചെറുത്തുനിൽപ്പുകൾ ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അത് പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാകരുത്. രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്രപശ്ചാത്തലത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠയുളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിലുയരുന്നു. കേരളം ആ ആശങ്ക പങ്കുവയ്ക്കുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വിലകൽപ്പിക്കുന്ന സംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത്

ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യംനിൽക്കുന്ന ഒന്നാണ്. അതിനാൽത്തന്നെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായി വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്. ഇന്ന് നടക്കുന്ന പ്രവർത്തനങ്ങൾമൂലം ലക്ഷദ്വീപിനെ സംഘ്പരിവാർ അജണ്ടയുടെ ഒരു പരീക്ഷണ ശാലയായാണ് കാണേണ്ടത്. ജനതയുടെ സംസ്കാരം, ഭാഷ, ജീവിതക്രമം, ഭക്ഷണം ഇവയെല്ലാം തങ്ങൾക്കനുയോജ്യമായ രീതിയിൽ മാറ്റിത്തീർക്കാനുള്ള പരിശ്രമമാണ് സംഘ്പരിവാർ രാജ്യത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ഉപജീവനമാർഗ്ഗം തകർത്ത് കോർപ്പറേറ്റുകൾക്ക് പരവതാനി വിരിക്കാനുള്ള നടപടികളും അവർ സ്വീകരിച്ചുവരുന്നു. ഒരു ജനതയെ കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കും ഹിന്ദുത്വ രാഷ്ട്രീയത്തിനും അടിമപ്പെടുത്താനുള്ള ഈ പരിശ്രമത്തിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് ഉയർന്നുവരേണ്ടതുണ്ട്. എങ്കിൽ മാത്രമേ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം വിഭാവന ചെയ്യുന്ന നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യയുടെ നിലനിൽപ്പിനാധാരമായ കാഴ്ചപ്പാടുകളെ സംരക്ഷിക്കാനാകൂ. കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് നീക്കം ചെയ്യണം. ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന പ്രമേയം ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രമേയത്തിന്മേലുള്ള ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിൽ, " പിരിച്ചുവിടുന്ന സാഹചര്യവും" എന്നതിനുശേഷം കാണുന്ന "ഉണ്ടായിട്ടുണ്ട്" എന്നതിനു പകരം "ഉണ്ടാക്കിയിട്ടുണ്ട്" എന്ന് ചേർക്കുക.

2. പ്രമേയത്തിലെ അവസാന ഖണ്ഡികയിൽ, " ലക്ഷദ്വീപുകാരുടെ ജീവനും" എന്നതിനുശേഷം കാണുന്ന " ഉപജീവനങ്ങളും" എന്ന വാക്ക് നീക്കം ചെയ്യുകയും പകരം "ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുകയും ചെയ്യുക.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ, അഡ്മിനിസ്ട്രേറ്റർ ബോധപൂർവ്വം ഉണ്ടാക്കിയിരിക്കുന്ന പ്രശ്നങ്ങളാണ് ലക്ഷദ്വീപിലുള്ളത്. ദ്വീപുനിവാസികളുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികതയുമൊക്കെ തകർക്കുവാൻ കഴിയുന്ന നിലയിൽ ഒരു പ്രത്യേക അജണ്ട വച്ചുകൊണ്ടുള്ള നീക്കമാണ് നടക്കുന്നത്. അതുകൊണ്ട് "ഉണ്ടായിട്ടുണ്ട്" എന്നല്ല അഡ്മിനിസ്ട്രേറ്റർ ബോധപൂർവ്വം "ഉണ്ടാക്കിയിട്ടുണ്ട്" എന്നാക്കണമെന്നുള്ളതാണ് എന്റെ ഒന്നാമത്തെ ഭേദഗതി.

രണ്ടാമതായി, പ്രമേയത്തിന്റെ അവസാന ഭാഗത്ത് "ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കാൻ" എന്നത് "ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും സംരക്ഷിക്കാൻ" എന്നാക്കണം. അവരുടെ ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികതയും സംരക്ഷിക്കണമെന്നാണ് നമ്മൾ ആദ്യംമുതൽ പറഞ്ഞുവരുന്നത്.

മി. സ്പീക്കർ: ഭേദഗതികൾ മാത്രം അവതരിപ്പിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഭേദഗതി മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. ഇക്കാര്യങ്ങൾ കൂടി പ്രമേയത്തിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിൽ, അഞ്ചാം വരിയിൽ " ഇന്ത്യയിലെ മറ്റിടങ്ങളിലും" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

   " സംഘപരിവാറും, അവരാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്ര സർക്കാരും"

2. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിൽ, ആറാം വരിയിൽ

   " പരിണിതഫലം ദുരന്തങ്ങളായിരുന്നു" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

   " ജമ്മുകാശ്മീരിനെ വെട്ടിമുറിച്ചതും സംസ്ഥാന പദവിയും പ്രത്യേക പദവിയും എടുത്തുകളഞ്ഞതും, പൗരത്വ ഭേദഗതി നിയമവും എല്ലാം അത്തരം നീക്കങ്ങളുടെ ഒടുവിലത്തെ ഉദാഹരണമാണ്"

3. പ്രമേയത്തിലെ നാലാം ഖണ്ഡികയിൽ, ആറാം വരിയിൽ " നീക്കം ചെയ്യണമെന്നും" എന്നതിനുശേഷം " അദ്ദേഹത്തിന്റെ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും" എന്നീ വാക്കുകൾ ചേർക്കുക.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ സംഘ്പരിവാറിന്റെ ദുഷ്ടലാക്ക് വ്യക്തമാക്കിയെങ്കിലും സംഘ്പരിവാറിനെയും ബി.ജെ.പി-യേയും കേന്ദ്ര ഗവൺമെന്റിനേയുംകുറിച്ച് പ്രമേയത്തിൽ ഒരിടത്തും പറയുന്നില്ല. അതുകൊണ്ട് ഇന്ത്യയിൽ ഇന്ന് നടക്കുന്ന ഫാസിസ്റ്റുകളുടെ, രാജ്യത്തിന്റെ ബഹുസ്വരതയും വൈവിധ്യങ്ങളും തകർക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് എന്നുതന്നെ ഈ പ്രമേയം വഴി പ്രകടമാക്കണമെന്നുള്ളതാണ് എനിക്കുള്ള നിർദ്ദേശം. അതിനായുള്ള മൂന്ന് ഭേദഗതികളാണ് അവതരിപ്പിച്ചത്. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിൽ 'ഇന്ത്യയിലെ മറ്റിടങ്ങളിലും' എന്നതിനുശേഷം 'സംഘപരിവാറും, അവരാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്ര സർക്കാരും' എന്നുതന്നെ തുറന്നുപറയണം. അതുപോലെ ആറാമത്തെ വരിയിൽ 'പരിണിതഫലം ദുരന്തങ്ങളായിരുന്നു' എന്നതിനുശേഷം 'ജമ്മുകാശ്മീരിനെ വെട്ടിമുറിച്ചതും, സംസ്ഥാന പദവിയും, പ്രത്യേക പദവിയും എടുത്ത് കളഞ്ഞതും, പൗരത്വ ഭേദഗതി നിയമവും എല്ലാം അത്തരം നീക്കങ്ങളുടെ ഒടുവിലത്തെ ഉദാഹരണമാണ് ' എന്ന് ചേർക്കണം. അതിന്റെയെല്ലാം ഒരു തുടർച്ചയാണിത്, അല്ലാതെ ഇതൊരു പ്രഫുൽ ഖോഡ പട്ടേലിന്റെ പരാക്രമം മാത്രമല്ല. വേറൊരു കാര്യം പറയാനുള്ളത്, നാലാം ഖണ്ഡികയിൽ അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അതിൽ "നീക്കം ചെയ്യണമെന്നും" എന്നതിനുശേഷം 'അദ്ദേഹത്തിന്റെ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും' എന്നുകൂടി ചേർക്കണം. ആറ് മാസമായിട്ടുള്ള അദ്ദേഹത്തിന്റെ ഉത്തരവുകളാണ് അവിടത്തെ സംസ്കാരവും ജീവിതരീതികളും നശിപ്പിക്കുന്നത്. അതുകൊണ്ട് ആ ഉത്തരവുകളെല്ലാം റദ്ദ് ചെയ്യണം. ഇത് പ്രമേയം വഴി പ്രകടമാകണം. ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിൽ, “ ചരിത്രപരമായും സാംസ്കാരികമായുമുള്ള” എന്നതിനുപകരം "ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായുമുള്ള” എന്ന് ചേർക്കുക.

2. പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിൽ, “ നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നു എന്നുമാണ്” എന്നതിനുപകരം “ കേന്ദ്രസർക്കാർ അഡ്മിനിസ്ട്രേറ്ററെ ഉപയോഗിച്ച് കൈക്കൊള്ളുന്നു എന്നുമാണ്” എന്ന് ചേർക്കുക.

3. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിൽ, “ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന” എന്നതിനുപകരം "കേന്ദ്രസർക്കാരിന്റെ ഒത്താശയോടെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്ത് നിന്നുണ്ടാകുന്ന" എന്ന് ചേർക്കുക.

സംയുക്തമായി വരുന്നൊരു പ്രമേയമെന്ന നിലയിൽ ഇതിന്റെ അന്തഃസത്തയെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഒരു ചെറിയ ഭേദഗതി ഞാൻ ഉന്നയിക്കുകയാണ്. ടിബറ്റിൽ കടന്നുകയറി ഒരു സംസ്കാരത്തെ കമ്മ്യൂണിസ്റ്റ് ചൈന എങ്ങനെയാണോ ഇല്ലായ്മചെയ്തത് അതിന് സമാനമായ നടപടിയാണ് ലക്ഷദ്വീപിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. പ്രമേയത്തിന്റെ ആദ്യ പാരഗ്രാഫിൽ 'ചരിത്രപരമായും സാംസ്കാരികമായുമുള്ള' എന്നതിനുപകരം "ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായുമുള്ള" എന്ന് ചേർക്കണം.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, ഭേദഗതികളെക്കുറിച്ച് മാത്രം പറയണം.

ശ്രീ. പി. ടി. തോമസ്: സർ, അതുമാത്രമേ പറയുന്നുള്ളൂ. ലക്ഷദ്വീപുമായി എനിക്ക് അടുത്ത ബന്ധമുണ്ട്. ലക്ഷദ്വീപിലെ നിരവധി ഓഫീസുകൾ പ്രവർത്തിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. അവിടെയുള്ള നിരവധിയാളുകൾ എന്നോടൊപ്പം മഹാരാജാസ് കോളേജിൽ പഠിച്ചിട്ടുണ്ട്. അവിടത്തെ ജനവാസമുള്ള പത്ത് ദ്വീപുകളെപ്പറ്റിയും വ്യക്തതയുള്ളതുകൊണ്ടാണ് 'ഭൂമിശാസ്ത്രപരമായും' എന്നുള്ളത് പ്രമേയത്തിൽ അനിവാര്യമാണെന്ന് പറയുന്നത്. രണ്ടാമത്തെ പാരഗ്രാഫിൽ, 'നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്ന എന്നുമാണ്' എന്നതിനുപകരം "കേന്ദ്രസർക്കാർ അഡ്മിനിസ്ട്രേറ്ററെ ഉപയോഗിച്ചു കൈക്കൊള്ളുന്ന എന്നുമാണ്" എന്നുചേർക്കണം. ഞാൻ അത് പറയാനുണ്ടായ കാരണം ഇതാണ്.

മി. സ്പീക്കർ: അങ്ങ്, അടുത്ത ഭേദഗതി പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, "ഈ രാജ്യത്തിന്റെ നാനാത്വങ്ങളെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളിലും ആസൂത്രിതമായി നടത്തിയിട്ടുണ്ട്" എന്ന് ഈ പ്രമേയത്തിൽ പറയുന്നുണ്ട്. ആര്, എവിടെ, എപ്പോൾ നടത്തി? ഈ അഡ്മിനിസ്ട്രേറ്ററാണോ മറ്റ് സ്ഥലങ്ങളിൽ നടത്തുന്നത്. അപ്പോൾ അതെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമാണ്. അത് കൃത്യമായിത്തന്നെ പറയണം. മൂന്നാമത്തെ പാരഗ്രാഫിൽ, 'ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തു നിന്നുണ്ടാകുന്ന' എന്നതിനുപകരം കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്ത് നിന്നുണ്ടാകുന്ന" എന്ന് ചേർക്കണം. വ്യക്തിയല്ല, നയമാണ് പ്രധാനപ്പെട്ടതെന്ന് പഠിപ്പിക്കുന്ന ഒരു പാർട്ടിയല്ലേ ബഹു. മുഖ്യമന്ത്രിയുടെ പാർട്ടി? അതുകൊണ്ട് ഈ പ്രമേയത്തിൽ എന്തുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഈ അഡ്മിനിസ്ട്രേറ്ററെ ഉപയോഗിച്ച് ഇക്കാര്യം ചെയ്യുന്നുവെന്ന് വ്യക്തമാക്കണം. ഇതുകൂടി ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നേരത്തെ സർക്കുലേറ്റ് ചെയ്ത ഭേദഗതികളിൽ പരാമർശിക്കാത്ത ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. അത് ചട്ടത്തിന്റെ ഭാഗമാണോ; ശരിയായ രീതിയാണോ എന്നത് പരിശോധിക്കണം.

മി. സ്പീക്കർ: അത് പരിശോധിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തോട് ഞാനും എന്റെ കക്ഷിയും പ്രതിപക്ഷ കക്ഷികളും പൂർണ്ണമായും യോജിക്കുന്നു. ഞാൻ ലക്ഷദ്വീപിലെ മിനിക്കോയ് ഒഴികെ ജനവാസമുള്ള എല്ലാ ദ്വീപുകളിലും പല പ്രാവശ്യം പോയിട്ടുള്ള ഒരാളാണ്. നമ്മുടെ രാജ്യത്ത് എവിടെപ്പോയാലും ഇത്രമാത്രം നിഷ്കളങ്കരായ മനുഷ്യർ ജീവിക്കുന്ന ഒരു പ്രദേശം നമുക്ക് കാണാൻ കഴിയില്ല. ആ മനുഷ്യരുടെ ജീവിതത്തിനുമേൽ ജനാധിപത്യവിരുദ്ധവും മനുഷ്യാവകാശങ്ങളെ ധ്വംസിക്കുന്നതുമായ സാംസ്കാരിക അധിനിവേശമാണ് കേന്ദ്രസർക്കാർ ഈ അഡ്മിനിസ്ട്രേറ്ററിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. 1956-ൽ കേന്ദ്രഭരണ പ്രദേശങ്ങൾ രൂപീകരിച്ചുകൊണ്ടുള്ള 7-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് കേന്ദ്രഭരണ പ്രദേശങ്ങളുടെ അവകാശങ്ങൾ നിലവിൽ വന്നത്. പ്രസ്തുത ഭേദഗതിക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു. ആ ഇന്റൻഷനെ പൂർണ്ണമായും പരാജയപ്പെടുത്തുന്ന തരത്തിലാണ് ഇന്ന് വന്നിരിക്കുന്ന ലക്ഷദ്വീപ് ഡെവലപ്മെന്റ് അതോറിറ്റി റെഗുലേഷൻ കരട് നിയമം. അവിടത്തെ സാധാരണക്കാരായ മനുഷ്യരുടെ ജീവനും സ്വത്തിനുംമേലുമുള്ള അവരുടെ അവകാശത്തെ ഹനിക്കുന്ന, ഏത് സമയത്തും ഗവൺമെന്റിന് ഇടപെട്ട് ആ സ്വത്ത് ഏറ്റെടുക്കാനും അവരെ ആ ഭൂമിയിൽനിന്നും അവർ ജീവിക്കുന്ന ജീവിത സാഹചര്യങ്ങളിൽനിന്നും ഒഴിവാക്കാനും വേണ്ടിയുള്ള നിയമവ്യവസ്ഥകൾ ഈ ഡ്രാഫ്റ്റിലുണ്ടെന്ന് നമുക്കറിയാം. നാളികേര കൃഷിയിലൂടെയും മത്സ്യബന്ധനത്തിലൂടെയും ജീവിക്കുന്ന ഒരു ജനസമൂഹമാണ് അവിടെയുള്ളത്. നാളികേരവും മത്സ്യങ്ങളുമെല്ലാം സൂക്ഷിച്ചുവയ്ക്കാൻ പതിറ്റാണ്ടുകളായി അവർ അവിടെ നിർമ്മിച്ചിരിക്കുന്ന ഷെഡ്ഡുകളെല്ലാം പൊളിച്ചുകളഞ്ഞ് അവരുടെ ജീവിതത്തെത്തന്നെ വെല്ലുവിളിക്കുകയാണ്. അവരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ-21 പറയുന്നത് 'Right to Live' എന്നാണ്. ഈ നാട്ടിൽ ജീവിക്കാനുള്ള അവകാശം നമ്മുടെ ഭരണഘടന ഗ്യാരന്റി ചെയ്യുന്നുണ്ട്. അത് വെറുതെ ജീവിക്കാനുള്ള അവകാശമല്ല, ഭരണഘടനയിൽ പറയുന്നത് 'Right to live with dignity' എന്നാണ്. ആത്മാഭിമാനത്തോടെ നമ്മുടെ നാട്ടിൽ ജീവിക്കാനുള്ള അവകാശം ഭരണഘടന ഉറപ്പുതരുമ്പോൾ, ആ ഭരണഘടനയ്ക്ക് കാവലാളാകേണ്ട ഭരണകൂടം അതിനെ മുഴുവൻ തട്ടിത്തെറിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. സോൺ മാറ്റുന്നതിന് കനത്ത ഫീസും അതുമായി സഹകരിച്ചില്ലെങ്കിൽ ജയിൽശിക്ഷയുമാണ് വ്യവസ്ഥ ചെയ്യുന്നത്. അവിടെ വളരെ fragile ആയ പരിസ്ഥിതിയാണ്. ഏത് സമയത്തും വെള്ളം കയറുന്നതുകൊണ്ടാണ് ആളുകൾ അവരുടെ ഉപജീവനമാർഗ്ഗത്തിനുള്ള സാധനങ്ങൾ ഈ ഷെഡ്ഡുകളിൽ സൂക്ഷിച്ചുവയ്ക്കുന്നത്. Fragile ആയ ഒരു പരിസ്ഥിതിയും

പരമ്പരാഗതമായ ഒരു ജനസമൂഹവും വളരെ മാർജിനലായ ഇക്കോണമിയുമാണ് ലക്ഷദ്വീപിലുള്ളത്. ഇപ്പോൾ നടത്തുന്ന ശ്രമങ്ങളിലൂടെ ആ പ്രദേശത്തെ ജനപദങ്ങളുടെ ജീവിതക്രമങ്ങളെ മുഴുവൻ മാറ്റിമറിക്കാൻ പോകുകയാണ്. വളരെ വിചിത്രമായ ഒരു ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വന്നിരിക്കുന്നു. രണ്ട് മക്കളിൽ കൂടുതലുള്ളവർക്ക് പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കാൻ കഴിയില്ല. ജനസംഖ്യാ നിയന്ത്രണത്തിന്റെ പേരിലാണ് അഡ്മിനിസ്ട്രേറ്റർ ഈയൊരു പുതിയ വിചിത്രമായ വ്യവസ്ഥ കൊണ്ടു വരുന്നത്. 2019-20-ൽ നടന്ന ഫാമിലി സർവ്വേയിൽ ലക്ഷദ്വീപിലെ ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് 1.4 ആണ്. നാഷണൽ ആവറേജ് 2.2 ആണ്. ദേശീയ ശരാശരിയേക്കാൾ താഴെ ഫെർട്ടിലിറ്റി നിരക്കുള്ള ഒരു പ്രദേശത്ത്, അവിടെയുള്ള ജനസംഖ്യാ നിയന്ത്രണത്തിനുവേണ്ടി രണ്ട് മക്കളിൽ കൂടുതലുള്ളവർക്ക് പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കാൻ കഴിയില്ലെന്നുള്ള വ്യവസ്ഥയടങ്ങുന്ന ഈ ഡ്രാക്കോണിയൻ നിയമത്തെ അറബിക്കടലിൽ എറിയാനുള്ള തീരുമാനമാണ് ഈ രാജ്യത്തുണ്ടാ കേണ്ടത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ജയിലുകളിലും പോലീസ് സ്റ്റേഷനുകളിലും ഒരു ക്രിമിനൽ പോലുമില്ലാത്ത കേന്ദ്ര ഭരണപ്രദേശമാണ് ലക്ഷദ്വീപ്. ഈ രാജ്യത്തെ ക്രൈം റേറ്റ് ഏറ്റവും കുറവുള്ള, സ്ത്രീകൾക്കെതിരായി ഒരു അതിക്രമംപോലും റിപ്പോർട്ട് ചെയ്യാത്ത, കൊലപാതകങ്ങളില്ലാത്ത, കളവില്ലാത്ത, വാതിലുകൾ അടയ്ക്കാത്ത, സ്ഥാപനങ്ങളുടെ വാതിലുകൾ താഴിട്ട് പൂട്ടാത്ത ഇന്ത്യയിലെ ഏക പ്രദേശത്ത്, ആ പാവങ്ങളെ പീഡിപ്പിക്കാൻ ഗുണ്ടാ ആക്ട് കൊണ്ടുവന്ന ഒരു ഭരണകൂടം അവിടെ നിലനിൽക്കുന്നു. അവിടെയൊരു Standard Operating Procedure (SOP) ഉണ്ടായിരുന്നു. ഒരു കോവിഡ് രോഗിപോലും ലക്ഷദ്വീപിൽ ഉണ്ടായിരുന്നില്ല. ആ SOP-യെ പൂർണ്ണമായും അഡ്മിനിസ്ട്രേറ്റർ അട്ടിമറിച്ച് 68 ശതമാനം വരെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് ഉയരുന്ന തലത്തിലേയ്ക്ക് കോവിഡ് വ്യാപനമുണ്ടാക്കി. നൂറുകണക്കിന് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു. ഒരു പശുവിനെപ്പോലും വളർത്താത്ത, ഗവൺമെന്റിന്റെ ഡെയറി ഫാമിൽ മാത്രം പശുക്കളുള്ള ആ പ്രദേശത്ത് ബീഫ് നിരോധനം കൊണ്ടുവരികയാണ്. Cow slaughter-ന് 10 വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവുശിക്ഷ, 5 ലക്ഷം രൂപ വരെ ഫൈൻ എന്നിങ്ങനെയാണ് വ്യവസ്ഥകൾ. ഇന്ത്യയിലാണ് ഇതുപോലുള്ള കിരാതമായ നിയമങ്ങൾ കൊണ്ടു വരുന്നത്. സ്കൂളുകളിലെ ഭക്ഷണത്തിന്റെ മെനുവിൽനിന്ന് നോൺ വെജിറ്റേറിയൻ ഫുഡ് എടുത്തുമാറ്റിയിരിക്കുകയാണ്. മീൻ ഇല്ലാതെ ഒരു നേരംപോലും ഭക്ഷണം കഴിക്കാത്ത, മീൻ കൊണ്ടുമാത്രം ഉപജീവനം നടത്തുന്ന, അവരുടെ ഭക്ഷണ ക്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട മത്സ്യം ഒഴിവാക്കി. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, നിങ്ങൾ എന്ത് ഭക്ഷണം കഴിക്കണമെന്ന് ഞങ്ങൾ തീരുമാനിക്കുമെന്നുള്ള ധിക്കാരപരമായ നിലപാടുമായി അവർ വന്നിരിക്കുന്നു. ഇപ്പോൾ ചരക്കുനീക്കം നടക്കുന്നത് കോഴിക്കോട്ടെ ബേപ്പൂരിൽനിന്നാണ്.

ബേപ്പൂരിൽനിന്നും മംഗലാപുരത്തേയ്ക്ക് ചരക്കുനീക്കം മാറ്റണമെന്നുള്ള ഏകപക്ഷീയമായ തീരുമാനം വന്നിരിക്കുന്നു. അവിടെയുള്ളവർ മദ്യപിക്കാറില്ല. മദ്യനിരോധനമുള്ള പ്രദേശത്ത് മദ്യം വിളമ്പാനുള്ള തീരുമാനമെടുത്തിരിക്കുന്നു. ജനാധിപത്യ സംവിധാനങ്ങളെയും ഭരണഘടനയെയും കാറ്റിൽപ്പറത്തി, ഒരു ഭരണകൂടത്തിന് എന്തുമാകാമെന്നുള്ള ധാർഷ്ട്യവും ധിക്കാരപരവുമായ ഈ നടപടിയിലൂടെ ഒരു ജന സഞ്ചയത്തിന്റെ അവകാശങ്ങളുടെയും സംസ്കാരത്തിന്റെയും കാവലാളാകേണ്ട ഭരണകൂടം അടിച്ച മർത്തലിന്റെ പ്രതിരൂപമായി മാറുകയാണ്.

ഇതൊരു സംഘ്പരിവാർ അജണ്ടയാണ്. ഒരു പരീക്ഷണശാലയാക്കി ലക്ഷദ്വീപിനെ മാറ്റി അവിടെ വിജയം കൈവരിച്ചാൽ, ഈ രാജ്യം മുഴുവൻ അവിടെ ചെയ്തതുപോലുള്ള കിരാതമായ നിയമങ്ങൾ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാൻ കഴിയുമോ എന്ന പരീക്ഷണമാണ് നടക്കുന്നത്. കേരളവുമായി ഭാഷാപരമായും സാംസ്കാരികമായും ബന്ധുത്വത്തിന്റെ പേരിലും ഭൂമിശാസ്ത്രപരമായും ബന്ധമുള്ളൊരു പ്രദേശമാണ് ലക്ഷദ്വീപ്. അവിടെയുള്ളത് നമ്മുടെ സഹോദരങ്ങളാണ്. ഈ രാജ്യത്ത് ഏറ്റവും വലിയ പ്രതിഷേധമുണ്ടാകുമ്പോൾ, കേരളം പ്രതിഷേധക്കടലായി മാറിക്കൊണ്ട്, സംസ്ഥാനം മുഴുവൻ ഒരുമിച്ചുനിന്ന് ലക്ഷദ്വീപിന് ഐക്യദാർഢ്യം പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കിരാത നടപടികൾക്ക് നേതൃത്വം നൽകുന്ന അഡ്മിനിസ്ട്രേറ്ററെ തിരിച്ചുവിളിക്കണം. ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെ, ഇതുവരെ അഡ്മിനിസ്ട്രേറ്റർ ചെയ്ത എല്ലാ നടപടികളും റദ്ദാക്കാനുള്ള തീരുമാനമുണ്ടാകണമെന്ന് വിനയപൂർവ്വം പറയുകയാണ്. സംഘ്പരിവാർ രാഷ്ട്രീയത്തിന് തുടക്കത്തിലേതന്നെ തിരിച്ചടി കൊടുത്തില്ലെങ്കിൽ, മുളയിലേ അത് നുള്ളിയില്ലെങ്കിൽ, നമ്മുടെ ജീവിതത്തെ മുഴുവൻ ബാധിക്കാൻ പോകുന്ന ഗുരുതര പ്രശ്നങ്ങളുണ്ടാകുമെന്നുറപ്പാണ്. നമ്മുടെ ഭാവി ജീവിതത്തിന്റെയും ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും മതേതരമൂല്യങ്ങളുടെയും കടയ്ക്കൽ കത്തിവയ്ക്കാനുള്ള ഈ തീരുമാനത്തിനെതിരായി ഈ സഭ ആദ്യം പ്രമേയം പാസ്സാക്കിക്കൊണ്ട് രാജ്യത്തിന് മുഴുവൻ മാതൃകയാക്കാനുള്ള ഈ ഉദ്യമത്തെ അനുമോദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങളും ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുൾപ്പെടെയുള്ള, പ്രത്യേകിച്ച് ആ ദ്വീപസമൂഹത്തിന്റെയും അവിടത്തെ ജനജീവിതത്തിന്റെയും സംസ്കാരത്തിന്റെയും കാര്യങ്ങളിൽ വരാൻപോകുന്ന മാറ്റങ്ങളും അഡ്മിനിസ്ട്രേറ്ററുടെ നടപടിയെത്തുടർന്ന് ഉണ്ടാകാനിടയുള്ള ഭയാനകമായ സാഹചര്യങ്ങളുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഏതാനും ചില വാക്കുകളാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ നടപടികളിലൂടെ ഒരു ദേശത്തെയും അവിടത്തെ ജനങ്ങളെയും മാത്രമല്ല ദ്രോഹിക്കുന്നത്. ഇന്ത്യ എന്ന മഹത്തായ ആശയത്തെയും ഒരു റിപ്പബ്ലിക് എന്ന ഇന്ത്യയുടെ നിലനിൽപ്പിന് ആധാരമായ നമ്മുടെ ഭരണ ഘടനയെയുമാണ് സംഘ്പരിവാറുകാർ വെല്ലുവിളിച്ചിരിക്കുന്നത്. രാജ്യസ്നേഹമുള്ള ഒരാൾക്കും അംഗീകരിക്കാവുന്ന നടപടിയല്ല കേന്ദ്ര സർക്കാരിന്റെ ഈ പ്രതിനിധി ലക്ഷദ്വീപിൽ സ്വീകരിച്ചിരിക്കുന്നത്. ലക്ഷദ്വീപിൽ പുതുതായി നടപ്പിലാക്കാൻ പോകുന്ന ഭൂനിയമത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് അവിടത്തെ ജനങ്ങളെ പൂർണ്ണമായി ഭൂരഹിതരാക്കി മാറ്റും എന്നകാര്യത്തിൽ സംശയമില്ല. ജനിച്ചുജീവിച്ച മണ്ണിന്റെ അവകാശികളല്ലാതായിത്തീരുന്നതിനെക്കുറിച്ച് അവർ ഭയപ്പെടുന്നു. തീർച്ചയായും അത്തരമൊരു അവസ്ഥയ്ക്കെതിരെ ശക്തമായ നിലപാട് നമ്മുടെ ഭാഗത്തുനിന്നും ഉയർന്നുവരേണ്ടതുണ്ട്. ഒരു ജനതയെ പരിഗണിക്കാത്ത ഭരണാധികാരികളെ ഭരണഘടനാവിരുദ്ധരായി മാത്രമേ കണക്കാക്കാൻ കഴിയൂ. ഭരണഘടനാവിരുദ്ധരെ എത്രയുംവേഗം ഭരണഘടനാ പദവികളിൽനിന്നും ഒഴിവാക്കേണ്ടതാണ്. അഡ്മിനി സ്ട്രേറ്ററെ എത്രയുംപെട്ടെന്ന് ആ ചുമതലയിൽനിന്നും മാറ്റേണ്ടതുണ്ട്. ഈ നയത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിന്തിരിയേണ്ടതുണ്ട്. ലക്ഷദ്വീപിലെ ജനജീവിതം, സംസ്കാരം, അതിലോലമായ പരിസ്ഥിതി എന്നിവ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കുത്തകമുതലാളിമാരുടെ വിനോദ വ്യവസായത്തിനുവേണ്ടി ഈ മേഖലയെ എറിഞ്ഞുകൊടുക്കുന്ന നിലപാടാണ് അഡ്മിനിസ്ട്രേറ്ററുടെ നടപടിയുടെ ഭാഗമായി ഉണ്ടാകാൻ പോകുന്നത്.

ദ്വീപുനിവാസികളുടെ ഉച്ചഭക്ഷണം സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥികളുൾപ്പെടെയുള്ളവർക്ക് ഉച്ചഭക്ഷണം നൽകുന്നതിനെക്കുറിച്ചും സൂചിപ്പിച്ചു. ഞാൻ മനസ്സിലാക്കുന്നതനുസരിച്ച്, ഇസ്കോൺ (ISKCON) എന്നുപറയുന്ന ഒരു സ്ഥാപനത്തെയാണ് ഇപ്പോഴതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. 'ഹരേ റാം ഹരേ കൃഷ്ണ' എന്ന പ്രസ്ഥാനത്തിന്റെ പ്രതിനിധികളുടേതാണ് ഉച്ചഭക്ഷണം നടത്തുന്ന സ്ഥാപനം എന്നതുകൂടി നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ലക്ഷദ്വീപിലെ ജനങ്ങളുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭക്ഷണത്തിന്റെയും കാര്യങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി, കേവലം വെജിറ്റേറിയൻ ഭക്ഷണംമാത്രം അവിടെ നടപ്പാക്കാനുള്ള നീക്കവും കൂടിയാകുമ്പോൾ ഇതിനുപിന്നിലുള്ള അഡ്മിനിസ്ട്രേറ്ററുടെ മനോഭാവം വളരെ വ്യക്തമാണ്. ഈയൊരു സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്ററെ തിരിച്ചു വിളിക്കാനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റ് ആ നയത്തിൽനിന്നും പിന്തിരിയുന്നതിനും മുന്നോട്ട് വരേണ്ടതായിട്ടുണ്ട്. രാജ്യത്തിന്റെ മറ്റ് പ്രദേശങ്ങളിലും ഇത് നടപ്പാക്കാൻ കഴിയുമോ എന്നതിന്റെ പരീക്ഷണ ശാലയായി ലക്ഷദ്വീപിനെ ഇപ്പോൾ മാറ്റുന്നു എന്നതിൽ ശക്തിയായ പ്രതിഷേധംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഈ പ്രമേയത്തെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പിന്തുണയ്ക്കുകയും ചെയ്ത പ്രമേയത്തെ എന്റെ കക്ഷിക്കുവേണ്ടി ഞാനും പിന്താങ്ങുന്നു. രാജ്യത്ത് വൈദേശിക ആധിപത്യം അവസാനിച്ചതിനുശേഷം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നാട്ടുരാജാക്കൻമാരുടെയും അറയ്ക്കൽ രാജവംശത്തിന്റെയും ഭരണവും കഴിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ ഫ്രീ എയർ ശ്വസിച്ചുകൊണ്ട് വളരെ സ്വതന്ത്രമായി, ആർക്ക് വേണമെങ്കിലും എപ്പോഴും വരികയും പ്രകൃതിസൗന്ദര്യം ആസ്വദിക്കുകയും കടലിൽ കുളിക്കുകയുമൊക്കെ ചെയ്യാൻ സാധിക്കുന്ന മനോഹരമായ പ്രദേശമാണ് ലക്ഷദ്വീപ്. ടൂറിസത്തിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി വളരെ സമാധാനപ്രിയരായി ജീവിച്ചുകൊണ്ടിരിക്കുന്ന ഒരു ജനത അധിവസിക്കുന്ന പ്രദേശത്തെയാണ് പരീക്ഷണശാലയാക്കി മാറ്റിയിരിക്കുന്നത്. ഇന്നലെ കാശ്മീർ, ഇന്ന് ലക്ഷദ്വീപ്, നാളെ കേരളമാകും. ഞാൻ പാർലമെന്റിലായിരുന്നപ്പോൾ കണ്ടതാണ്, കാശ്മീരിനെ സംബന്ധിച്ച് മാറ്റം കൊണ്ടുവന്നപ്പോൾ ഇങ്ങനെയൊന്നും സംഭവിക്കുമെന്ന് ആരും ഓർത്തിരുന്നില്ല. ഒറ്റ വെട്ടിന് കാശ്മീർ വേറെ, ജമ്മു വേറെ, ലഡാക്ക് വേറെ. അവർക്ക് ഇഷ്ടമില്ലാത്ത എവിടെ വേണമെങ്കിലും പരിഷ്കാരം കൊണ്ടുവരാം. കേരളവും അവർക്ക് ഇഷ്ടമില്ലാത്തൊരു പ്രദേശമാണ്. നമുക്കറിയാവുന്നതുപോലെ, സംഘ്പരിവാറിന് ഇഷ്ടമില്ലാത്ത പ്രദേശങ്ങളിലെല്ലാം അവരുടെ താല്പര്യത്തിനനുസരിച്ചുള്ള പരിഷ്കാരം കൊണ്ടുവരും. വൈദേശിക ആധിപത്യകാലത്ത് ഹിറ്റ്ലറെപ്പോലെയുള്ള ഏകാധിപതികളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അതുപോലെയാണിത്. അതുപോലെയുള്ള ഒരാൾവന്ന് ചെയ്തുകൊണ്ടിരിക്കുന്ന വിക്രിയകളാണ് ഇപ്പോൾ കേൾക്കുന്നത്. നമ്മുടെ ചരിത്രംതന്നെ വഴിതിരിഞ്ഞതുപോലെയാണ്. പൗരത്വ ഭേദഗതി നിയമമൊക്കെ അതിന്റെ ഉദാഹരണങ്ങളാണ്. ഭരണഘടനയും മതേതരത്വവുമെല്ലാം നിലനിൽക്കുന്ന നമ്മുടെ രാജ്യത്തിന്റെ തത്വത്തിന് എതിരാണ് ഇത്തരം കിരാത നടപടികൾ. ഭരണഘടനാപ്രകാരമാണ് ഇത്രയുംകാലം മുന്നോട്ടുപോയത്. ഇപ്പോൾ കാര്യങ്ങളെല്ലാം മാറിമറിഞ്ഞിരിക്കുകയാണ്. ലക്ഷദ്വീപിലെ ജനങ്ങളെ കൊല്ലാക്കൊല ചെയ്യുന്ന നടപടിയാണ് അഡ്മിനിസ്ട്രേറ്റർ സ്വീകരിക്കുന്നത്. അവർക്കിഷ്ടപ്പെട്ട ഭക്ഷണം കഴിക്കാനും തൊഴിൽ ചെയ്യാനും അനുവദിക്കുന്നില്ല. കടലോരങ്ങളിലുള്ള ഷെഡ്ഡുകളൊക്കെ ബലമായി പൊളിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും പ്രതിഷേധങ്ങളൊക്കെയുണ്ടായിട്ടും അഡ്മിനിസ്ട്രേറ്റർക്ക് യാതൊരു അനക്കവുമില്ല. അതിനാൽ ഗൗരവമുള്ള നടപടികളെക്കുറിച്ച് ആലോചിക്കേണ്ടിവരും. രാഷ്ട്രീയത്തിനതീതമായി ചിന്തിക്കേണ്ടിവരും. ഇന്ന് ചില പ്രത്യേക ജനവിഭാഗങ്ങളെ ഉദ്ദേശിക്കുന്നു, നാളെ അത് ജാതി, പിന്നെ ഉപജാതി, മൾട്ടിനാഷണൽസ് എന്നീ നിലയിലേയ്ക്ക് മാറും. ഇങ്ങനെയൊരു ലക്ഷ്യംവച്ച് ഒരു രാജ്യത്തിന്റെ ചരിത്രംതന്നെ മാറ്റാനുള്ള ശ്രമമാണ്

നടത്തുന്നത്. അതുകൊണ്ടുതന്നെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമെന്നുള്ള നിലയിൽ ലക്ഷദ്വീപിനോടൊപ്പം നിൽക്കാം. പ്രത്യേകിച്ചും കേരളത്തിലാണ് ലക്ഷദ്വീപിന്റെ പകുതിയെന്ന് വേണമെങ്കിൽ പറയാം. കൊച്ചിയിലും കോഴിക്കോട്ടുമാണ് നിയമ നടപടികളെല്ലാം നടക്കുന്നത്. അതുകൊണ്ട് കേരളത്തിന് ഇക്കാര്യത്തിൽ ഇടപെടാൻ പ്രത്യേകമായ കാരണങ്ങളുമുണ്ട്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാനും പിന്താങ്ങുകയാണ്. സംസ്കാര സമ്പന്നമായ ഒരു നാട്ടിലും സംഭവിക്കാൻ പാടില്ലാത്ത കാടൻ പരിഷ്കാരങ്ങളാണ് അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ ഇപ്പോൾ ലക്ഷദ്വീപിൽ നടന്നുകൊണ്ടിരിക്കുന്നത്. ആ നാടിന്റെ സവിശേഷതകൾ മുഴുവൻ ഇല്ലാതാക്കാനുള്ള ബോധപൂർവ്വമായ ഹീനശ്രമങ്ങളാണ് അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ നടക്കുന്നത്. വ്യത്യസ്തതകളെ അംഗീകരിക്കുന്ന ഇന്ത്യൻ ഭരണ ഘടനയുടെ അടിസ്ഥാനമൂല്യമാണ് നിരാകരിക്കപ്പെടുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത് ശ്രദ്ധിക്കപ്പെടേണ്ടൊരു വിഷയമാണ്. ഇന്ത്യയിൽ സംഘ്പരിവാറും ആർ.എസ്.എസും നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പരിപാടികളുടെ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിലാണ് നിഷ്കളങ്കരായ ജനങ്ങൾ അധിവസിക്കുന്ന ലക്ഷ ദ്വീപിൽ ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ ആപത്ത് നമ്മൾ തിരിച്ചറിയണം. ഇത് നടപ്പിലാക്കാനുള്ള ഒരു ടൂൾ മാത്രമാണ് അഡ്മിനിസ്ട്രേറ്റർ. അജണ്ട നിശ്ചയിക്കുന്നതും നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകുന്നതും മറ്റ് ചില കേന്ദ്രങ്ങളിൽനിന്നാണ്. ഇത്ര നഗ്നമായി സംഘ്പരിവാർ അജണ്ട നടപ്പിലാക്കിയ മറ്റൊരു അധികാരിയും നമ്മുടെ രാജ്യത്തുണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഈ അഡ്മിനിസ്ട്രേറ്ററെ തൽസ്ഥാനത്തുനിന്നും പിൻവലിക്കണമെന്ന പ്രമേയത്തിലെ ആവശ്യത്തിനോട് ലക്ഷദ്വീപിലെ ജനങ്ങൾക്കൊപ്പം കേരളത്തിലെ ജനങ്ങളും ഒന്നായി യോജിക്കുന്നു. തങ്ങളുടെ പരമ്പരാഗത ജീവിതശൈലിയുമായി മുന്നോട്ട് നീങ്ങുവാൻ ബുദ്ധിമുട്ടുന്ന ലക്ഷദ്വീപിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഈ പ്രമേയത്തിന്റെ അന്ത:സത്തയോട് പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ലക്ഷദ്വീപിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതപൂർണ്ണമായ സാഹചര്യം ഇന്ത്യയുടെ ജനാധിപത്യ സംവിധാനത്തിനു നേരെയുള്ള വെല്ലുവിളിയായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. 1956 നവംബർ 1-ന് കേരളവും ലക്ഷദ്വീപും ഒന്നിച്ച് രൂപംകൊണ്ടത് മുതലും അതിനുമുൻപും നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിൽ കേരള ജനതയും ലക്ഷദ്വീപ് ജനതയും ഒരുപോലെ ജീവിച്ച പശ്ചാത്തലങ്ങളാണുള്ളത്. അതുകൊണ്ട് ലക്ഷദ്വീപിലെ ജനങ്ങളുടെ നേരെയുണ്ടായിരിക്കുന്ന ഈ ക്രൂരമായ വേട്ടയാടലിനെതിരെ കേരളം ഒറ്റക്കെട്ടായി പ്രതിഷേധിച്ചുകൊണ്ട്, കേരളത്തിന്റെ പ്രതികരണം അറിയിച്ചുകൊണ്ട്, കേരള

നിയമസഭ ഇന്ന് യോജിച്ച മനോഭാവത്തോടെ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത് തന്നെ ലക്ഷദ്വീപ് ജനതയോടുള്ള നമ്മുടെ ഐക്യദാർഢ്യം പ്രകടമാക്കുന്നതാണ് എന്നകാര്യത്തിൽ സംശയമില്ല. അഡ്മിനിസ്ട്രേറ്റർ നടത്തിയിരിക്കുന്നത് അധികാരത്തിന്മേലുള്ള, ജനാധിപത്യത്തിന്മേലുള്ള അധിനിവേശമാണെന്ന് കാണാൻ കഴിയും. ജനാധിപത്യസംവിധാനത്തിൽ അധികാരത്തിൽവന്ന ജില്ലാ പഞ്ചായത്തുകളുടെ അധികാരങ്ങൾപോലും കവർന്നെടുത്തുകൊണ്ട്, വിവിധ വകുപ്പുകൾ അഡ്മിനിസ്ട്രേറ്ററുടെ കീഴിലാക്കുകയും ഇതുവരെ നിലനിന്നിരുന്ന ഭരണ ക്രമീകരണത്തെ അട്ടിമറിക്കാനുള്ള ശ്രമവുമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും വിവിധ കക്ഷി നേതാക്കളുമുൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. ഗവൺമെന്റിനോട് ചേർന്ന് നിന്നുകൊണ്ട് പ്രതിപക്ഷത്തിന്റെ പൂർണ്ണമായ യോജിപ്പും സഹകരണവും ഉറപ്പുനൽകിക്കൊണ്ട് കേരളത്തിന്റെ ഒറ്റക്കെട്ടായ വികാരം പ്രകടിപ്പിക്കുന്നതിനുള്ള നിമിഷങ്ങളായി ഇതിനെ മാറ്റുകയെന്ന നിലപാടു തന്നെയാണ് പ്രതിപക്ഷ കക്ഷികൾക്കെല്ലാമുള്ളത്. ഞങ്ങൾ ആ വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സാംസ്കാരികമായ ഔന്നത്യത്തിന്റെ, ചരിത്രപരമായ പശ്ചാത്തലങ്ങളുടെ, നിഷ്കളങ്കമായ ലക്ഷദ്വീപ് ജനതയുടെ ജീവിതത്തെതന്നെ തകിടംമറിക്കുന്ന നിലയിലേയ്ക്ക് പോകുമ്പോൾ നമുക്ക് നോക്കിനിൽക്കാൻ കഴിയില്ല. ഇത് ഒരു അഡ്മിനിസ്ട്രേറ്ററുടെ മാത്രം നടപടിയായി കാണാൻ കഴിയില്ലെന്ന പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ അത് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളോട് പ്രതികാരത്തോടുകൂടി ചെയ്യുന്ന സമീപനംപോലെ തന്നെയാണ് ലക്ഷദ്വീപ് ജനതയോടും കേന്ദ്രഗവൺമെന്റ് എടുത്തിരിക്കുന്ന സമീപനമെന്നതിൽ സംശയമില്ല. ഈ നിമിഷംവരെ കേന്ദ്രഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ലെന്നുള്ളത് ഗൗരവമേറിയ കാര്യമാണ്. ഒരു അഡ്മിനിസ്ട്രേറ്റർ അദ്ദേഹത്തിന്റെ തട്ടകംപോലെ, സ്വകാര്യ സംരംഭംപോലെ അവിടെ അഴിഞ്ഞാട്ടം നടത്താനുള്ള ശ്രമം നടത്തിയിട്ടും കേന്ദ്ര ഗവൺമെന്റ് മൗനം പാലിച്ചുകൊണ്ട് കുടപിടിക്കുന്ന വിധത്തിലുള്ള നിലപാടെടുക്കുന്നത് അതിശക്തമായി പ്രതിഷേധിക്കേണ്ട കാര്യം തന്നെയാണ്. അതുകൊണ്ടുതന്നെ ലക്ഷദ്വീപിലെ അഡ്മിനിസ്ട്രേറ്ററെ തിരിച്ചു വിളിക്കുകയെന്ന ആവശ്യം ശക്തമായി ഉന്നയിക്കുവാൻ നമ്മുടെ പ്രമേയത്തിലൂടെ കഴിയണം, അവിടെ നടന്നിരിക്കുന്ന ധിക്കാരപരമായ നിലപാടുകൾ അവസാനിപ്പിക്കാൻ കഴിയണം. ലക്ഷദ്വീപ് ജനതയ്ക്ക് സ്വൈരജീവിതം ഉറപ്പുവരുത്താൻ നമ്മുടെ ഒറ്റക്കെട്ടായുള്ള ഈ ഇടപെടലിലൂടെ കഴിയട്ടെയെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ പ്രമേയത്തോടും വികാരത്തോടും പൂർണ്ണമായും യോജിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, പ്രമേയത്തെ പിന്താങ്ങുന്നു. 'ലക്ഷദ്വീപിൽ കാറ്റടിച്ചാൽ ബേപ്പൂരിൽ തിരയിളകും' എന്നൊരു പഴമൊഴിയുണ്ട്. പതിനെട്ടാം നൂറ്റാണ്ടിലെ അറയ്ക്കൽ രാജവംശത്തിന്റെ ചരിത്രം മുതൽ ലക്ഷദ്വീപിന് കേരളവുമായിട്ടുള്ള പൊക്കിൾക്കൊടിബന്ധം സുപരിചിതമാണ്. അതുകൊണ്ടുതന്നെ ലക്ഷദ്വീപിലെ ജീവിതക്രമത്തോടും അവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങളോടും എപ്പോഴും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള നിലപാടുകളാണ് നമ്മൾ പലപ്പോഴും സ്വീകരിച്ചിട്ടുള്ളത്. സാംസ്കാരികപരമായും സാമൂഹ്യപരമായുമൊക്കെ ലക്ഷദ്വീപിന്റെയും കേരളത്തിന്റെയും ചരിത്രവും പശ്ചാത്തലവുമൊക്കെ പരസ്പരപൂരകങ്ങളായി എപ്പോഴും നിലനിർത്തിക്കൊണ്ടുപോകുന്നുവെന്നുള്ളത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിൽ അവതരിപ്പിച്ച ഈ പ്രമേയം കേരള നിയമസഭ ചർച്ച ചെയ്യുന്നുവെന്നത് തീർച്ചയായിട്ടും ആ ജനതയോട് നമുക്കുള്ള ആത്മബന്ധത്തിന്റേയും സാംസ്കാരികപരമായും സാമൂഹ്യപരമായുമുള്ള ദീർഘകാല ബന്ധത്തിന്റേയുംകൂടി ഭാഗമാണ്. ഒരു ജനതയുടെ ജീവിതത്തോടുള്ള ഒരു ഭരണകൂടത്തിന്റെ അധിനിവേശത്തിന്റേതായ എല്ലാ കാഴ്ചപ്പാടുകളും കഴിഞ്ഞ കുറേക്കാലങ്ങളായി ലക്ഷദ്വീപിൽ നടന്നുകൊണ്ടിരിക്കുകയാണ്. പുതിയ അഡ്മിനിസ്ട്രേറ്റർ രസകരമായ ഒരുപാട് നിയമങ്ങൾ കൊണ്ടുവരുന്നുണ്ട്. രണ്ട് കുട്ടികളുള്ളവർക്ക് മാത്രമേ പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കുവാൻ കഴിയുകയുള്ളൂ, ഭൂമി ഏറ്റെടുക്കാൻ പ്രത്യേകമായ പരിരക്ഷ ആവശ്യമില്ല എന്നിങ്ങനെയാണ് പുതിയ വ്യവസ്ഥകൾ. ജീവനോപാധികൾ ഇല്ലാതാക്കുന്ന നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇതെല്ലാം തദ്ദേശവാസികളായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ആശങ്കയുണ്ടാക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും സൂചിപ്പിച്ചതുപോലെ, നമ്മളെ സംബന്ധിച്ചിടത്തോളം ഇത് കേവലം ലക്ഷദ്വീപിന്റെ മാത്രം വിഷയമായി കാണാൻ കഴിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ആ ശാന്തമായ കടലിനെ അശാന്തമാക്കാനുള്ള ആരുടെയൊക്കെയോ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നില്ലേയെന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമാണെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത്തരം ചിന്തകൾക്കെതിരെ ഒരു ജനതയുടെ സ്വത്വബോധത്തേയും പൗരബോധത്തേയുമൊക്കെ ഇല്ലാതാക്കി മുന്നോട്ടുപോകുമ്പോൾ ജനാധിപത്യ അവകാശങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന നമ്മെപ്പോലെയുള്ളവർക്ക് ഒരിക്കലും കയ്യുംകെട്ടി നോക്കിനിൽക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഒരു ജനതയുടെ ബഹുസ്വരതയുടെ ജനാധിപത്യബോധത്തിനു നേരെയുള്ള ഈ ശ്രമങ്ങളെ തീർച്ചയായും അപലപിക്കേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തോടും മറ്റ് ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച എല്ലാവിധ ആശയങ്ങളോടും യോജിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

10.00 A.M]

മി. സ്പീക്കർ: സഭയിൽ സർക്കുലേറ്റ് ചെയ്യാത്ത ഭേദഗതികളൊന്നും പരിഗ ണിക്കുന്നതല്ല. ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1, 2 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി പ്രമേയത്തിൽ അന്തർലീനമായതിനാൽ അംഗീകരിക്കുന്നില്ല. 2-ാം നമ്പർ ഭേദഗതി അംഗീകരി ക്കാവുന്നതാണ്. 3-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീക രിക്കാവുന്നതാണ്.

"നീക്കം ചെയ്യണമെന്നും" എന്നീ വാക്കുകൾക്കുശേഷം "അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും" എന്നീ വാക്കുകൾ ചേർക്കുക.

മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്ന് പറയേണ്ടതില്ല. അതല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർ എന്ന നിലയ്ക്ക് ഇറക്കിയ പല ഉത്തരവുകളുമുണ്ടാകും. അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നാക്കാം. അത്തരത്തിൽ മാറ്റം വരുത്തി അംഗീകരിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി അംഗീകരി ക്കാവുന്നതാണ്. 2, 3 എന്നീ നമ്പർ ഭേദഗതികൾ പ്രമേയത്തിൽ അന്തർലീനമാ യതിനാൽ അംഗീകരിക്കേണ്ടതില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1, 2 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതിയും 3-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും സഭ അംഗീകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2, 3 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

മി. സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് " 2021 മേയ് 28-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമ സഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, " 2021 മേയ് 28-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

(ഡോ. മാത്യു കുഴൽനാടൻ സീറ്റിലില്ലാതിരുന്നതിനാൽ 1-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. സജീവ് ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് കോവിഡ് പശ്ചാത്തലത്തിൽ കുത്തനെ കുറയുന്ന സാഹചര്യത്തിൽ അതിനെ അതിജീവിക്കുവാൻ ദീർഘകാല തന്ത്രം രൂപീകരിക്കുവാൻ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ശ്രീ. ഷാഫി പറമ്പിലിന്റെ 3-ാം നമ്പർ ഭേദഗതിയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 4-ാം നമ്പർ ഭേദഗതിയും അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.

ശ്രീ. അൻവർ സാദത്ത്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കോവിഡ് 19 മഹാമാരിമൂലം ആയിരക്കണക്കിന് ജനങ്ങൾ തൊഴിൽരഹിതരായി ജീവിതം ദുസ്സഹമാകുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ അവരെ ആ ദുരിതത്തിൽ നിന്നും കരകയറ്റുവാൻ ആവശ്യമായ നടപടികളൊന്നും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ശ്രീ. സി. ആർ. മഹേഷ് സീറ്റിലില്ലാതിരുന്നതിനാൽ 6-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2021-ഓടെ ജലവൈദ്യുത പദ്ധതികളിൽ നിന്നും 500 മെഗാ വാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുമെന്ന് മുൻ എൽ.ഡി.എഫ്. സർക്കാർ പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിരുന്നുവെങ്കിലും 25 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ മാത്രമേ മുൻ സർക്കാരിന്റെ കാലത്ത് കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടുള്ളൂവെന്ന് പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായ തിരുവനന്തപുരം നഗരം ട്രിപ്പിൾ ലോക്ഡൗണിലായിരിക്കെ, കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ച് 500 പേരെ പങ്കെടുപ്പിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തിയ എൽ.ഡി.എഫ്. സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് കോവിഡ് സംബന്ധിച്ച് പൊതുജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമാണെന്ന് പറയപ്പെടുന്ന കാര്യം ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. സിദ്ദിഖ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് മഹാമാരി നാടാകെ ദുരിതം വിതയ്ക്കുമ്പോൾ ക്ഷീരകർഷകരിൽനിന്നും പാൽ സംഭരിക്കുന്നതിന് മിൽമ നിയന്ത്രണം വരുത്തിയത് സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കിയതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ചെറുകിട കർഷകർ, ചെറുകിട വ്യാപാരികൾ, ചെറുകിട സംരംഭകർ എന്നിവർ നേരിടുന്നതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനും അവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരുന്നതിനും ആവശ്യമായ പ്രഖ്യാപനങ്ങൾ ഒന്നും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗം ഈ വർഷം അവസാനത്തോടെ ഉണ്ടാകുമെന്നും അത് കുട്ടികളെയായിരിക്കും കൂടുതൽ ബാധിക്കുകയെന്നും ആരോഗ്യ വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകിയിട്ടും അത് നേരിടുന്നതിന് എന്ത് മുന്നൊരുക്കങ്ങളാണ് നടത്തുവാൻ പോകുന്നതെന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

(ശ്രീ. എ. പി. അനിൽ കുമാർ സീറ്റിലില്ലാതിരുന്നതിനാൽ 12-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. ടി. ജെ. വിനോദ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡിനോടൊപ്പം സംസ്ഥാനത്ത് നിരന്തരമായുണ്ടാകുന്ന പ്രകൃതിക്ഷോഭവും ജനജീവിതത്തെ പ്രതിസന്ധിയിലാക്കിയതായി പറയപ്പെടുന്ന സാഹചര്യത്തിൽ അവ രണ്ടിനെയും ഒരുമിച്ച് നേരിടുമെന്നതിനെ കുറിച്ച് ഉള്ള ഒരു Disaster Management നയം, പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, നിലവിലെ മന്ത്രിസഭയിൽ നാല് ഏകാംഗ കക്ഷികൾക്ക്, രണ്ടര വർഷം വീതം മന്ത്രിസ്ഥാനം വീതിച്ച് നൽകുന്നതിനുള്ള തീരുമാനം സംസ്ഥാന ചരിത്രത്തിൽ ആദ്യമാണെന്നും അത് മന്ത്രിമാരുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നും പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. റോജി എം. ജോൺ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2021-22-ൽ റവന്യൂ വരുമാനത്തിൽ 33.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ലോക്ഡൗണിന്റെ അനന്തരഫലമായി അതിന് പ്രതിബന്ധം ഉണ്ടാകുമെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അതുമൂലം ഉണ്ടാകുമെന്ന് പറയപ്പെടുന്ന ഗുരുതര സാമ്പത്തിക പ്രശ്നങ്ങൾ എപ്രകാരം തരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം ഒരു ദിവസം 70 കോവിഡ് മരണം ഉണ്ടായതായി കോവിഡ് ഡ്യൂട്ടിയിലുള്ള ഡോക്ടർമാർ വെളിപ്പെടുത്തിയപ്പോൾ യഥാർത്ഥ വസ്തുത വെളിപ്പെടുത്താതെ തെറ്റായ മരണക്കണക്കുകൾ നൽകി സർക്കാരിന്റെ കോവിഡ് പ്രതിരോധം കുറ്റമറ്റതാണെന്ന ധാരണ പരത്തുവാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങളെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. സണ്ണി ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം നടത്തിയതു പോലെ ഈ വർഷവും ഓൺലൈൻ രീതിയിൽ ക്ലാസ്സുകൾ തുടർന്ന് നടത്തുമെന്ന പ്രഖ്യാപനം നടത്തുകയല്ലാതെ അതുമൂലമുള്ളതായി പറയപ്പെടുന്ന മാനസിക, സാമൂഹിക പ്രശ്നങ്ങൾ എങ്ങനെ നേരിടുമെന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 1957 മുതൽ 2016 വരെ സംസ്ഥാനം ഭരിച്ച എല്ലാ സർക്കാരുകളും കൂടി വരുത്തിവച്ച കടത്തിനെക്കാൾ അധികരിച്ച തുക, 2016-21 കാലഘട്ടത്തിൽ കടം വാങ്ങി സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെ എൽ.ഡി.എഫ്. സർക്കാർ തകർത്തതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ടി. തോമസ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ അത് നിയന്ത്രിക്കുവാൻ ക്രിയാത്മകമായ യാതൊരു നടപടികളും പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീമതി കെ. കെ. രമ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോഴിക്കോട് ജില്ലയിലെ വടകരയിലെ പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന ചോമ്പാലയിലെ മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയുണ്ടായി എന്ന് ഗവർണറുടെ നയപ്രഖ്യാപനത്തിൽ തെറ്റായി ഉൾപ്പെടുത്തിയതിൽ ഖേദിക്കുന്നു."

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അതിദാരിദ്ര്യം അനുഭവിക്കുന്ന എല്ലാവർക്കും വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകാൻ കഴിയാത്തതായി പറയപ്പെടുന്ന സർക്കാർ നയത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ പ്രതിയോഗികളെ കൊല ചെയ്യുന്നവർക്ക് എല്ലാവിധ സംരക്ഷണവും നൽകുകയും കൊലയാളികൾക്കെതിരെയുണ്ടാകുന്ന സി.ബി.ഐ. അന്വേഷണം തടയുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവാക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന റബ്ബർ കർഷകരുടെ പ്രശ്നങ്ങൾക്കും കാർഷിക മേഖലയിൽ നാണ്യവിളകൾക്ക് ഉണ്ടായിരിക്കുന്ന വിലയിടിവിനും, കർഷകർ നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികൾക്കും കേരളത്തിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കും പരിഹാരം കണ്ടെത്തുവാൻ യാതൊരു നയവും പ്രസംഗത്തിൽ ഉൾക്കൊള്ളിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് കോവിഡ് മരണം ഉയരുന്നത് മൂലമുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയകറ്റാൻ നടപടികൾ പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതും കരാർ കാലാവധിയായ രണ്ടു വർഷം കഴിഞ്ഞതായും പറയപ്പെടുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവിൽ പ്രയാസം അനുഭവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമാകും വിധം സംസ്ഥാന നികുതി കുറയ്ക്കാത്തതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

27. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ കേരളത്തിൽ കോവിഡിന്റെ ആദ്യ വ്യാപനം മുതലേ സാമൂഹ്യ അകലമെന്ന ലോകമെമ്പാടും നടപ്പാക്കുന്ന പ്രോട്ടോകോൾ നാടെങ്ങും കർശനമായി പാലിക്കണമെന്നിരിക്കെ സാധാരണക്കാരിൽനിന്നും യാത്രയ്ക്ക് ഇതിന്റെ പേരിൽ അധിക ചാർജ് ഈടാക്കിയിട്ടും പൊതു ഗതാഗത സർവ്വീസിൽ മാത്രം ഇത് പരിപൂർണ്ണമായും ലംഘിക്കുന്നതായി പറയപ്പെടുന്ന കാര്യം തുടരാതിരിക്കാനുള്ള നടപടി പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കോവിഡ് വ്യാപനം രൂക്ഷമാകുന്നത് പൊതു ഗതാഗത സർവ്വീസിലൂടെയാണെന്നിരിക്കെ സംസ്ഥാനത്തെ KSRTC ബസ്സുകളിൽ മാത്രം സാമൂഹ്യ അകലമെന്ന ആശയം പാടെ നിരാകരിക്കുന്നതായി പറയപ്പെടുന്ന സർക്കാർ നയം ജനോപദ്രവകരമായതിനാൽ ഇത് തടയുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

29. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, സൗജന്യ ഭക്ഷ്യകിറ്റും ഭക്ഷ്യധാന്യങ്ങളും ഈ സർക്കാരിന്റെ കാലത്ത് തുടർന്നും വിതരണം ചെയ്യുമെന്ന് ഉറപ്പുവരുത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

30. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, സംസ്ഥാനത്ത് ബാങ്ക് വായ്പയെടുത്ത് കിടപ്പാടം ജപ്തിയാവുന്നതായി പറയപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുവരുത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ഉബൈദുള്ള: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

31. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് ദുരന്തനിവാരണത്തിനു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ഖേദിക്കുന്നു."

32. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, KSRTC പോലുള്ള സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന വിഷയങ്ങളിൽ പരാമർശം നടത്താത്തതിൽ ഖേദിക്കുന്നു."

33. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡാനന്തര കാലഘട്ടത്തിൽ അദ്ധ്യയനം മുടങ്ങിപ്പോകാതിരിക്കാൻ സമഗ്ര വിദ്യാഭ്യാസ നയം സംബന്ധിച്ച പരാമർശങ്ങൾ പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു. "

34. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മഹാപ്രളയങ്ങളിൽപെട്ട് ദുരിതമനുഭവിക്കുന്നതായി പറയപ്പെടുന്നവർക്ക് പ്രത്യേക പാക്കേജുകളൊന്നും പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു."

35. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് മൂന്നാം തരംഗ ഭീഷണി നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സർക്കാർ നയങ്ങൾ വ്യക്തമാക്കുന്ന പ്രഖ്യാപനങ്ങൾ നടത്താത്തതിൽ ഖേദിക്കുന്നു. "

36. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് ലോക്ക്ഡൗൺമൂലം തകർന്നതായി പറയപ്പെടുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഉതകുന്ന നയങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

37. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡിനുശേഷം മടങ്ങിയെത്തിയ പ്രവാസികളുടെ തുടർജീവിതം, പ്രവാസികൾക്ക് വാഗ്ദാനം ചെയ്ത തൊഴിൽ പരിശീലനം എന്നിവ സംബന്ധിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്ത തിൽ ഖേദിക്കുന്നു."

38. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്ര സർക്കാരിന്റെ നയങ്ങളിൽ പ്രതിഷേധിക്കുന്ന പരാമർശങ്ങളൊന്നും പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

39. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

40. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കടലാക്രമണം തടയുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപ ടികൾ അനുയോജ്യമല്ലാത്തതായി പറയപ്പെടുന്നതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

41. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സൈബർ ആക്രമണങ്ങൾ തടയാൻ ആവശ്യമായ നിർദ്ദേശങ്ങൾ പ്രസംഗത്തിൽ ഉൾക്കൊള്ളിക്കാത്തതിനാൽ ഖേദിക്കുന്നു."

(ഡോ. എം. കെ. മുനീർ സീറ്റിലില്ലാതിരുന്നതിനാൽ 42-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു :

43. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വനപ്രദേശത്തോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിലുണ്ടാകുന്നതായി പറയപ്പെടുന്ന മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ ക്രിയാത്മക നടപടി സ്വീകരിക്കുന്ന കാര്യം പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

ശ്രീ. നജീബ് കാന്തപുരം: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

44. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് യാതൊരു നിർദ്ദേശവും പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

45. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രവാസികൾക്കും വിദേശരാജ്യങ്ങളിൽ പഠനം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും കോവിഡ് വാക്സിനേഷനിൽ മുൻഗണന നൽകേണ്ട കാര്യം പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

46. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തു വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളിലെ സാധനങ്ങൾക്ക് ഗുണനിലവാരം ഇല്ലായിരുന്നതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ 47-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. കെ. പി. എ. മജീദ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു :

48. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് രോഗംമൂലമുള്ള മരണനിരക്ക് ക്രമാതീതമായി വർദ്ധിച്ചിട്ടും അതു മറച്ചുവെച്ചതായി പറയപ്പെടുന്ന കാര്യം പ്രസംഗത്തിൽ ഉൾക്കൊള്ളിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തെ വളരെ ആത്മാഭിമാനത്തോടുകൂടി പിന്താങ്ങുകയാണ്. വളരെ പ്രതികൂലമായ സാഹചര്യത്തിലും ഒരു ഗവൺമെന്റിന് എങ്ങനെ ഈ രാജ്യത്തെ ജനങ്ങളെ ചേർത്തുപിടിക്കാൻ കഴിയുമെന്നതിന്റെ സൂചനയായിരുന്നു കഴിഞ്ഞ അഞ്ചുവർഷത്തെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ. പുരോഗമനപരവും ജനകീയവുമായ ആ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗത്തിലും കാണാൻ സാധിച്ചത്. വളരെ വലിയ വെല്ലുവിളികളാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ കേരളത്തിലെ ഗവൺമെന്റിനും ജനങ്ങൾക്കും നേരിടേണ്ടിവന്നത്. അതിസങ്കീർണ്ണമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടാണ് കേരള ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടങ്ങളുണ്ടാക്കിയെടുക്കാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിച്ചത്. ആ അടിത്തറയിൽ നിന്നുകൊണ്ട് വീണ്ടും ഒരു ആധുനിക കേരളത്തിന്റെ സൃഷ്ടിക്കാവശ്യമായ, ജനകീയപ്രശ്നങ്ങളുടെ പരിഹാരത്തിനാവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങളാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. അതുകൊണ്ടുതന്നെ ഏതൊരു കേരളീയനും ആത്മാഭിമാനത്തോടുകൂടി നോക്കിക്കാണാൻ കഴിയുന്ന ഒന്നാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഉള്ളടക്കം. ലോകമാകെ മഹാമാരിയുടെ പിടിയിലകപ്പെട്ട്

നിൽക്കുമ്പോഴാണ് ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗം നമ്മൾ ശ്രവിച്ചത്. കോവിഡ്-19 വൈറസ് ലോകത്തിലെ ഭരണസംവിധാനങ്ങളുടെ ഒരു ലിറ്റ്മസ് ടെസ്റ്റായിരുന്നുവെന്നകാര്യം എല്ലാവരും ഓർക്കണം. ഇന്ന് ലോകം ചർച്ച ചെയ്യുന്നത് അതിനെക്കുറിച്ചുതന്നെയാണ്. ലോകത്തെയാകെ ഗ്രസിച്ച ഒരു മഹാവിപത്തിനെ നേരിടാൻ ആർക്കൊക്കെ സാധിച്ചുവെന്നതാണ് സിസ്റ്റം ഗവേർണൻസ് ചർച്ച ചെയ്തുകൊണ്ട് ലോകമാകെ നോക്കിക്കാണുന്നത്. അക്കൂട്ടത്തിൽ ഇന്ത്യയിലെ കൊച്ചുകേരളത്തിന്റെ പേരും ചർച്ച ചെയ്യുന്നുവെന്നുള്ളത് അഭിമാനകരമായ വസ്തുതയാണ്. എവിടെയെല്ലാം ഇടതുപക്ഷ ആശയഗതികൾ നിലനിന്നിട്ടുണ്ടോ, എവിടെയെല്ലാം ജനകീയ പദ്ധതികളും ആസൂത്രണവും ഉണ്ടായിട്ടുണ്ടോ, അവിടെയെല്ലാം കോവിഡിനെ ഒരു പരിധിവരെ നേരിടാൻ ലോകജനതയ്ക്ക് സാധിച്ചുവെന്നുള്ളതാണ് ഇപ്പോൾ തെളിയുന്ന ചിത്രം. വലിയ സാങ്കേതിക വിദ്യകളും സൗകര്യങ്ങളുമുള്ള രാജ്യങ്ങൾപോലും കോവിഡിനെ നേരിടുന്നതിൽ പരാജയപ്പെട്ടു. അതേസമയം ജനകീയാസൂത്രണം, കൂട്ടായ പരിശ്രമം, ബഹുജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള മുന്നേറ്റം തുടങ്ങിയവയുണ്ടായ രാജ്യങ്ങളിൽ കോവിഡിനെ നേരിടുന്നതിൽ കുറെയേറെ വിജയിക്കാൻ സാധിച്ചു. ഈ മഹാമാരിയെക്കുറിച്ച് എല്ലാവർക്കും അറിയാം. ഏറ്റവും കടുത്ത പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു വൈറസാണ് സാർസ് കൊറോണ വൈറസ് 2 അഥവാ കോവിഡ്-19. അതിന്റെ പ്രത്യാഘാതങ്ങൾ എത്രമാത്രം കുറയ്ക്കാൻ കഴിയുമെന്നാണ് മനുഷ്യരാശി ആലോചിച്ചത്. പതിനായിരക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിക്കൊണ്ട് മുന്നേറിയ വൈറസിന്റെ അതിക്രമങ്ങളിൽനിന്ന് ആയിരക്കണക്കിന് മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചുവെന്നുള്ളതാണ് കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. അതിന് കഴിഞ്ഞത് നമ്മുടെ തന്ത്രപരമായിട്ടുള്ള ഇടപെടലാണ്. സിസ്റ്റം ഗവേർണൻസ് എന്നത് എല്ലാവരും മനസ്സിലാക്കി ഭാവിയിൽ പിന്തുടരേണ്ടുന്ന കാര്യമായി മാറുന്നു. അരിസ്റ്റോട്ടിൽ good governance-നെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ഒരു good governance-ന്റെ ഏറ്റവും പ്രധാനപ്പെട്ട അഞ്ച് തത്വങ്ങളിൽ ഒന്ന് പാർട്ടിസിപ്പേഷൻ തന്നെയാണ്. ബഹുജന പങ്കാളിത്തത്തോടുകൂടി മഹാദുരന്തങ്ങളെ നേരിടാൻ സാധിക്കുകയെന്നത് സുപ്രധാനമാണ്. ബഹുജനങ്ങളെ അണിനിരത്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും അതിനെ നേരിടാനും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളതാണ് അഞ്ച് വർഷത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. രണ്ടാമത്തേത് ഡയറക്ഷനാണ്. ഒരു ഗവൺമെന്റിന് സ്ട്രാറ്റജിക് വിഷൻ ഉണ്ടായിരിക്കണം. ഏത് പ്രതികൂല സാഹചര്യങ്ങളിലും പതറാതെനിന്ന് ജനങ്ങളുടെ പിൻബലത്തോടുകൂടി അതിനെ നേരിടാൻ കഴിയുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന

സർക്കാരിന് ഊർജ്ജം പകർന്നിട്ടുണ്ട്. അത് ഈ നാട്ടിലെ ജനങ്ങൾക്കാകെയും ആശ്വാസം പകർന്നിട്ടുണ്ട്. ജനങ്ങളുടെ ശക്തമായ പിന്തുണ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട് എന്നതിന് നമ്മൾ സാക്ഷികളാണ്.

Good governance-ന്റെ മറ്റൊരു ഘടകം പെർഫോമൻസാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ പെർഫോമൻസ് കേരള ജനത കണ്ടതാണ്. തീരുമാനിക്കുന്ന ഒരു കാര്യവും കടലാസ്സിൽ ഉറങ്ങാനുള്ളതല്ല, അത് നടപ്പിലാക്കാനുള്ളതാണെന്ന് തെളിയിച്ചൊരു ഗവൺമെന്റായിരുന്നു കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ചത്. തീരുമാനിക്കുന്ന ഓരോ കാര്യവും തുടർന്നുവരുന്ന ദിവസങ്ങളിൽ വളരെ ഭംഗിയായി നടപ്പിലാക്കാൻ കഴിഞ്ഞു എന്നതും മഹാപ്രളയങ്ങളെയും ചുഴലി ക്കൊടുങ്കാറ്റുകളെയും കോവിഡ് പോലുള്ള മഹാമാരികളെയും നേരിടാൻ കേരളത്തെ പ്രാപ്തമാക്കി എന്നതും നമുക്ക് കാണാൻ സാധിക്കും. മറ്റൊന്ന്, അക്കൗണ്ടബിലി റ്റിയാണ്. ഓരോ ഫയലിലും ഉറങ്ങിക്കിടക്കുന്നത് ഒരു മനുഷ്യന്റെ ജീവിതമാണെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി തുടക്കത്തിൽത്തന്നെ സൂചിപ്പിക്കുകയുണ്ടായി. ഓരോ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാ നത്തിൽ ഫയലുകൾ തീർപ്പുകല്പിക്കുന്ന കാര്യത്തിൽ വമ്പിച്ച മാറ്റമാണ് കഴിഞ്ഞ അഞ്ച് വർഷക്കാലമുണ്ടായത്. കൃത്യമായ പരിശോധനയിലൂടെ ഭരണ സംവിധാന ങ്ങളിൽ ഇടപെട്ട് ഓരോ മനുഷ്യന്റെയും ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചുവെന്നതും പിണറായി വിജയൻ ഗവൺമെന്റിന്റെ വലിയ നേട്ടമാണ്. Good governance-ന്റെ അഞ്ചാമത്തെ കമ്പോണന്റായി പഴയ കാലത്തുതന്നെ പറഞ്ഞു വന്നിരുന്നത് fairness ആണ്. Equity and the Rule of law എന്നും പറഞ്ഞിരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ ഇതെല്ലാം സാക്ഷാത്ക്കരിക്കപ്പെട്ടുവെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ നാട്ടിലെ ജനങ്ങൾക്ക് തുല്യത ഉറപ്പാക്കുന്നതിനും പ്രയാസങ്ങളിലും പ്രശ്നങ്ങളിലും യാതൊരു വകഭേദവുമില്ലാതെ ആശ്വാസമെത്തി ക്കുന്നതിനും കഴിഞ്ഞ ഗവൺമെന്റ് പരിശ്രമിക്കുകയുണ്ടായി. അതിന്റെ അനന്തര ഫലമാണ് ഗവൺമെന്റിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിച്ചതും കഴിഞ്ഞ ഗവൺമെന്റിനെ വീണ്ടും തെരഞ്ഞെടുക്കാൻ കേരളത്തിലെ ജനങ്ങളിൽ മഹാ ഭൂരിപക്ഷവും തയ്യാറായതുമെന്ന് നമുക്ക് കാണാൻ സാധിക്കണം. ഇതുപോലുള്ള good governance-ന്റെ തുടർച്ചയാണ് നയപ്രഖ്യാപന പ്രസംഗമെന്ന് അത് സൂക്ഷ്മമായി വായിച്ചുനോക്കുന്ന ആർക്കും മനസ്സിലാക്കാൻ സാധിക്കും.

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ്. പക്ഷേ, ഇന്ത്യൻ ജനാധിപത്യം എങ്ങനെയാണ് നീങ്ങിയതെന്ന് നമ്മളെല്ലാവരും കണ്ടിട്ടുള്ളതാണ്. ഞാൻ കോൺഗ്രസിന്റെ കാര്യത്തിലേയ്ക്ക് വരാം. ഈ രാജ്യം ദീർഘകാലം ഭരിക്കാൻ അവസരം കിട്ടിയിട്ടുള്ള ഒരു പാർട്ടിയാണ് കോൺഗ്രസ്. അതുകൊണ്ടുതന്നെ ഈ

രാജ്യത്ത് ജനാധിപത്യമുണ്ടാക്കുന്നതിന് ഏറ്റവും കൂടുതൽ ഉത്തരവാദിയായിട്ടുള്ള പാർട്ടിയും കോൺഗ്രസ്സാണ്. പക്ഷേ, ആ കോൺഗ്രസ് എന്ത് ചെയ്യുവെന്നുള്ളതിന്റെ സൂചനയാണ് ഇന്ന് നമ്മുടെ രാജ്യത്തിന്റെ ദയനീയാവസ്ഥ സൂചിപ്പിക്കുന്നത്. ബി.ജെ.പി-യുടെ നല്ല സംഭാവനയും ആ കാര്യത്തിലുണ്ട്, അതിൽ യാതൊരു തർക്കവുമില്ല. എന്നാൽ കോൺഗ്രസ്സിന് ആ ഉത്തരവാദിത്വത്തിൽനിന്ന് ഒരു തരത്തിലും മാറിനിൽക്കാൻ കഴിയാത്തവിധം നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യം അപകീർത്തികരമായി മാറിയിരിക്കുകയാണ്. ജനാധിപത്യത്തിന്റെ ഒരു പ്രിൻസിപ്പിൾ equality ആണ്. 'Democracy means equality in opportunity' എന്നാണ്. അവസരസമത്വമാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ നേട്ടം അല്ലെങ്കിൽ അതിന്റെ സ്തംഭം. എന്നാൽ, ഇന്ത്യൻ ജനതയ്ക്ക് അവസരസമത്വമുണ്ടോ? കോവിഡിന്റെ പശ്ചാത്തലത്തിൽപ്പോലും good governance-ന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പൗരന്മാരെയും തുല്യരായി കണ്ടുകൊണ്ട് ഇടപെടൽ നടത്തിയ ഈ ഗവൺമെന്റ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ തത്വങ്ങൾ പ്രാവർത്തികമാക്കുകയായിരുന്നു ചെയ്തത്. അതിന്റെ തുടർച്ചതന്നെയാണ് ഇപ്പോഴത്തെ നയപ്രഖ്യാപന പ്രസംഗത്തിലുമുള്ളത് എന്നതുകൊണ്ടാണ് അഭിമാനകരമാണ് അതെന്ന് പറയാൻ നമുക്ക് സാധിക്കുന്നത്.

കോവിഡ്-19 മഹാമാരിയുടെ കാലത്ത് അത് നമ്മൾ കണ്ടതാണല്ലോ. ഈ കൊച്ചുകേരളത്തിന് ഇക്കാര്യത്തിൽ ഇത്രയേറെ പറയാനുണ്ടോ എന്ന് ചിലപ്പോൾ ഒരു ചെറിയ സംശയം നിങ്ങൾക്ക് വന്നേക്കാം. സാമ്പത്തികശേഷിയും സാങ്കേതിക സൗകര്യവുമുള്ള രാജ്യങ്ങളാണ് അമേരിക്ക, യു.കെ. എന്നിവ. ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് ഞാനടക്കമുള്ളവർ സ്കാൻഡിനേവിയൻ രാജ്യങ്ങളെയാണ് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഉദാഹരണമായി ചൂണ്ടിക്കാണിച്ചിരുന്നത്. ശ്രീമതി വീണാ ജോർജ്ജിനും പറയാൻ സാധിക്കുന്നത് സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ പ്രത്യേകതയാണ്. അവർ ആരോഗ്യ മേഖലയിൽ കൂടുതൽ പണം മുടക്കുന്നു. ജി.ഡി.പി-യുടെ ഒരു ശതമാനമാണ് ഇന്ത്യാ ഗവൺമെന്റ് ആരോഗ്യ മേഖലയിൽ മുടക്കുന്നതെങ്കിൽ മുപ്പത് ശതമാനത്തിനടുത്ത് മുടക്കുന്നവയാണ് സ്കാൻഡിനേവിയൻ രാജ്യങ്ങൾ. അങ്ങനെ പണം മുടക്കിയതുകൊണ്ടുമാത്രം ഗുണമുണ്ടാകണമെന്നില്ല. നമ്മൾ സ്വീകരിക്കുന്ന സ്ട്രാറ്റജിയാണ് ഏറ്റവും പ്രധാനപ്പെട്ടത്. പബ്ലിക് ഹെൽത്ത് സിസ്റ്റത്തിൽ ഇൻവെസ്റ്റ് ചെയ്യുക, അത് ജനകീയമാക്കി മാറ്റുക എന്നതാണ് മഹാമാരികളെ മറികടക്കാനുള്ള ഏറ്റവും വലിയ തന്ത്രമെന്ന് നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞു. അമേരിക്ക പോലുള്ള വൻകിട രാജ്യങ്ങളെക്കാൾ എല്ലാത്തരത്തിലും മുന്നിലാണ് കേരളമെന്നോ അല്ലെങ്കിൽ നമ്മുടെ ഏതെങ്കിലും പ്രദേശമെന്നോ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം, എത്രയോ

വർഷങ്ങളായി സ്വാംശീകരിച്ച വലിയ സാങ്കേതിക സൗകര്യങ്ങൾ അവിടെയുണ്ട്. ഇന്നും ലോകത്തിലെ ജനങ്ങൾ അത്യുന്നത ചികിത്സാരീതികൾക്കും മറ്റും ആശ്രയിക്കുന്ന ഇടമായി അത്തരം സ്ഥാപനങ്ങളെല്ലാം നിലനിൽക്കുന്നുമുണ്ട്. എന്തുകൊണ്ട് ഒരു മഹാമാരി പടർന്നുപടിച്ചപ്പോൾ അവിടങ്ങളിലെ ജനങ്ങളെ രക്ഷിക്കാൻ സാധിച്ചില്ല? പതിനായിരങ്ങൾ മരിച്ചുവീഴുന്ന, ശവമടക്കാൻപോലും നിർവ്വാഹമില്ലാതെ മൃതദേഹങ്ങളെല്ലാം ഒന്നിച്ച് വാരിയെടുത്ത് കൊണ്ടുപോയി മണ്ണുമാന്തി യന്ത്രങ്ങൾ കൊണ്ട് വലിയ ചാലുകൾ വെട്ടിക്കീറി, കുടുംബ ബന്ധങ്ങളോ അതിന്റെ യാതൊരു തരത്തിലുമുള്ള വൈകാരികതയുമില്ലാതെ, മതങ്ങളോ ജാതികളോ ആചാരാനുഷ്ഠാനങ്ങളോ ഇല്ലാതെ എല്ലാവരെയും നിരത്തിവച്ച് മണ്ണിട്ട് മൂടുന്ന അതീവ ദയനീയമായിട്ടുള്ള ഒരു കാഴ്ച നമ്മൾ കണ്ടതാണ്. നമ്മേക്കാൾ ശക്തമായ രാഷ്ട്രങ്ങളിൽ ഇതെന്തുകൊണ്ട് സംഭവിച്ചു; കേരളത്തിൽ എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കാതിരുന്നത്? കേരളത്തിൽ തുടക്കത്തിൽത്തന്നെ നാം നടത്തിയ ഒരു ആസൂത്രണമുണ്ട്. കേരളത്തിലെ കഴിഞ്ഞ അഞ്ച് വർഷത്തെ ഗവൺമെന്റിന്റെ മാത്രം നേട്ടമായിട്ടല്ല അത് കാണേണ്ടത്. 1957 മുതൽ കേരളത്തിന്റെ ഭരണരംഗത്തുണ്ടായ സ്തുത്യർഹമായിട്ടുള്ള മാറ്റമാണ്. 1957 എന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. 1957-ലാണ് ബാലറ്റ് പേപ്പറിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി ലോകത്താദ്യമായി അധികാരത്തിൽ വന്നത്. 1957-ൽ ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നു. എന്തായിരുന്നു 1957-ന് മുൻപുള്ള സ്ഥിതി? 1957-ന് മുമ്പ് നാട്ടുരാജ്യങ്ങളുടെയും ബ്രിട്ടീഷ് ആധിപത്യത്തിന്റെയുമെല്ലാം നുകത്തിൻകീഴിൽ ഞെരിഞ്ഞമർന്നിരുന്ന മനുഷ്യരായിരുന്നു കേരളത്തിലുണ്ടായിരുന്നത്. അതിരൂക്ഷമായ ജാതി വ്യവസ്ഥയും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇവിടെ നിലനിന്നിരുന്നു. മൃഗങ്ങളേക്കാൾ കഷ്ടമായി മനുഷ്യരെ പരിഗണിച്ചിരുന്ന ഭൂസ്വാമിമാരുടെ കാലമായിരുന്നു അത്. 1957-ലെ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെതന്നെ നിയമങ്ങൾ കൊണ്ടുവന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാട്, കെ. ആർ. ഗൗരിയമ്മ തുടങ്ങിയവരെല്ലാം ആ മന്ത്രിസഭയിൽ അംഗങ്ങളായിരുന്നു. കേരളത്തിലെ ജനങ്ങൾക്ക് നിവർന്നുനിൽക്കാൻ പ്രേരണ നൽകിയ ഒന്നാണ് ആ ഗവൺമെന്റ് അധികാരത്തിൽവന്ന് ഇരുപത് ദിവസത്തിനുള്ളിൽ കൊണ്ടുവന്ന കുടിയൊഴിപ്പിക്കലിനെതിരായിട്ടുള്ള ഓർഡിനൻസ്. ഇപ്പോൾ പറയുമ്പോൾ അതിന്റെ വൈകാരികത നമുക്ക് ബോധ്യമാകുമോ എന്നറിയില്ല. ഇന്നാരും നമ്മെ കുടിയൊഴിപ്പിക്കാൻ വരുന്നില്ല. എന്നാൽ താമസിക്കുന്ന ഭൂമിയിൽനിന്ന് രാത്രിയാമം കുടിയൊഴിപ്പിക്കപ്പെട്ട് മരത്തിന്റെ ചുവട്ടിലും കടത്തിണ്ണയിലുമൊക്കെ കിടന്നുറങ്ങേണ്ടിവന്നിരുന്ന അന്നത്തെ പാവപ്പെട്ട മനുഷ്യർക്ക് അതുണ്ടാക്കിയ ആത്മധൈര്യം ചെറുതായിരുന്നില്ല. സ്വന്തം ഭൂമിയിൽ കാലൂന്നി നിൽക്കാനുള്ള അവകാശമാണ് ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തത്. അതൊരു ഗവേർണൻസ് സിസ്റ്റമാണ്. അതാണ് വ്യത്യസ്തമായ

രീതി. ആ ഗവൺമെന്റിൽ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ പരിഷ്കരണത്തിന് അടിത്തറയിട്ടു. പരിണതപ്രജ്ഞനായിരുന്ന ഡോ. എ. ആർ. മേനോൻ ആരോഗ്യ രംഗത്ത് പബ്ലിക് സിസ്റ്റത്തിന്, പൊതുജനാരോഗ്യ സംവിധാനത്തിന് അടിത്തറയിട്ടു. അത് വളർന്നുവന്നിട്ടാണ് 2016-ൽ കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ എല്ലാ പഞ്ചായത്തിലും ഒരു പി.എച്ച്.സി. എങ്കിലുമുണ്ട് എന്ന അവസ്ഥ വന്നത്. ഇന്ത്യയുടെ എത്ര സംസ്ഥാനങ്ങളിൽ ഇത്രയും വിപുലമായ പൊതുജനാരോഗ്യ ശൃംഖലയുണ്ട്; എന്തുകൊണ്ട് ഉത്തർപ്രദേശിലും മദ്ധ്യപ്രദേശിലുമെല്ലാം ഉണ്ടായില്ല? ഉത്തർപ്രദേശിൽ മുന്നൂറോളം കുട്ടികൾ ഹൈപ്പോഗ്ലൈസീമിയ ബാധിച്ച് മരിച്ചത് നമ്മൾ കണ്ടതാണ്. നല്ലൊരു ആരോഗ്യ സംവിധാനമുണ്ടെങ്കിൽ, ഒന്നോ രണ്ടോ കുട്ടികൾ മരിക്കുമ്പോൾത്തന്നെ കുറച്ച് പഞ്ചസാര കലക്കിക്കൊടുത്താൽത്തന്നെ താൽക്കാലികമായ ഒരു ഉണർവ്വുണ്ടാകുമായിരുന്നില്ലേ? ഗ്രാമീണ മേഖലകളിലെ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് ഇതിന് കാരണം. സ്വാതന്ത്ര്യം നേടി ഇത്രയും വർഷം പിന്നിട്ടിട്ടും ഇതാണ് ഒരു നാടിന്റെ ഗ്രാമീണമേഖലയുടെ സ്ഥിതി. കേരളം അതിൽനിന്നും തുലോം വ്യത്യസ്തമാണ്. തുടർച്ചയായി വന്നിട്ടുള്ള ഓരോ ഗവൺമെന്റിന്റെയും ഭരണകാലത്തും നമ്മുടെ മുൻഗാമികൾ പാകിയ അടിത്തറയിൽനിന്നുകൊണ്ട് ഒരുപാട് കാര്യങ്ങളുണ്ടാക്കിയെടുക്കാൻ സാധിച്ചു. അതിന്റെ ഫലമായാണ് കോവിഡ് എന്ന മഹാമാരിയെയും നമുക്ക് പ്രതിരോധിക്കാൻ സാധിച്ചത്.

കഴിഞ്ഞ ഗവൺമെന്റ് വളരെ ജനകീയമായ നാല് മിഷനുകൾ ആരംഭിച്ചു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ആർദ്രം മിഷനെക്കുറിച്ചും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെക്കുറിച്ചും ലൈഫ് മിഷനെക്കുറിച്ചും ഹരിത കേരള മിഷനെക്കുറിച്ചും എത്രയോ തവണ ഈ സഭാതലത്തിൽ നമ്മൾ വാതോരാതെ പ്രസംഗിച്ചിട്ടുണ്ട്. വെറും പ്രസംഗമായിരുന്നില്ല, കഴിഞ്ഞ അഞ്ച് വർഷക്കാലം നാം ഈ കേരളത്തെ എങ്ങനെ മാറ്റിമറിച്ചു എന്നുള്ളതിന്റെ ഉദാഹരണങ്ങളായിരുന്നു അവ ഓരോന്നും. ആർദ്രം മിഷനിൽ ഗ്രാമത്തിലെ പി.എച്ച്.സി-കൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറി. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ അക്കാര്യത്തിൽ നന്നായി സഹകരിച്ച എം.എൽ.എ-മാരും മറ്റുമുണ്ട്. ആ മാറ്റം കോവിഡിനെ ചെറുക്കുന്നതിൽ വളരെ സഹായകരമായി. കിഫ്ബി പദ്ധതിയിലൂടെ താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളും മെഡിക്കൽ കോളേജുകളുമെല്ലാം ഹൈടെക് ആയി മാറുന്നതിന്റെ ഗുണഫലം കൂടിയാണ് കോവിഡ് മഹാമാരിയെ ചെറുക്കാൻ നമുക്ക് സാധിക്കുന്നു എന്നത്. വിദ്യാഭ്യാസ രംഗത്തും ഗുണപരമായ മാറ്റം കാണാം. കോവിഡ് മഹാമാരിയുടെ കാലത്ത് പാവപ്പെട്ട രോഗികൾക്ക് ആശ്രയം കൊടുക്കാൻ മെച്ചപ്പെട്ട ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള സൗകര്യപ്രദമായ സ്കൂൾ

കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞുവരുന്നത്, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചും ആധുനിക സങ്കേതങ്ങൾ തുടങ്ങിവച്ചും നമുക്ക് അടിത്തറയുണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ ഭാവിയിലും ഇത്തരത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കൂ എന്നുള്ളതാണ്. അത് വളരെ ഭംഗിയായി നിർവ്വഹിക്കാൻ നമുക്ക് കഴിഞ്ഞു. ഇതിന്റെയെല്ലാം ഇടയിൽനിന്നും മറ്റ് മേഖലകളിലും നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് സാധിച്ചു. ഒരു മഹാമാരിയെ ചെറുക്കു മ്പോൾ അതിൽ മാത്രം കേന്ദ്രീകരിക്കാതെ ആധുനിക വികസന പന്ഥാവിലേയ്ക്ക് നയിക്കാനും സാധിച്ചിട്ടുണ്ട്. കേരളത്തെ ഹൈടെക് ആക്കി മാറ്റാനുള്ള, ആധുനിക കേരളമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കൃത്യമായി നടപ്പിലാക്കി. ഇതാണ് കേരള മാതൃകയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, ഇതിനെക്കുറിച്ചാണ് ലോകമാകെ ചർച്ച ചെയ്യുന്നത്. കോവിഡ് വിപത്തിൽ നമുക്ക് മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചുവെന്നത് അത്ഭുതകരമായി പറയുന്നു. വളരെ ശ്രമകരമായ പ്രവർത്തനമാണ് ഗവൺമെന്റ് എല്ലാ ഡിപ്പാർട്ടുമെന്റുകളെയും യോജിപ്പിച്ചുകൊണ്ട് നടത്തിയത്. അതിന്റെ ഭാഗമായിട്ടുതന്നെയാണ് നമുക്ക് ആ നേട്ടമുണ്ടാക്കാൻ സാധിച്ചത്. ആരൊക്കെയാണ് അതിൽ പങ്കാളികളായത്? ആരോഗ്യ വകുപ്പിലെ ആയിരക്കണക്കിന് ഉദ്യോഗസ്ഥർ, പോലീസ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, എം.എൽ.എ-മാർ, എം.പി-മാർ എന്നുവേണ്ട മുഴുവൻ ജനപ്രതിനി ധികളും പങ്കെടുത്തുകൊണ്ട് നടത്തിയ ഒരു മഹായജ്ഞത്തിന്റെ അനന്തരഫലമാണ് മരണനിരക്ക് 0.4% ആയി കുറച്ചുനിർത്താൻ കഴിഞ്ഞത്. കോവിഡ് മരണം കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിൽ പോരായ്മയുണ്ടായിട്ടുണ്ടോ എന്ന് ബഹു. പ്രതിപക്ഷനേതാവ് ചോദിച്ചത് പോസിറ്റീവായി കാണുന്നു. എവിടെയെങ്കിലും പോരായ്മ ഉണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് കൃത്യമായി റിപ്പോർട്ട് ചെയ്യിക്കാം. കേരളത്തിലാണ് ഏറ്റവും നല്ല ഡെത്ത് രജിസ്ട്രേഷനും റിപ്പോർട്ടിംഗ് സംവിധാ നവുമുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മൾ ആ കാര്യത്തിലെല്ലാം സത്യസന്ധരാണ്, കൃത്യനിഷ്ഠയോടുകൂടി ചെയ്യുന്നവരാണ്. എവിടെയെങ്കിലും മരണം രേഖപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അതെല്ലാംകൂടി ചേർത്താലും 0.5%-ൽ താഴെയായിരിക്കും കേരളത്തിന്റെ കോവിഡ് മരണനിരക്ക് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏറ്റവും കൂടുതൽ പോപ്പുലേഷൻ ഡെൻസിറ്റിയുള്ള സംസ്ഥാനം, ഏറ്റവും കൂടുതൽ ഓൾഡേജ് പോപ്പുലേഷനുള്ള സംസ്ഥാനം, അതുപോലെതന്നെ ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം എന്നിങ്ങനെ വലിയ വെല്ലുവിളികളായിരുന്നു നമുക്ക് മുന്നിലുണ്ടായിരുന്നത്. ഇവിടെയാണ് ഏറ്റവും കൂടുതൽ ആളുകൾ സാർസ് കൊറോണ വൈറസ് 2 (സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം കൊറോണ വൈറസ് 2)-ന്റെ ഭാഗമായി മരിച്ചുപോകുമെന്ന് വിദഗ്ദ്ധരെല്ലാം സൂചിപ്പിച്ചത്. നമുക്ക് അതിനെ

നേരിടാൻ കഴിഞ്ഞത് കൂട്ടായ പരിശ്രമത്തിന്റെ ഫലമായിട്ടാണ്. അതുകൊണ്ടു തന്നെയാണ് ഇ-ഗവേണൻസ് സിസ്റ്റം, ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് എന്നിവ എന്താണെന്നറിയാൻ പലഭാഗത്തുനിന്നുമുള്ള ലോകരാഷ്ട്രങ്ങൾ പരിശ്രമിക്കുന്നത്. നമ്മൾ മാത്രമല്ല, വിയറ്റ്നാമും കോവിഡിനെ നന്നായി പ്രതിരോധിച്ചു, എന്തു കൊണ്ടാണത്? അവിടെയൊരു ഇടതുപക്ഷ കാഴ്ചപ്പാടുണ്ട്, ജനകീയ കാഴ്ചപ്പാടുണ്ട്, ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരെ ഓരോരുത്തരെയും ശ്രദ്ധിക്കുന്ന സാഹചര്യമുണ്ട്. ആ ആസൂത്രണത്തിന്റെ പേരുതന്നെയാണ് സോഷ്യലിസ്റ്റ് രീതി. അതുകൊണ്ടുതന്നെയാണ് വിയറ്റ്നാമിനും ക്യൂബയ്ക്കും നോർത്ത് കൊറിയയ്ക്കുമെല്ലാം തന്നെ കോവിഡ് പ്രതിരോധത്തിൽ മികച്ച ഒരു സ്ഥാനം ഇന്ന് ലോകത്തുണ്ടായി രിക്കുന്നത്. എന്നാൽ, മുതലാളിത്ത ആസൂത്രണരീതി അതല്ല. മുഴുവൻ ജനതയെയും കാണാത്ത, പണക്കാരെ മാത്രം കാണുന്ന, ജനങ്ങളിൽ ഒരു സെഗ്മെന്റിനെ മാത്രം ഊന്നിക്കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ എങ്ങനെ പരാജയപ്പെടുന്നു എന്നതിന്റെ ഉദാഹരണം കൂടിയാണ് കോവിഡ് മഹാമാരിയുടെ ഫലം എന്നുള്ളത് പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശാസ്ത്രത്തിൽ വിശ്വസിക്കാൻ നമുക്ക് കഴിയണമെന്നതാണ് ഏറ്റവും പ്രധാനം. ഇന്ത്യയിൽ കോൺഗ്രസ്സും ബി.ജെ.പി.യും പിന്തുടരാത്ത ഒരു മാർഗ്ഗമാണ് ശാസ്ത്ര ത്തിലുള്ള വിശ്വാസം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ കോൺഗ്രസ്സ് മറന്നു. അദ്ദേഹം ശാസ്ത്രത്തിൽ വിശ്വസിച്ചിരുന്ന, ശാസ്ത്രത്തിന്റെ നേട്ടം സ്വീകരിക്കണമെന്നു പറഞ്ഞിരുന്ന ഒരാളായിരുന്നു. നെഹ്റു പറഞ്ഞു " It is science alone that can solve the problems of hunger and poverty, of insanitation and illiteracy, of superstition and deadening custom and tradition..." ജവഹർലാൽ നെഹ്റുവിന്റെ പ്രസംഗത്തിൽ നിന്നാണ് ഞാൻ പറഞ്ഞത്. ...(ബഹളം)... അദ്ദേഹത്തെ ക്വാട്ട് ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ടെന്നാണ് ഞാൻ കരുതുന്നത്, അത് കോൺഗ്രസ്സുകാർക്ക് മാത്രമുള്ളതല്ല. അദ്ദേഹം പറഞ്ഞത് സയൻസിൽ വിശ്വസിക്കണമെന്നാണ്, കോൺഗ്രസ്സ് അത് ചെയ്തില്ല. .....(ബഹളം)....

<u>മി. സ്പീക്കർ</u>: യെസ്.... യെസ്........

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബി.ജെ.പി-യെക്കാൾ വലിയ തോതിൽ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പിന്നാലെ കോൺഗ്രസ്സ് പോയതിന്റെ പരിണതഫലമാണ് ഇന്ന് ഇന്ത്യ അനുഭവിക്കുന്നത്. ചാണകം പൂശിയാൽ കോവിഡ് മാറുമെന്നുപറയുന്നത് ഇന്ത്യയിൽ ബി.ജെ.പി-യുടെ മാത്രം അവസ്ഥയല്ല. കോൺഗ്രസ്സിന്റെതന്നെ നിരവധിയാളുകൾ അത്തരത്തിലുള്ള അന്ധ വിശ്വാസത്തിൽ കുടുങ്ങിപ്പോയിരിക്കുന്നു എന്നതാണ് ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ

നിന്നുള്ള അനുഭവമെന്നത് നമ്മളെല്ലാവരും ഓർക്കണം. കേരളത്തിലെങ്കിലും ജവഹർലാൽ നെഹ്റുവിന്റെ ശാസ്ത്രീയമാർഗ്ഗങ്ങൾ പിന്തുടരാൻ കഴിയണം. ഞങ്ങൾ ജവഹർലാൽ നെഹ്റുവിന്റെയായാലും കാറൽ മാർക്സിന്റെയായാലും നല്ല വശം സ്വീകരിക്കുന്നവരാണ്. “ The future belongs to science and those who make friends with science” എന്ന ജവഹർലാൽ നെഹ്റുവിന്റെ വാചകം ആപ്തവാക്യമായിട്ടെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ആഗ്രഹിച്ചു. അതുകൊണ്ടു തന്നെയാണ് ശാസ്ത്രസാങ്കേതിക മേഖലകളിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷക്കാലം മികച്ചരീതിയിൽ മുന്നോട്ടുവന്നതും ഇപ്പോൾ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ഒരു വിജ്ഞാന സമൂഹമായി കേരളത്തെ മാറ്റും എന്ന് പറഞ്ഞതും.

ഞാൻ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി പറയാൻ ആഗ്രഹിക്കുന്നത് പ്രതിപക്ഷത്തിന്റെ പ്രസക്തിയാണ്. ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന് വലിയൊരു സ്ഥാനമുണ്ട്. പുതിയ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശന്റെ ചില നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. ക്രിയാത്മകമായ ഒരു പ്രതിപക്ഷമായി തുടരും, ഗവൺമെന്റിന് പൂർണ്ണ പിന്തുണ നൽകും, എന്നാൽ ആവശ്യമായ ഘട്ടങ്ങളിൽ വേണ്ട വിമർശനങ്ങളും നടത്തുമെന്ന് അദ്ദേഹം പറയുകയുണ്ടായി. അതാണ് പ്രതിപക്ഷം. അങ്ങനെ തുടരാൻ അദ്ദേഹത്തിന് കഴിയുമെങ്കിൽ ആശാവഹമാണ്. ഇതുവരെയുള്ള അനുഭവം വച്ച് അങ്ങനെ പറഞ്ഞ ആരും അത് തുടരാൻ കോൺഗ്രസ്സിൽ ഇരിക്കുന്നതായി കണ്ടിട്ടില്ല. അതാണ് ഏറ്റവും അപകടകരമായ കാര്യം. പക്ഷേ, ശ്രീ. വി. ഡി. സതീശന് അതിന് കഴിയട്ടെ. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമുള്ള ഒരു കോൺഗ്രസ്സുകാരനായി തുടരാൻ, പ്രമുഖരായ പഴയകാല കോൺഗ്രസ് നേതാക്കളിൽ ഇത്തരം കാര്യങ്ങൾ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ളവരുടെ പിന്മുറക്കാരനായി തുടരാൻ, സി.കെ.ജി. വൈദ്യരുടെയൊക്കെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ ശ്രീ. വി. ഡി. സതീശന് സാധിക്കുമോ? തീരുമാനം എടുക്കുന്നതിൽ സാമുദായിക ശക്തികളെ ഇടപെടാൻ അനുവദിക്കില്ലെന്ന് പറഞ്ഞയുടൻതന്നെ അദ്ദേഹത്തിനുണ്ടായ ഒറ്റപ്പെടൽ അതിഭയാനകമായിരുന്നു. അദ്ദേഹത്തെ സപ്പോർട്ട് ചെയ്യാൻ കോൺഗ്രസ്സിൽനിന്ന് ആരും വന്നില്ല, അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അദ്ദേഹത്തെ സപ്പോർട്ട് ചെയ്യേണ്ടതായിരുന്നു, പക്ഷേ, അങ്ങനെ ആരും ചെയ്തില്ല. എന്താണ് പ്രതിപക്ഷം കഴിഞ്ഞ ദിവസം സ്വീകരിച്ച നിലപാട്?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രണ്ട് മിനിറ്റ് കൂടി വേണം. ശ്രീ. വി. ഡി. സതീശൻ ഒരുകാര്യം ശ്രദ്ധിക്കണം. കഴിഞ്ഞ പ്രതിപക്ഷം, സർക്കാരിന് ക്രിയാത്മകമായ പിന്തുണ നൽകിയോ? എല്ലാം അടഞ്ഞുകിടന്ന ഒരു സമൂഹത്തിൽ, നാട്ടിലെ ജനങ്ങളെ രക്ഷിക്കാൻ സാലറി ചലഞ്ച് പ്രഖ്യാപിച്ചപ്പോൾ ഒരുപാട് ജീവനക്കാർ ശമ്പളം കൊടുക്കാൻ തയ്യാറായി മുന്നോട്ടുവന്നു. അന്ന് എന്താണ് പ്രതിപക്ഷം പറഞ്ഞത്? അഞ്ച് പൈസ കൊടുത്തുപോകരുതെന്നാണ്. കുഞ്ഞുമക്കൾ സമ്പാദ്യക്കുടുക്കയുമായി മുഖ്യമന്ത്രിയുടെ ഓഫീസിനുമുന്നിൽ കാവൽ നിന്നു, അവരോട് മുഖ്യമന്ത്രി 'വേണ്ട മക്കളെ, നിങ്ങളുടെ ഈ ചെറിയ സമ്പാദ്യം ഞങ്ങൾക്ക് തരേണ്ടതില്ല' എന്ന് പറഞ്ഞപ്പോൾ ആ കുട്ടികൾ പറഞ്ഞു 'ഇത് വാങ്ങണം' എന്ന്. ഒടുവിൽ അവരുടെ കരച്ചിൽ കണ്ടപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു 'എന്നാൽ തന്നിട്ട് പോകൂ' എന്ന്. ആ കുഞ്ഞുമക്കൾ കാണിച്ച ആത്മാർത്ഥ തയെങ്കിലും പ്രതിപക്ഷം കാണിച്ചോ. നിങ്ങൾ എന്താണ് ചെയ്തത്? വിദേശസഹായം തരാമെന്ന് പറഞ്ഞപ്പോൾ കേന്ദ്ര ഗവൺമെന്റ് അത് നിഷേധിച്ചതിനെ വലിയ ആഘോഷമായി കാണുകയാണ് ചെയ്തത്. പ്രതിപക്ഷം ക്രിയാത്മകമായിരിക്കണം, പ്രതിപക്ഷം നന്നായിരിക്കണം, 'ആങ്ങള ചത്തുപോയാലും വേണ്ടില്ല നാത്തൂന്റെ കണ്ണീര് കാണാമല്ലോ' എന്ന സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവരുതെന്നാണ് പ്രത്യേകം സൂചിപ്പിക്കാനുള്ളത്.

അതുപോലെ വർഗ്ഗീയത എന്ന വിഷയത്തിൽ വിശദമായി പറയാൻ ഒട്ടേറെ കാര്യങ്ങളുള്ളതാണ്. കേരളത്തെ ഒരു സെക്യുലർ സമൂഹമായി സൂക്ഷിക്കണം. ഇന്ത്യയെയാകെ എന്ന് പറയാൻ അതിയായ ആഗ്രഹമുണ്ട്. പക്ഷേ, അത് നടക്കണ മെങ്കിൽ നമ്മൾ ഒരുപാട് പ്രവർത്തനങ്ങൾ ഭാവിയിൽ ചെയ്തേ മതിയാകൂ. ഇന്ദിരാ ഗാന്ധി മുതൽ ഇങ്ങോട്ടുള്ള കോൺഗ്രസ് നേതാക്കൾ സ്വീകരിച്ച മൃദുഹിന്ദുത്വ സമീപനവും അന്ധവിശ്വാസജഡിലമായിട്ടുള്ള സമീപനവും കാരണം ഇന്ത്യ നശിച്ചുപോയിരിക്കുന്നു. ശ്രീ. രാഹുൽ ഗാന്ധിയടക്കം നിരവധി നേതാക്കൾ ക്ഷേത്ര ങ്ങളിൽപോയി, ശിവഭക്തരായി അഭിനയിച്ചു. ഒരു സെക്യുലർ രാഷ്ട്രത്തിൽ ഒരിക്കലും അത്തരത്തിലുള്ള ഗിമ്മിക്കുകൾ കാണിക്കാൻ പാടില്ലാത്തതാണ്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മതേതരത്വം സംരക്ഷിക്കുന്നതിന് കേരളത്തിലെ ശ്രീ. വി. ഡി. സതീശനടക്കമുള്ള കോൺഗ്രസ്സുകാർക്ക് നല്ലൊരു പാരമ്പര്യം കാത്തുസൂക്ഷിക്കാൻ സാധിക്കുമെന്ന് കരുതുന്നു. അതിന് പ്രതിപക്ഷത്തെ പ്രാപ്തമാക്കണം, കോൺഗ്രസ്സിനെ പ്രാപ്തമാക്കണം. പ്രതിപക്ഷത്തെ എല്ലാ കക്ഷികളും അതിന് തയ്യാറാകണം. ഒരു മതേതര കേരളം സൃഷ്ടിക്കാൻ നിങ്ങൾ ഒരുമിച്ച് നിൽക്കണം, ശബരിമല പ്രശ്നത്തിലടക്കം നിങ്ങൾ എടുത്തത് തെറ്റായ തീരുമാ നമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ പ്രസംഗത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെയുള്ളവർ ക്ഷേത്രത്തിൽ പോയി എന്നുപറഞ്ഞ് വളരെ ആക്ഷേപകരമായി സംസാരിച്ചു. ക്ഷേത്രത്തിൽ പോകുന്നത് തെറ്റാണോ? ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് വേണം.

മി. സ്പീക്കർ: ആക്ഷേപകരമായി എന്തെങ്കിലുമുണ്ടോ എന്നുള്ളത് പരിശോധിച്ച് പിന്നീട് പറയാം.*

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ക്ഷേത്രത്തിൽ പോകുന്നത് ഒരിക്കലും തെറ്റല്ല, വിശ്വാസികൾക്ക് പോകാം. വിശ്വാസികളുടെ ദൈവ വിശ്വാസത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ഇടതുപക്ഷവും പറഞ്ഞിട്ടുണ്ട്. പക്ഷേ, കോൺഗ്രസ് ഒരു പ്രതീകമാണ്. ജവഹർലാൽ നെഹ്റു സ്വീകരിച്ച സമീപനത്തെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ; കോൺഗ്രസുകാർക്ക് അറിയുന്നതല്ലേ? അങ്ങനെ കോൺഗ്രസ്സിന്റെ നേതൃത്വം അത്തരത്തിലൊരു സമീപനം സ്വീകരിക്കാൻ തയ്യാറായില്ലെങ്കിൽ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിന് പിന്തുണ കൊടുത്തുകൊണ്ടെങ്കിലും അത്തരത്തിലുള്ള ഒരു സമീപനത്തിലേയ്ക്ക് വരാൻ കഴിഞ്ഞില്ലെങ്കിൽ ഇന്ത്യയിൽ കോൺഗ്രസ് ഇന്നത്തെക്കാളും വലിയ നാശത്തിലേയ്ക്ക് പോകും. കോൺഗ്രസ് നശിച്ചുപോകണമെന്ന് ഞങ്ങൾക്ക് ആഗ്രഹമില്ല. കാരണം, ഇന്ത്യയിൽ ബി.ജെ.പി.ക്ക് ബദലായി ഇടതുപക്ഷവും ജനാധിപത്യ പ്രസ്ഥാനങ്ങളുമാണ് വളർന്നുവരേണ്ടതെന്ന് ഞങ്ങൾ കരുതുന്നു. അടുത്ത അഞ്ച് വർഷം സാങ്കേതിക വിദ്യകളിൽ വളർച്ചയുണ്ടാക്കുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമുള്ള നിർദ്ദേശങ്ങളടങ്ങിയ ജനകീയമായ ഒരു നയപ്രഖ്യാപനമാണിത്. അതിനെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ അംഗീകരിച്ചുകൊണ്ട് കേരളത്തെ മുന്നോട്ടു നയിക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ആദരണീയനായ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ചരിത്രം പകരം ചോദിക്കാതെ കടന്നുപോയിട്ടില്ലെന്ന്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 8505/ഇ.ബി./2021/നി.സെ. തീയതി 01-06-2021) സഭാ രേഖകളിൽ നിലനിർത്തി.

വ്യക്തമാക്കുന്ന പ്രതീകമാണ് പതിനഞ്ചാം കേരള നിയമസഭ. 1957-ൽ ബാലറ്റിലൂടെ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് സർക്കാരിനെ വിമോചന സമരമെന്ന വൃത്തികേടിലൂടെ പിരിച്ചുവിട്ട സംഭവം കേരള ചരിത്രത്തിലെ കറുത്ത ഏടാണ്. കേരള സമൂഹത്തിൽ അനീതികളെയും അവഗണനകളെയും അനാചാരങ്ങളെയും അതിക്രമങ്ങളെയുമെല്ലാം തുടച്ചുനീക്കുന്ന ശക്തമായ നിയമനിർമ്മാണങ്ങളിലൂടെ ലോകത്തിനാകെ മാതൃകയായി മാറിയ സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കാലാവധി പൂർത്തിയാക്കിയാൽ പിന്നീട് ഒരിക്കലും വലതുപിന്തിരിപ്പൻ ശക്തികൾക്ക് അധികാരത്തിലെത്താനാകില്ലെന്ന ഭീതിയാണ് അന്നുണ്ടായത്. അതാണ് വിമോചന സമരത്തിന്റെ മറവിൽ 1957-ലെ ഗവൺമെന്റിനെ പിരിച്ചുവിടാൻ കാരണമായതെന്ന് ചരിത്രം നിഷ്പക്ഷമായി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. രണ്ട് വർഷവും നാല് മാസവും മാത്രം കാലയളവുണ്ടായിരുന്ന ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ നടപ്പാക്കിയ നയങ്ങളുടെ പിൻബലത്തിലാണ് സംസ്ഥാനത്തിന്റെ വികസന അടിത്തറ കെട്ടിപ്പടുക്കപ്പെട്ടത്. അത് അട്ടിമറിക്കാനും ഇടതുപക്ഷത്തെ ഇല്ലായ്മ ചെയ്യാനുമാണ് അന്ന് രാജ്യം ഭരിച്ചുകൊണ്ടിരുന്ന രാഷ്ട്രീയ പാർട്ടി ആസൂത്രിതമായി തയ്യാറാക്കിയ പദ്ധതി പ്രകാരമുള്ള നാടകങ്ങൾ അരങ്ങേറിയത്. അതിന് സമാനമായ സാഹചര്യങ്ങൾ ശ്രീ. പിണറായി വിജയൻ നയിച്ച സർക്കാരിനെതിരെയും ഉണ്ടായി എന്നത് കേവലം യാദൃശ്ചികതയല്ല. ഇല്ലാക്കഥകളും ദുരാരോപണങ്ങളും വർഗ്ഗീയതയും സമാസമം ചേർത്ത് യു.ഡി.എഫ്.-ഉം ബി.ജെ.പി-യും ഒരു വിഭാഗം മാധ്യമങ്ങളും ചേർന്ന് നടത്തിയ പൊറാട്ട് നാടകങ്ങൾ സംസ്ഥാനം കണ്ടു. തങ്ങളുടെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്ന സംസ്ഥാനത്തെ ജനങ്ങളെ വിലയിരുത്തിയതിൽ അവർക്ക് പിഴച്ചു. അതിന്റെ സാക്ഷ്യപത്രമാണ് നമ്മളിരിക്കുന്ന ഈ നിയമസഭ. 1957-ൽ സർക്കാരിനെ പിരിച്ചുവിട്ടതിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ ഇല്ലാതാക്കാമെന്ന് സ്വപ്നം കണ്ട മലർപ്പൊടി വിൽപ്പനക്കാരനെത്തന്നെയാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്തും കേരളം കണ്ടത്. രൂപവും ഭാവവും മാറിയെന്നുമാത്രമേയുള്ളൂ. അവരെ ഓർമ്മിപ്പിക്കാനായി ഒരു തെരഞ്ഞെടുപ്പ് ചരിത്രം പറയുകയാണ്. 1957-നെക്കാൾ 12 ലക്ഷം വോട്ടുകളുടെ വർദ്ധനവാണ് 1960-ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേടിയത്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ആ ചരിത്രം ആവർത്തിച്ചു. 2016-നേക്കാൾ 12.42 ലക്ഷം വോട്ടുകളാണ് എൽ.ഡി.എഫ്.-ന് അധികമായി ലഭിച്ചത്. 1960-ൽ നാല് ശതമാനം വോട്ടുകളുടെ വർദ്ധനവാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ലഭിച്ചതെങ്കിൽ 2021-ൽ യു.ഡി.എഫ്.-നേക്കാൾ ആറ് ശതമാനത്തിലേറെയാണ് എൽ.ഡി.എഫ്.-നുള്ള വോട്ട് വ്യത്യാസം. ഇടതുസ്വതന്ത്രരുടെ വോട്ടുകൾകൂടി കണക്കിലെടുത്താൽ ഈ അന്തരം ഇനിയും കൂടും. ബി.ജെ.പി-യുമായി

വോട്ട് കച്ചവടം നടത്തിയിരുന്നില്ലായെങ്കിൽ ഇതിലും പരിതാപകരമാകുമായിരുന്ന പ്രതിപക്ഷത്തിന്റെ അവസ്ഥ. അൻപതിലേറെ സീറ്റുകളിലാണ് ബി.ജെ.പി.-ക്ക് വലിയ തോതിൽ വോട്ട് നഷ്ടമാകുകയും ആ വോട്ട് യു.ഡി.എഫിന് ലഭിക്കുകയും ചെയ്തത്. താൻ ബി.ജെ.പി-യുമായി നീക്കുപോക്കുകളുണ്ടാക്കി അവർ തനിക്ക് വോട്ട് ചെയ്യുമെന്ന് പരസ്യമായി പറയുന്ന സ്ഥിതിപോലും യു.ഡി.എഫ്. പാളയത്തിൽനിന്നുമുണ്ടായി. ഈ അവിശുദ്ധ കൂട്ടുകെട്ടുകളെ മറികടന്നാണ് ഇടതുപക്ഷം ഭരണത്തുടർച്ച നേടിയത്. 1957-ലെ സർക്കാർ ഭ്രാന്തമായ വിമോചന സമരാഭാസ ആക്രമണങ്ങൾക്ക് നടുവിലും ബോധം കൈവിടാതെ പ്രവർത്തിച്ചു വെന്നാണ് സഖാവ് ഇ.എം.എസ്. പറഞ്ഞിട്ടുള്ളത്. കെട്ടിച്ചമച്ച ആരോപണങ്ങളുടെ ചക്രവ്യൂഹങ്ങളെ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ സമനില കൈവിടാതെ ജനക്ഷേമത്തിലും ജനസേവനത്തിനുമുള്ള കരുതലിലൂടെ ഭേദിക്കു കയായിരുന്നു. കൂടുതൽ ശക്തവും ജനസമ്മതിയാർജ്ജിച്ചതുമായ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ഈ പരീക്ഷണത്തിൽനിന്ന് പുറത്തുവന്നത്. ഈ ഭരണത്തുടർച്ചയിലൂടെ ചരിത്രം മനോഹരമായി പകരം വീട്ടുകയായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ ദയനീയമായി മൂന്നാം സ്ഥാനത്തുപോയ പാർലമെന്റ് അംഗമായ ഒരു കോൺഗ്രസ് നേതാവ് ഈ ജനവിധിയെ പുച്ഛിച്ചത് നാമെല്ലാം കേട്ടതാണ്. ഒരു തവണ ലോട്ടറി അടിച്ചതുകൊണ്ട് എന്നും ഭരിക്കാമെന്ന് മുഖ്യമന്ത്രി കരുതരു തെന്നായിരുന്നു അദ്ദേഹത്തിന്റെ മഹത്‌വചനം. ഇത് ലോട്ടറി അടിച്ചതല്ല. സംസ്ഥാനത്തെ ജനങ്ങൾ പൂർണ്ണമനസ്സോടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഇടതുപക്ഷ സർക്കാരിനും നൽകിയ അംഗീകാരമാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നില്ലെങ്കിൽ കേരളത്തിന്റെ പ്രതിപക്ഷത്തിന്റെ വിധിയെ തടുക്കാൻ ബ്രഹ്മാവിനുപോലും സാധിക്കില്ല. ദയനീയമായ പരാജയത്തിന്റെ കാരണങ്ങൾ തിരയുന്ന തിരക്കിലാണ് പ്രതിപക്ഷമെങ്കിൽ ആ കാരണങ്ങൾ കണ്ടുപിടിക്കാൻ ചില സൂചനകൾ ഞാൻ നൽകാം. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളിലെ നിങ്ങളുടെ പ്രസ്താവനകൾ എന്തായിരുന്നുവെന്ന് തിരിഞ്ഞുനോക്കാൻ നിങ്ങൾ തയ്യാറാകുമോ? നാടിനെ തകർക്കാനും നശിപ്പിക്കാനും ഇല്ലാതാക്കാനുമൊക്കെയുള്ള വ്യഗ്രതയല്ലേ നിങ്ങളുടെ പ്രസ്താവനകളിൽ നിറഞ്ഞുനിന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ കിഫ്ബി പദ്ധതികളില്ലാതാക്കും, കേരള ബാങ്ക് പിരിച്ചുവിടും, ലൈഫ് മിഷൻ ചുരുട്ടിക്കെട്ടും എന്നുതുടങ്ങി ഈ നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തിൽ പ്രതീക്ഷയും നന്മയും പകർന്നുനൽകിയ പിണറായി സർക്കാരിന്റെ അഭിമാന പദ്ധതികളെല്ലാം തുടച്ചുനീക്കുമെന്നായിരുന്നു നിങ്ങളുടെ ജൽപ്പനങ്ങൾ. ലൈഫ് മിഷൻ എന്താണെന്നും അതിലൂടെ എത്ര സാധാരണക്കാർക്ക് വീടെന്ന സ്വപ്നം നിറവേറ്റാനായി എന്നതും കൊച്ചുകുട്ടികൾക്കുപോലും അറിയാവുന്നതാണ്. കേരള ബാങ്ക് എന്താണെന്നും കിഫ്ബിയിലൂടെ കേരളത്തിന്റെ മുഖച്ഛായ മാറുന്നതുമെല്ലാം

ജനം തിരിച്ചറിഞ്ഞു. കേരള ബാങ്കിനെ സംബന്ധിച്ച് 2021 മേയ് 24-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 42-ാം നമ്പർ സർക്കുലർ പ്രതിപക്ഷാംഗങ്ങളൊന്ന് കാണണം. അതിന്റെ പ്രതിപാദ്യ വിഷയം, Amalgamation of District Central Co-operative Banks (DCCBs) with the State Co-operative Bank (StCB)-Guidelines എന്നതാണ്. അതായത്, ഒന്നാം പിണറായി വിജയൻ സർക്കാർ അതിതീക്ഷ്ണമായ വെല്ലുവിളികൾ നേരിട്ടുകൊണ്ട് നിരന്തരമായ പരിശ്രമത്തിന്റെ ഭാഗമായിയുണ്ടാക്കിയെടുത്ത കേരള ബാങ്ക് എന്ന മാതൃകയെ ഇന്ന് രാജ്യം ഏറ്റെടു ത്തിരിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ട് ഏതൊരു സംസ്ഥാനത്തിനും ത്രിതല-ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ ദ്വിതലമായി പുനഃസംഘടിപ്പിക്കാനുള്ള പൊതുമാനദണ്ഡങ്ങൾ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ ആ സർക്കുലർ എന്റെ കൈവശമുണ്ട് (സർക്കുലർ ഉയർത്തിക്കാണിക്കുന്നു). ആ നിലയിൽ സംസ്ഥാനം ദീർഘവീക്ഷണത്തോടെയുള്ള കാര്യങ്ങളാണ് ചെയ്യുന്നത്. ഇന്ന് കേരളം നടപ്പിലാക്കുന്ന പദ്ധതികൾ നാളെ രാജ്യം ഏറ്റെടുക്കുന്ന സ്ഥിതിയാണുള്ളത്. പാലാരിവട്ടം പാലംപോലെ പൊളിച്ചുകളയേണ്ട നിലയിലുള്ള ഒരു സർക്കാരല്ല ഈ സംസ്ഥാനത്തുള്ളതെന്ന് കേരള ജനതയ്ക്ക് വ്യക്തമായറിയാം. ശ്രീ. പിണറായി വിജയനും അദ്ദേഹം നയിക്കുന്ന സർക്കാരും ചെയ്യാനാകുന്നതേ പറയുകയുള്ളൂവെന്നും പറയുന്നതെല്ലാം ചെയ്യുമെന്നും സ്വന്തം അനുഭവത്തിലൂടെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. മറിച്ച് പ്രതിപക്ഷത്തിന്റെ അവസ്ഥയെന്തായിരുന്നു? പ്രതിസന്ധി കാലഘട്ടത്തിൽ ഒന്നിച്ചുനിന്ന് അവയെ മറികടക്കേണ്ടതിനുപകരം മനുഷ്യനിർമ്മിത ദുരന്തങ്ങൾകൂടി സൃഷ്ടിക്കുന്ന തിരക്കിലായിരുന്നു. രാഷ്ട്രീയ തിമിരത്താൽ അന്ധത ബാധിച്ച പ്രതിപക്ഷത്തെയല്ലേ നമ്മൾ കണ്ടത്; കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങളല്ലേ ഇവിടെ നടന്നത്? 'Political killing fields of Kerala' എന്നൊരു കേരള വിരുദ്ധ ക്യാമ്പയിൻ ദേശീയ തലത്തിൽ സംഘടിപ്പിച്ച് കേരളത്തിന്റെ യശസ്സ് തകർക്കാൻ ശ്രമമുണ്ടായില്ലേ? കേരളമാകെ ഒരു കൊലക്കളമാണെന്ന് വരുത്തിത്തീർക്കാൻ ആസൂത്രിത ഭരണകൂട കൊലപാതക പരമ്പരകൾക്ക് നേതൃത്വം നൽകിയിട്ടുള്ളവർ ചുക്കാൻ പിടിക്കുന്നത് രാജ്യം കണ്ടു. കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങൾ അട്ടിമറിച്ച് സംസ്ഥാനത്തിന്റെ അധികാരങ്ങൾ കയ്യടക്കാൻ ശ്രമിച്ച തിനെതിരെ നാവ് ഉയർത്താൻ പ്രതിപക്ഷത്തിന് സാധിച്ചോ? അശാസ്ത്രീയമായി നടപ്പിലാക്കിയ ജി.എസ്.ടി-യിലൂടെ സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശ ങ്ങൾക്കുമേൽ കൈവച്ചിട്ടും ഭരണഘടനാപരമായി നമുക്ക് അവകാശപ്പെട്ട സാമ്പത്തിക വിഹിതംപോലും പിടിച്ചുവയ്ക്കുന്ന നിലയുണ്ടായിട്ടും ഒരക്ഷരം മിണ്ടാൻ തയ്യാറായോ? ബി.ജെ.പി. സർക്കാരിന്റെ ഭരണഘടനാവിരുദ്ധ നടപടികൾക്കെതിരെ സംസ്ഥാന

സർക്കാരിനൊപ്പം ഒന്നിച്ചുനിന്ന് പൊരുതേണ്ട സമയത്ത് പ്രതിപക്ഷം എന്താണ് ചെയ്തത്? കേരളത്തിന് അർഹമായ കേന്ദ്ര വിഹിതം കിട്ടുന്നുണ്ടെന്ന പെരുംനുണ പറഞ്ഞ് ബി.ജെ.പി-യുടെ വക്കാലത്ത് ഏറ്റെടുക്കുകയാണ് ചെയ്തത്. പ്രകൃതി ദുരന്തങ്ങളിൽ തകർന്ന കേരളത്തിന് താങ്ങായി സാലറി ചലഞ്ച് എന്ന ആശയം ജീവനക്കാർതന്നെ മുന്നോട്ടുവച്ചപ്പോൾ അതിനെ അട്ടിമറിക്കാനല്ലേ പ്രതിപക്ഷം ശ്രമിച്ചത്? കോവിഡ് പ്രതിസന്ധിയുടെ ഘട്ടത്തിൽ ശമ്പളത്തിന്റെ ഒരു ചെറിയ ഭാഗം കടമായി ആവശ്യപ്പെട്ടപ്പോൾ അതിനെതിരെ കോടതിയിൽ പോയതും സർക്കാർ ഉത്തരവ് കത്തിച്ചതും പ്രതിപക്ഷമല്ലേ? കേരളത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ അട്ടിമറിക്കാൻ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യരുതെന്നുപോലും അവർ ജനങ്ങളോട് ആഹ്വാനം ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി കോവിഡ് വ്യാപന സമരങ്ങൾ നടത്തി, പാസ്സില്ലാതെ ആളുകളെ കടത്തിവിട്ട്, മുപ്പത് ഡിഗ്രിക്കുമുകളിൽ വൈറസ് പകരില്ലെന്ന അശാസ്ത്രീയ പ്രചരണം നടത്തി കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങളെ അട്ടിമറിക്കാൻ ശ്രമമുണ്ടായി. ജനങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യക്കിറ്റും പെൻഷനും മുടക്കാൻ കോടതി കയറി. രാഷ്ട്രീയ ആരോപണങ്ങൾക്കപ്പുറം ഭരണനേതൃത്വത്തിനെതിരെ വ്യക്തിപരമായ ആക്രമണങ്ങൾവരെയുണ്ടായി. കുടുംബാംഗങ്ങളെവരെ അനാവശ്യമായി വിവാദങ്ങളിലേയ്ക്ക് വലിച്ചിഴക്കുകയും പൊതുമര്യാദയുടെ എല്ലാ സീമകളും ലംഘിക്കുകയും ചെയ്തു. നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെ അതിജീവിക്കാനുതകുന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഒരിക്കലെങ്കിലും ഇവരുടെ നാവിൽനിന്ന് ഉയർന്നോ? മറിച്ച് ദുരന്തമുഖത്തുപോലും ആശയക്കുഴപ്പമുണ്ടാക്കാനും ജനങ്ങളുടെ മനോവീര്യം കെടുത്താനുമുള്ള ശ്രമങ്ങളുണ്ടായി. ഇനിയൊരു പ്രളയവും വരൾച്ചയും സാമ്പത്തിക പ്രതിസന്ധിയുമൊക്കെ വരുമെന്നാണ് പ്രതിപക്ഷത്തെ ബഹുമാന്യനായ ഒരു സീനിയർ നേതാവ് ചാനൽ ചർച്ചയിൽ പറഞ്ഞത്. ദുരന്തങ്ങളെപ്പോലും ആഘോഷിക്കുന്ന, അവയെ തങ്ങളുടെ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ ദുഷിച്ച മനസ്സല്ലേ അവിടെ വെളിപ്പെട്ടത്; ജനാധിപത്യ മൂല്യങ്ങളെ ചവിട്ടിമെതിച്ച കോൺഗ്രസ്സിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? മലയാള മനോരമ പത്രത്തിൽ ഒരു മുഖപ്രസംഗമുണ്ട്. ഞാനത് മുഴുവൻ വായിക്കുന്നില്ല. ഒരു കാലത്ത് ഇന്ത്യയെന്ന രാജ്യത്തോളം വലിപ്പമുണ്ടായിരുന്ന പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നുതുടങ്ങി അരനൂറ്റാണ്ടിലേറെ രാജ്യം ഭരിച്ച കോൺഗ്രസ് പാർട്ടി ക്രമേണ ജനങ്ങളിൽനിന്നും ജനഹിതങ്ങളിൽനിന്നും അകന്നുപോയെന്ന് പറയേണ്ടി വരികയാണെന്നാണ് ആ പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറയുന്നത്. എന്നാൽ, ഇന്നത്തെ സ്ഥിതി എന്താണ്; ഇന്ന് മൂന്ന് സംസ്ഥാനങ്ങളിൽ മാത്രം അധികാരമുള്ള പാർട്ടിയായി ചുരുങ്ങിയില്ലേ? ഭൂരിപക്ഷത്തോടെ അധികാരത്തിൽ എത്തിച്ചാലും ബി.ജെ.പി-ലേയ്ക്ക് പാലായനം ചെയ്ത് ജനാധിപത്യത്തെ കളങ്കപ്പെടുത്തുകയാണ്

കോൺഗ്രസ്. തെരഞ്ഞെടുപ്പ് വിജയത്തിനുശേഷം കോൺഗ്രസ് എം.എൽ.എ-മാർ കൂറുമാറിയതുകൊണ്ടുമാത്രം ബി.ജെ.പി-ക്ക് നിരവധി സംസ്ഥാനങ്ങളിലാണ് അധികാരം ലഭിച്ചത്. മദ്ധ്യപ്രദേശ്, കർണ്ണാടക, അരുണാചൽ പ്രദേശ്, ഗോവ, മണിപ്പൂർ തുടങ്ങിയ എത്ര ഉദാഹരണങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. മറ്റ് സംസ്ഥാന ങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. മുൻമന്ത്രിമാരും പി.സി.സി. (പ്രദേശ് കോൺഗ്രസ് കമ്മിറ്റി) പ്രസിഡന്റുമാരുമടക്കം ബി.ജെ.പി-യിലേയ്ക്ക് കൂടണയുന്ന കാഴ്ചയാണ് കാണുന്നത്. യു.ഡി.എഫിനെ വിജയിപ്പിച്ചില്ലെങ്കിൽ ഞങ്ങളുടെ അണികൾ ബി.ജെ.പി-യിൽ ചേരുമെന്നാണ് ഇത്തവണ തെരഞ്ഞെടുപ്പ് സമയത്ത് മുതിർന്ന കോൺഗ്രസ് നേതാവ് പറഞ്ഞത്. സ്വന്തം അണികളുടെ ആത്മാഭിമാനംപോലും ചോദ്യം ചെയ്യുന്ന നിലയിലേയ്ക്ക് കോൺഗ്രസ് കൂപ്പുകുത്തിയെന്നതിന്റെ തെളിവല്ലേ ഇത്? ഇടതുപക്ഷ സർക്കാരിന്റെ അഞ്ചുവർഷക്കാലത്തെ ഭരണംകൊണ്ട് പ്രകടന പത്രിക എന്നത് വെറും പ്രചരണക്കടലാസ് മാത്രമല്ലെന്ന് ഈ നാട് തിരിച്ചറിഞ്ഞു. നടപ്പാക്കാനാകാത്ത വാഗ്ദാനങ്ങൾ എഴുതി നിറയ്ക്കുന്നതല്ല, അവ നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയാണ് യഥാർത്ഥ പ്രകടനപത്രികയെന്ന് കഴിഞ്ഞ അഞ്ച് വർഷ ക്കാലത്തെ ഭരണം തെളിയിച്ചു. പ്രകടനപത്രികയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും കൃത്യമായി പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി പിണറായി സർക്കാർ അവതരിപ്പിച്ചത് വിസ്മയത്തോടെയാണ് എല്ലാവരും നോക്കിക്കണ്ടത്. 2016-ലെ തെരഞ്ഞെടുപ്പിൽ മുന്നോട്ടുവച്ച പ്രകടനപത്രികയിലെ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചു. പ്രളയവും കോവിഡും പോലുള്ള ദുരിതങ്ങൾ സൃഷ്ടിച്ച പ്രയാസങ്ങൾ ഇല്ലായിരുന്നെങ്കിൽ 600-ൽ 600 വാഗ്ദാനങ്ങളും നാല് വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമായിരുന്നുവെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? (...... ബഹളം......) കഴിഞ്ഞ ദിവസം ആദരണീയനായ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ അർത്ഥ ശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കിയതും 2021-ലെ പ്രകടനപത്രികയിലൂടെ ഇടതുമുന്നണി മുന്നോട്ടുവച്ച വാഗ്ദാനങ്ങൾ നിറവേറ്റുമെന്നുതന്നെയാണ്. ഭക്ഷ്യക്കിറ്റും പെൻഷനും കൊടുത്ത് ഇടതുമുന്നണി സർക്കാർ വോട്ട് നേടിയെന്ന് ജനവിധിയെ അധിക്ഷേപിച്ച് യു.ഡി.എഫ്-ലെയും ബി.ജെ.പി.-യിലെയും പല നേതാക്കളും അണികളുമൊക്കെ സംസാരിക്കുന്നുണ്ട്. സാക്ഷരതയിലും സംസ്കാരത്തിലും സാമാന്യബോധത്തിലുമൊക്കെ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിലെ സമ്മതിദായകരെ അങ്ങനെ വിലകുറച്ചുകാണരുത്. പ്രതിസന്ധികളിലാണ് നമ്മൾ സുഹൃത്തുക്കളെ തിരിച്ചറിയുന്നതെന്ന് പറയാറുണ്ട്. അങ്ങനെ ശ്രീ. പിണറായി വിജയൻ എന്ന ജനനേതാവിനെ ഈ നാട് കൂടുതൽ തിരിച്ചറിയുകയായിരുന്നു. കേരള ചരിത്രത്തിൽ തന്നെ വിപ്ലവകരമായ പുരോഗതിയാണ് കഴിഞ്ഞ അഞ്ചു

വർഷക്കാലയളവിൽ നടന്നത്. അതിന് തുടർച്ച വേണമെന്ന് ഇവിടത്തെ ജനത തീരുമാനിച്ചു. അതിന്റെ തെളിവാണ് രണ്ടാം പിണറായി വിജയൻ സർക്കാർ. കഷ്ടിച്ച് കടന്നുകൂടിയതല്ല, കൂടുതൽ ഭൂരിപക്ഷത്തിൽ തിരിച്ചുവന്നതാണ് ഈ സർക്കാർ എന്നത് മറക്കരുതെന്നാണ് പ്രതിപക്ഷത്തെ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്. അടിസ്ഥാനരഹിതമായ ആരോപണങ്ങളും അപവാദങ്ങളും ഉന്നയിച്ച് അധികാരം നേടാൻ ശ്രമിച്ചവർക്കുള്ള തിരിച്ചടികൂടിയാണ് ഈ ജനവിധി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സാമൂഹ്യക്ഷേമ പെൻഷനടക്കം വർദ്ധിപ്പിക്കുമെന്ന വാഗ്ദാനങ്ങളാണ് ഇടതുമുന്നണിയെ വീണ്ടും തെരഞ്ഞെടുക്കാൻ കാരണമായതെന്ന വാദഗതിയും ചിലർ ഉന്നയിക്കുകയുണ്ടായി. വെറും വാഗ്ദാനങ്ങളല്ല ഇടതുമുന്നണിയുടേതെന്ന് മനസ്സിലാക്കിയാണ് ജനം വൻഭൂരിപക്ഷം സമ്മാനിച്ചത്. ഇടതുമുന്നണിയെക്കാൾ കൂടുതൽ വാഗ്ദാനങ്ങൾ നൽകിയ പ്രകടനപ്പത്രികയാണല്ലോ യു.ഡി.എഫ്.-ഉം എൻ.ഡി.എ.-യും മുന്നോട്ടുവച്ചത്. നാടോടിക്കാറ്റ് സിനിമയിലെ പവനായിയെപ്പോലെ ആയിരുന്നില്ലേ യു.ഡി.എഫ്. പ്രകടനപ്പത്രികയുടെ പെർഫോമൻസ്. അവസാനം സിനിമയുടെ ക്ലൈമാക്സിൽ സംഭവിക്കുന്നതുപോലെ പവനായി ശവമായി. ഞാൻ ഇത് ആക്ഷേപമായി ഉന്നയിച്ചതല്ല. ഇപ്പോൾ നൽകിവരുന്ന 1,600 രൂപ ക്ഷേമപെൻഷൻ എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നാൽ പ്രതിമാസം 2,500 രൂപയാക്കുമെന്ന് ഉറപ്പുനൽകിയപ്പോൾ യു.ഡി.എഫ്. വാഗ്ദാനം ചെയ്തത് 3,000 രൂപയാണ്. ന്യായ് പദ്ധതിയിലൂടെ 6,000 രൂപയും വാഗ്ദാനം ചെയ്തു. വാഗ്ദാനങ്ങളുടെ പെരുമഴ തന്നെയായിരുന്നു യു.ഡി.എഫ്. പ്രകടനപ്പത്രിക. വാഗ്ദാനങ്ങളിൽ വശംവദരാകുന്ന ജനതയായിരുന്നു കേരളത്തിലേതെങ്കിൽ യു.ഡി.എഫ്. അല്ലേ അധികാരത്തിൽ വരുമായിരുന്നത്? അത്രയധികം മോഹനസുന്ദര വാഗ്ദാനങ്ങളായിരുന്നു. ഭരണഘടനയെപ്പോലും അമ്പരപ്പിക്കുന്ന വാഗ്ദാനങ്ങൾവരെ അക്കൂട്ടത്തിലുണ്ടായിരുന്നു. ശബരിമലയിൽ ആചാര സംരക്ഷണത്തിനായി നിയമം കൊണ്ടുവരുമെന്നുവരെ വാഗ്ദാനം ചെയ്തു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബഹുമാന്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പ്രഖ്യാപിച്ച അതേ വാഗ്ദാനം. ശ്രീ. നരേന്ദ്ര മോദിയുടെ ആ വാഗ്ദാനത്തിന്റെ ഗതിയെന്തായെന്ന് രാജ്യം കണ്ടതാണ്. പരമോന്നത കോടതിയുടെ വിധിക്കെതിരെ ഒരു സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്താനാകുമോയെന്ന സംശയം മാത്രമല്ല ജനങ്ങളെ ഈ വാഗ്ദാനത്തിൽ വീഴ്ത്താതിരുന്നത്. അവസരത്തിനൊത്ത് ശബരിമലയെയും അയ്യപ്പ സ്വാമിയേയുമൊക്കെ ഉപയോഗിക്കുന്നവരെ കേരള ജനത തിരിച്ചറിഞ്ഞു. ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രൻ മാപ്പു പറഞ്ഞുകൊണ്ടാണ് ശബരിമല വിഷയം യു.ഡി.എഫ്. തെരഞ്ഞെടുപ്പിന്

പ്രചരണായുധമാക്കിയതെന്ന് കഴിഞ്ഞ ദിവസം പുതിയ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ഒരഭിമുഖത്തിൽ പറഞ്ഞത് ഞാൻ വായിക്കുകയുണ്ടായി. പ്രധാനപ്പെട്ട ഒരു പിശക് ആ പ്രസ്താവനയിലുണ്ടെന്ന് ഞാൻ ബഹു. പ്രതിപക്ഷ നേതാവിനോട് സൂചിപ്പിക്കുകയാണ്. മാർച്ച് അവസാനം ഞാൻ പറഞ്ഞ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണോ ഫെബ്രുവരി ആദ്യം മുതിർന്ന കോൺഗ്രസ് നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി 'ഐശ്വര്യ കേരള' യാത്രയുടെ ഉദ്ഘാടന വേളയിൽ ശബരിമല വിഷയം ഉന്നയിച്ചത്? അതെല്ലാം കഴിഞ്ഞ് തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം എൽ.ഡി.എഫ്. സ്ഥാനാർത്ഥിപ്പട്ടിക വന്ന സമയത്ത് എന്നെ വന്നു കണ്ട മാധ്യമ പ്രവർത്തകൻ ശബരിമല വിഷയം യു.ഡി.എഫ്. ഉന്നയിക്കുന്നതിനെക്കുറിച്ചും അവിടെയുണ്ടായ ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ചും ചോദിച്ചു. സുപ്രീംകോടതി വിധിയെത്തുടർന്ന് ശബരിമലയിലുണ്ടായ സംഘർഷാന്തരീക്ഷത്തിൽ എല്ലാവർക്കും ഖേദമുണ്ട്, അതായത് വിഷമമുണ്ടെന്നാണ് ഞാൻ അതിന് മറുപടി പറഞ്ഞത്. ഖേദമെന്നത് വാർത്ത വന്നപ്പോൾ മാപ്പ് പറഞ്ഞതായി വളച്ചൊടിക്കപ്പെട്ടു. ആ സമയത്ത് എന്തുകൊണ്ടാണ് ഞാൻ അത് തിരുത്താതിരുന്നതെന്ന് സ്വാഭാവികമായും ആരും ചിന്തിച്ചേയ്ക്കാം. ഞാൻ മാപ്പ് പറഞ്ഞതല്ലെന്ന് വിശദീകരിച്ചിരുന്നെങ്കിൽ 'മാപ്പ് പറയുന്നില്ലെന്ന് കടകംപള്ളി' എന്നാകുമായിരുന്നു വാർത്തവരുന്നത്. ആ കെണിയിൽ വീഴാൻ ഞാൻ പോയില്ല. ജനം ഇതെല്ലാം കണ്ടതാണല്ലോ. അവരുടെ വിധിയെഴുത്തുതന്നെയാണ് മറുപടി എന്ന നിലപാട് ഞാനെടുത്തു. കഴക്കൂട്ടവും കേരളം മൊത്തത്തിലും അതിനുകൂടിയുള്ള വിധിയെഴുത്താണ് നടത്തിയത്. ജനങ്ങളിൽമാത്രം വിശ്വാസമർപ്പിച്ച പിണറായി വിജയൻ സർക്കാരിന്റെ തുടർച്ച തന്നെയാണ് രണ്ടാം പിണറായി വിജയൻ സർക്കാരെന്ന് വ്യക്തമാക്കുന്നതാണ് ആദരണീയനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം. വികസനത്തിനും ക്ഷേമത്തിനും തന്നെയാണ് മുൻഗണന നൽകിയിരിക്കുന്നത്. ജനാധിപത്യവും മതനിരപേക്ഷതയും തന്നെയാകും അതിന്റെ മുഖമുദ്ര. സമൂഹത്തിൽ വിവേചനം പാടില്ലെന്ന മനോഹരമായ ആശയമാണ് ഈ ഗവൺമെന്റിന്റെ നയമെന്ന് ഉറക്കെ പ്രഖ്യാപിച്ചിരിക്കുകയാണ് രണ്ടാം പിണറായി സർക്കാർ. അന്താരാഷ്ട്ര തലത്തിലുള്ള പുരോഗതിയാകും ഭാവി കേരളത്തിനായി നടപ്പിലാക്കുക എന്നത് നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാണ്. ആ ഉറപ്പോടെയാണ് കേരളം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് 99-ന്റെ തിളക്കം സമ്മാനിച്ചതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ശ്രീ. കടകംപള്ളി സുരേന്ദ്രനും സംസാരിക്കാൻ കൂടുതൽ സമയമെടുത്തു.

മി. സ്പീക്കർ: സമയം കൃത്യമായി കണക്കാക്കുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്കുമാത്രം സമയത്തിന് നിയന്ത്രണമെന്ന് അങ്ങ് പറയുകയാണെങ്കിൽ അതിനെ ഞാൻ എതിർക്കുകയില്ല. അങ്ങത് പറയുന്നത് ശരിയാണോയെന്ന് സഭാംഗങ്ങൾ ആലോചിക്കണം. ഇനി ഇതിന്റെ പേരിൽ ഞാൻ സമയം കളയുന്നില്ല. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് കോവിഡിന്റെ കാര്യത്തിൽ ഗുഡ് ഗവേണൻസ് വേണമെന്ന് സൂചിപ്പിക്കുന്നുണ്ട്. ഗുഡ് ഗവേണൻസിന്റെ ഭാഗമായി 23-3-2020, 24-3-2020 എന്നീ തീയതികളിൽ ഇറക്കിയ ഉത്തരവുകളിലൂടെ ആരോഗ്യ വകുപ്പിനെ വിഭജിച്ചിരിക്കുകയാണ്. ആരോഗ്യ വകുപ്പിലെ പ്രഗത്ഭരായ ഉദ്യോഗസ്ഥരുടെയും ഡോക്ടർമാരുടെയും വിദഗ്ദ്ധരുടെയും കൂട്ടായ യോജിപ്പുണ്ടാക്കുന്നതിനുപകരം ആയുർവേദത്തെയും ഹോമിയോപ്പതിയെയും ഒഴിവാക്കി അലോപ്പതി മാത്രമാക്കി ചുരുക്കി. ഇത് കാർപെറ്റ് ബോംബ് ഇട്ടതുപോലെയല്ലേ? അങ്ങേയ്ക്ക് ഉത്തരവിനെക്കുറിച്ച് സംശയമുണ്ടെങ്കിൽ അതിന്റെ കോപ്പി ഞാൻ നൽകാം. ആരോഗ്യ വകുപ്പിൽ ശിഥിലീകരണമുണ്ടായി. ഇത് ശരിയാണോ; അങ്ങനെയാണോ ഒരു മഹാമാരിയെ നേരിടുന്നത്? എങ്കിലും അങ്ങ് ചെയ്ത നല്ല കാര്യങ്ങളെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ, ആരോഗ്യ വകുപ്പിനകത്ത് വിഭജനമുണ്ടാക്കിയെന്നുള്ളതാണ് പ്രധാന കാര്യം. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചപ്പോൾ, മൂന്ന് മാസക്കാലമായി കേരളത്തിലുണ്ടായ വിലവർദ്ധനവിനെക്കുറിച്ച് ഒരു പരാമർശമെങ്കിലും നടത്തേണ്ടതായിരുന്നില്ലേ; അമിതമായ വിലവർദ്ധനയുടെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. ചില സാധനങ്ങൾക്ക് 30% വരെ വിലവർദ്ധനവുണ്ടായിട്ടുണ്ട്. നിങ്ങൾ ഇവിടെയൊന്നുമല്ലേ ജീവിക്കുന്നത്? 1,000 രൂപയുടെ ഭക്ഷ്യക്കിറ്റ് കൊടുത്തിട്ട് 1,500 രൂപയുടെ വില വർദ്ധനവുണ്ടാക്കിയാൽ തീർന്നില്ലേ? പിന്നെന്തിനാണ് കിറ്റ് കൊടുക്കുന്നത്; അത് കിക്കല്ലേ; അപ്പോൾ പാവപ്പെട്ടവർക്ക് കിറ്റല്ല പകരം കിക്കാണ് കൊടുത്തത്. സമയമില്ലാത്തതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ആവശ്യമെങ്കിൽ ഞാൻ ആ ഡീറ്റെയിൽസ് മുഴുവൻ നൽകാം. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത ക്വാട്ട് ചെയ്ത് ശ്രീ. കടകംപള്ളി സുരേന്ദ്രൻ സംസാരിച്ചല്ലോ; അതിൽ സാഹിത്യകാരനായ ശ്രീ. സക്കറിയ എഴുതിയ ഒരു ലേഖനമുണ്ട്. അദ്ദേഹം കള്ളം പറയുമെന്ന് നിങ്ങൾ പറയില്ലല്ലോ; അദ്ദേഹം പറഞ്ഞിരിക്കുന്നത് എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം തമ്മിലുള്ള വോട്ടിംഗ് ശതമാനത്തിന്റെ വ്യത്യാസം 0.12 ശതമാനം മാത്രമാണെന്നാണ്. സി.പി.ഐ.(എം)-ഉം ഞങ്ങളും തമ്മിൽ നേർക്കുനേരെയല്ലേ മത്സരം നടക്കുന്നത്. 0.12 ശതമാനത്തിന്റെ വ്യത്യാസമേയുള്ളൂ. സി.പി.ഐ.(എം)-ന് 25.38-ഉം ഇന്ത്യൻ നാഷണൽ കോൺഗ്രസിന് 25.26 ശതമാനവുമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ള വോട്ട്. ഇതിൽ എന്ത് വ്യത്യാസമാണ്? 0.12 ശതമാനത്തിന്റെ വ്യത്യാസമാണുള്ളത്. സീറ്റിന്റെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുണ്ട്.

മി. സ്പീക്കർ: ദയവായി ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം തമ്മിൽ 58 സീറ്റിന്റെ വ്യത്യാസം വന്നിട്ടുണ്ട്. പക്ഷേ, ജനങ്ങളുടെ വിശ്വാസമുണ്ടോ ഇല്ലയോ എന്നുള്ളതല്ലേ പ്രധാനപ്പെട്ട പ്രശ്നം. ആ ജനകീയ വിശ്വാസത്തിൽ ഞങ്ങൾ തുല്യമായിത്തന്നെ നിൽക്കുകയാണ്. ഞങ്ങൾക്ക് ഒരു കുഴപ്പവുമില്ല. വോട്ടിംഗ് ശതമാനത്തിൽ വന്ന ചെറിയ കുറവ് ഞങ്ങൾ പരിഹരിക്കും. അതുകൊണ്ടാണ് ഞങ്ങളിവിടെ ഇരിക്കുന്നത്. കൂടുതലായിരുന്നെങ്കിൽ ഞങ്ങൾ അപ്പുറത്തിരിക്കുമായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിലുണ്ടായിട്ടുള്ള വോട്ടിന്റെ കണക്കുകൾ നിങ്ങളിവിടെ പറയുകയുണ്ടായി. 2001-ൽ എൽ.ഡി.എഫ്-ന് 708056 വോട്ട് കൂടുതലുണ്ട്. 2016-ലേതിനെക്കാൾ ഞങ്ങൾക്കും വോട്ട് കൂടുതലുണ്ട്. ഞങ്ങൾക്ക് 386248 വോട്ട് 2016-നെക്കാൾ കൂടുതലാണ്. നിങ്ങൾക്കും വോട്ട് കൂടി, ഞങ്ങൾക്കും കൂടി. അന്ന് കിട്ടിയ നിങ്ങളുടെ വോട്ടും ഇന്ന് കിട്ടിയ നിങ്ങളുടെ വോട്ടും തമ്മിൽ താരതമ്യപ്പെടുത്തിയാൽ അത് തമ്മിലുള്ള വ്യത്യാസം 321808 ആണ്. സീറ്റിന്റെ കാര്യത്തിൽ വ്യത്യാസമുണ്ട്. 58 സീറ്റ് നിങ്ങൾക്ക് കൂടുതൽ കിട്ടിയിട്ടുണ്ട്. മറ്റൊരു കണക്കുകൂടി എന്റെ കൈവശമുണ്ട്. ഇവിടെ നിങ്ങൾ വമ്പിച്ച വിജയമെന്ന് പറഞ്ഞുകൊണ്ടേയിരിക്കുന്നു. മൃദുഹിന്ദുത്വത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്ന എം.എൽ.എ.-മാരുടെ തലയെണ്ണി നോക്കിയാൽ ആരാണ് മൃദുഹിന്ദുത്വം കാണിച്ചതെന്നുള്ളത് എല്ലാവർക്കുമറിയാം. അതുകൊണ്ട് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന വാദഗതികൾ മാത്രമേ പറയാവൂ. ഞാൻ ചില നിയോജകമണ്ഡലങ്ങളെക്കുറിച്ച് പറയാം. നാദാപുരത്ത് 2016-ൽ എൽ.ഡി.എഫ്-ന് 3385 വോട്ടിന്റെ ഭൂരിപക്ഷമുണ്ട്. 2021-ൽ നിങ്ങൾക്ക് 10290 വോട്ട് കൂടുതൽ കിട്ടി. 2016-ലെയും 2021-ലെയും വോട്ടുകളുടെ വ്യത്യാസം നോക്കിയാൽ മാത്രം മതി. ആ വ്യത്യാസം നിങ്ങളുടെ കയ്യിൽത്തന്നെയുണ്ട്. എൻ.ഡി.എ-യ്ക്ക് 2016-ൽ 14493 വോട്ടും 2021-ൽ 10290 വോട്ടുമാണ് കിട്ടിയത്. 4000 വോട്ട് എവിടെപ്പോയി; അതിന്റെ ഉത്തരം കൃത്യമായി പറയുകയാണെങ്കിൽ, 3385 വോട്ട് നിങ്ങളുടെ പെട്ടിയിൽത്തന്നെ വീണിട്ടുണ്ട്. തവനൂരിൽ എൽ.ഡി. എഫിന്റെ ലീഡ് 2256 ആണ്. എൻ.ഡി.എ-യ്ക്ക് ഏറെക്കുറെ അത്ര വോട്ട് കുറഞ്ഞിട്ടുണ്ട്. 2016-ൽ എൻ.ഡി.എ-യ്ക്ക് അവിടെ 15801 വോട്ട് കിട്ടിയതാണ്. 2021-ൽ 9114 വോട്ടാണ് കിട്ടിയത്. അപ്പോൾ ബാക്കി വോട്ട് എവിടെപ്പോയി? അത് ഭൂരിപക്ഷമായി നിങ്ങൾക്ക് കൂടിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം വേദിയിലിരിക്കുന്നതുകൊണ്ടും അങ്ങയോടുള്ള ബഹുമാനംകൊണ്ടും തൃത്താലയിലെ കണക്ക് ഞാൻ പറയുന്നില്ല. കണക്ക് എന്റെ കൈവശമുണ്ട്. കാരണം അങ്ങേയ്ക്ക് അവിടെയിരുന്ന് മറുപടി പറയാൻ കഴിയില്ലെന്ന് എനിക്കറിയാം. കുട്ടനാട് നിയോജകമണ്ഡലത്തിൽ എൻ.ഡി.എ-യ്ക്ക് 2016-ൽ 33044 വോട്ടും 2001-ൽ 14946 വോട്ടുമാണ് കിട്ടിയത്. നിങ്ങൾക്കുള്ള ഭൂരിപക്ഷം 5516 വോട്ടിന്റേതാണ്. മൊത്തം വായിച്ചുനോക്കു.

ആരാണ് ബി.ജെ.പി.യുമായി ഐക്യത്തിലുണ്ടായിരുന്നത്? പരിശോധിച്ചശേഷം പറഞ്ഞാൽ മതിയാകും. അടൂർ നിയോജകമണ്ഡലത്തിൽ 2016-ൽ 25940 വോട്ട് എൻ.ഡി.എ-യ്ക്ക് കിട്ടിയിരുന്നു. എന്നാൽ 2021-ൽ അത് 20105 വോട്ടായി കുറഞ്ഞു. എൽ.ഡി.എഫിന്റെ ഭൂരിപക്ഷം 2962 വോട്ടാണ്. ഓരോ നിയോജകമണ്ഡലവും എടുത്തുനോക്കിയാൽ മനസ്സിലാകും. അരുവിക്കരയിൽ 2016-ൽ എൻ.ഡി.എ-യ്ക്ക് 20000-ൽപരം വോട്ട് ലഭിച്ചതാണ്. 2021-ൽ അത് 15000 വോട്ടായി കുറഞ്ഞു. ആ 5000 വോട്ട് എവിടെപ്പോയി? അത് എൽ.ഡി.എഫിന് ഭൂരിപക്ഷമായി ലഭിച്ചു. നിങ്ങൾ പിന്നെ എന്തിനാണ് ഞങ്ങളെ ആക്ഷേപിക്കുന്നത്? ഇനിയും കണക്കുകൾ എന്റെ കൈവശമുണ്ട്. അതൊന്നും ഞാനിവിടെ പറയുന്നില്ല. അഞ്ചൂർ നിയോജക മണ്ഡലത്തിൽ എൽ.ഡി.എഫിന്റെ ഭൂരിപക്ഷം 6802 വോട്ടാണ്. 2016-ലും 2021-ലും എൻ.ഡി.എ-യ്ക്ക് കിട്ടിയ വോട്ടുകളുടെ കുറവ് ആലോചിച്ചാൽ അത് കൃത്യമായി മനസ്സിലാകും. നിങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചൊന്നും ആരോടും പറയേണ്ട കാര്യമില്ല. സംസാരിക്കുന്ന കണക്കുകളാണിത്. ഇതിന് മറുപടി എന്താണ്; ഒന്നുമില്ല. പിന്നെ ഒച്ചപ്പാടുണ്ടാക്കുക, ഡസ്കിൽ അടിക്കുക എന്നുവേണ്ട കുമ്പോടം തുള്ളുകയും കുമ്മിയടി നടത്തുകയും ചെയ്ത് നിയമസഭയിൽ വേണമെങ്കിൽ ബഹളം കാണിക്കാം. പക്ഷേ, സംസാരിക്കുന്ന ഈ കണക്കുകൾക്ക് മറുപടി പറയാൻ നിങ്ങൾക്ക് കഴിയുമോ? ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഇവിടെ നടന്നിട്ടുള്ളത് കള്ളക്കളിയാണ്. 2.8 ശതമാനത്തിന്റെ വ്യത്യാസത്തിലാണ് ഞങ്ങൾ നിൽക്കുന്നത്. ഞങ്ങൾ തോറ്റു എന്നത് സമ്മതിച്ചു. തോൽവിയിൽനിന്ന് പാഠം പഠിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോകും. ഒരു കാര്യംകൂടി പറയാം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും യു.ഡി.എഫ്-ഉം ഇല്ലാതെ കേരളം സമൃദ്ധമായി മുന്നോട്ടുപോകില്ല എന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ഞങ്ങൾ അതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്. കോൺഗ്രസ് പണ്ടുമുതലേ ഭരിച്ചുവെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. ഞങ്ങൾ ഭരിച്ചതിന്റെ ഗുണമാണ് ഇന്ന് ആരോഗ്യരംഗത്ത് ഉണ്ടായിരിക്കുന്ന മാറ്റം.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ആ ഗുണഫലംവച്ചുകൊണ്ടാണ് ഇതിനെയൊക്കെ ഞങ്ങൾ നേരിടുന്നത്. അതുകൊണ്ട് പഴയതിനെയൊക്കെ തള്ളിപ്പറയുന്ന സ്വഭാവം ദയവായി നിർത്തണം. ഞാനിന്ന് ഭരണകക്ഷിയെ വിമർശിക്കാനുദ്ദേശിച്ചിരുന്നില്ല. പക്ഷേ, ഇപ്പോൾ കത്തിയും കഠാരയും കമ്പിയും കുന്തവുമായി ഞങ്ങളെ നേരിടാൻ വന്നതുകൊണ്ട് ഒരു മറുപടി പറയാതെ പോയാൽ ഞങ്ങൾ ഭീരുക്കളാണെന്ന് ലോകം വിലയിരുത്തും. അതു വേണ്ട; കണക്ക് നിങ്ങൾ കണ്ടാൽ മതി. അതാണ് ഈ കേരളത്തിലെ സ്ഥിതി. അതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ്. മന്ത്രിസഭയുടെ നയങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ആദരണീയനായ കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി]

ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വീണ്ടും തെരഞ്ഞെടുത്തിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം സർക്കാർ ജനങ്ങൾക്കൊപ്പം നിന്നതുകൊണ്ട് എൽ.ഡി.എഫിനെ വീണ്ടും അധികാരത്തിലേറ്റണമെന്ന് ജനങ്ങൾ തീരുമാനിച്ചു. ജനങ്ങളുടെ നിർബന്ധപൂർവ്വമായ നടപടിയുടെ ഭാഗമായാണ് ഈ ഗവൺമെന്റ് പുതിയ ജനവിധിയിലൂടെ അധികാരത്തിലേറിയിരിക്കുന്നത് എന്നതാണ് അന്തഃസത്ത. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എല്ലാ കണക്കുകളും ഉദ്ധരിച്ചുകൊണ്ട് സംസാരിച്ചപ്പോൾ എനിക്ക് തോന്നിയത് അവസാനം യു.ഡി.എഫ്. ജയിച്ചുവെന്ന് അദ്ദേഹം പറയുമോ എന്നായിരുന്നു. പക്ഷേ, അങ്ങനെ അദ്ദേഹം പറഞ്ഞില്ല. ഞങ്ങൾ തോറ്റു, നിങ്ങൾ ജയിച്ചു എന്നത് അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. കണക്കുകളിലൂടെ ജയിക്കാനുള്ള, കണക്കുകളുടെ കസർത്താണ് അദ്ദേഹം ഇവിടെ നടത്തിയതെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ സർക്കാരിന്റെ നയങ്ങൾക്കുള്ള അംഗീകാരമായാണ് ഈ തെരഞ്ഞെടുപ്പ് വിജയത്തെ കാണാൻ കഴിയുന്നത്. ഈ നയം കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള എല്ലാ ഗവൺമെന്റുകളുടെയും നയവും പഴയതിന്റെ തുടർച്ചയുമാണ്. ഇതിൽ പുതുമയൊന്നുമില്ല എന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ ഞങ്ങൾക്ക് ഒരു കാര്യമേ പറയാനുള്ളൂ, ഇത് അത്തരമൊരു നയത്തിന്റെ തുടർച്ച തന്നെയാണ്.

11.00 AM]

ഐക്യകേരളത്തിന്റെ പിറവിക്കുശേഷം ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് 1957-ലെ തെരഞ്ഞെടുപ്പ് നടന്നതും ആ തെരഞ്ഞെടുപ്പിൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരമേറ്റതും ഭരണം നടത്തിയതുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അന്ന് തുടക്കം കുറിച്ച ഭൂപരിഷ്കരണ നിയമത്തിന്റെയും വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ എന്നീ രംഗങ്ങളിലെ നിയമങ്ങളുടെയും തുടർച്ചയാണ് ഇവിടെയിപ്പോഴും നടന്നു കൊണ്ടിരിക്കുന്നത്. ആ നയം അടിസ്ഥാനശിലയായി സ്വീകരിച്ചുകൊണ്ടുതന്നെയാണ് അതിനുശേഷമുണ്ടായിട്ടുള്ള എല്ലാ മുന്നേറ്റവും ഉണ്ടായിട്ടുള്ളതെന്നാണ് ഈ സന്ദർഭത്തിൽ

സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ഈ സർക്കാരും അതിന്റെ നയങ്ങളും അതിശക്തമായ പ്രത്യയശാസ്ത്ര അടിത്തറയുടെ തിളക്കമേറിയ പിന്തുടർച്ചയായാണ് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നത്. പഴയതിന്റെ തുടർച്ചതന്നെയാണിത്. കോൺഗ്രസ് സുഹൃത്തുക്കൾക്ക് ഇക്കാര്യം അറിയാത്തതല്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പേര് പറഞ്ഞപ്പോൾ പ്രതിപക്ഷത്തുണ്ടായ വർത്തമാനങ്ങൾ കേട്ടപ്പോഴാണെനിക്ക് അത്ഭുതം തോന്നിയത്. അവർ ഇപ്പോഴിതെല്ലാം കൈവിട്ട് നടക്കുന്ന സാഹചര്യമാണ്. നവഭാരതത്തിന്റെ രാജശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1931-ലെ കറാച്ചി സമ്മേളനത്തിൽ കൊണ്ടുവന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ ഇടതുപക്ഷ പാർട്ടികൾ ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയങ്ങൾ പലതും ഉണ്ടായിരുന്നുവെന്നതും ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് അതിൽ പരാമർശിച്ചിരുന്നുവെന്നതുമെല്ലാം ഇവർക്കെല്ലാമറിയാവുന്ന കാര്യമാണ്. എ.ഐ.സി.സി.-യുടെ പ്രമേയത്തിൽ ഈ ആശയങ്ങളോട് ചേർന്നുനിൽക്കുന്ന പ്രഖ്യാപനങ്ങൾ ഉണ്ടാകുകയും ദേശീയ സമ്മേളനം അത് അംഗീകരിക്കുകയും ചെയ്തിരുന്നതാണ്. നിർഭാഗ്യവശാൽ കോൺഗ്രസ് നേതൃത്വം നൽകിയ പ്രാദേശിക സർക്കാരുകളും റിപബ്ലിക് രൂപീകരണത്തിന് ശേഷമുണ്ടായ സംസ്ഥാന സർക്കാരുകളും ആ നയം നടപ്പാക്കാൻ തയ്യാറായില്ലായെന്നത് മാത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ഈ വാഗ്ദാനങ്ങൾ കാര്യമായി പരിഗണിച്ചില്ലായെന്നതുകൊണ്ട് തന്നെയാണ് അവർ ഇന്നത്തെ അവസ്ഥയിൽ എത്തിനിൽക്കുന്നതെന്ന യാഥാർത്ഥ്യംകൂടി ഉൾക്കൊള്ളേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ജനകീയ-ദേശീയ ആവശ്യങ്ങളെ സാക്ഷാത്കരിച്ച് മുന്നോട്ടുപോകുക എന്നതായിരുന്നു ആ ഗവൺമെന്റ് ചെയ്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതേ വികാരമാണ് ഭരണഘടനയുടെ രചനാവേദികളിൽ ഡോ. ബി. ആർ. അംബേദ്കറും ജവഹർലാൽ നെഹ്റുവും ഉയർത്തിപ്പിടിച്ചത്. സാമൂഹികമായും സാമ്പത്തികമായും സാധാരണ പൗരന്മാരെ ഉദ്ധരിച്ചാൽ മാത്രമേ നാം നേടിയെടുത്ത രാഷ്ട്രീയ സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാകുകയുള്ളൂവെന്ന ഭരണഘടനാ ശില്പികളുടെ ആഗ്രഹവും നിർദ്ദേശവുമാണ് കേരളത്തിൽ ഇടതുപക്ഷം നേതൃത്വം നൽകുന്ന ഗവൺമെന്റുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നത്. ഇക്കാര്യങ്ങളിലേയ്ക്ക് ശ്രദ്ധതിരിച്ചാൽ യു.ഡി.എഫിന്റെ പരാജയത്തിന്റെ കാരണമെന്തായിരുന്നുവെന്ന് അവർക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യം വ്യക്തമായി പരിശോധനാ വിധേയമാക്കേണ്ടതാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സർക്കാർ ഏറ്റെടുത്തുനടത്തിയ പ്രവർത്തനങ്ങൾ, നേരിട്ട പ്രതിസന്ധികൾ, ഒന്നിനുപുറകെ ഒന്നായി വന്ന അഞ്ച്

ദുരന്തങ്ങൾ എല്ലാം കേരളീയ സമൂഹവും രാജ്യവും കണ്ടിട്ടുള്ളതാണ്. ഈ ദുരന്തങ്ങളുടെ ഓരോ ഘട്ടത്തിലും പ്രതിപക്ഷവും അതിന് നേതൃത്വം നൽകുന്ന കോൺഗ്രസും കേരളത്തിൽ സ്വീകരിച്ച നിലപാടെന്തായിരുന്നു? ഒരു ഗവൺമെന്റ് ദുർഘടഘട്ടത്തെ നേരിടുമ്പോഴൊക്കെ ക്രിയാത്മകമായ പ്രതിപക്ഷമായി പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്ന കക്ഷികളും സമൂഹത്തിന്റെ പൊതുതാത്പര്യത്തിനുവേണ്ടി ഒന്നിച്ചു നിൽക്കേണ്ടവരും സ്വീകരിക്കേണ്ട നിലപാടായിരുന്നോ കഴിഞ്ഞ അഞ്ച് ദുരന്തങ്ങളുടെ കാലഘട്ടത്തിൽ കേരളത്തിൽ യു.ഡി.എഫ്., പ്രത്യേകിച്ച് കോൺഗ്രസ് സ്വീകരിച്ച് പോന്നിരുന്നതെന്ന് അവർ പരിശോധനാവിധേയമാക്കേണ്ടതുണ്ട്. എങ്ങനെയയാണ് ഈ സർക്കാരിനെ ദുർബലപ്പെടുത്താൻ കഴിയുക; ഏതെല്ലാം തരത്തിലിതിനെ പുറകോട്ട് വലിക്കാമെന്ന ലക്ഷ്യത്തോടുകൂടിയ ശ്രമങ്ങളാണ് അവർ നടത്തിക്കൊണ്ടിരുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ പൊറുത്തില്ലായെന്നതാണ് ഈ തെരഞ്ഞെടുപ്പിലെ ജനവിധിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി നമ്മൾ കാണേണ്ടത്. അതിനുള്ള ശിക്ഷ ജനങ്ങൾ അവർക്ക് വിധിക്കുകയും ചെയ്തു. ഇടതുപക്ഷത്തെ വിജയിപ്പിക്കുക മാത്രമല്ല കൂടുതൽ ഭൂരിപക്ഷം നൽകാനും കൂടുതൽ അംഗങ്ങളെ തെരഞ്ഞെടുത്ത് എൽ.ഡി.എഫ്. ഗവൺമെന്റിന് കൂടുതൽ ശക്തിപകരാനുമുള്ള നടപടിയും ഇതിന്റെ ഭാഗമായി ഈ തെരഞ്ഞെടുപ്പിലുണ്ടായി. നിങ്ങളിപ്പോഴെങ്കിലും ഇക്കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിക്കുമെന്ന് കരുതുകയാണ്.

നയപ്രഖ്യാപനം പഴയതിന്റെ ആവർത്തനമാണെന്നും ഇതിൽ പലതിലും നയമേയില്ല എന്നുമുള്ള നിങ്ങളുടെ നിലപാട് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യപ്പെടുകയില്ല. ഭരണമൊരു തുടർച്ചയാണ്, മാത്രമല്ല കഴിഞ്ഞ അഞ്ച് വർഷക്കാലം പ്രതിസന്ധികളിൽ പതറാതെ തുടക്കം കുറിച്ച ഒട്ടേറെ പദ്ധതികളുടെ പൂർത്തീകരണമാണ് ഈ ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. അതോടൊപ്പം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞുകൊണ്ടുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുകയെന്ന ഉത്തരവാദിത്വവും ഈ ഗവൺമെന്റിനുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇത് കേവലം ആവർത്തനമല്ല. സൂര്യശോഭയാർന്നതും ചരിത്രത്തെ മാറ്റിമറിച്ചതും സുധീരവും മൗലികവുമായ ഭരണരാഷ്ട്രീയ നയങ്ങളുടെ നൈരന്തര്യമാണെന്നതാണ് ഇവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. ഈ നയപ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നത് അതാണ്. ഇടതുപക്ഷ നയങ്ങളുടെ കാതൽ ജനപക്ഷ മുൻഗണനകളാണ്. ഇടത് സർക്കാരുകളുടെ വികസന കാഴ്ചപ്പാടിന്റെ കേന്ദ്രബിന്ദു സാധാരണക്കാരായ മനുഷ്യരാണ്. 1957 മുതലുള്ള ഇടത് സർക്കാരുകൾ തുടർന്നുപോരുന്ന നയം ആവർത്തിച്ച് സൂചിപ്പിക്കാനാഗ്രഹിക്കുന്നു. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, അടിസ്ഥാനപരമായി ഭൂമിയുമായി ബന്ധപ്പെട്ട് മനുഷ്യനുള്ള ബന്ധത്തെ സുദൃഢമാക്കി മാറ്റുന്നതിനുള്ള നടപടി തുടങ്ങിയവയാണ് ഈ

കാലഘട്ടത്തിൽ നിർവ്വഹിച്ചുപോന്നിട്ടുള്ളത്. ഈ കാഴ്ചപ്പാടോടെ നടത്തിയ മൂലധന നിക്ഷേപത്തിന്റെ പലിശയാണ് ഈ മഹാമാരിക്കാലത്ത് ആനുകൂല്യങ്ങളായും കൈത്താങ്ങായും നാട്ടിലും നഗരത്തിലും സാധാരണക്കാരായ മനുഷ്യരിലേയ്ക്കെത്തിയത്. ആറ് പതിറ്റാണ്ടുകൊണ്ട് കേരളത്തിലെ പുരോഗമന രാഷ്ട്രീയം പടുത്തുയർത്തിയ പ്രതിരോധത്തിന്റെ കോട്ടകളാണ് ദുരന്തകാലത്തും പകർച്ചവ്യാധിക്കാലത്തും നമുക്ക് പോരാടാനുള്ള കരുത്ത് നൽകിയത്. അഞ്ച് ദുരന്തങ്ങളെ നേരിട്ട കേരളത്തിന്റെ തനത് കരുത്തിനെയും പുരോഗമനചിന്തയെയും യുവതയുടെ ശേഷിയെയും ഏകോപിപ്പിച്ചുകൊണ്ട് എല്ലാ ദുരന്തങ്ങളെയും നമുക്ക് നേരിടാൻ കഴിഞ്ഞു. ഇതിനെയെല്ലാം അതിജീവിക്കാനും കേരള പുനർനിർമ്മിതിക്കുമെല്ലാം കഴിഞ്ഞ സർക്കാരിന് സാധ്യമായെന്നത് എല്ലാവർക്കുമറിയാം. അസൂയാവഹമാംവിധമെന്ന് വിശേഷിപ്പിക്കത്തക്ക വിധത്തിലുള്ള സർക്കാരിനെ തളയ്ക്കാൻ പ്രതിപക്ഷം കെട്ടി ഉയർത്തിയ എല്ലാ കോട്ടകളും തകർന്ന് തരിപ്പണമായി. തെരഞ്ഞെടുപ്പിൽ നിങ്ങൾ കെട്ടിയ മനക്കോട്ടകളും ജനങ്ങൾ തകർത്തെറിഞ്ഞു. മഹാമാരിയടക്കമുള്ള ദുരന്തങ്ങൾ കേരളം നേരിട്ടപ്പോൾ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ഏറ്റവും സാധാരണക്കാരായ ജനങ്ങൾ, തൊഴിലാളികളും വീട്ടമ്മമാരും കുട്ടികളും വരെ തങ്ങളാൽ സാധിക്കുന്നതെല്ലാം ചെയ്തുകൊണ്ട് സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഹൃദയംനിറഞ്ഞ പിന്തുണ നൽകുകയാണുണ്ടായത്. നിങ്ങളുടെ നിലപാട് മറിച്ചായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ബി.ജെ.പി. ഉൾപ്പെടെയുള്ള പ്രതിപക്ഷം ഇതിനോടൊപ്പം മുഖം തിരിച്ചുനിന്നു. ഇപ്പോൾ എന്താണ് സ്ഥിതി? അന്ന് ഒരു അംഗത്തെ ഈ സഭയിലെത്തിക്കാൻ ബി.ജെ.പി.ക്ക് കഴിഞ്ഞിരുന്നുവെങ്കിൽ, കേരളത്തിലെ ഗവൺമെന്റിനോട് സ്വീകരിച്ച നിലപാടിന്റെ ഫലമായി ഇനിയവർ നിയമസഭയ്ക്കകത്ത് കയറേണ്ടതില്ലായെന്നുകൂടി കേരളത്തിലെ ജനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ തീരുമാനിച്ചു. അതിന്റെ ഫലമാണ് തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞത്. പ്രതിസന്ധിഘട്ടത്തിൽ കേരളത്തെ മുന്നോട്ടുനയിച്ച എൽ.ഡി.എഫ്. ഗവൺമെന്റിനെ കടന്നാക്രമിക്കുകയും നിലപാടുകളോട് മുഖംതിരിച്ചു നിൽക്കുകയും ചെയ്തവരെയൊക്കെ ശിക്ഷിക്കുന്ന നിലപാടാണ് ഈ തെരഞ്ഞെടുപ്പിലൂടെ കേരളത്തിലെ ജനങ്ങൾ ചെയ്തത്. കോവിഡ് മഹാമാരിയുടെ ആക്രമണം ഇനിയും അവസാനിച്ചിട്ടില്ല. പൊറുതിമുട്ടി കഴിയുന്ന ജനങ്ങൾക്ക് സാധ്യമായ സഹായങ്ങളെല്ലാം ചെയ്യുന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വാക്സിൻ ലഭ്യമാക്കുന്നതുൾപ്പെടെ കേന്ദ്ര സർക്കാരിന്റെ പ്രതിലോമകരമായ നിലപാടിൽ സർക്കാർ നിലപാട് വ്യക്തമാക്കിക്കൊണ്ടും സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് എല്ലാവർക്കും വാക്സിൻ നൽകുന്നതിനായി ആയിരം കോടി രൂപ മുടക്കി ജനരക്ഷാ നിലപാട് സ്വീകരിക്കുകയും ചെയ്യുമെന്ന് ഈ നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിലും ചെറുതും വലുതുമായ സഹായവാഗ്ദാനങ്ങളുമായി സി.എം.ഡി.ആർ.

എഫിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്ന സഹായങ്ങൾ തെളിയിക്കുന്നത് ജനങ്ങളുടെ അളവറ്റ പിന്തുണ ഈ സർക്കാരിനുണ്ടെന്നാണ്. വാഗ്ദാനങ്ങളിൽ ഉറച്ചുനിന്നു കൊണ്ട് വരാനിരിക്കുന്ന വർഷങ്ങളിൽ കേരളത്തിന്റെ കുതിപ്പിനാവശ്യമായ കാര്യങ്ങളെല്ലാം ചെയ്യുമെന്ന ഈ നയപ്രഖ്യാപനത്തിന്റെ ഉള്ളടക്കം പൂർണ്ണമായ അർത്ഥത്തിൽ കേരളത്തിലെ ജനങ്ങൾ ഉൾക്കൊള്ളുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം സത്യത്തിൽ ഒരു പുതുമയും ഇല്ലാത്തതാണ്. കേരളീയ ജനതയ്ക്ക് പ്രതീക്ഷ നൽകുന്നതോ, ഒരു പുതിയ നയ സമീപനം മുന്നോട്ടുവയ്ക്കുന്നതോ ആയ നിർദ്ദേശങ്ങളൊന്നും ഇതിലില്ലെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അഞ്ച് വർഷംകൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഇനിവരാൻ പോകുന്ന അഞ്ചുവർഷംകൊണ്ട് ചെയ്യുമെന്നാണ് ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. ഇന്നത്തെ പ്രസംഗത്തിന് തുടക്കം കുറിച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചറും പറഞ്ഞത് നാല് മിഷനുകൾ കൊണ്ട് കേരളമാകെ മാറിയെന്നാണ്. ഞങ്ങളാരും ഒരു മാറ്റവും കണ്ടിട്ടില്ല. ഇക്കഴിഞ്ഞ അഞ്ച് കൊല്ലവും നാല് മിഷനുകളുടെ കാര്യം പറഞ്ഞിട്ടാണ് എല്ലാ നയപ്രഖ്യാപനങ്ങളും അവതരിപ്പിച്ചത്. ആ മിഷനുകൾകൊണ്ട് എന്ത് മാറ്റമാണുണ്ടായത്? കേരളമിന്നോളം ഭരിച്ച സർക്കാരുകളെല്ലാംകൂടി ഉണ്ടാക്കിയ കടം നിങ്ങൾ അഞ്ച് കൊല്ലത്തെ ഭരണം കൊണ്ടുണ്ടാക്കി എന്നത് മാത്രമാണ് നമുക്കുണ്ടായിട്ടുള്ള നേട്ടം. പുതിയ ജനവിധിയെത്തുടർന്ന് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ അതിനനുസരിച്ചുള്ള പ്രഖ്യാപനങ്ങൾ ഞങ്ങൾ പ്രതീക്ഷിച്ചു. എന്നാൽ കേവലം വഴിപാട് മാത്രമായിപ്പോയി ബഹുമാനപ്പെട്ട ഗവർണറുടെ പ്രഖ്യാപനമെന്ന് പറയേണ്ടി വന്നിരിക്കുകയാണ്. ഭരണത്തുടർച്ച ലഭിച്ചതിന്റെ ഒരു സന്തോഷമാണ് നിങ്ങൾക്ക്, സന്തോഷിക്കാൻ വകയുമുണ്ട്. നിങ്ങൾ പ്രചരിപ്പിച്ചു, അതനുസരിച്ച് നിങ്ങൾക്ക് വോട്ട് കിട്ടി. ജനവിധി ഞാൻ സമ്മതിക്കുന്നു. പക്ഷേ, നിങ്ങൾ അധികാരത്തിൽ വരണമെന്ന് ആഗ്രഹിച്ചത് നിങ്ങൾ മാത്രമല്ല. അവിടെയാണ് പ്രശ്നം. നമ്മുടെ നാട്ടിലെ സംഘ്പരിവാറിന്റെയും ആർ.എസ്.എസ്-ന്റെയും സ്വപ്നം ശ്രീ. പിണറായി വിജയന് ഒരു തുടർഭരണമുണ്ടാകണമെന്നായിരുന്നു. ഇത് ഞങ്ങൾ ഇപ്പോൾ പറയുന്നതല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് 140 മണ്ഡലങ്ങളിലും ബി.ജെ.പി. നടത്തിയ പഠന ശിബിരത്തിൽ പറഞ്ഞത് നമ്മുടെ രാഷ്ട്രീയ വളർച്ചയ്ക്ക് ഇപ്പോൾ കേരളത്തിൽ സി.പി.ഐ.(എം.)-ന്റെ ഭരണത്തുടർച്ച വേണമെന്നാണ്. അതാണ് ഞാൻ പറഞ്ഞത് നിങ്ങൾ ആഗ്രഹിച്ചത് നിങ്ങൾ നേടിയെന്ന്. പക്ഷേ, ആർ.എസ്.എസ്. സ്വപ്നം കണ്ടത് നിങ്ങൾതന്നെ തുടർന്ന് ഭരിക്കണമെന്നാണ്; എന്താണ് അതിന് കാരണം? ആർ.എസ്.എസ്-ന്റെ

പ്രഖ്യാപിതലക്ഷ്യം കോൺഗ്രസ് മുക്തഭാരതമാണ്. അതിന് കോൺഗ്രസ്സിനെ ഇല്ലാതാക്കണം. അപ്പോൾ കോൺഗ്രസ്സിന്റെ ഒരു ഭരണം കേരളത്തിൽ വരാതിരിക്കണം. കോൺഗ്രസ് ഇന്ത്യയിൽ ഭരിക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം കുറയണം, അതിനായി ആർ.എസ്.എസ്. സ്വപ്നം കണ്ടു. ഇതിന്റെ ആനുകൂല്യം എന്നും ലഭിക്കുമെന്ന് നിങ്ങൾ വിചാരിക്കേണ്ട. ഇപ്പോൾ അവർ കാണുന്നത് കോൺഗ്രസ്സിനെയാണ്, പിന്നീട് നിങ്ങളെയായിരിക്കും. പശ്ചിമ ബംഗാളിലും അങ്ങനെയായിരുന്നു. ആദ്യം നിങ്ങളെയും പിന്നീട് ശ്രീമതി മമതാ ബാനർജിയെയും ലക്ഷ്യംവച്ചു. ഓരോ സ്ഥലത്തും അങ്ങനെയാണ്. ആർ.എസ്.എസിന് ദീർഘവീക്ഷണമുണ്ട്, വലിയ കാഴ്ചപ്പാടോടുകൂടി ഇന്ത്യയെ വിഴുങ്ങാൻ നിൽക്കുന്ന വലിയൊരു ഫാസിസ്റ്റ് ഭൂതമാണത്. അതിന്റെ മെച്ചവും ഗുണഫലവും ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ലഭിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ 60 നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി-യുടെ വോട്ട് കാണുന്നില്ല. അതിൽ പത്ത് നിയോജകമണ്ഡലങ്ങളിൽ പതിനായിരം വോട്ടിന്റെ കുറവാണുള്ളത്. അങ്ങനെപോയാൽ മൊത്തത്തിൽ 3.5 ശതമാനം അതായത് 4.5 ലക്ഷത്തോളം വോട്ട് കാണുന്നില്ല. ഇങ്ങനെ ബി.ജെ.പി-ക്ക് കുറഞ്ഞ വോട്ടെല്ലാം ഇടതുപക്ഷത്തിനാണ് ലഭിച്ചിട്ടുള്ളത്. അതിന്റെ ഗുണഫലം നിങ്ങൾക്കുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് അങ്ങനെയുള്ള ഒരു സ്വപ്നത്തിന്റെകൂടി സാക്ഷാത്കാരമാണ്. അത് നിങ്ങൾ മാത്രം കണ്ട സ്വപ്നമല്ല. ഈ ആനുകൂല്യം മുഴുവൻ പറ്റിയിട്ട് നിങ്ങൾ പറയുന്നത്, ബി.ജെ.പി.-ക്കുണ്ടായിരുന്ന അക്കൗണ്ട് ഞങ്ങൾ പൂട്ടിച്ചു എന്നാണ്. ബി.ജെ.പി.-യുടെ അക്കൗണ്ട് നിങ്ങളല്ല പൂട്ടിച്ചത്, ഞങ്ങളാണ്. മഞ്ചേശ്വരത്ത് ശ്രീ. കെ. സുരേന്ദ്രനെ പൂട്ടിയത് ഇവിടെയി രിക്കുന്ന ഞങ്ങളുടെ പ്രതിനിധി ശ്രീ. എ. കെ. എം. അഷ്റഫാണ്. പിന്നീട് ഒരു അക്കൗണ്ട് തുറക്കാവുന്ന സ്ഥലം കാസർഗോഡ് ആയിരുന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്നാണ് അവിടെ പൂട്ടിച്ചത്. ഒരു മെട്രോമാൻ എം.എൽ.എ. ഓഫീസ് തുറന്നു. തുറന്ന എം.എൽ.എ. ഓഫീസ് പൂട്ടിച്ച ഞങ്ങളുടെ യുവസാരഥിയാണ് ശ്രീ. ഷാഫി പറമ്പിൽ. വേറൊരു സൂപ്പർസ്റ്റാർ വന്ന് തൃശ്ശൂർ 'അങ്ങ് എടുക്കാൻ' പോയി. തൃശ്ശൂരിൽ നിങ്ങൾ ജയിച്ചെങ്കിലും ആ പരാജയമുണ്ടാക്കിയത് ശ്രീമതി പത്മജ വേണുഗോപാലിന്റെ മത്സരമാണ്. എല്ലാവരും പറഞ്ഞത് ശ്രീമതി പത്മജ വേണുഗോപാൽ ജയിക്കുമെന്നാണ്. പരമാവധി വോട്ടുകൾ പിടിച്ചു. നിങ്ങൾ അവിടെയിരുന്ന് ബഹളം വയ്ക്കുന്നുണ്ടല്ലോ; നേമത്ത് അക്കൗണ്ട് പൂട്ടിച്ചത് ആരാണ്? നേമത്ത് അക്കൗണ്ട് പൂട്ടിച്ചത് ശ്രീ. കെ. മുരളീധരന്റെ മത്സരമാണ്. ശ്രീ. കെ. മുരളീധരൻ ശക്തമായി മത്സരിച്ച് 35,000-ഓളം വോട്ട് നേടിയതുകൊണ്ടാണ് ശ്രീ. വി. ശിവൻകുട്ടിക്ക് ഈ സഭയിൽ കടക്കാൻ കഴിഞ്ഞത്. അതിന് നിങ്ങൾ ഞങ്ങളോട് പ്രത്യേകം നന്ദി പറയണം. അപ്പോൾ ബി.ജെ.പി-യുടെ അക്കൗണ്ട് പൂട്ടിച്ചത് ഞങ്ങളാണ്. ശ്രീ. പിണറായി വിജയന് തുടർഭരണം, ഞങ്ങൾക്ക് പത്ത്

സീറ്റ്, നിങ്ങൾ തമ്മിലുള്ള അന്തർധാര അതായിരുന്നില്ലേ? ഈ കളമൊരുക്കാൻ ഇടതുപക്ഷം പരിശ്രമിച്ചിട്ടില്ലേ? ഈ കളമൊരുക്കാൻ നിങ്ങളും പരിശ്രമിച്ചിട്ടുണ്ട്. എന്തായിരുന്നു തെരഞ്ഞെടുപ്പിന് മൂന്നുമാസം മുമ്പുണ്ടായിരുന്ന പ്രസ്താവന? കേരളത്തിലെ മുസ്ലീം സമൂഹത്തെ ഒറ്റപ്പെടുത്തി ഇസ്ലാമോഫോബിയ പരത്തി, ഇവിടെ യു.ഡി.എഫ്. വന്നാൽ ശ്രീ. എം. എം. ഹസ്സനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും കൂടി കേരളം ഭരിക്കും, ഇതുപോലെയുള്ള ശ്രീ. എ. വിജയരാഘവന്റെ പ്രസ്താവനകൾ എന്തിനു വേണ്ടിയായിരുന്നു? രാജ്യത്തെ ഭൂരിപക്ഷ സമൂഹത്തിന്റെ വികാരങ്ങളെയും വർഗ്ഗീയതയെയും പരമാവധി കത്തിച്ചുനിർത്തിയതിന്റെ ഗുണഫലവും മെച്ചവും ഈ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഇനിയും തീർന്നില്ല, മറ്റുചില സംഗതികൾ പരിശോധിച്ചാൽ കേരളത്തിലെ ക്രിസ്തീയ സമൂഹവും മുസ്ലീം സമൂഹവും ഏറ്റവും സൗഹാർദ്ദത്തിൽ നൂറ്റാണ്ടുകളായി കഴിഞ്ഞുവന്നു. രാജ്യത്തെ സംഘപരിവാർ ശക്തികൾ അതിനെ ഭിന്നിപ്പിക്കാൻ ശ്രമിച്ചു. അവർക്ക് ഒരു അജണ്ടയുണ്ടായിരുന്നു. കേരളത്തിലെ ഏതെങ്കിലുമൊരു സമൂഹത്തെ കൂടെക്കിട്ടിയില്ലെങ്കിൽ അവർക്ക് അവരുടെ അജണ്ട നടപ്പിലാക്കാൻ കഴിയില്ല. അപ്പോൾ ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും തമ്മിൽ തെറ്റിപ്പിക്കാൻ തീരുമാനിച്ചു. അതിൽ എൽ.ഡി.എഫ്. സ്വീകരിച്ച സമീപനം പരമാവധി തെറ്റുന്നിടത്തോളം തെറ്റിക്കോട്ടെ എന്നാണ്. കാരണം, അതിന്റെ ഗുണഫലം ഇടതുപക്ഷത്തിനേ ലഭിക്കുകയുള്ളൂ. അതിന്റെ ഗുണവും നിങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ആ വർഗ്ഗീയതയുടെ ഗുണവും അംശവും നിങ്ങളുടെ അധികാരത്തിന്റെ പിന്നിലുണ്ട് എന്ന് ഞങ്ങൾ പറയും. മുസ്ലീം ഭീകരതയും വർഗ്ഗീയതയും കത്തിച്ച് ഈ തെരഞ്ഞെടുപ്പിൽ വോട്ട് വാങ്ങിയ നിങ്ങൾ മുസ്ലീങ്ങളോട് പറഞ്ഞത് CAA (The Citizenship Amendment Act)-യും NRC (National Register of Citizens)-യും നടപ്പാക്കാതിരിക്കണമെങ്കിൽ ശ്രീ. പിണറായി വിജയൻ തന്നെ അധികാരത്തിൽ വരണമെന്നാണ്. ചിലയാളുകൾ കബളിപ്പിക്കപ്പെട്ടു. ലക്ഷദ്വീപിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച പ്രമേയം ഇന്ന് അവതരിപ്പിച്ചപ്പോൾപോലും സംഘപരിവാർ എന്നുപറയാൻ മടിച്ചവരാണ് നിങ്ങൾ. മുമ്പ് ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ പേര് പറയാൻ മുട്ടിടിച്ചവരാണ് നിങ്ങൾ. വർഗ്ഗീയതയുടെയും വിദ്വേഷത്തിന്റെയും ഭീതിയുടെയും എല്ലാ അംശങ്ങളും കൂട്ടിച്ചേർത്തതാണ് ഈ ഭരണം. പിന്നെ നിങ്ങൾ പറയുന്നത് ഇടതുപക്ഷ ആഭിമുഖ്യംകൊണ്ട് ഉണ്ടായതാണെന്നാണ്. ലോകത്ത് മുഴുവൻ പുതിയ ഇടതുപക്ഷ ആഭിമുഖ്യമാണ്. 35 വർഷം ഭരിച്ച പശ്ചിമ ബംഗാളിൽ പത്ത് വർഷം മുമ്പ് നിങ്ങൾ ഭരണകക്ഷിയായിരുന്നു. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഒരു സീറ്റുപോലും പശ്ചിമ ബംഗാൾ നിയമസഭയ്ക്കകത്തില്ല. അപ്പോൾ ഇടതുപക്ഷ ആഭിമുഖ്യമല്ല, നിങ്ങളുടെ ഈ തെരഞ്ഞെടുപ്പിലെ നേട്ടമെന്ന്

പറയുന്നത് ഈ സമവാക്യങ്ങളുടെ വിജയമാണ്. വർഗ്ഗീയതയുടെയും വിദ്വേഷ ത്തിന്റെയും ആർ.എസ്.എസ്-ന്റെ സ്വപ്നങ്ങളുടെയുമെല്ലാം വിജയമാണ് ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിനുണ്ടായിട്ടുള്ളത്. പിണറായി വിജയൻ സർക്കാരി നെതിരെ ഭരണവിരുദ്ധ വികാരമൊന്നും ഉണ്ടായിരുന്നില്ലെന്നാണ് നിങ്ങൾ പറയുന്നത്. എത്ര അബദ്ധമാണ് ഈ പറയുന്നത്. ഇത്രയേറെ ആക്ഷേപങ്ങൾ കേട്ട ഒരു സർക്കാരുണ്ടായിരുന്നോ? സ്വർണ്ണക്കള്ളക്കടത്തും ഡോളർ കള്ളക്കടത്തും ഉണ്ടായിട്ടില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി മൂന്നുമാസം ജയിലിൽ കിടന്നിട്ടില്ലേ, മറ്റൊരു പ്രൈവറ്റ് സെക്രട്ടറിയെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചിട്ടില്ലേ? മന്ത്രിസഭയിലുള്ള മന്ത്രിമാരിൽ എത്രയാളുകളെ ചോദ്യം ചെയ്തു. എത്ര മന്ത്രിമാർ രാജിവച്ചു, അവസാനം എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീലിന് കാവൽ മന്ത്രിസഭയുടെ കാലത്ത് രാജിവയ്ക്കേണ്ടിവന്നു. യൂത്ത് ലീഗിന്റെ കുട്ടികൾ കറേക്കാലമായി ഡോ. കെ. ടി. ജലീലിന്റെ രാജി ചോദിക്കുന്നതുകൊണ്ട്, ഏതായാലും എന്റെ പഴയ പാർട്ടിയല്ലേ പോകുന്ന പോക്കിന് രാജിവച്ചുകൊടുത്തേയ്ക്കാം എന്നുവച്ച് അദ്ദേഹം രാജിവച്ചതാണോ? അല്ല; ബഹുമാനപ്പെട്ട കോടതിയുടെ പരാമർശത്തെ ത്തുടർന്ന് നിൽക്കക്കള്ളിയില്ലാതെ രാജി വയ്ക്കേണ്ടിവന്നതാണ്. അങ്ങനെ അഞ്ച് മന്ത്രിമാർ രാജിവച്ചു.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്പ്രിംഗ്ലർ ഇട്ട് ഓടിയില്ലേ നിങ്ങൾ; അപ്പോൾ ഞങ്ങൾ പറഞ്ഞത് ശരിയായിരുന്നില്ലേ? ബെവ് ക്യൂ ആപ്പ് ഇട്ട് ഓടിയില്ലേ നിങ്ങൾ; എന്തിന് അവസാനം കടൽ വിൽക്കാൻ വരെ തീരുമാനിച്ചില്ലേ? ആ മന്ത്രിയെ ജനങ്ങൾ പൂട്ടി. ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ പ്രത്യേകമായി അഭിവാദ്യം ചെയ്യുകയാണ്. ആ മന്ത്രിയെ പൂട്ടുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചു. അഴിമതിയുണ്ടായിരുന്ന സർക്കാരായിരുന്നു. പക്ഷേ, നിങ്ങൾ ജയിച്ചു ഞാൻ പറഞ്ഞ ഈ സമവാക്യംകൊണ്ടാണ് എൽ.ഡി.എഫ്. ജയിച്ചത്. തെരഞ്ഞെടുപ്പ് വിജയത്തെ ഞങ്ങൾ അംഗീകരിക്കുന്നു. ഞങ്ങളുടെ നേതാക്കൾ പ്രഖ്യാപിച്ചതു പോലെ ക്രിയാത്മക പ്രതിപക്ഷമായി ഞങ്ങൾ പ്രവർത്തിക്കും. സമയപരിമിതിമൂലം ഇവിടെ പറഞ്ഞതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. ഇപ്പോൾ ജവഹർലാൽ നെഹ്റുവിനെ നിങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. അദ്ദേഹം മുമ്പ് കോൺഗ്രസ് ആയിരുന്നോ എന്ന് ഞങ്ങൾക്ക് സംശയമാണ്. ജവഹർലാൽ നെഹ്റു ലോക്കൽ സെക്രട്ടറിയായതുപോലെയാണ് നിങ്ങൾ ഏറ്റെടുക്കുന്നത്. നിങ്ങൾക്ക് തോന്നുമ്പോഴെല്ലാം ഓരോരുത്തരെ ഏറ്റെടുക്കുകയാണ്. ജവഹർലാൽ നെഹ്റു ജീവിച്ചിരുന്ന കാലത്ത് നിങ്ങളുടെ അഭിപ്രായമെന്തായിരുന്നു? സമയക്കുറവുകൊണ്ട് ഞാൻ ചുരുക്കുകയാണ്.

ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ രണ്ടാം പതിപ്പാണ് നിങ്ങളെങ്കിൽ സമരസജ്ജരായി യു.ഡി.എഫ്. മുൻപന്തിയിലുണ്ടാകും; ക്രിയാത്മകമായ പിന്തുണയുണ്ടാകും. അതോടൊപ്പം ക്രിയാത്മക പ്രതിപക്ഷമായി ജനങ്ങൾക്കൊപ്പംനിന്ന് ഞങ്ങൾ പ്രവർത്തിക്കുമെന്ന് പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. 'ചിലർ വരുമ്പോൾ ചരിത്രം വഴിമാറുമെന്ന് എവിടെയോ വായിച്ചിട്ടുണ്ട്. കേരളത്തിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ആ വാക്കുകൾ കൂടുതൽ അന്വർത്ഥമാക്കി ചരിത്രം വഴിമാറുന്നൊരു കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ നേട്ടം യഥാർത്ഥത്തിൽ പല കാരണങ്ങൾകൊണ്ടുണ്ടായതാണ്. കഴിഞ്ഞ ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ വളരെ കൃത്യമായി പാലിക്കാൻ കഴിഞ്ഞു വെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നയപ്രഖ്യാപനങ്ങളും പ്രകടനപത്രി കകളുമൊക്കെ കേവലം അക്ഷരങ്ങൾക്കപ്പുറത്ത് അവയ്ക്ക് അർത്ഥമുണ്ടെന്നും അത് പ്രായോഗികമായ തലത്തിൽ കൊണ്ടുവരേണ്ടതാണെന്നും ആ വാഗ്ദാനങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയും ഒരു ഭരണ സംവിധാനത്തിന്റെ ആജ്ഞാശക്തിയുമാണ് യഥാർത്ഥത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. അല്ലാതെ വേറെ അത്ഭുതങ്ങളൊന്നും സംഭവിച്ചിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നൽകിയ വാഗ്ദാനങ്ങൾ കൃത്യമായി നടപ്പിലാക്കാൻ കഴിഞ്ഞു. ഈ നയപ്രഖ്യാപനത്തിൽ പുതിയ വികസന പദ്ധതികൾ സൂചിപ്പി ച്ചിരിക്കുകയാണ്. കേരളത്തിൽ രണ്ട് പ്രധാനപ്പെട്ട മേഖലകളിലാണ് കഴിഞ്ഞ കാലയളവിൽ മാറ്റങ്ങളുണ്ടായത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സൂചിപ്പിച്ച ആരോഗ്യരംഗത്തുണ്ടായ മാറ്റങ്ങൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ ഒരിക്കലും കഴിയില്ല. കോവിഡ്-19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ രോഗത്തെ പിടിച്ചുനിർത്താൻ കഴിയുന്നത് കേരളം ദീർഘകാലമായി ആരോഗ്യരംഗത്തുണ്ടാക്കിയ വലിയ മാറ്റങ്ങളുടെ ഫലമായിട്ടാണ്. അതൊരു ദിവസം രാവിലെ പൊട്ടിപ്പുറപ്പെട്ട ഒരവസ്ഥയല്ല. അതിനപ്പുറത്ത്, ദീർഘകാലമായി നമ്മൾ രൂപപ്പെടുത്തിയ പദ്ധതികളിലൂടെ ആരോഗ്യരംഗത്തുണ്ടാക്കിയ മാറ്റങ്ങളുടെ പരിണതഫലമാണ് ഇന്ന് കോവിഡിനെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ നമുക്ക് കഴിയുന്നത്. ആ മാറ്റങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകാൻ കഴിഞ്ഞ കാലയളവിൽ കഴിഞ്ഞു. എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടെയുള്ള കാര്യങ്ങൾ എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്.

സമാനതകളില്ലാത്ത മാറ്റങ്ങളാണ് ഇന്ന് വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ളതെന്ന് നമുക്കറിയാം. ഇതിനെ എതിർക്കുമ്പോഴും കേരളം ഒരു വലിയ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് പോകുന്നൊരു അവസ്ഥയാണുള്ളത്. കഴിഞ്ഞ ബഡ്ജറ്റ്

അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഒരു ഡിജിറ്റൽ ഇക്കോണമിയിലേയ്ക്ക് കേരളത്തെ വഴിമാറ്റിയെടുക്കാനുള്ള വലിയ ശ്രമത്തിന്റെ ഭാഗമാണിത്. അത് ഒരു ദിവസം രാവിലെ നമുക്ക് ആരംഭിക്കാൻ കഴിയുകയില്ല. കെ-ഡിസ്ക് പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടാക്കിയ പ്രവർത്തനത്തിന്റെ തുടർച്ചയെയും നമ്മുടെ സമ്പദ് വ്യവസ്ഥയെയും മുന്നോട്ട് നയിക്കാനായി പര്യാപ്തമാകുന്ന രൂപത്തിൽ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഇതിനെയാണ് ഗവൺമെന്റിന്റെയും ഭരണ സംവിധാനത്തിന്റെയും കാഴ്ചപ്പാടെന്ന് പറയുന്നത്. നിലവിൽ കാണുന്ന ഏതാനും കാര്യങ്ങൾ പറഞ്ഞുപോകുന്നതിന് അപ്പുറത്തേയ്ക്ക് long time perspective-ൽ കാര്യങ്ങളെ കാണാനും അത്തരത്തിൽ രൂപപ്പെടുത്തിയെടുക്കാനും കഴിയുമ്പോഴാണ് ഒരു രാജ്യത്തിന് വികസനമുണ്ടാക്കാൻ കഴിയുന്നത്. പ്രമുഖനായ സാമ്പത്തിക ശാസ്ത്രജ്ഞൻ അമർത്യാസെന്നിന്റെ വാക്കുകൾ ഞാനിവിടെ ഒരിക്കൽക്കൂടി ഓർക്കാൻ ശ്രമിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞത്, കേരളത്തിന്റെ വികസന തന്ത്രങ്ങളിൽ വളരെ പ്രധാനപ്പെട്ട നാല് കാര്യങ്ങളാണുള്ളത്.

1. മനുഷ്യവിഭവശേഷി വിജയകരമായി ഉപയോഗിക്കുക
2. മാനവികതയിൽ കേന്ദ്രീകരിക്കുക
3. പൊതുസംവാദങ്ങളിലൂടെ പരസ്പരം കൂടുതൽ മനസ്സിലാക്കുക

4. വ്യത്യസ്ത കാഴ്ചപ്പാടുണ്ടെങ്കിൽ അതിനെപ്പറ്റി പരസ്പരം വിമർശിക്കുക. കേരളത്തിന്റെ വികസന തന്ത്രത്തെക്കുറിച്ച് അദ്ദേഹം അടുത്ത കാലത്തെഴുതിയ ലേഖനത്തിൽ വായിക്കാനിടയായതാണ്. ഈ നയ പ്രഖ്യാപനത്തിൽ അദ്ദേഹം പറഞ്ഞ നാല് പ്രധാനപ്പെട്ട കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സമ്പദ് വ്യവസ്ഥ വലിയൊരു പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. ഈ നേട്ടങ്ങളെല്ലാം കൈവരിക്കാനായെങ്കിലും കോവിഡ് മഹാമാരി ക്കാലത്ത് നമ്മൾ നടത്തിയ പ്രവർത്തനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അത് പറയുന്നുണ്ട്. ജനങ്ങൾ panic ആകാതെ അവരെ ചേർത്തു നിർത്തുന്നതിനും ഇത്തരമൊരു pandemic കാലഘട്ടത്തിൽ ജനങ്ങളിൽ ആത്മ വിശ്വാസമുണ്ടാക്കിയെടുക്കാനും കഴിഞ്ഞുവെന്നത് ചെറിയൊരു കാര്യമല്ല. അവർ പട്ടിണി കിടന്നില്ല; അവർക്ക് ബുദ്ധിമുട്ടുണ്ടായില്ല; ആരോഗ്യ രംഗത്ത് ചികിത്സയ്ക്ക് സംവിധാനങ്ങളുണ്ടെന്നുള്ള ആത്മവിശ്വാസമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഈ ഭൗതിക

നേട്ടങ്ങളെല്ലാം രൂപപ്പെടുത്തിയപ്പോഴും വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോയൊരു കാലഘട്ടം കൂടിയുണ്ടായിരുന്നുവെന്ന കാര്യം ഓർക്കണം. വിഭവ സമാഹര ണത്തിന് ഒരുപാട് സാധ്യതക ളില്ലാതായ കാലഘട്ടത്തിൽപോലും അതിന്റെ പേരിൽ പഴിചാരാതെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയൊരു കാലഘട്ടമാണ്. യഥാർത്ഥത്തിൽ ഇതൊരു തുടർച്ചയാണ്, ആ ഭരണത്തുടർച്ചയിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുമെന്നതിൽ യാതൊരു സംശയ വുമില്ല. അത്തരമൊരു കാഴ്ചപ്പാടാണ് യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സമയം വളരെ കുറവായതു കൊണ്ട് ദീർഘമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

കേരളത്തിന്റെ നല്ലൊരു മാതൃക പല രംഗങ്ങളിലുമുണ്ടെന്ന് നമുക്കറിയാം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നമ്മളെടുക്കുന്ന നിലപാടുകളിലൂടെ ദേശീയതലത്തിൽ ഏത് സംസ്ഥാനത്തെക്കാളും മുന്നിലെത്തിയിട്ടുണ്ട്. അതോടൊപ്പം ധനകാര്യ മേഖലയുമായി ബന്ധപ്പെട്ടും ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. കിഫ്ബി ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ നിരവധി വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ നേട്ടങ്ങളെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത് ജനങ്ങളുടെ ഗവൺമെന്റാണ്, ജനങ്ങളുടെ ആത്മാവായി പ്രവർത്തിക്കേണ്ട ഗവൺമെന്റാണ്. കെ. എം. മാണി ഭഗവദ് ഗീതയിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹ ത്തിന്റെ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

"നൈനം ഛിന്ദതി ശസ്ത്രാണി നൈനം ദഹതി പാവക:

ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ"

ഈ ആത്മാവിനെ ആയുധങ്ങൾകൊണ്ട് മുറിവേല്പിക്കാൻ കഴിയുകയില്ല. ഇവയെ തീയ്ക്ക് അണയ്ക്കാൻ കഴിയുകയില്ല. ഇവയെ വെള്ളംകൊണ്ട് നനയ്ക്കാൻ കഴിയുകയില്ല. കാറ്റിന് ഇതിനെ ഇല്ലാതാക്കാൻ കഴിയുകയില്ല. ഈ ഗവൺമെന്റിന്റെ തുടർപ്രവർത്തനങ്ങളെ ആരോപണങ്ങൾ കൊണ്ടോ തെറ്റായ വ്യാഖ്യാനങ്ങൾകൊണ്ടോ ഇല്ലാതാക്കാൻ കഴിയില്ല. ജനങ്ങളോടൊപ്പം നിൽക്കുന്ന ജനങ്ങളുടെ ആത്മാവാണ് ഈ ഗവൺമെന്റിന്റെ അന്തഃസത്തയെന്ന് പറഞ്ഞു കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കോവിഡ് മഹാമാരിയുടെ പ്രതിസന്ധിക്കിടയിലാണ് ഗവർണർ നയപ്രഖ്യാപനം നടത്തിയിട്ടുള്ളത്. ആരോഗ്യരംഗത്തുമാത്രമല്ല, സാമ്പത്തികരംഗത്തും അതുണ്ടാക്കിയിട്ടുള്ള ആശങ്കകൾ വളരെ വലുതാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ചുള്ള ഒരു പ്രഖ്യാപനവും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഉണ്ടായിട്ടില്ലെന്നതാണ് പ്രധാനമായും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ജനങ്ങളുടെ ആശങ്കകളറ്റാൻ പര്യാപ്തമായ നടപടികളുണ്ടായിട്ടില്ലെന്നത് വാസ്തവമാണ്. 2018-ലെ മഹാപ്രളയം മുതൽ കോവിഡ് മഹാമാരിയുടെ ഘട്ടംവരെ പരിശോധിക്കപ്പെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രകൃതിക്ഷോഭങ്ങളും കോവിഡ് പ്രതിസന്ധിയുംമൂലം നമ്മുടെ വ്യാപാരമേഖല, ചെറുകിട സംരംഭകർ, കാർഷിക മേഖല എന്നിവയിലെല്ലാം കനത്ത ആഘാതമേല്പിച്ചിരിക്കുകയാണ്. ഇവിടെ അഞ്ച് ദുരന്തങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. അനവധി പ്രതിസന്ധികളും പ്രകൃതി ദുരന്തങ്ങളും ഒടുവിൽ വന്ന കോവിഡുമായി കഴിഞ്ഞ ഒന്നര വർഷത്തിന് മുകളിലായി നിൽക്കുകയാണ്. പ്രകൃതി ദുരന്തങ്ങളുണ്ടാക്കിയിട്ടുള്ള സാമൂഹ്യവും സാമ്പത്തികവുമായ പ്രതിസന്ധികളെ തരണം ചെയ്യാൻ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ഒരു പ്രഖ്യാപനവും ഈ നയപ്രഖ്യാപനത്തിലുണ്ടായിട്ടില്ല എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. കാർഷിക മേഖല എടുത്തുപറയേണ്ട ഒന്നാണ്. കാർഷിക മേഖലയിൽ ധാരാളം നാശനഷ്ടങ്ങളുണ്ടാകുന്നുണ്ട്. കൃഷിനാശമുണ്ടാകുമ്പോൾ പാവപ്പെട്ട കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ലായെന്നത് വാസ്തവമാണ്. ബഹുമാന്യരായ ജനപ്രതിനിധികളും എം.എൽ.എ.-മാരും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സന്ദർശനം നടത്തുന്നതിനാൽ കൃഷിക്കാരുടെ വേദനകൾ നേരിട്ട് കാണാനും തിരിച്ചറിയാനും കഴിയാറുണ്ട്. വ്യാപക നാശനഷ്ടമുണ്ടായ റബ്ബർ, വാഴ, ജാതി, കപ്പ, നെല്ല് എന്നിവ കൃഷി ചെയ്യുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് നമ്മൾ ചിന്തിക്കണം. പലപ്പോഴും ഇൻഷ്വറൻസ് പരിരക്ഷയുണ്ടെങ്കിൽ മാത്രമാണ് അതിനുള്ള സാഹചര്യമുള്ളത്. പാവപ്പെട്ട കർഷകർ ഇൻഷ്വറൻസ് പരിരക്ഷ സ്വയം ഏറ്റെടുക്കാൻ തയ്യാറാകുന്നുണ്ട്. കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് അവർക്ക് മതിയായ പരിരക്ഷ നൽകാൻ കഴിയുന്ന സമീപനം സ്വീകരിക്കണം. ലോക്ക്ഡൗൺമൂലം ജീവിതം വഴിമുട്ടി നിൽക്കുന്ന തൊഴിൽ മേഖല, വ്യാപാരമേഖല, കാർഷികമേഖല തുടങ്ങിയ മേഖലകളിലുള്ളവരുടെ പ്രതിസന്ധി പരിഹരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നത് സംബന്ധിച്ചും ആലോചിക്കേണ്ടതുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചത് പോലെ കോവിഡ് മഹാമാരിമൂലമുള്ള മരണനിരക്ക് വലിയ തോതിൽ ഉയർന്നിരിക്കുകയാണ്. കോവിഡ് നെഗറ്റീവായവരും മരിക്കുന്ന സാഹചര്യമുണ്ട്. പോസ്റ്റ് കോവിഡ് കോംപ്ലിക്കേഷൻസ് കാരണമാണ് ഏറ്റവും കൂടുതൽ മരണമുണ്ടാകുന്നത്.

ഇതൊന്നും കോവിഡ് മരണമായി കണക്കാക്കുന്നുമില്ല. ഒൻപതിനായിരത്തിനടുത്ത് കോവിഡ് മരണങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്; എന്നാൽ അതിന്റെ ഇരട്ടി ഉണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളുടെ കണക്കിൽത്തന്നെ അവ്യക്തതയുണ്ട്. കോവിഡ് വാക്സി നേഷനെ സംബന്ധിച്ച ഒരു കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ താറുമാറായിരിക്കുകയാണ്. കഴിഞ്ഞ ദിവസം എറണാകുളത്ത് വ്യവസായ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എടുത്തുപറഞ്ഞ കാര്യമാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാക്സിനേഷൻ നൽകാൻ തീരുമാനിച്ചെങ്കിലും വാക്സിൻ കൃത്യമായി എടുക്കുന്നതിനോ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനോ കഴിയുന്നില്ല. രജിസ്റ്റർ ചെയ്യുമ്പോൾ സ്ലോട്ട് കിട്ടുന്നില്ല. വിദേശത്ത് പോകുന്നവർക്ക് വാക്സിനേഷന് പ്രയോറിറ്റി നൽകുമെന്ന് പറഞ്ഞിരുന്നെങ്കിലും അതും നടക്കുന്നില്ല. ഇത് സംബന്ധിച്ച് എത്ര ഫോൺ കോളുകളാണ് ഞങ്ങൾക്ക് വരുന്നത്. ഡോക്ടർമാരെ വിളിക്കുമ്പോൾ അവർക്കും ഇതുസംബന്ധിച്ച് യാതൊരു ഗ്രാഹ്യവുമില്ല; എന്തു ചെയ്യണമെന്ന് പോലുമറിയില്ല. എന്താണ് യഥാർത്ഥത്തിലുള്ള പ്രശ്നം. മരുന്നിന്റെ ഷോർട്ടേജാണോ? ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. വാക്സിനേഷൻ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കാൻ കഴിയണം.

ഒരു വർഷത്തിലേറെയായി വിദ്യാർത്ഥികൾ ഓൺലൈൻ വിദ്യാഭ്യാസത്തിലാണ്. നാളെ വീണ്ടും പുതിയ അദ്ധ്യയന വർഷം ആരംഭിക്കുകയാണ്. ഈ അദ്ധ്യയന വർഷത്തിലും ഇതുതന്നെയല്ലേ സ്ഥിതി. ഓൺലൈൻ വിദ്യാഭ്യാസം കുട്ടികളി ലുണ്ടാക്കുന്ന മാനസിക ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. കുട്ടികളുടെ ആശങ്കകൾ പരിഹരിക്കാനുള്ള നടപടികളുണ്ടാകണം. അതുപോലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. അദ്ധ്യാപക നിയമനങ്ങൾ നടക്കാത്തതിന്റെ പേരിൽ പല സ്കൂളുകളും പ്രത്യേകിച്ച് പ്രൈമറി സ്കൂളുകൾ അടച്ചു പൂട്ടേണ്ട സ്ഥിതിയിലാണ്. അതുകൊണ്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ എല്ലാ പദ്ധതികളെയും കണ്ണടച്ച് എതിർക്കുന്ന ഒരു പ്രതിപക്ഷമാണെന്ന നിലയിലാണ് ഇവിടെ പലരും പ്രസംഗിച്ചുകേട്ടത്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ സൂചിപ്പിച്ചത്, ലൈഫ് പദ്ധതിയടക്കം ഞങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചുവെന്നാണ്. പദ്ധതികളെയല്ല; മറിച്ച് പദ്ധതികളി ലുണ്ടായിരിക്കുന്ന അഴിമതികൾ, ക്രമക്കേടുകൾ, വീഴ്ചകൾ എന്നിവയാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട വീഴ്ചകളി ലൊന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ വീടുകളുടെ കൃത്യമായ കണക്കെടുക്കണം.

ലൈഫ് പദ്ധതി വന്നതിനുശേഷം എത്ര വീടുകൾ ഈ വിഭാഗങ്ങൾക്ക് നൽകിയെന്നതിന്റെയും അതിനുമുൻപ് നൽകിയ വീടുകളുടെയും കണക്കുകൾ പ്രത്യേകം എടുക്കണം. ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചപ്പോൾ അർഹമായ പ്രാതിനിധ്യം പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള ന്യൂനതകൾ പ്രതിപക്ഷം ചൂണ്ടിക്കാണിക്കുമ്പോൾ അതിനെ ക്രിയാത്മകമായി ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് വിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ നയപ്രഖ്യാപനത്തിൽ ജനങ്ങൾ അളവറ്റ പ്രതീക്ഷ പുലർത്തിയിരുന്നു. കോവിഡ് മഹാമാരിയുടെ പ്രതിസന്ധി സമയത്ത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൂടുതൽ ക്രിയാത്മക ഇടപെടലുകളുണ്ടാകുമെന്ന് കരുതിയിരുന്നുവെങ്കിലും അതുണ്ടായിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. 2021 മേയ് മാസം 20-ാം തീയതി അധികാരമേറ്റ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ വികസനരേഖയാണ് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനത്തിലൂടെ ഇവിടെ അവതരിപ്പിച്ചത്. എൽ.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നത് എന്തുകൊണ്ടാണെന്ന കാര്യം നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞതാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കേരളത്തിലെ മികവാർന്ന ഗവൺമെന്റിന് ജനങ്ങൾ നൽകിയ അംഗീകാരമായിരുന്നു ഈ തെരഞ്ഞെടുപ്പ് വിജയം. പ്രതിപക്ഷം എന്തുകൊണ്ടാണ് തോറ്റുപോയത്? തോറ്റു എന്നുമാത്രമല്ല, ദയനീയമായ ഈ പതനം യു.ഡി.എഫിന് എന്തുകൊണ്ടുണ്ടായി? ഒന്നാമതായി നിങ്ങൾ എല്ലാ പദ്ധതികളെയും എതിർത്തു എന്നതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം, ഹരിതകേരളം തുടങ്ങിയ നാല് മിഷനുകളെ എതിർക്കുക എന്ന നിലപാടെടുത്തു. കേരള ബാങ്ക് വന്നപ്പോൾ അതിനെയും എതിർത്തു. ജനോപാകാരപ്രദമായ പദ്ധതികളെ എതിർക്കുന്ന നിങ്ങളെ ജനം കയ്യൊഴിഞ്ഞു. അതാണ് തോൽവിയുടെ ഒന്നാമത്തെ കാരണം. രണ്ടാമത്തെ കാരണം എന്താണ്? എങ്ങനെയെങ്കിലും ജയിക്കുക എന്ന ഉദ്ദേശ്യത്തോടെ വർഗ്ഗീയശക്തികളുമായി കൂട്ടുകൂടി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചില കണക്കുകൾ അവതരിപ്പിക്കുകയുണ്ടായി. പക്ഷേ, നിങ്ങളല്ലേ വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടിയത്? ബി.ജെ.പി-യുടെ പല നിയോജകമണ്ഡലങ്ങളിലെയും വോട്ട് എവിടെപ്പോയി? തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ ബി.ജെ.പി-ക്ക് പതിനാറായിരം വോട്ട് കുറഞ്ഞു. ആ വോട്ട് ലഭിച്ചത് യു.ഡി.എഫിനല്ലേ? പാലായിൽ ബി.ജെ.പി-ക്ക് പത്തൊൻപതിനായിരം വോട്ട് കുറഞ്ഞു; അതും കിട്ടിയത് യു.ഡി.എഫിനല്ലേ? കുണ്ടറയിൽ ബി.ജെ.പി-ക്ക് പതിനാറായിരം വോട്ട് കുറഞ്ഞു; ആർക്കാണ് കിട്ടിയത്, അതും യു.ഡി.എഫിനല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടയ്ക്കിടെ പോകുന്ന ഒരു സ്ഥലമുണ്ടല്ലോ, സേവാ ഭാരതിയുടെ, ആർ.എസ്.എസ്-ന്റെ ഓഫീസ് (ഫോട്ടോ ഉയർത്തിക്കാട്ടി). ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടയ്ക്കിടെ പോകുന്ന ആർ.എസ്.എസ്.-ന്റെ ഓഫീസാണിത്. ഞാൻ ആ സ്ഥലത്തിന്റെ പേര് പറയാം, പനച്ചിക്കാട് എന്ന ആർ.എസ്.എസ്. ആസ്ഥാനത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടയ്ക്കിടയ്ക്ക് പോകാറില്ലേ? ഈ തെരഞ്ഞെടുപ്പ് കാലത്തും പോയില്ലേ? അപ്പോൾ ആർക്കാണ് ആർ.എസ്.എസ്-മായും ബി.ജെ.പി-യുമായും ബന്ധമുള്ളത്. നിങ്ങൾ ആർ.എസ്.എസ്-ന്റെയും ബി.ജെ.പി-യുടെയും വോട്ട് വാങ്ങി അവരുമായി വോട്ടുകച്ചവടം നടത്തി. അതുപോലെ വെൽഫെയർ പാർട്ടിയുമായും എസ്.ഡി.പി.ഐ.-യുമായി സഖ്യവുമുണ്ടാക്കി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പനച്ചിക്കാട് ക്ഷേത്രത്തിൽ പോകുമ്പോൾ അവിടെ മാർക്സിസ്റ്റ് സ്നേഹിതരും ഉണ്ടാകാറുണ്ട്. അത് ആർ.എസ്.എസ്-ന്റെ കേന്ദ്രമൊന്നുമല്ല. കുട്ടികളുടെ നാവിൽ അക്ഷരമെഴുതിക്കുന്ന ഒരു സ്ഥലമാണ്. അക്ഷരത്തിനെ ദേവതയായി അംഗീകരിക്കുന്നവരാണ് നിങ്ങളുമെന്നാണ് പറയുന്നത്. അതുകൊണ്ട് ദയവായി വ്യക്തിപരമായി എന്റെ പേര് വലിച്ചിഴയ്ക്കരുത്. ഞാൻ ആ ക്ഷേത്രത്തിൽ പോയതാണ്. ഇനിയും പോകും. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ടതാണത്. നിങ്ങൾ പറയുന്നത് അന്നദാന ഊട്ടുപുരയിൽ ചെന്നതിനെ സംബന്ധിച്ചാണ്. ഊട്ടുപുരയിൽ ചെന്ന് ശ്രീ. എം. എസ്. ഗോൾവാൾക്കറുമായി ഞാൻ ചർച്ച നടത്തിയെന്ന് പത്രത്തിൽ കൊടുക്കാൻ നാണമില്ലേ; ഒരു പാർട്ടിക്ക് അതൊക്കെ തോന്നണ്ടേ? ശ്രീ. സി.എച്ച്. കുഞ്ഞമ്പു ഒരു പാവമായതുകൊണ്ട് പറഞ്ഞതാണ്... (ബഹളം)....

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമായുള്ള ബന്ധം കോൺഗ്രസ്സുകാർ അംഗീകരിച്ചാൽ മതി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് ഒരു കാര്യം ചോദിക്കട്ടെ; ഇടയ്ക്കിടെ ബി.ജെ.പി. ആകുന്നതിൽ ഒരു തെറ്റുമില്ലെന്ന് പറഞ്ഞത് കോൺഗ്രസ് നേതാക്കളല്ലാതെ മറ്റാരാണ്? പഴയ കോൺഗ്രസ് നേതാക്കൾ ഇപ്പോൾ എവിടെയാണുള്ളത്; എല്ലാം ബി.ജെ.പി.-യിലല്ലേ? ബി.ജെ.പി-യിലേയ്ക്ക് പോകാൻ കാത്തുനിൽക്കുന്നൊരു പാർട്ടി എന്ന നിലയിലാണ് അവരുടെ വോട്ട് മുഴുവൻ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. അല്ലെങ്കിൽ ഈ 41 സീറ്റ് എന്നത് തലതിരിഞ്ഞ് 14 ആകുമായിരുന്നു. ഇപ്പോൾ 41 സീറ്റ് കിട്ടിയത് ബി.ജെ.പി-യുടെ വോട്ടു കൊണ്ടാണ്. നിങ്ങൾ തോൽക്കാനുള്ള മൂന്നാമത്തെ കാരണം എന്താണ്? നിങ്ങൾ ശബരിമല വിഷയം പ്രചരണായുധമാക്കി. ലോക്സഭ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് 19 സീറ്റ് കിട്ടിയതിന്റെ അഹങ്കാരമായല്ലേ അതെടുത്തത്? അതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, 'ഞാൻ ഒരു നിയമം നിർമ്മിച്ചിരിക്കുന്നു,

ആ നിയമം ഇതാ' എന്നുപറഞ്ഞ് നിങ്ങൾ നിയമം പ്രദർശിപ്പിച്ചില്ലേ; വോട്ട് കിട്ടിയോ? ഒരു തവണ ചക്ക വീണ് മുയൽ ചത്തു എന്നതുകൊണ്ട് എക്കാലത്തും ചക്ക വീണ് മുയൽ ചാകണമെന്നില്ല. അതുകൊണ്ടാണ് നിങ്ങൾ തോറ്റതൊപ്പിയിട്ട് പോയത്. നിങ്ങൾ ഈ കഴിഞ്ഞ അഞ്ചുവർഷക്കാലം ക്രിയാത്മകമായ പ്രതിപക്ഷമായിരുന്നില്ല. നശീകരണമായിരുന്നു നിങ്ങൾ നടത്തിയത്. കേരളത്തിൽ നടത്തുന്ന എല്ലാ വികസന-ക്ഷേമ പ്രവർത്തനങ്ങളെയും നിങ്ങൾ എതിർത്തു. ഇപ്പോൾ കോവിഡ് മഹാമാരിക്കാലം വന്നില്ലേ? ശ്രീമതി കെ. കെ. ശൈലജ ടീച്ചർ കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഈ മഹാമാരിക്കാലത്ത് നിങ്ങളുടെ നിലപാട് എന്തായിരുന്നു? മഹാപ്രളയം വന്നപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നിങ്ങൾ എന്താണ് പറഞ്ഞത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കൊടുക്കരുതെന്ന് പ്രഖ്യാപിച്ചില്ലേ? നിങ്ങൾ പിരിച്ച പണം എന്തു ചെയ്തു? ആയിരം വീടുണ്ടാക്കിക്കൊടുക്കുമെന്ന് നിങ്ങൾ പ്രഖ്യാപിച്ചു; എത്ര വീടുകൊടുത്തു? ഒരു വീട് നിങ്ങൾ കൊടുത്തോ; ആയിരം വീട് കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ട് ഒന്നുപോലും കൊടുത്തില്ല. ഒരു ജനതയെ പറഞ്ഞ് വഞ്ചിച്ചതാണ് യു.ഡി.എഫ്. തോൽക്കാനുള്ള കാരണം. നിങ്ങൾ പിരിച്ച പണം ഉപയോഗപ്പെടുത്തിയില്ല. വടക്കേക്കര അതിനുദാഹരണമാണ്. അതുപോലെതന്നെ ഈ മഹാമാരിക്കാലത്ത് സാലറി ചലഞ്ച് വന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. വാസ്തവ വിരുദ്ധമായ പ്രസ്താവനയാണ് ബഹുമാനപ്പെട്ട അംഗം നടത്തുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കൊടുക്കരുതെന്ന് ഞങ്ങൾ തീരുമാനിച്ചുവെന്ന് അദ്ദേഹം പറയുകയുണ്ടായി. പ്രളയമുണ്ടായ അവസരത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കോൺഗ്രസ്സിന്റെ ജനപ്രതിനിധികളോട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കൊടുക്കണമെന്ന് ശ്രീ. രാഹുൽ ഗാന്ധി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ എം.എൽ.എ-മാരടക്കം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജനപ്രതിനിധികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം നൽകിയിട്ടുണ്ട് എന്നതാണ് ഒന്നാമത്തെ കാര്യം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, വിശദീകരണത്തിലേയ്ക്ക് പോകരുത്. പോയിന്റ് ഉന്നയിക്കൂ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥേ, യു.ഡി.എഫ്. പറഞ്ഞത് പത്ത് പൈസ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുക്കരുതെന്നായിരുന്നു. അത് ജനങ്ങൾ എങ്ങനെയാണ് കണ്ടത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ പോയിന്റ് പൂർത്തിയാക്കട്ടെ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പണം കൊടുക്കേണ്ട എന്ന് ഞങ്ങൾ തീരുമാനിച്ചുവെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അവാസ്തവ പ്രസ്താവന രേഖയിൽ നിന്നും നീക്കം ചെയ്യണം എന്നതാണ് എന്റെ പോയിന്റ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പത്ത് പൈസ കൊടുക്കരുതെന്ന് പറഞ്ഞവരാണ് പ്രതിപക്ഷം. നിങ്ങൾ പണം സ്വമേധയാ പിരിച്ചു. ആ പണംകൊണ്ട് ആയിരം വീടുണ്ടാക്കുമെന്ന് പറഞ്ഞു. ഒരു വീടുപോലും നിങ്ങളുണ്ടാക്കിയില്ല. അതുപോലെ സാലറി ചലഞ്ച് വന്നപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? അതിനെ എതിർത്തു, നിങ്ങൾ കോടതിയിൽ പോയി. ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരായ നിങ്ങളുടെ അനുയായികൾ ഉത്തരവ് കത്തിക്കുന്നത് ജനങ്ങൾ കണ്ടു. യു.ഡി.എഫിനെ തോൽപ്പിക്കണമെന്ന് അപ്പോൾ ജനങ്ങൾ തീരുമാനിച്ചു. അതാണ് നിങ്ങൾ തോൽക്കാനുണ്ടായ കാരണം. ബീഡി തൊഴിലാളിയായ നിർദ്ധനനായ ശ്രീ. ജനാർദ്ദനൻ തന്റെ മുഴുവൻ സമ്പാദ്യവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി. ആടിനെ വളർത്തി ഉപജീവനം നയിക്കുന്ന ശ്രീമതി നബീസാ ഉമ്മ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കൊടുക്കുന്നു. പക്ഷേ, ശമ്പളംപറ്റുന്ന, തടിച്ചുകൊഴുത്ത, മണിമന്ദിരങ്ങളിൽ താമസിക്കുന്ന, നിങ്ങളുടെ യു.ഡി.എഫ്. അനുയായികളാണ് പണം നൽകേണ്ട തില്ലെന്ന നിലപാട് സ്വീകരിച്ചത്. അത് ജനം കാണുന്നില്ലേ? അതുകൊണ്ടാണ് ജനങ്ങൾ നിങ്ങളെ തോൽപ്പിച്ചത്. ഇങ്ങനെ പല കാരണങ്ങളാലും ഇത്തവണയും നിങ്ങൾ പ്രതിപക്ഷത്ത് ഇരിക്കണമെന്ന് ജനങ്ങൾ തീരുമാനിച്ചു. നിങ്ങൾ പ്രതിപക്ഷം എന്നനിലയിൽ ക്രിയാത്മകമായിരുന്നില്ല. നിങ്ങൾ എല്ലാത്തിനേയും എതിർക്കുകയെന്ന നിലാപാടെടുത്തു. ബഹുമാന്യരായ മുഖ്യമന്ത്രിയേയും ആരോഗ്യ വകുപ്പുമന്ത്രിയേയും അധിക്ഷേപിച്ചു. ജനങ്ങളുടെ പ്രശ്നങ്ങളിലെല്ലാംതന്നെ ക്രിയാത്മ കമായി ഇടപെട്ട, പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങളുടെ രക്ഷയ്ക്കെത്തിയ, കോവിഡ് മഹാമാരിക്കാലത്ത് ജനങ്ങൾക്ക് ആശ്വാസം പകർന്ന ആ ഗവൺമെന്റിനെ നയിച്ച ബഹു. മുഖ്യമന്ത്രിയെയും ആരോഗ്യ വകുപ്പുമന്ത്രിയെയും എത്ര മോശമായ ഭാഷ യിലാണ് നിങ്ങൾ അധിക്ഷേപിച്ചത്? അതുകേട്ട ജനങ്ങൾ നിങ്ങളെ ഒരു പാഠം പഠിപ്പിക്കുമെന്ന് തീരുമാനിച്ചു. അതുകൊണ്ടാണ് ബഹു. മുഖ്യമന്ത്രിയേയും മന്ത്രി സഭയേയും ബഹു. ആരോഗ്യ വകുപ്പുമന്ത്രിയേയും അധിക്ഷേപിച്ച നിങ്ങൾക്ക് ജനം വോട്ട് ചെയ്യുണ്ടായെന്നും നിങ്ങളെ പ്രതിപക്ഷത്തിരുത്തണമെന്നും തീരുമാനിച്ചത്. അതുപോലെതന്നെ അന്നത്തെ ബഹു. പ്രതിപക്ഷനേതാവിന് എന്തുപറഞ്ഞാലും അഴിമതിയാരോപണം ഉന്നയിക്കലായിരുന്നു. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിൽ അഴിമതിയില്ല. ഇന്ത്യയ്ക്കാകെ മാതൃകയായൊരു ഗവൺമെന്റാണ്

കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. നിങ്ങൾ ഉന്നയിച്ച ഏതെങ്കിലും അഴിമതിയാരോപണം തെളിയിക്കാൻ കഴിഞ്ഞോ? തൊട്ടതിനും പിടിച്ചതിനും അഴിമതി, എല്ലാത്തിനും അഴിമതി. ബഹു. പ്രതിപക്ഷനേതാവ് ഏതെങ്കിലും വാർത്താസമ്മേളനം നടത്തുകയോ എഴുന്നേറ്റ് നിൽക്കുകയോ ചെയ്താൽ അപ്പോൾ പറയുന്നത് അഴിമതി സംബന്ധിച്ചാണ്. ഏത് പദ്ധതിയെ സംബന്ധിച്ച് പറഞ്ഞാലും അഴിമതി. ലൈഫ് പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങി എല്ലാ പദ്ധതികളിലും അഴിമതിയാരോപിക്കുകയാണ്. ഈ ദുരാരോപണങ്ങൾ ഉന്നയിക്കുമ്പോൾ, ഇത്രയും നല്ലൊരു ഗവൺമെന്റിനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുമ്പോൾ, അനാവശ്യമായി അഴിമതിയാരോപണം ഉന്നയിക്കുന്ന നിങ്ങളെ ഇത്തവണ ജയിപ്പിക്കില്ലെന്ന് ജനങ്ങൾ തീരുമാനിച്ചു. അതുകൊണ്ടാണ് നിങ്ങൾ പ്രതിപക്ഷത്തായിപ്പോയത്. പ്രതിസന്ധിഘട്ടങ്ങളിൽ നിങ്ങൾ ജനങ്ങളുടെ കൂടെ നിന്നോ? പ്രതിസന്ധിഘട്ടങ്ങളിലെങ്കിലും നിങ്ങൾ സർക്കാരിനൊപ്പം നിൽക്കണ്ടേ? നിങ്ങൾ കേരളത്തിനൊപ്പം നിന്നോ? കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ രാഷ്ട്രീയമായി എതിർക്കുകയും പകപോക്കുകയും ചെയ്യുമ്പോൾ അന്ന് കേരളത്തിനൊപ്പം നിൽക്കണമായിരുന്നില്ലേ? അതല്ലേ ക്രിയാത്മക പ്രതിപക്ഷം ചെയ്യേണ്ടിയിരുന്നത്. നിങ്ങൾ എടുത്ത നിലപാടെന്താണ്? കേരളത്തിനൊപ്പം നിന്നില്ല, ജനങ്ങൾക്കൊപ്പം നിന്നില്ല, നിങ്ങൾ ഗവൺമെന്റിനെ അന്ധമായി എതിർത്തു. ആ എതിർപ്പ് നിങ്ങളെ തോൽപ്പിക്കണമെന്ന തീരുമാനത്തിലേയ്ക്ക് ജനങ്ങളെ എത്തിച്ചു. അതുകൊണ്ടാണ് യു.ഡി.എഫ്. തോറ്റത്. സാമൂഹ്യക്ഷേമ പെൻഷൻ 600 രൂപയിൽനിന്ന് തുടങ്ങിയതാണ്. യു.ഡി.എഫിന്റെ ഭരണകാലത്ത് 18 മാസത്തെ പെൻഷൻ തുക നൽകിയില്ല. അതുൾപ്പെടെ നൽകുമെന്നും 1,000 രൂപ ആക്കുമെന്നും പിന്നീട് വർഷാവർഷം വർദ്ധിപ്പിക്കുമെന്നും തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഞങ്ങൾ പറഞ്ഞു. 1,000 രൂപയാക്കി, പിന്നീട് 1,600 രൂപയാക്കി, എല്ലാം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത്തവണ 2,500 രൂപ കൊടുക്കുമെന്ന് ഞങ്ങൾ പറഞ്ഞു. നിങ്ങൾ പ്രഖ്യാപിച്ചത് 3,000 രൂപ കൊടുക്കുമെന്നാണ്, ജനങ്ങൾ അത് മുഖവിലയ്ക്ക് എടുത്തോ? നിങ്ങൾ പറയുന്നത് ജനങ്ങൾ വിശ്വസിക്കുന്നില്ല. യു.ഡി.എഫ്. 3,000 രൂപ പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞപ്പോൾ അതുകേൾക്കാനും അംഗീകരിക്കാനും ഇവിടത്തെ ജനങ്ങൾക്ക് മനസ്സ് വരാത്തതിന് കാരണമെന്താണ്? നിങ്ങൾ പറയുന്നതിൽ കഴമ്പില്ലെന്ന് അവർക്ക് നന്നായിട്ടറിയാം, നിങ്ങൾ പറഞ്ഞു വഞ്ചിക്കുന്നവരാണ്. ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ പോകുന്നവയല്ല. ജനങ്ങളെ പറഞ്ഞ് പറ്റിക്കുന്നവരാണെന്ന തോന്നലുകൊണ്ടാണ് നിങ്ങൾക്ക് വോട്ട് ചെയ്യാതിരുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം നിങ്ങൾ സ്വീകരിച്ചത് ക്രിയാത്മക പ്രതിപക്ഷത്തിന്റെ നിലപാടായിരുന്നില്ല. ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷ നേതാവായപ്പോൾ ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാകുമെന്ന് പറഞ്ഞിട്ടുണ്ട്, അത്

നല്ലതാണ്. ക്രിയാത്മക പ്രതിപക്ഷത്തിൽനിന്ന് കേരളം എന്താണോ ആഗ്രഹിക്കുന്നത് ആ നിലയിലേയ്ക്കാണ് പോകുന്നതെങ്കിൽ നിങ്ങൾ രക്ഷപ്പെടും, അല്ലെങ്കിൽ കൂടുതൽ അപകടത്തിലേയ്ക്ക് ചെന്നുചാടുമെന്ന കാര്യത്തിലൊരു തർക്കവുമില്ലെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ചരിത്രപ്രാധാന്യമുള്ള നിമിഷങ്ങൾക്കാണ് നമ്മുടെ സഭ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ഒരു മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് തുടർച്ചയായി ആ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ രണ്ടാമതൊരു സംസ്ഥാന സർക്കാർ അധികാരമേറ്റതിന്റെ ഒന്നാമത്തെ നയപ്രഖ്യാപനമാണിത്. ചരിത്രത്തിന്റെ ഭാഗമാകുകയാണ് നാമെല്ലാം. നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചത് നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ഒരു വനിതാ സാമാജികയാണ്. ഈ സഭയിലെ സീനിയർ അംഗമായ കേരളത്തിന്റെ പ്രിയപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചറാണ് പ്രമേയം അവതരിപ്പിച്ചത്. ഈ സർക്കാരും പതിനഞ്ചാം കേരളനിയമസഭയും ചരിത്രം രചിച്ചുകൊണ്ടിരിക്കുന്ന നിർണ്ണായക നിമിഷങ്ങളാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ഒരു തുടർഭരണം സാധ്യമാക്കിത്തീർക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാരത്തിലേറ്റിയ കേരളത്തിലെ ജനങ്ങളെ ഞാൻ ആദ്യമായി അഭിവാദ്യം ചെയ്യുകയാണ്. കഴിഞ്ഞ നാളുകളിലെ അനുഭവമെന്തായിരുന്നു? ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വികസന രംഗത്ത് വ്യക്തമായ കാഴ്ചപ്പാടോടുകൂടി, ദർശനത്തോടുകൂടി നടപടികൾ സ്വീകരിച്ച് ഭരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ തുടർന്നുവരുന്ന സർക്കാർ അതുമുഴുവൻ nullify ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്ന ചരിത്രമായിരുന്നു നമ്മുടെ മുമ്പിൽ ഉണ്ടായിരുന്നത്. ഇത് കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി കേരളത്തിൽ സംഭവിച്ചുകൊണ്ടിരുന്നൊരു രാഷ്ട്രീയ യാഥാർത്ഥ്യമായിരുന്നു. നാറാണത്ത് ഭ്രാന്തനെപ്പറ്റി കേട്ടിട്ടുണ്ടല്ലോ? വലിയ കല്ല് ഉരുട്ടി മലയുടെ മുകളിൽ കൊണ്ടെത്തിച്ചശേഷം താഴേയ്ക്ക് ഉരുട്ടിവിട്ട് സന്തോഷിക്കുന്ന നാറാണത്ത് ഭ്രാന്തന്റെ കാലം കഴിഞ്ഞിരിക്കുന്നു. വികസനക്ഷേമപ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് തുടരണമെന്ന ഒരു മാൻഡേറ്റ് കേരളത്തിലെ ജനങ്ങൾ നൽകിയിരിക്കുകയാണ്. ഞാൻ സാധാരണ പറയുന്നൊരു ഉദാഹരണമാണ് സ്വാശ്രയമേഖലയിലെ പ്രൊഫഷണൽ കോളേജുകൾ. 1996-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ ആശയം വന്നപ്പോൾ സ്വാശ്രയമേഖലയിൽ പ്രൊഫഷണൽ കോളേജുകൾ വേണ്ടായെന്ന എൽ.ഡി.എഫ്. നയം ഞങ്ങൾ പ്രഖ്യാപിച്ചു. പക്ഷേ, 2001-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യകാലഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണിയും അതിനുശേഷം ഈ സഭയിൽ ഇപ്പോഴും അംഗമായ ശ്രീ. ഉമ്മൻ ചാണ്ടിയും അന്നുവച്ച മനോഹരമായ മുദ്രാവാക്യമായിരുന്നു 50% സർക്കാർ സീറ്റ്, 50% സ്വകാര്യ സീറ്റ്,

രണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ സമം ഒരു സർക്കാർ സ്ഥാപനമെന്ന് പറഞ്ഞ് ആരംഭിച്ചത് ഇന്ന് എവിടെയെത്തി? ഇടതുപക്ഷസർക്കാർ സ്വീകരിച്ച നയത്തിന് വ്യത്യസ്തമായി മറ്റൊരുനയം ഇടയ്ക്കിടയ്ക്ക് വരുന്ന യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയതുകൊണ്ട് തുടർച്ചയായ വികസനപാതയിൽനിന്ന് ഈ സംസ്ഥാനം വഴുതിമാറി പോകുന്ന അവസ്ഥാവിശേഷത്തിന് അന്ത്യംകുറിക്കാൻ 2021-ലെ പൊതുതെരഞ്ഞെടുപ്പിലൂടെ കഴിഞ്ഞു. അതിനുശേഷം നടക്കുന്ന ആദ്യത്തെ നിയമസഭാ സമ്മേളനമാണിത്. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച കിഫ്ബി, ലൈഫ് മിഷൻ എന്നീ പദ്ധതികൾ തുടരാൻ കഴിയുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുകൊണ്ടാണ്. കേരളത്തിന്റെ വിഭവത്തിന്റെ പരിമിതികൾ കണക്കിലെടുത്ത് പ്രത്യേക നിധി സംഭരിച്ചുകൊണ്ട് പശ്ചാത്തല വികസനത്തിനുവേണ്ടി നടപടി സ്വീകരിച്ച കിഫ്ബിയെ തകർക്കാൻ പ്രതിപക്ഷത്തിരുന്നുകൊണ്ട് എന്തെല്ലാം നടപടികളാണ് യു.ഡി.എഫ്. സ്വീകരിച്ചത്? യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നിരുന്നുവെങ്കിൽ ആ വികസനപ്രവർത്തനങ്ങൾ മുഴുവൻ സ്തംഭനാവസ്ഥയി ലാകുമായിരുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത് മാറിമാറിവരുന്ന ഭരണമെന്ന അപകടത്തിൽനിന്ന് കേരളം വിമുക്തമായിരിക്കുന്നു, തുടർഭരണം സാധ്യമായിരിക്കുന്നു. കേരളത്തിൽ എല്ലാപേർക്കും വീട് നൽകുന്ന പദ്ധതിയാണ് ലൈഫ് മിഷൻ. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അടക്കമുള്ള അംഗങ്ങൾ മറ്റ് മിഷനുകളെക്കുറിച്ച് സൂചിപ്പിച്ചു. ലൈഫ് മിഷന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ നടപടി സ്വീകരിച്ചവർ എന്തെങ്കിലും കാരണത്താൽ അധികാരത്തിൽ വന്നിരുന്നെങ്കിൽ അതുമായി മുന്നോട്ടുപോകാൻ കഴിയുമായിരുന്നോ? കേന്ദ്രഗവൺമെന്റിന്റെ നിയന്ത്ര ണത്തിലുള്ള സി.ബി.ഐ-ക്ക് പ്രതിപക്ഷത്തെ ഒരു എം.എൽ.എ. പരാതി കൊടുക്കുന്നു, അരമണിക്കൂറിനകം സി.ബി.ഐ. അന്വേഷണം പ്രഖ്യാപിക്കുകയാണ്. കേരളത്തിലെ സാധാരണക്കാരായ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് കൊടുക്കാൻ ആരംഭിച്ച ഭാവനാപൂർവ്വമായ പദ്ധതിയെ തകിടംമറിക്കാനുള്ള പരിശ്രമമാണ് നടത്തിയത്. തുടർഭരണം ഇല്ലായിരുന്നുവെങ്കിൽ ഈ നാട്ടിലെ എല്ലാവർക്കും വീട് ലഭിക്കുമായിരുന്നോ; ലൈഫ് മിഷൻ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയുമാ യിരുന്നോ? ഇങ്ങനെ നിരവധി കാര്യങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളെ ഇല്ലായ്മചെയ്യാൻ ശ്രമിച്ചവർ, ഇപ്പോഴും പ്രതിപക്ഷത്തുതന്നെ തുടരുന്നു എന്നുള്ളതുകൊണ്ടാണ് ആ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ നമുക്ക് കഴിയുന്നത്.

ദേശീയ തലത്തിൽ രാഷ്ട്രീയ പ്രതിയോഗികളാണെന്ന് യു.ഡി.എഫ്. പ്രഖ്യാപിച്ചിട്ടുള്ളത് ബി.ജെ.പി.-യെയാണ്. പക്ഷേ, കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ശോഭ കെടുത്തുവാൻ നിരവധി ഘട്ടങ്ങളിൽ കേന്ദ്ര ഗവൺമെന്റ് ഏജൻസികളെ ഇവർ കൂട്ടുപിടിക്കുകയാണ്. കിഫ്ബിയെ ആക്രമിക്കാനും ലൈഫ് മിഷൻ പദ്ധതിയെ ഇല്ലായ്മചെയ്യാനും നടത്തിയ ശ്രമങ്ങൾ നമ്മൾ കണ്ടതാണ്.

2021-ലെ തെരഞ്ഞെടുപ്പിലും ഈ പ്രവണതയുണ്ടായി. ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെയും ബി.ജെ.പി-യുടെയും അജണ്ട ഒന്നുതന്നെയായിരുന്നു; എൽ.ഡി.എഫ്. പരാജയപ്പെടണം എന്നതായിരുന്നു ആ അജണ്ട. പത്ത് നിയോജക മണ്ഡലങ്ങളിലെങ്കിലും യു.ഡി.എഫ്. സ്ഥാനാർത്ഥികൾ ജയിച്ചത് ബി.ജെ.പി-യുടെ വോട്ടുകൾ കൊണ്ടാണെന്ന് തെരഞ്ഞെടുപ്പിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ കൃത്യമായ കണക്കുവച്ച് പറഞ്ഞു. ബി.ജെ.പി-യുടെ ചില സ്ഥാനാർത്ഥികളുടെ പേരെടുത്ത് പറയുന്നില്ല. പഴയ കോൺഗ്രസ് നേതാക്ക ളായിരുന്നവർ ബി.ജെ.പി. സ്ഥാനാർത്ഥികളായി വന്നിട്ട് പറഞ്ഞത് ഞങ്ങളുടെ വോട്ടുകൾ യു.ഡി.എഫിന് മറിച്ചുകൊടുത്തതുകൊണ്ടാണ് അവർ ജയിച്ചതെന്നാണ്. ഇതെല്ലാം പ്രകടമായി കണ്ട തെരഞ്ഞെടുപ്പാണ് നമ്മുടെ മുമ്പിൽ നടന്നത്. താൽക്കാലിക രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി-യുടെയും അവരെ നിയന്ത്രിക്കുന്ന സംഘപരിവാറിന്റെയും അജണ്ടകളെ സഹായിക്കുന്ന നിലപാടാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷം സഹായിച്ചതുപോലെ, പിന്തുണച്ചതുപോലെ, ഇനിയും പിന്തുണച്ചാൽ നാളെ കയ്യിൽ നിൽക്കില്ല എന്നുമാത്രമാണ് പറയാനുള്ളത്.

ഇന്ന് രാവിലെ ലക്ഷദ്വീപിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി. രാജ്യത്ത് സംഘപരിവാ റിന്റെയും ആർ.എസ്.എസ്.-ന്റെയും അജണ്ട നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ കേന്ദ്ര ഗവൺമെന്റ് ഏജൻസികളെ ഉപയോഗിച്ച് തൽക്കാലത്തേയ്ക്ക് എൽ.ഡി.എഫിനെ ക്ഷീണിപ്പിക്കാൻ വേണ്ടി യു.ഡി.എഫ്. പരിശ്രമിക്കുന്നത് ആപത്കരമാണ്. അത് നമ്മുടെ കയ്യിൽ നിൽക്കില്ല. ക്രിയാത്മക പ്രതിപക്ഷം എന്ന വാഗ്ദാനം വളരെ മനോഹരമാണ്. കഴിഞ്ഞ നാളുകളിലും ആ വാക്ക് നിരവധി തവണ നമ്മൾ കേട്ടിട്ടുണ്ട്. പക്ഷേ, നാട്ടിൽ ദുരന്തങ്ങളുണ്ടാകുമ്പോൾ ഈ ക്രിയാത്മക പ്രതിപക്ഷമെന്ന് അവകാശപ്പെട്ട ന്നവർ, ക്രിയാത്മക പ്രതിപക്ഷമായിട്ടാണോ പ്രവർത്തിച്ചതെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. സാലറി ചലഞ്ചിനെ സംബന്ധിച്ച് സൂചിപ്പിച്ചു. ഒരു മാസത്തെ വേതനം പല ഗഡുക്കളായി സർക്കാരിലേയ്ക്ക് നൽകണമെന്ന് പറഞ്ഞപ്പോൾ പാടില്ലെന്ന് പറഞ്ഞത് കോൺഗ്രസ്സിന്റെയും ബി.ജെ.പി-യുടെയും സർവ്വീസ് സംഘടനകളാണ്. വിദേശ രാജ്യങ്ങളിൽനിന്നും സംഭാവന സ്വീകരിക്കരുതെന്നും മന്ത്രിമാർ വിദേശത്തു പോയി വിഭവസമാഹരണം നടത്തരുതെന്നുമുള്ള നിലപാട് ബി.ജെ.പി.യും കോൺഗ്രസ്സും സ്വീകരിച്ചു. ദുരന്തങ്ങളെ നേരിടാൻ ഒരുമിച്ച് നിൽക്കുവാൻ യു.ഡി.എഫിന്, കഴിഞ്ഞ കാലത്തെ ക്രിയാത്മക പ്രതിപക്ഷമെന്ന് അവകാശപ്പെടുന്നവർക്ക് കഴിഞ്ഞില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. അതുകൊണ്ട് ഇനിയുള്ള കാലഘട്ടത്തിൽ നാട്ടിലെ ആവശ്യങ്ങൾ നിറവേറ്റാൻ ഒരുമിച്ച് നിൽക്കാം. കേരളത്തിലെ ജനങ്ങൾ അവരുടെ

അനുഭവങ്ങളാണ് തെരഞ്ഞെടുപ്പിലൂടെ പ്രതിഫലിപ്പിച്ചത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ, പ്രകടനപത്രികയിൽ പറഞ്ഞ എല്ലാ വാഗ്ദാനങ്ങളും നടപ്പിലാക്കാൻ, ദുരന്തനാളുകളിൽ നായകത്വം വഹിക്കാൻ കഴിഞ്ഞ, ഉറപ്പുകൾ പാലിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് കേരളത്തിലെ ജനങ്ങൾ തിരികെ അധികാരത്തിലെത്തിച്ചത്. ഇനിയുള്ള കാലഘട്ടത്തിലും നിരവധി വികസന-ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്കാവശ്യമായ കരുതലും സംഭാവന ചെയ്യുവാൻ പ്രതിജ്ഞാബദ്ധമായ സർക്കാരാണിതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിന്റെ ശോഭനമായ ഭാവിക്ക് വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള എൽ.ഡി.എഫിന്റെ പരിപ്രേക്ഷ്യമാണ് ഗവർണറുടെ നയപ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ തിളക്കമാർന്ന ഒരേട് എഴുതിച്ചേർക്കാൻ നമുക്കിന്ന് കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ എൽ.ഡി.എഫിന് ഒരു ഭരണത്തുടർച്ച ആദ്യമായിട്ടാണുണ്ടാകുന്നത്. കഴിഞ്ഞകാലങ്ങളിൽ നമ്മൾ എന്തെല്ലാം ദുരന്തങ്ങളെയാണ് അതിജീവിച്ചതെന്ന് ഓർത്തുനോക്കുമ്പോഴാണ് ഈ വിജയത്തിന്റെ തിളക്കം വർദ്ധിക്കുന്നതെന്നത് കാണണം.

"എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം

ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ"

എന്ന് എൻ. എൻ. കക്കാട് പാടിയത് ഞാൻ ഓർത്തുപോവുകയാണ്. പ്രകൃതി ദുരന്തങ്ങൾ, രോഗവ്യാപനത്തിന്റെ കഷ്ടപ്പാടുകൾ എന്നിവയെ ഫലപ്രദമായി അതിജീവിക്കാൻ കഴിഞ്ഞത് അന്ന് പ്രതിപക്ഷം ഗവൺമെന്റിനോട് സഹകരിച്ചി ട്ടൊന്നുമല്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, അപവാദങ്ങളും പ്രതിരോധ പ്രവർത്തനങ്ങളെ അട്ടിമറിക്കാനുള്ള കരുനീക്കങ്ങളുമായി പ്രതിപക്ഷം മുന്നോട്ടുവന്നപ്പോഴും ജനങ്ങളെ വിശ്വാസത്തിലെടുക്കാനും ചേർത്തുപിടിക്കാനും എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറായി. അതുകൊണ്ടുതന്നെ ഗവൺമെന്റിനെ വിശ്വാസത്തിലെടുത്തുകൊണ്ട് ജനങ്ങളും സഹകരിച്ചു. അങ്ങനെയുള്ള കൂട്ടായ്മയിലൂടെയാണ് ഈ ദുരന്തങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞത്. അതുകൊണ്ടുതന്നെ നിരവധി നേട്ടങ്ങൾ കൈവരിക്കാനും പല മേഖലകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാനും കഴിഞ്ഞത് എന്ന യാഥാർത്ഥ്യം നാം മറന്നുകൂടാ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിച്ചപ്പോൾ വിലക്കയറ്റത്തെക്കുറിച്ച് നിങ്ങളൊന്നും സംസാരിച്ചില്ലെന്ന്

പറയുകയുണ്ടായി. വിലക്കയറ്റം കേരളത്തിൽ മാത്രമുള്ളതാണോ; ഇന്ത്യയിലാകമാനമുണ്ട്. അത് എങ്ങനെ വന്നു? ഇപ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ പാർട്ടി ഭരിച്ചപ്പോഴല്ലേ പെട്രോളിയം ഉത്പന്നങ്ങളുടെ വിലനിയന്ത്രണം വേണ്ടെന്ന് വച്ചത്. നിങ്ങൾ തുടർന്ന കുത്തക മുതലാളിത്തത്തിന് അനുകൂലമായ സാമ്പത്തിക നയങ്ങളുടെ പരിണതിയാണ് ഇന്ന് രാജ്യമാകെ പിടിച്ചുനിർത്താനാകാത്ത വിധത്തിൽ വിലക്കയറ്റം സൃഷ്ടിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് പൊതുവിതരണ ശൃംഖല മുഖാന്തരം 13 ഇനം അവശ്യസാധനങ്ങൾ ഒരു നയാപൈസ പോലും വർദ്ധിപ്പിക്കാതെ വിതരണം ചെയ്തുവെന്നുള്ളത് അങ്ങ് മറന്നുപോകരുത്. ഞങ്ങളുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം കേരളത്തിൽ നടപ്പിലാക്കാനായി. അത് ജനങ്ങൾ കാണുകയല്ലേ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. എൻ. ഷംസുദ്ദീനുമെല്ലാം ചില പരിദേവനങ്ങൾ പറഞ്ഞു. അത് തോറ്റവരുടെ വേദനയായി ഞങ്ങൾ കണക്കാക്കുകയാണ്, അതൊരു രോദനമായിക്കണ്ട് ഞങ്ങൾ അതിനെ അവഗണിക്കുകയാണ്. ബി.ജെ.പി-യുമായുള്ള ബന്ധത്തെക്കുറിച്ച് ആവർത്തിച്ച് പറയുകയാണ്. അത് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. വർഗ്ഗീയശക്തികളുമായി രഹസ്യബാന്ധവം കൊള്ളാൻ യു.ഡി.എഫ്-ഉം വർഗ്ഗീയതയ്ക്കെതിരെ പരസ്യപോരാട്ടം നടത്താൻ എൽ.ഡി.എഫ്-ഉം തയ്യാറായതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ മതേതരവിശ്വാസികളാകെ എൽ.ഡി.എഫിനെ പിന്തുണച്ചത്. അതിന്റെ തിളക്കമാർന്ന വിജയംകൂടിയാണ് ഞങ്ങൾക്ക് ലഭ്യമായത്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ബി.ജെ.പി.യുടെ സഹായം യു.ഡി.എഫിന് കിട്ടിയില്ലായിരുന്നുവെങ്കിൽ പ്രതിപക്ഷ സീറ്റുകളിൽ പത്തെണ്ണംകൂടി കുറയുമായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ എന്റെ വോട്ട് ഷെയറും ഭൂരിപക്ഷവും വർദ്ധിച്ചിട്ടുണ്ട്. പക്ഷേ, എന്റെ നിയോജകമണ്ഡലത്തിൽ അവസാനനിമിഷം വരെ യു.ഡി.എഫ്. സ്ഥാനാർത്ഥിയുടെ ആത്മവിശ്വാസം അദ്ദേഹം ജയിക്കുമെന്നായിരുന്നു. ബി.ജെ.പി.യുടെ വോട്ട് എനിക്ക് കിട്ടിയിട്ടുണ്ടെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ബി.ജെ.പി-യുടെ വാർഡ് മെമ്പർ വിജയിച്ചുവന്നു. അദ്ദേഹം പരസ്യമായി ഇറങ്ങി യു.ഡി.എഫിന് വോട്ട് പിടിക്കുകയാണ്. അദ്ദേഹം ജയിച്ച ബൂത്തിൽ 9 വോട്ടാണ് ബി.ജെ.പി.ക്ക്. ലഭിച്ചത്. അദ്ദേഹത്തിന്റെ കുടുംബത്തിൽ 11 വോട്ടുണ്ട്. അദ്ദേഹം പരസ്യമായി വോട്ട് പിടിച്ചു. ഇത് പല നിയോജകമണ്ഡലങ്ങളിലും നടന്നിട്ടുള്ളതാണ്. ഇതൊക്കെ മറച്ചുവയ്ക്കാൻ കഴിയില്ല, പ്രസംഗങ്ങൾകൊണ്ട് നിങ്ങൾക്ക് മുഖം രക്ഷിക്കാം. പക്ഷേ, നാട്ടിലുള്ളവർ വിശ്വസിക്കില്ല.

12.00 Noon}

അതുകൊണ്ടുതന്നെയാണ് മതനിരപേക്ഷ വിശ്വാസികളും മതന്യൂനപക്ഷവുമൊക്കെ ഇത്തവണ എൽ.ഡി.എഫിനെ പിന്തുണയ്ക്കാൻ തയ്യാറായത്. അങ്ങനെ കിട്ടിയ ഈ തിളക്കമാർന്ന വിജയത്തിൽ ഞങ്ങൾ അഹങ്കരിക്കുന്നില്ല. ഈ നാടിന് കോൺഗ്രസ് വേണ്ടായെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ, നിങ്ങളുടെ പഴയ നിലപാടുകൾ തിരുത്തണം. ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷനേതാവായി ചുമതലയേറ്റെടുത്ത ശേഷം അദ്ദേഹം മാധ്യമങ്ങളോട് സംസാരിച്ചതുസംബന്ധിച്ച് ഒരു പത്രലേഖകൻ പറഞ്ഞത്, 'മനോഹരമായ പ്രസംഗം, അതിമനോഹരമായ പ്രസംഗം' എന്നാണ്. കഴിഞ്ഞകാലങ്ങളിൽ നിന്ന് ഞങ്ങൾ വഴിമാറാൻ പോകുന്നു, കഴിഞ്ഞ ശീല ങ്ങളിൽനിന്നും ഞങ്ങൾ മാറിനടക്കാൻ പോകുന്നു, ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാകും, എന്തിനെയും ഏതിനെയും കുറ്റപ്പെടുത്താൻ ഞങ്ങളില്ല എന്നൊക്കെ പറഞ്ഞു. കഴിഞ്ഞകാലങ്ങളിൽ നിങ്ങൾ ചെയ്ത കൊള്ളരുതായ്മകൾ തുറന്നുകാണിക്കാൻ ആ ഒരു പ്രസ്താവന മാത്രം മതി. അതിനപ്പുറം ഒരു പ്രതിപക്ഷനേതാവിന് പറയാനാവില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, അദ്ദേഹത്തിന് ആ നിലപാടിൽ ഉറച്ചു നിൽക്കാനാകുമോ; ആ നിലപാടുമായി മുന്നോട്ടുപോകാൻ കഴിയുമോ എന്നതാണ് നമ്മുടെ നാട്ടിലെ വലിയ ചോദ്യചിഹ്നം. നിങ്ങൾ ക്രിയാത്മക പ്രതിപക്ഷമായാൽ തീർച്ചയായും കേരളത്തിൽ അഭൂതപൂർവ്വമായ മുന്നേറ്റം നമുക്കുണ്ടാക്കാൻ കഴിയും. ഈ നാടിന്റെ ഭാവിയെക്കുറിച്ച് ഭാവനാപൂർണ്ണമായ, പ്രായോഗികമായ കാഴ്ചപ്പാടുള്ളവരാണ് ഇന്ന് ഭരിക്കുന്നത്. വികസന-ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും കഴിഞ്ഞ അഞ്ചു വർഷക്കാലം തുടർന്നുവന്നത് ഇനിയും തുടർന്ന് മുന്നോട്ടുപോകണം; അതിന് നിങ്ങൾ സഹകരിക്കണം. ഇനി കേരളത്തിന് മുന്നോട്ടുചുവടുവയ്ക്കണമെങ്കിൽ കോവിഡ് മഹാമാരിയെ അതിജീവിക്കുകതന്നെ വേണം. ആരോഗ്യരംഗത്ത് സഹകരിക്കുമെന്ന് യു.ഡി.എഫ്. പറഞ്ഞിട്ടുണ്ട്. കോവിഡ് പ്രതിസന്ധിക്കിടയിൽ സാലറി ചലഞ്ചിനെ നിങ്ങൾ തകർക്കാൻ നോക്കിയത് ഓർത്തുപോകുകയാണ്. യു.ഡി.എഫ്. അനുകൂല സർവ്വീസ് സംഘടനകളിലെ സർക്കാർ ജീവനക്കാരോട് സാലറി ചലഞ്ചിന് ഒരു നയാപൈസയും കൊടുക്കേണ്ടെന്ന് പറഞ്ഞു. ഇനിയും അത് തുടരരുത്. നിങ്ങൾ പറഞ്ഞിട്ടും കേരളത്തിലെ ജീവനക്കാർ അതുമായി സഹകരിച്ചു. ഈ ഗവൺമെന്റ് യഥാസമയം ശമ്പളപരിഷ്കരണം നടപ്പിലാക്കി അവരെ ചേർത്തുപിടിക്കുകയും ചെയ്തു. അതാണ് ഗവൺമെന്റും ജനങ്ങളും തമ്മിലുള്ള ബന്ധം. അതുകൊണ്ടാണ് നിങ്ങൾ കെട്ടിപ്പൊക്കിയ അപവാദങ്ങളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നുപോയത്. ആത്മാർത്ഥമായിട്ടാണ് ക്രിയാത്മക പ്രതിപക്ഷമാകാൻ നിങ്ങൾ തയ്യാറാകുന്നതെങ്കിൽ നാട്ടിൽ നിങ്ങളുടെ സ്പെയ്സ് വർദ്ധിക്കുമെന്നതിൽ ഒരു സംശയവുമില്ല. അതല്ല ഇതെല്ലാം ഒരു വാചാടോപമാണെങ്കിൽ, കഴിഞ്ഞ കാലങ്ങളിലെപ്പോലെത്തന്നെ

മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നതെങ്കിൽ, ഭരണപക്ഷം കൊണ്ടുവരുന്ന എല്ലാ നന്മകളെയും രഹസ്യമായും പരസ്യമായും എതിർക്കുന്ന സമീപനം തുടരുകയാണെങ്കിൽ, കോൺഗ്രസ്മുക്ത കേരളമുണ്ടായാൽ അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത് നിങ്ങൾ സ്വയം വരുത്തിവയ്ക്കുന്നതാണെന്ന് മനസ്സിലാക്കാൻ കഴിയണം. ശുഭസൂചകങ്ങളായ നിരവധി പ്രഖ്യാപനങ്ങളാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ഒരു വൈജ്ഞാനിക സമൂഹം, കെ-ഫോണിലൂടെ സാങ്കേതിക പ്ലാറ്റ്ഫോം, കൂടുതൽ തൊഴിലവസരങ്ങൾ, കുടുംബശ്രീയെ ശക്തിപ്പെടുത്തൽ, തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടിയുള്ള സംരംഭങ്ങൾ തുടങ്ങി ഒട്ടേറെ നല്ല വാഗ്ദാനങ്ങൾ എൽ.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്നത് നടപ്പിലാക്കാൻ കഴിയുമെന്നുള്ള വിശ്വാസവും ജനങ്ങൾക്കുണ്ട്. അതിനെ അനുകൂലിക്കാൻ കൂടി തയ്യാറാകണമെന്ന് ഒരിക്കൽകൂടി പ്രതിപക്ഷത്തോട് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ സഭാസമ്മേളനത്തിൽ ആത്മവിശ്വാസത്തോടെ, വർദ്ധിതമായ ആത്മവീര്യത്തോടെ, എന്നാൽ ഒട്ടും അഹംഭാവമില്ലാതെ ഇടതുപക്ഷത്തേയ്ക്ക് 99 അംഗങ്ങളുമായി ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഉജ്ജ്വലമായ തുടർവിജയം നേടിയതിനുശേഷം സംഭവബഹുലമായ, ജനങ്ങൾ കാത്തിരുന്ന ജനവിധിയുമായിട്ടാണ് ഞങ്ങൾ കടന്നുവന്നിരിക്കുന്നത്. എൽ.ഡി.എഫിന്റെ കഴിഞ്ഞ പ്രകടനപത്രികയിലെ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും കൃത്യമായി പൂർത്തീകരിച്ച് പ്രോഗ്രസ്സ് റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ വച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരണത്തുടർച്ചയിലേയ്ക്ക് എത്തിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ എന്തൊക്കെയായിരുന്നു ഇവിടെ നടന്നത്? ഇപ്പോൾ ഒന്നും കാണാനില്ല. ഇ.ഡി-യും കസ്റ്റംസും എവിടെപ്പോയി എന്നറിയില്ല; സി.ബി.ഐ.-യെയും കാണുന്നില്ല. സി. & എ.ജി.യെപ്പോലും രാഷ്ട്രീയ ഉപകരണങ്ങളാക്കാൻ കോൺഗ്രസ്സും ബി.ജെ.പി-യും കൂടിച്ചേർന്ന് നടത്തിയ നാടകങ്ങൾ കേരളത്തിലെ ജനങ്ങൾ പുച്ഛിച്ചുതള്ളിയതിന്റെ ഭാഗമായിട്ടാണ് 99 സീറ്റുമായി ഇടതുപക്ഷം വീണ്ടും അധികാരത്തിലേയ്ക്ക് വന്നിരിക്കുന്നത്. എന്തെല്ലാം ദുരാരോപണങ്ങളായിരുന്നു ഉയർത്തിയിരുന്നത്. കേരളത്തിലെ ജനങ്ങൾ സ്നേഹത്തിന്റെയും മതമൈത്രിയുടെയും മാനവികതയുടെയും ലായനി ഒഴിച്ചുകൊണ്ടാണ് യു.ഡി.എഫിന്റെ നുണബോംബിനെ നിർവീര്യമാക്കിയതെന്ന് ഈയവസരത്തിൽ പറയുകയാണ്. തുടർഭരണം കിട്ടിയില്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്താകുമായിരുന്നുവെന്ന് ഞാൻ

ഓർക്കുകയാണ്. അഞ്ചുവർഷംകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ എല്ലാ വികസന-ക്ഷേമപ്രവർത്തനങ്ങളെയും തച്ചുതകർത്തുകൊണ്ട് വീണ്ടും ഈ കേരളത്തെ കടക്കെണിയിലേയ്ക്ക് തള്ളിവിടുന്ന അവസ്ഥ ചിന്തിക്കാൻപോലും കഴിയുകയില്ല. സാധാരണഗതിയിൽ യു.ഡി.എഫ്. ഭരണം കഴിയുമ്പോൾ കേരളത്തിലെ സമ്പദ്‌വ്യവസ്ഥ തകർത്ത് തരിപ്പണമാകുകയാണ് ചെയ്യാറുള്ളത്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റ ആദ്യനാളുകളിൽ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടാണ് സമസ്ത മേഖലകളും ശരിയാക്കിയെടുക്കാൻ കഴിഞ്ഞത്. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, തകർ ത്തിട്ടിരുന്ന വിദ്യാഭ്യാസമേഖല, ആരോഗ്യമേഖല, പശ്ചാത്തലമേഖല എന്നിവയെല്ലാം ശരിയായ നിലയിലെത്തിക്കാനാണ് കൂടുതൽ സമയം ചെലവഴിക്കേണ്ടിവന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് സൃഷ്ടിച്ച നവകേരളത്തിന്റെ തുടർച്ചയ്ക്ക് ഈ ഗവൺ മെന്റിന്റെ തുടർഭരണത്തിലൂടെ കഴിയുമെന്നുള്ള ആത്മവിശ്വാസമാണ് ഞങ്ങൾ ക്കുള്ളത്.

നവകേരളം അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിരിക്കുകയാണെന്ന് നമുക്കറി യാമല്ലോ. നാല് മിഷനുകൾ എത്ര ഭംഗിയായിട്ടാണ് നടപ്പാക്കിയത്. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നവരെ അധിക്ഷേപിക്കാനൊന്നും ആഗ്രഹിക്കുന്നില്ല. എന്നാൽ ഭരണപരിഷ്കാര കമ്മീഷൻ, കിഫ്ബി എന്നിവ വന്നപ്പോൾ ഭരണപക്ഷത്തെ എത്ര മോശമായ വാക്കുകൾ ഉപയോഗിച്ചുകൊണ്ടാണ് അപ്പുറത്തിരിക്കുന്ന പല അംഗങ്ങളും വിമർശിച്ചത്. യു.ഡി.എഫിന്റെ ഒന്നാം നിരയിലിരുന്ന മുൻ പ്രതിപക്ഷ നേതാവ് രണ്ടാം നിരയിലേയ്ക്ക് പോയതിനെ ഞങ്ങൾ ഈയവസരത്തിൽ വിമർശിക്കാൻ ആഗ്രഹിക്കുന്നില്ല. ഒരു പ്രതിപക്ഷനേതാവിനെ തെരഞ്ഞെടുക്കാൻപോലും കഴിഞ്ഞിട്ടില്ലെങ്കിലും വാചകമടിക്ക് ഇപ്പോഴും കുറവൊന്നുമില്ല. നല്ല പ്രതിപക്ഷമായി തുടരുക എന്നുമാത്രമേ പറയാനുള്ളൂ. അപ്പോഴല്ലേ ഞങ്ങൾക്കും നിങ്ങളിൽനിന്ന് ഊർജ്ജം ലഭിക്കുകയുള്ളൂ. കേരളത്തിൽ നാല് മിഷനുകൾ വളരെ ഭംഗിയായി നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷനെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല; ഇവിടെ എല്ലാ അംഗങ്ങളും പറഞ്ഞുകഴിഞ്ഞ കാര്യമാണ്. വറ്റിവരണ്ട തോടുകൾ, പുഴകൾ എല്ലാം പുനരുജ്ജീവിപ്പിക്കാൻവേണ്ടിയുള്ള പരിശ്രമം ലക്ഷ്യത്തിലേയ്ക്ക് എത്തിയിരിക്കുന്നു. പൊതുജനാരോഗ്യനയം എത്ര ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനമായിരുന്നു ഇത്. എന്റെ തൊട്ടടുത്ത് അമ്പലപ്പുഴ അംഗം ശ്രീ. എച്ച്. സലാം ഇരിപ്പുണ്ട്. അദ്ദേഹത്തിനറിയാം, യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് ആരുടെയെങ്കിലും ഇടതുകാൽ ഒടിഞ്ഞ് ആശുപത്രിയിൽ ചെന്നാൽ വലതുകാലിലായിരുന്നു പ്ലാസ്റ്ററിട്ട് വിട്ടിരുന്നത്. എന്നാലിപ്പോൾ അതെല്ലാം മാറിയിരിക്കുന്നു. അന്ന് ഒരു നവജാത ശിശുവിന് ഇഞ്ചക്ഷൻ എടുക്കാൻ പോയപ്പോൾ കുഞ്ഞിന്റെ തുടയിൽ സൂചി ഒടിഞ്ഞുകയറിയിരുന്നു. യു.ഡി.എഫിന്റെ ഭരണകാലത്തെ കാര്യമാണ് ഞാൻ

പറയുന്നത്. അതെല്ലാം ഇപ്പോൾ മാറിയിരിക്കുന്നു. ഏറ്റവും മികച്ച മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവയെ മികച്ച നിലവാരത്തി ലെത്തിക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. എല്ലാം മാറിയെന്ന് ഞങ്ങൾക്ക് പറയാൻ കഴിയില്ല. കാരണം, 2016-ൽ അത്രയും ശോചനീയ അവസ്ഥയിലായിരുന്നല്ലോ യു.ഡി.എഫ്. ഞങ്ങളുടെ കയ്യിലേയ്ക്ക് ഭരണം തന്നത്. അതെല്ലാം മെച്ചപ്പെടുത്താൻ വലിയ രീതിയിൽ ശ്രമിച്ചിട്ടുണ്ടെന്ന് ഈയവസരത്തിൽ പറയുകയാണ്. അടിസ്ഥാനപരമായ മാറ്റം വന്നത് പി.എച്ച്.സി.-കൾക്കാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കിയ വിപ്ലവകരമായ മാറ്റത്തിന് കേരള സംസ്ഥാനം സാക്ഷ്യം വഹിച്ചു. പി.എച്ച്.സി.-കളിൽ ഉച്ചയ്ക്ക് 12 മണിവരെ മാത്രമുണ്ടായിരുന്ന ഡോക്ടർമാരുടെ സേവനം വൈകുന്നേരം 6 മണിവരെയാക്കി. യു.ഡി.എഫിന്റെ ഭരണകാലത്ത് ഉച്ചയ്ക്ക് 12 മണി കഴിഞ്ഞാൽ ഡോക്ടർമാരെ കാണണമെങ്കിൽ മഷിയിട്ട് നോക്കണം. ആർദ്രം മിഷനിലൂടെ മരുന്നും ഡോക്ടർ മാരുമുള്ള നിലയിലേയ്ക്ക് മാറ്റം കൊണ്ടുവരാൻ കഴിഞ്ഞു. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. മികവിന്റെ കേന്ദ്രങ്ങളാക്കിയെന്ന് വെറുതെ പറഞ്ഞാൽ മതിയോ? ഉദാഹരണസഹിതമാണ് ഞാൻ പറയുന്നത്. 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി. ആയിരം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, അഞ്ഞൂറ് കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എന്ന തരത്തിൽ കണക്കെടുത്ത് കോടിക്കണക്കിന് രൂപയുടെ പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് മാറ്റുന്ന പ്രവർത്തനത്തിന് ഗവൺമെന്റ് തുടക്കം കുറിച്ചു. യു.ഡി.എഫിന്റെ ഭരണകാലത്തെ വിദ്യാഭ്യാസ മേഖലയിലെ കൊഴിഞ്ഞുപോക്കിന് വിരാമമിടാനും ആറര ലക്ഷത്തിലധികം കുട്ടികളെ സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് കൊണ്ടുവരാനും കഴിഞ്ഞത് സ്തുത്യർഹമായ മാറ്റമാണ്. ആറര ലക്ഷം കുട്ടികൾ അൺ-എയ്ഡഡ് സ്കൂളുകളിൽനിന്നാണ് സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയത്. (...ബഹളം....) യു.ഡി.എഫിനെ ആക്ഷേപിക്കാൻ വേണ്ടി പറയുന്നതല്ലെന്ന് ഞാൻ ആദ്യം സൂചിപ്പിച്ചിരുന്നു. സത്യം വിളിച്ചുപറയുമ്പോൾ അസ്വസ്ഥത തോന്നിയിട്ട് കാര്യമില്ല. തുടർഭരണം കിട്ടിയില്ലായിരുന്നുവെങ്കിലുള്ള കേരളത്തിലെ അവസ്ഥയെ ക്കുറിച്ച് ആലോചിച്ച് വിഷമം തോന്നും. തുടർഭരണം ലഭിച്ചതിനാൽ ആ വിഷമമെല്ലാം മാറി. 2011-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽനിന്ന് പടിയിറങ്ങുമ്പോൾ 48,000 കോടി രൂപയായിരുന്ന കാർഷിക മേഖലയിലെ വരുമാനം 2016-ൽ 43,000 കോടി രൂപയായി കുറഞ്ഞു. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ വരുമാനം എങ്ങനെയാണ് കുറയുന്നത്? 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ

വന്നപ്പോൾ 5,000 കോടി രൂപയുടെ നഷ്ടമാണ് യു.ഡി.എഫ്. കേരളത്തിന് ഉണ്ടാക്കിവച്ചിരുന്നത്. കേരളത്തിൽ 8 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി യുണ്ടായിരുന്നു. അതിന് യു.ഡി.എഫ്-നെ മാത്രം കുറ്റം പറയുന്നില്ല. പല കാരണങ്ങളാൽ നെൽക്കൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞു. 2016-ൽ യു.ഡി.എഫ്. ഭരണമൊഴിയുമ്പോൾ 1.97 ലക്ഷം ഹെക്ടർ മാത്രമുണ്ടായിരുന്ന നെൽക്കൃഷി എൽ.ഡി.എഫിന്റെ ഭരണകാലയളവിൽ 2.28 ലക്ഷം ഹെക്ടറിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞു. കാലാവസ്ഥയും പ്രകൃതിയും അനുകൂലമായിരുന്നോ? എന്തെല്ലാം വിഷമഘട്ടങ്ങളിലൂടെയാണ് കേരളം കടന്നുപോയത്. അവയൊക്കെ അതിജീവിച്ച് മുന്നേറാൻ നമുക്ക് കഴിഞ്ഞു. നമ്മൾ പലപ്പോഴും പറയുന്നതുപോലെ എല്ലാവർക്കും ഒഴുക്കിനൊപ്പം നീന്താം. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഒഴുക്കിനെതിരെ നീന്തിയാണ് ഇത്തരത്തിലുള്ള വിപ്ലവകരമായ മാറ്റങ്ങൾ കേരളത്തിലുണ്ടാക്കിയത്. യു.ഡി.എഫിന്റെ ഭരണകാലത്ത് ആറുലക്ഷം മെട്രിക് ടൺ ആയിരുന്നു പച്ചക്കറിയുടെ ഉല്പാദനം. പ്രകടനപത്രിക ഇറക്കിയപ്പോൾ ഞങ്ങൾ അതുചെയ്യും ഇതുചെയ്യുമെന്നൊക്കെയുള്ള ഗീർവാണമുണ്ടായിരുന്നു. പക്ഷേ, നിങ്ങൾ യാതൊന്നും ചെയ്തിട്ടില്ലായിരുന്നു. 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷമുള്ള കണക്കെടുത്തു പരിശോധിച്ചാൽ മനസ്സിലാകും. പച്ചക്കറി ഉല്പാദനം 12 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞുവെന്ന് മാത്രമല്ല, 13 ഇനം പച്ചക്കറികൾക്ക് ഇന്ത്യയിൽ ആദ്യമായി താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് കർഷക രോടൊപ്പം നില്ക്കാനും കഴിഞ്ഞു. ഇന്ന് ഐതിഹാസികമായൊരു സമരം ഡൽഹിയിൽ നടക്കുമ്പോൾ, കർഷകരെ ചേർത്തുപിടിച്ചുകൊണ്ട്, കാർഷികനയം നടപ്പിലാക്കുന്ന കേരളത്തിൽ അഭിമാനത്തോടെ നിന്നുകൊണ്ടാണ് ഇക്കാര്യം പറയുന്നത്. 46000 ഹെക്ടർ മാത്രമായിരുന്ന പച്ചക്കറിയുല്പാദനം 85000 ഹെക്ടറിലേയ്ക്ക് കൊണ്ടുവരാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞതിന്റെ ഭാഗമായിട്ടാണ് ജനങ്ങൾ വിശ്വസിച്ച് ഈ തുടർഭരണം എൽ.ഡി.എഫിനെ ഏൽപ്പിച്ചിരിക്കുന്നത്. ക്ഷീരമേഖലയെക്കുറിച്ച് എല്ലാവരും വാചകമടിക്കുന്നത് കേൾക്കാമല്ലോ. 2011-ൽ 27 ലക്ഷം ലിറ്റർ പാൽ ഉല്പാദിപ്പിച്ചിരുന്ന കേരളത്തിൽ 2016 ആയപ്പോൾ 25 ലക്ഷം ലിറ്ററായി കുറഞ്ഞു. എൽ.ഡി.എഫിന്റെ ഭരണ കാലത്ത് 27 ലക്ഷം, യു.ഡി.എഫിന്റെ കാലത്ത് 25 ലക്ഷം. അന്യസംസ്ഥാനങ്ങളിൽ നിന്നുംവരുന്ന പാലിന്റെ അളവ് പ്രതിദിനം 9 ലക്ഷം ലിറ്ററിൽനിന്ന് 3 ലക്ഷം ലിറ്ററായി കുറയ്ക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല, 87 ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ള സംസ്ഥാനത്ത് 82 ലക്ഷം ലിറ്റർ പാൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നത് ആശാവ ഹമല്ലേ? ഈയൊരു സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങൾ തുടർഭരണം നൽകാതിരിക്കുമോ?

കോവിഡ് കാലത്ത് പഞ്ചായത്തുകളെ മറന്നുകൊണ്ട് മുന്നോട്ട് പോകാനാകില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെപ്പോലെ അധികാര വികേന്ദ്രീകരണത്തെ ഇത്രയധികം ചേർത്തുപിടിച്ച ഒരു ഭരണം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? യു.ഡി.എഫ്. ഭരണകാലത്ത് 5,000 കോടി രൂപയാണ് പഞ്ചായത്തുകൾക്കുണ്ടായിരുന്നത്. അന്ന് പഞ്ചായത്തുകൾക്ക് വാല്യക്കാരുടെ റോളായിരുന്നു. വാല്യക്കാരുടെ റോൾ എന്നുപറഞ്ഞ് അവരെ ആക്ഷേപിക്കുകയാണെന്ന് പറയരുത്. അടിമകളെപ്പോലെയാണ് പഞ്ചായത്തുകളെ കണ്ടിരുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് പഞ്ചായത്തുകൾക്ക് 10,000 കോടി രൂപ നൽകി. ഞാൻ എപ്പോഴും ആലോചിക്കും, കേരളത്തിൽ വിശക്കുന്നവരുണ്ടോയെന്ന് ആരെങ്കിലും വിളിച്ച് ചോദിച്ചിട്ടുണ്ടോയെന്ന്. ഇന്ത്യയിലെവിടെയെങ്കിലും അങ്ങനെ വിളിച്ചുചോദിച്ചിട്ടുണ്ടോ? കേരളത്തിലെ ഗവൺമെന്റ് കോവിഡ് കാലത്ത് വിശന്നിരിക്കുന്നവരുണ്ടോയെന്ന് ചോദിച്ചു. ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക മാത്രമല്ല വിശക്കുന്ന ഒരു വയറുപോലുമുണ്ടാകരുതെന്നും ഗവൺമെന്റ് ആഗ്രഹിച്ചു. സാമൂഹ്യ അടുക്കളകൾ തുറക്കാൻപറഞ്ഞു. അത് ജനകീയ ഹോട്ടലുകളാക്കി മാറ്റി. സാമൂഹ്യ അടുക്കളകൾവഴി സൗജന്യമായി ലക്ഷക്കണക്കിന് ആളുകളുടെ വീടുകളിലേയ്ക്ക് ഭക്ഷണം എത്തിച്ചുനൽകി. അതാണ് മികച്ച ഭരണസംവിധാനം, അതാണ് ധനമാനേജ്മെന്റ്. അവിടെയാണ് ഈ ഗവൺമെന്റ് വിജയിച്ചിട്ടുള്ളത്. റേഷൻ കാർഡ് ഇല്ലെന്ന് പറഞ്ഞ 7 ലക്ഷം പേർക്ക് 24 മണിക്കൂർകൊണ്ട് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു.

<u>മി. ചെയർമാൻ</u>: പ്ലീസ്.... പ്ലീസ്...........

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ബി.ജെ.പി. അക്കൗണ്ട് തുറക്കുന്ന കാര്യത്തെക്കുറിച്ച് പറയുകയുണ്ടായല്ലോ. 2016-ൽ കോൺഗ്രസ്സിന്റെ വോട്ട് നേമം നിയോജകമണ്ഡലത്തിൽ കണ്ടില്ല. അത് ആർക്കാണ് മറിച്ചുകൊടുത്തത്? 2016-ൽ ശ്രീ. ഒ. രാജഗോപാലിന് 47.46 ശതമാനം വോട്ടാണ് ലഭിച്ചത്. 2011-ൽ എൽ.ഡി.എഫ്.-ന് 37.49 ശതമാനം വോട്ട് ലഭിച്ചപ്പോൾ യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് 9.7 ശതമാനം വോട്ട് മാത്രമേയുണ്ടായിരുന്നുള്ളൂ. ബാക്കി വോട്ട് എവിടെപ്പോയി? ബി.ജെ.പി-ക്ക് 47.46 ശതമാനവും എൽ.ഡി. എഫിന് 41.39-ഉം ലഭിച്ചു. അതായത് ആദ്യമായി ബി.ജെ.പി-ക്ക് കേരളത്തിൽ അക്കൗണ്ട് തുറക്കാൻ സംഭാവന ചെയ്തത് യു.ഡി.എഫ്. ആണ്. ഇന്ന് ലക്ഷദ്വീപ് വിഷയത്തിൽ സത്യസന്ധമായ നിലപാട് സ്വീകരിച്ച പ്രതിപക്ഷത്തെ അഭിനന്ദിക്കുകയാണ്. നിങ്ങൾ പണ്ടുമുതൽ കേന്ദ്രസർക്കാരിനെ എതിർക്കണമായിരുന്നു. അന്ന് നിങ്ങളുടെ പ്രധാന ശത്രു ഇടതുപക്ഷമായിരുന്നല്ലോ? ഏതുവിധേനയും കേരളത്തിൽ ഇടതുപക്ഷത്തെ ഇല്ലാതാക്കുക എന്നതായിരുന്നല്ലോ നിങ്ങളുടെ നയം. എന്റെ നിയോജക മണ്ഡലമായ കായംകുളത്തും യു.ഡി.എഫ്. വോട്ട് കച്ചവടം നടത്തിയിരിക്കുന്നു.

അവിടെ 2016-ൽ യു.ഡി.എഫിന് 46.53 ശതമാനവും ബി.ജെ.പി-ക്ക് 12.75 ശതമാനവും 2021-ൽ യു.ഡി.എഫിന് 47 ശതമാനവും ബി.ജെ.പി.ക്ക് 7 ശതമാനവും വോട്ട് മാത്രമാണ് ലഭിച്ചത്. കായംകുളം മാത്രമല്ല, തൃപ്പൂണിത്തുറയടക്കം കേരളത്തിലെ പ്രധാനപ്പെട്ട നിരവധി നിയോജകമണ്ഡലങ്ങളിൽ ഒരു മടിയുംകൂടാതെ ബി.ജെ.പി-യുമായി ചേർന്ന് വോട്ട് കച്ചവടം നടത്തിയശേഷം ഇവിടെ വന്ന് പ്രസംഗിക്കുകയാണ്. ശ്രീനാരായണ ഗുരുദേവന്റെ ആത്മോപദേശശതകത്തിൽ " അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരനുസുഖത്തിനായ് വരേണം" എന്നുപറയുന്നുണ്ട്. എന്റെ സുഖവും ഞാനല്ലാത്തവന്റെ സുഖവും ഒന്നായിത്തീരുന്നത് എപ്പോഴാണോ അപ്പോഴാണ് നിരുപാധികമായ കൃപയുണ്ടാകുന്നത്. നിരുപാധികമെന്നു പറഞ്ഞാൽ യു.ഡി.എഫ്-നെപ്പോലെ തെരഞ്ഞെടുപ്പ് വരുമ്പോൾ 6,000 രൂപ കൊടുക്കാം എന്നു പറയുന്നതല്ല. തെരഞ്ഞെടുപ്പ് ലക്ഷ്യംവച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തുന്ന രീതി ഇടതുപക്ഷത്തിനില്ല. യു.ഡി.എഫ്-ന് നിരുപാധികമായ കൃപ ജീവിതത്തിൽ ഒരിക്കലും ജനങ്ങളോടുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെയാണ് 2016-ലും 2021-ലും ജനങ്ങൾ അവരെ അകറ്റിനിർത്തിയത്. ഉഡായിപ്പ് ഡെവലപ്മെന്റ് ഫ്രണ്ട് എന്നാണ് ഇടതുപക്ഷത്തിലെ എന്റെ സുഹൃത്തുക്കൾ യു.ഡി.എഫിനെക്കുറിച്ച് പറയുന്നത്. ഇനിയെങ്കിലും ഈ തട്ടിപ്പുപരിപാടികളും തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ മാത്രം ജനങ്ങളെ ആലിംഗനം ചെയ്യുന്ന രീതികളും മാറ്റി ശരിയായ രൂപത്തിൽ ക്രിയാത്മകമായ പ്രതിപക്ഷമായി നിങ്ങൾ വരണം. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതുപോലെ, ഞങ്ങളുടെ ശത്രു കോൺഗ്രസ് അല്ല ജാതിയും വർഗ്ഗീയതയുമൊക്കെ തുടച്ചുനീക്കാൻ സാധിക്കുന്ന തരത്തിലേയ്ക്ക് ഒന്നിച്ചുപ്രവർത്തിക്കാൻ, നല്ല പ്രതിപക്ഷമായി മാറാൻ നിങ്ങൾക്ക് കഴിയട്ടെ എന്നുകൂടി ഈ അവസരത്തിൽ ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. എല്ലാവരും സൂചിപ്പിച്ചത് പോലെ ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരി, നിപ വൈറസ്, പ്രളയം, ഓഖി ദുരന്തം തുടങ്ങിയ പ്രതിസന്ധികളെയെല്ലാം തരണംചെയ്യാൻ വിശാലമനസ്കരായ, കാരുണ്യപ്രവർത്തനത്തിന് താൽപ്പര്യമുള്ള കേരളീയ സമൂഹത്തിന്റെ പരിപൂർണ്ണമായ പിന്തുണയാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന് ലഭിച്ചത്. മലയാളികൾ രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന, മലയാളികളെ സ്നേഹിക്കുന്ന മുഴുവൻ പേരുടെയും പരിപൂർണ്ണമായ പിന്തുണയും സഹായവും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രതിസന്ധികളെയെല്ലാം ജനകീയമായി

തരണം ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചത്. ഈ പ്രതിസന്ധികൾക്കിടയിലും നാട്ടിലെ വികസന പ്രവർത്തനങ്ങളൊന്നും തടസ്സപ്പെട്ടിട്ടില്ല എന്നതാണ് അടിവരയിട്ടുപറയേണ്ടത്. പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കാനുള്ള ശ്രമമാണ് നടത്തിയത്. അത് ജനങ്ങൾക്ക് ബോധ്യമാകുകയും ചെയ്തു. അസാധ്യമെന്നുകണ്ട് വിവിധ സംസ്ഥാന ഗവൺമെന്റുകൾ മുൻകാലങ്ങളിൽ മാറ്റിവച്ച എല്ലാ പദ്ധതികളും നടപ്പിലാക്കിയെന്നതാണ് പ്രധാന സവിശേഷത. ദേശീയപാത, മലയോര ഹൈവേ, തീരദേശപാത, ജലപാത, ഗെയിൽ പദ്ധതി തുടങ്ങി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കാനുള്ള ധീരമായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോയി. കിഫ്ബി എന്ന പുതിയ ധനാഗമമാർഗ്ഗത്തിലൂടെ ഫണ്ട് സമാഹരിച്ചുകൊണ്ടാണ് വികസനവും അതോടൊപ്പം ജനങ്ങളുടെ ക്ഷേമവും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. വികസനമെന്ന് പറഞ്ഞാൽ റോഡുകളും പാലങ്ങളും കെട്ടിടങ്ങളും മാത്രമല്ല, രാജ്യത്തെ ജനങ്ങളുടെ ആരോഗ്യവും പ്രധാനമാണെന്ന് മനസ്സിലാക്കി ആരോഗ്യരംഗത്ത് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞു. നിരവധി വികസന-ക്ഷേമ പദ്ധതികൾ യാഥാർത്ഥ്യമാക്കി. ഗവൺമെന്റിന്റെ സഹായം ലഭിക്കാത്ത ഒരു വ്യക്തിയും കുടുംബവും കേരളത്തിലില്ല എന്നതാണ് ഈ സർക്കാരിന്റെ സവിശേഷത. സ്കാൻഡിനേവിയൻ രാജ്യങ്ങളെക്കുറിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുകയുണ്ടായി. എന്നാൽ അതിനെ വെല്ലുന്ന തരത്തിലാണ് ഈ പ്രതിസന്ധിഘട്ടത്തിലും ഞങ്ങൾ ഒപ്പമുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളോടും നീതി പുലർത്തിക്കൊണ്ട് അവരെ സംരക്ഷിക്കാനും കൈപിടിച്ചുയർത്താനും ഈ ഗവൺമെന്റ് മുന്നോട്ടുവന്നത്. അതാണ് നമുക്ക് കാണാൻ കഴിയുന്ന സവിശേഷതകൾ. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. 1957-ൽ തുടക്കം കുറിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കുന്ന സോഷ്യലിസ്റ്റ് കാഴ്ചപ്പാടോടുകൂടിയുള്ള ഗവൺമെന്റാണിതെന്ന് പ്രഖ്യാപിച്ചുകൊണ്ട് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സമസ്തമേഖലകളിലും വികസനം നടപ്പിലാക്കി.

'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്,

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല'

എന്ന് കവി പാടിയിട്ടുള്ളതുപോലെയാണ്. പ്രയാസപ്പെടുന്ന മനുഷ്യർക്ക് വീട് നൽകാനുള്ള സംവിധാനം, 'എല്ലാവർക്കും വീട്, എല്ലാവർക്കും ഭൂമി' എന്ന മുദ്രാവാക്യം നടപ്പിലാക്കാൻ തീരുമാനിച്ചു. അത് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ ആ പദ്ധതിക്കെതിരെ നിങ്ങൾ രംഗത്തുവന്നു; നിങ്ങൾ കിഫ്ബിക്ക് എതിരായിരുന്നു; കേരളത്തിന്റെ വികസനം എങ്ങനെ ഉറപ്പുവരുത്തും; കേരളത്തിലെ ജനസമൂഹം നിങ്ങളെ എങ്ങനെ അംഗീകരിക്കും? ഏറ്റവുമൊടുവിൽ കോവിഡ് മഹാമാരി

അതിന്റെ രൂക്ഷതയിലേയ്ക്ക് കടന്നുവന്നപ്പോഴും അതുതന്നെയായിരുന്നു നിലപാട്. മനുഷ്യന് ജീവിക്കാനുള്ള സാഹചര്യമൊരുക്കണ്ടേ; സൗജന്യ റേഷൻ കൊടുക്കാൻ പോകുമ്പോൾ അതിനെതിരെ കോടതിയിൽ പോയി. ആരെ സഹായിക്കാനാണ് യു.ഡി.എഫ്. കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്? ആദ്യം നിങ്ങൾക്ക് വേണ്ടത് ജനങ്ങളോടുള്ള കൂറാണ്. മനുഷ്യജീവിതത്തോടുള്ള കൂറാണ്. അതാണ് രാഷ്ട്രീയം. രാഷ്ട്രീയത്തിൽ കക്ഷിരാഷ്ട്രീയവും രാഷ്ട്രീയവുമുണ്ട്. രാഷ്ട്രസംബന്ധിയായ ഈ പ്രശ്നത്തിൽനിന്നും ഒളിച്ചോടുന്ന നിലപാടുകൾ നിങ്ങൾ സ്വീകരിച്ചു. അതു കൊണ്ടുതന്നെ നിങ്ങളെ ജനങ്ങൾ വെറുത്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബി.ജെ.പി-യുമായുള്ള ബാന്ധവത്തെക്കുറിച്ച് സൂചിപ്പിച്ചു. നിങ്ങൾതന്നെ ഓർക്കണം, കോൺഗ്രസ്-ലീഗ്-ബി.ജെ.പി. ബാന്ധവം തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല. ബേപ്പൂർ-വടകര മോഡലിൽ ആരംഭിച്ചതാണ്. അത് ഏറ്റവും ശക്തമായ തോതിലാണ് ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ കൊണ്ടുവന്നത്. നാദാപുരത്തെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങളുടെ സ്ഥാനാർത്ഥിയോടോ പ്രാദേശികമായോ ആലോചിച്ചാൽ മതി, ഇല്ലെങ്കിൽ തെരഞ്ഞെടുപ്പ് റിവ്യൂ നടത്തുമ്പോൾ നിങ്ങൾക്ക് തെറ്റ് പറ്റും. ഇത്തരമൊരു നിലപാട് സ്വീകരിച്ചതിനെക്കുറിച്ച് കോൺഗ്രസ് പാർട്ടി ക്കകത്ത് ഒരു ചർച്ച വരണമെന്ന ഉദ്ദേശ്യത്തോടുകൂടിയായിരിക്കാം ഒരുപക്ഷേ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബോധപൂർവം ഇങ്ങനെ പറഞ്ഞിട്ടുണ്ടാകുക എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാതെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അങ്ങനെയൊരു തെറ്റ് പറ്റുമെന്ന് ഞാൻ വിചാരിക്കുന്നില്ല. വളരെ ബോധപൂർവ്വം ഇത്തരം ചില പിശകുകൾ നിങ്ങളുടെ ഭാഗത്തുവന്നുവെന്നത് ലീഡർഷിപ്പിനെ ബോധ്യപ്പെടുത്തു ന്നതിനുള്ള ശ്രമമായിരിക്കാം നടത്തിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 99 അംഗങ്ങളാണ് ഇടതുപക്ഷത്തിന്റെ ഭാഗത്തുള്ളത്. ബി.ജെ.പി.-യുമായുള്ള നിങ്ങളുടെ ധാരണയുടെ അടിസ്ഥാനത്തിലാണ് പത്ത് അല്ലെങ്കിൽ പതിനൊന്ന് സീറ്റ് ഞങ്ങൾക്ക് കുറഞ്ഞുപോയത്. അല്ലെങ്കിൽ 111 സീറ്റുവരെ എത്തുമായിരുന്നു. അതിന് ഏതെങ്കി ലുമൊരു ദിവസം യു.ഡി.എഫ്.-ന് കണക്കുപറയേണ്ടി വരും. ഇന്ന് രാവിലെ ഗവൺമെന്റ് പ്രമേയം അവതരിപ്പിക്കുമ്പോൾ എത്രമാത്രം ഐക്യത്തോടുകൂടിയാണ് പ്രവർത്തിച്ചത്. ഈ ദീർഘവീക്ഷണം നമുക്കുണ്ടാകണം. മുഖ്യശത്രു ബി.ജെ.പി.-യെന്ന നിലയ്ക്ക് അതിനെ നഖശിഖാന്തം എതിർക്കാനുള്ള സമീപനം സ്വീകരിക്കാതെ, നാട്ടിലെ സാധാരണ മനുഷ്യരെ അവരോടൊപ്പം യോജിപ്പിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്ന ഈ അപരാധം നിങ്ങൾ ആവർത്തിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സംസ്ഥാനത്തെ വിലക്കയറ്റത്തെപ്പറ്റി അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ആരാണ് വിലക്കയറ്റത്തിന്റെ ഉത്തരവാദി? ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വില ഈ മാസം മാത്രം പത്തുപതിനഞ്ചു പ്രാവശ്യം വർദ്ധിക്കുകയുണ്ടായി. ആരാണ് അതിന് തുടക്കംകുറിച്ചത്? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണാധികാരം എടുത്തുകളഞ്ഞത് ആരാണ്? അതിന്റെ അടിസ്ഥാനത്തിലല്ലേ ഇപ്പോൾ ഗൗതം അദാനിക്കും മുകേഷ് അംബാനിക്കും ഇഷ്ടംപോലെ വിലകയറ്റാനുള്ള സാഹചര്യമൊരുങ്ങിയത്. അതിന്റെ ഭാഗമായാണ് നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് കേരളം പോലെയുള്ള ഉപഭോക്തൃ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുൾപ്പെടെയുള്ളവയുടെ വില വർദ്ധിക്കുന്നതെന്ന കാര്യം നാം മറക്കരുത്. 'സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിൽ ഒന്നാമത് കേരളം' എന്ന് ന്യൂഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ വാർഷിക ഇന്ത്യൻ പരിസ്ഥിതി സർവ്വേയിലാണ് പറഞ്ഞത്. ഹിമാചൽപ്രദേശ്, ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിലുള്ളത്. യു.പി., ബീഹാർ, ഝാർഖണ്ഡ്, അരുണാചൽ പ്രദേശ്, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളാണ് ഏറ്റവും മോശം പ്രകടനം കാഴ്ചവച്ചതെന്നും അവർ വിലയിരുത്തുന്നു.

കോവിഡ് കാലയളവിൽ സുസ്ഥിര വികസനപ്രവർത്തനങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പട്ടിണി ഒഴിവാക്കൽ, വിശപ്പുരഹിത കേരളം, ഇരുപത് രൂപയ്ക്ക് ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഭക്ഷണം കിട്ടാതെ ആരും പ്രയാസപ്പെടാൻ പാടില്ലെന്നതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു. ആർദ്രം പദ്ധതിയെ സംബന്ധിച്ചും മറ്റ് ജനക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഒരു പെൻഷനും ലഭിക്കാത്തവർക്ക് പെൻഷൻ നൽകുന്ന നിലപാട് സ്വീകരിച്ചില്ലേ? പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളം കൈവരിച്ച നേട്ടങ്ങളും എടുത്തുപറയേണ്ടതാണ്. സ്ത്രീ-പുരുഷ സമത്വം തുടങ്ങി പതിനാറ് സൂചികകൾ അടിസ്ഥാനമാക്കിയാണ് സർവ്വെ നടത്തിയത്. അതിലാണ് ഈ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞതെന്ന് സൂചിപ്പിക്കുകയാണ്. 192 രാജ്യങ്ങളുടെ പട്ടികയിൽ പട്ടിണിയുടെ കാര്യത്തിൽ 117-ാം സ്ഥാനത്താണ് ഇന്ത്യ; അതുപോലെതന്നെ മലിനീകരണ കാര്യത്തിലും. ഇത് നാൽപ്പത് വർഷത്തെ തുടർച്ചയായ കണക്കുകളാണെന്നുള്ള കാര്യം നിങ്ങൾ മറന്നുപോകരുത്. സാമ്പത്തികശാസ്ത്ര നോബൽ ജേതാവും ഒളിമ്പ്യൻ സർവ്വകലാശാലയിലെ പ്രൊഫസറുമായ Joseph Eugene Stiglitz രേഖപ്പെടുത്തിയത് മികച്ച രീതിയിലുള്ള ആസൂത്രണമാണ് കേരളത്തെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലോകത്തെ പല രാജ്യങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നതെന്നാണ്.

പങ്കാളിത്ത ജനാധിപത്യം, അധികാര വികേന്ദ്രീകരണം, വിദ്യാഭ്യാസം, ശാസ്ത്രാവബോധം എന്നിവ കേരളത്തിന്റെ മാതൃകാപരമായ നേട്ടങ്ങളാണെന്ന് അതിൽ സൂചിപ്പിക്കുന്നുണ്ട്. കോവിഡാനന്തര കേരളം എങ്ങനെ മുന്നോട്ടുപോകണമെന്ന് ഗവർണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതിന് സഹായകരമായ നിലപാടാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 2050 ആകുമ്പോഴേയ്ക്കും പെട്രോളിയം മേഖല തകരാൻ പോകുകയാണ്. പ്രവാസികളുടെ ജീവിതം അത്ര ഭദ്രമല്ലാത്ത, പ്രയാസകരമായ സാഹചര്യത്തിലേയ്ക്ക് നീങ്ങുമ്പോൾ അവർക്ക് താങ്ങാകുന്ന നിലപാടുകൾ സ്വീകരിക്കുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. കോവിഡ് മഹാമാരി വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു എന്നതുകൂടി ഈ അവസരത്തിൽ എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കോവിഡ് കാലത്ത് സഭയിൽ സമയനിഷ്ഠ പാലിക്കണമെന്ന നല്ല ബോധ്യം എനിക്കുണ്ട്. അതുകൊണ്ട് ഞാൻ ഏറെ സമയം എടുക്കുന്നില്ല. ഞാൻ തയ്യാറാക്കിയ പ്രസംഗത്തിന്റെ കുറച്ചു ഭാഗംകൂടി പറയാൻ ബാക്കിയുണ്ടെങ്കിലും സമയക്ലിപ്തത പാലിക്കാൻ ബാധ്യതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. എന്നെ ജയിപ്പിച്ച കൽപ്പറ്റയിലെ ജനങ്ങളോടുള്ള കൂറും കടപ്പാടും നിർവ്വഹിക്കാനുള്ള ജനാധിപത്യത്തിന്റെ ഒരിടമാണിത്. കേരളത്തിനും വയനാടിനും കൽപ്പറ്റയ്ക്കും ജനാധിപത്യ കേരളത്തിനും പ്രതിപക്ഷ ധർമ്മ നിർവ്വഹണത്തിനും ഈ സഭയെ സർഗ്ഗാത്മക ജനാധിപത്യ സംവാദവേദിയാക്കണമെന്നുള്ള ഉത്തരവാദിത്വത്തോടുകൂടിയാണ് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്നത് പാവങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശത്തെയാണ്. 24 ശതമാനം ട്രൈബൽ വിഭാഗങ്ങൾ താമസിക്കുന്ന ഒരു സ്ഥലം. ബ്രിട്ടീഷുകാർ നിർമ്മിച്ചിട്ടുള്ള ലയങ്ങളിൽ താമസിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുള്ള ഒരു സ്ഥലം. ഒരു അപകടം സംഭവിച്ചാൽ മെഡിക്കൽ കോളേജിലേയ്ക്ക് പോകാൻ അന്യജില്ലകളിലേയ്ക്ക് പ്രയാണം ചെയ്യേണ്ടിയിരിക്കുന്ന പാവങ്ങളുടെ ഇടം. കർഷകന്റെ ദീനവിലാപങ്ങൾ ഉയരുന്ന ഒരു ജില്ല, അതിജീവനത്തിന്റെ രണ്ട് മേഖലകൾ അവിടെയുണ്ട്. ഒന്നാമത്തേത്, ടൂറിസവും രണ്ടാമത്തേത് കാർഷിക മേഖലയുമാണ്. കാർഷിക മേഖല മുമ്പേതന്നെ ക്ഷയിച്ചുവരികയായിരുന്നു. ഈ രണ്ട് മേഖലകളും കോവിഡ് മുഖാന്തരമുള്ള ലോക്ഡൗൺ കാരണം ഇന്ന് അതീവ ഗുരുതരമായ

പ്രതിസന്ധികൾ നേരിടുകയാണ്. ബദൽ റോഡുകളോ റെയിൽ കണക്ടിവിറ്റിയോ എയർ കണക്ടിവിറ്റിയോ ഇല്ലാത്ത ജില്ലയാണ്. വന്യമൃഗങ്ങൾകാരണം ബുദ്ധിമുട്ടുന്ന ഭവിക്കുന്ന ജനങ്ങൾ വസിക്കുന്ന ഹയർ എഡ്യൂക്കേഷൻ സെക്ടറിൽ കാര്യമായ പുരോഗതി കൈവരിക്കപ്പെടാത്ത ഒരു ജില്ലയാണ്. ഈ ജില്ലയിൽ അടിയന്തര ഇടപെടലുകളുണ്ടാകാനുള്ള ശ്രദ്ധയും അക്കാര്യത്തിൽ എല്ലാം മറന്നുകൊണ്ട് ഒരുമിച്ച് പ്രയാണം ചെയ്യാനുള്ള നടപടികളും ഉണ്ടാകണമെന്ന് വിനീതമായി ഈ സന്ദർഭത്തിൽ, പ്രഥമ സംസാരത്തിൽ ഈ നിയമസഭയ്ക്ക് മുമ്പിൽ അഭ്യർത്ഥിക്കുകയാണ്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട്ടിൽ വന്നപ്പോൾ 7000 കോടി രൂപയുടെ വയനാട് പാക്കേജിനെക്കുറിച്ച് പറഞ്ഞിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആ പാക്കേജിനെക്കുറിച്ച് ഒന്നുംതന്നെ സൂചിപ്പിച്ചിട്ടില്ല. ഇടുക്കി, കുട്ടനാട് പാക്കേജുകൾ പോലെ ജലരേഖയായി മാറാതെ അത് നടപ്പിലാക്കണമെന്ന് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ ഒരു ക്രിയാത്മക പ്രതിപക്ഷമായി ഇവിടെ നിലകൊള്ളും. അഴിമതിയുടെയും വർഗ്ഗീയതയുടെയും സ്വജനപക്ഷപാതത്തിന്റെയും കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാതെ, പറയേണ്ട കാര്യങ്ങൾ കൃത്യമായി സംസാരിച്ചുതന്നെ ഞങ്ങൾ മുന്നോട്ടുപോകും. ഒപ്പോസിഷൻ എന്നത് ജനാധിപത്യത്തിന്റെ ഒരു indispensable part ആണ്. ഒരു ദിവസം തനിക്കെതിരായ വിമർശനത്തിന്റെ കാർട്ടൂൺ ഒഴിവാക്കിയപ്പോൾ " Why do you spare me Shankar?" എന്നുചോദിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഉദാത്തമായ ജനാധിപത്യബോധം നമ്മുടെ മുമ്പിലുണ്ട്. ഏത് ഭരണാധികാരിയും വിമർശിക്കപ്പെടണം. ആ വിമർശനം ജനാധിപത്യത്തിന്റെ ഏറ്റവും വലിയ കരുത്താണ്. 1937-ൽ മൂന്നാം തവണയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായപ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൽക്കട്ടയിൽനിന്ന് ഇറങ്ങുന്ന 'Modern Review' എന്ന മാസികയിൽ 'ചാണക്യ' എന്നപേരിൽ ഒരു ലേഖനം എഴുതുകയുണ്ടായി. അത് ജവഹർലാൽ നെഹ്റുവിനെ നിശിതമായി വിമർശിക്കുന്ന ഒരു ലേഖനമായിരുന്നു. മറ്റൊരു പേരിൽ ജവഹർലാൽ നെഹ്റു സ്വയം വിമർശിക്കുകയായിരുന്നു. ജനാധിപത്യത്തിന് സീസറിനെ വേണ്ട എന്നതായിരുന്നു ആ ലേഖനത്തിന്റെ അടിസ്ഥാനപരമായ ഇതിവൃത്തം. അവിടെ ജവഹർലാൽ നെഹ്റു പറഞ്ഞത്, നേതാക്കൾ വിമർശിക്കപ്പെടണം എന്നുള്ളതാണ്. നേതാവ് വിമർശിക്കപ്പെടുന്നതാണ് ജനാധിപത്യത്തിന്റെ കരുത്ത്. ഞങ്ങൾ ഇവിടെ പറയുന്നതിനെ ചിലപ്പോൾ നിങ്ങൾ വിമർശനത്തിന് വിധേയമാക്കിയേക്കാം. പക്ഷേ, എ.കെ.ജി. എന്ന അതിജീവനത്തിന്റെ ഏറ്റവും വലിയ മുദ്രാവാക്യം മുഴക്കിയ കമ്മ്യൂണിസ്റ്റുകാരൻ പാർലമെന്റിനകത്ത് പറഞ്ഞ പ്രധാനപ്പെട്ടൊരു വാചകമുണ്ട്. ഞാനത് കടമെടു

ക്കുകയാണ്. " I may be speaking broken English, but not the broken truth." ഞങ്ങൾ ഇവിടെ എ.കെ.ജി-യെ കടമെടുത്തുകൊണ്ട് പറയുന്നു, ഞങ്ങൾ പറയുന്നത് സത്യസന്ധമായ കാര്യമാണ്, അർത്ഥസത്യങ്ങളല്ല, നഗ്നമായ യാഥാർത്ഥ്യങ്ങളാണ്. അതിന് നിങ്ങൾ മുഖം തരണമെന്നുള്ള വിനീതമായ അഭ്യർത്ഥന നിങ്ങൾക്കു മുന്നിൽ വയ്ക്കുകയാണ്.

നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് അതിപ്രധാനമായ ഒന്നുരണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഈ നയപ്രഖ്യാപനത്തിന്റെ ഏറ്റവും ഗൗരവതരമായ പ്രത്യേകത, ചരിത്രത്തിലാദ്യമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നയപ്രഖ്യാപനത്തിൽ അഴിമതിക്കെതിരായ പോരാട്ടത്തെ തമസ്കരിച്ചു എന്നുള്ളതാണ്. ഒരു പ്രഖ്യാപനംപോലും അഴിമതിക്കെതിരായി ഉണ്ടായില്ല. 2016-ൽ കഴിഞ്ഞ മന്ത്രിസഭ പ്രവർത്തനം തുടങ്ങുമ്പോൾ ആ മന്ത്രിസഭയുടെ നയപ്രഖ്യാപന പ്രസംഗത്തിലെ മൂന്നാമത്തെ പേജിൽ ഖണ്ഡിക നമ്പർ 7-ൽ 'അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്തതും പ്രകടവും ശക്തവുമായ ഒരു നയമായിരിക്കും എന്റെ സർക്കാർ പിന്തുടരുന്നതെന്ന് ഊന്നിപ്പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ' എന്ന് പറഞ്ഞിട്ടുണ്ട്. അതിനെത്തുടർന്ന് നിരവധി കാര്യങ്ങൾ അവിടെ ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ ആമുഖപരമായ കാര്യങ്ങളിൽ അഴിമതിക്കെതിരായ പോരാട്ടം നടത്തുമെന്ന് ചൂണ്ടിക്കാണിച്ച സർക്കാർ ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാനത്തെ പേജിന് തൊട്ടുമുമ്പ് ഒരു മൂലയ്ക്ക് ആന്റി കറപ്ഷൻ ബ്യൂറോയുമായി ബന്ധപ്പെട്ട രണ്ട് വാചകമല്ലാതെ അഴിമതിക്കെതിരായ പോരാട്ടത്തിന്റെ മറ്റ് കാര്യങ്ങൾ പറയാൻ വിസ്മരിച്ചുപോയി എന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അത് പറയാതിരുന്നതിന് ധാർമ്മികതയുടെ ഒരു ബലംകൂടിയുണ്ട്. ശ്രീ. ഇ. പി. ജയരാജൻ മുതൽ ഡോ. കെ. ടി. ജലീൽ വരെ എത്തിനിൽക്കുന്ന നിരവധി മന്ത്രിമാരുടെ രാജി നമ്മുടെ മുമ്പിലുണ്ട്. മുൻ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയും പ്രതിപക്ഷവും ഇല്ലായിരുന്നെങ്കിൽ സ്പ്രിംഗ്ളറിലൂടെ ഡാറ്റ നിങ്ങൾ കടത്തുമായിരുന്നു: പമ്പയിലെ മണൽ നിങ്ങൾ കടത്തുമായിരുന്നു : ബ്രൂവറിയും ഡിസ്റ്റിലറിയും നിങ്ങൾ കൈകാര്യം ചെയ്യുമായിരുന്നു: ഇ.എം.സി.സി. കരാറിലൂടെ കടലും കരയും നിങ്ങൾ കൊണ്ടുപോകുമായിരുന്നു. അതിനെയൊക്കെ എതിർത്ത്, അചഞ്ചലമായി പ്രതിരോധിച്ച് ഈ നാടിനെ കാത്തത് പ്രതിപക്ഷത്തിന്റെ ഏറ്റവും വലിയ ധർമ്മമാണ്. അപ്പോൾ നിങ്ങൾ അധികാരത്തിൽ വരേണ്ടതായിരുന്നില്ലേ എന്ന് സ്വാഭാവികമായും നിങ്ങൾ ഞങ്ങളോട് ചോദിക്കും. അതിന് ഞങ്ങൾക്ക് കൃത്യമായ മറുപടിയുണ്ട്. രണ്ട് കാര്യങ്ങൾ ഇവിടെ നടന്നു. ഭാരതീയ ജനതാ പാർട്ടിയും ഭൂരിപക്ഷ-ന്യൂനപക്ഷ വർഗ്ഗീയതകളുമായുള്ള നിങ്ങളുടെ അവിഹിതമായ വോട്ട് കച്ചവടമാണ് അതിൽ ഒരു പ്രധാനപ്പെട്ട കാര്യം. രണ്ടാമത്തെ കാര്യം,

പി.ആർ. (Public Relation) വർക്കിലൂടെ കേരളത്തിലെ ജനതയെ മറ്റൊരു തലത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള ഗൗരവതരമായ ശ്രമമുണ്ടായി. നല്ല കാര്യത്തെ ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ ഈ രണ്ട് കാര്യങ്ങൾ പ്രത്യേകം എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ നയപ്രഖ്യാപനത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷത, കേന്ദ്ര സർക്കാരിനെ ഒരു തരിപോലും വിമർശിക്കാത്ത ചരിത്രത്തിലെ ആദ്യത്തെ ഇടതുപക്ഷ നയപ്രഖ്യാപനമാണ് ഈ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടത് എന്നുള്ളതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്തുള്ള 2006-ലെ നയപ്രഖ്യാപന പ്രസംഗത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതിൽ 5, 6 ഖണ്ഡികകളിലായി രണ്ട് പേജുകളിൽ കേന്ദ്ര സർക്കാരിനെ നിശിതമായി വിമർശിക്കുന്നുണ്ട്. എന്നാൽ ഈ സർക്കാർ ഏത് കാര്യത്തിലും കേന്ദ്ര സർക്കാരിനെ, ശ്രീ. നരേന്ദ്ര മോദിയെ പേരെടുത്ത് വിമർശിക്കുന്നതിൽ വല്ലാതെയങ്ങ് പിറകിലേയ്ക്ക് പോയിരിക്കുന്നു എന്നത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലക്ഷദ്വീപുമായി ബന്ധപ്പെട്ട കാര്യം ഇവിടെ സൂചിപ്പിച്ചു, പൊതുവികാരം പ്രകടിപ്പിച്ചു. പക്ഷേ, ശ്രീ. നരേന്ദ്ര മോദിയുടെ പേര് പറയാമായിരുന്നു എന്നുള്ളത് ഞാൻ ചൂണ്ടിക്കാണിക്കുന്നു. നീലക്കടലിനെ രക്തക്കടലാക്കി മാറ്റാൻ, പവിഴപ്പുറ്റുകൾക്ക് പകരം മനുഷ്യ കബന്ധങ്ങളുണ്ടാക്കാൻ ശ്രീ. നരേന്ദ്ര മോദി അയച്ച ഏജന്റാണ് പ്രഫുൽ ഘോഡ പട്ടേൽ എന്നുള്ളത് ആർക്കും അറിയാത്ത കാര്യമല്ല. പക്ഷേ, ഞങ്ങൾക്കുള്ള ആശ്വാസം ലക്ഷദ്വീപിൽ കോൺഗ്രസ്സുണ്ട് എന്നുള്ളതാണ്. അതിന്റെകൂടെ നിങ്ങളും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രതിരോധത്തിൽ കണ്ണികളാകുന്നു എന്നുള്ളത് ഏറെ സന്തോഷകരമായ അനുഭവമാണ്. ഞാൻ ഒരു കാര്യം ഇവിടെ ചോദിക്കുന്നു. കോവിഡ് നിയന്ത്രണവും അതുപോലെ മുഴുവൻ ആളുകൾക്കും വാക്സിനേഷൻ കൊടുക്കേണ്ട ഉത്തരവാദിത്വവും സംസ്ഥാന സർക്കാരിനെ ഏൽപ്പിച്ച കേന്ദ്ര നയം വന്നു. അതിനെയൊന്ന് വിമർശിക്കേണ്ടതല്ലേ; എന്ന് നമുക്ക് മാസ്ക് മാറ്റാൻ സാധിക്കും; എന്ന് വാക്സിനേഷൻ പൂർത്തീകരിക്കാൻ സാധിക്കും; എന്തെങ്കിലും നടപടിയുണ്ടോ? ഒരു നടപടിയുമില്ല. കേരളം ദുരന്തങ്ങളിലൂടെ മുന്നോട്ട് പോകുകയാണ്. എല്ലാ ദുരന്തങ്ങളും ഒരുപോലെ കൈകാര്യം ചെയ്യാൻ എല്ലാ സന്ദർഭത്തിലും നമുക്ക് സാധിക്കുമോ? ഒരു സമഗ്ര ദുരന്ത നിവാരണ നയം നമുക്കിവിടെ ഉണ്ടാകണം, ഓക്സിജൻ സ്വയംപര്യാപ്തതയുണ്ടാകണം. അതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. ബി.ജെ.പി-യുടെ വോട്ട് വാങ്ങിയതാരാണെന്നത് സംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. കേസരി മാസികയുടെ ഒരു താൾ എന്റെ കയ്യിലുണ്ട് (പ്രസ്തുത മാസികയുടെ താൾ ഉയർത്തിക്കാണിച്ചു). ഈ വാരിക വായിച്ചാൽ ആരാണ് വോട്ടുകച്ചവടം നടത്തിയത് എന്നുള്ളതിന് മറ്റ് തെളിവുകൾ ഒന്നുംതന്നെ ആവശ്യമായി വരില്ല. അതിന്റെ 19-ാം പേജിൽ പറയുന്നു, 'ആരോഗ്യ

പരമായ ജനാധിപത്യത്തിനും രാഷ്ട്രീയ ഭാരതത്തിന്റെ ബഹുസ്വരതയ്ക്കും കോൺഗ്രസ് ഇല്ലാതാകുന്ന എന്നുള്ളതിന്റെ കൂടെത്തന്നെ ചരിത്രപരമായ അനിവാര്യതയാണ് അതെന്ന സന്ദേശമാണ് കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, പശ്ചിമ ബംഗാൾ, ആസ്സാം എന്നിവിടങ്ങളിലെ കോൺഗ്രസ്സിന്റെ പരാജയം'. അത് അനിവാര്യമാക്കാൻ നടത്തിയ ഇടപെടലുകൾ എല്ലാവർക്കും അറിയാം. കോൺഗ്രസ്സ് തിരിച്ചുവരും. 1967 ഫെബ്രുവരി 20-ാം തീയതി കേരള അസംബ്ലിയിൽ ലീഡർ കെ. കരുണാകരൻ അലക്സാണ്ടർ പറമ്പിത്തറയുടെ കയ്യുംപിടിച്ച് ഈ ഹാളിലേയ്ക്ക് കടന്നു വരുമ്പോൾ അന്ന് നടന്ന തെരഞ്ഞെടുപ്പിൽ 133 സീറ്റിൽ മത്സരിച്ച കോൺഗ്രസ് ആകെ ജയിച്ചത് 9 സീറ്റുകളിലായിരുന്നുവെന്നത് ആലോചിക്കണം. ഫീനിക്സ് പക്ഷിയെ പ്പോലെ കുതിച്ചുയർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഈ രാജ്യത്തിന്റെ, കേരളത്തിന്റെ അനിവാര്യമായ ഉയർച്ചയ്ക്കുവേണ്ടി പ്രതിരോധം തീർക്കും എന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, വളരെ സന്തോഷത്തോടും ആത്മ വിശ്വാസത്തോടും അഭിമാനത്തോടുംകൂടി ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കു കയാണ്. മതേതര ഇന്ത്യയ്ക്ക് പ്രതീക്ഷയർപ്പിക്കാവുന്ന ഒരു സംസ്ഥാനമായി കേരളം മാറി എന്ന തെരഞ്ഞെടുപ്പ് ഫലമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ പ്രതിപക്ഷം നടത്തിയ പ്രവർത്തനത്തെക്കുറിച്ച് ഞാനിവിടെ പറയേണ്ടതില്ല. പല അംഗങ്ങളും അത് സൂചിപ്പിച്ചു. ദുരന്തങ്ങൾ ഏറ്റുവാങ്ങിയ ഒരു ഗവൺമെന്റിനെ ഒപ്പംനിന്ന് സഹായിക്കാൻ ബാധ്യസ്ഥരായ കേരളത്തിലെ പ്രതിപക്ഷം സംസ്ഥാന ഗവൺമെന്റിനെ തകർക്കാൻ കേന്ദ്ര സർക്കാരുമായി യോജിച്ച് നടത്തിയ നിരന്തര പോരാട്ടങ്ങൾ കേരളത്തിലെ ജനം മറന്നില്ല എന്നതാണ് യഥാർത്ഥത്തിൽ ഈ തെരഞ്ഞെടുപ്പ് ഫലം നമുക്ക് കാണിച്ചുതരുന്നത്. 40,000 കോടി രൂപയുടെ നഷ്ടമാണെന്ന് കേന്ദ്ര സർക്കാർ തന്നെ കണക്കാക്കിയ ദുരന്തത്തിന് കേന്ദ്രം അഞ്ചുപൈസപോലും തരില്ലെന്ന് പറഞ്ഞപ്പോൾ കെ.പി.സി.സി. ഓഫീസിലും പാണക്കാട്ടും ബിരിയാണി വച്ചുകൊടുത്ത പ്രതിപക്ഷമാണ് ഇന്ന് കേരളത്തിലുള്ളത്. യു.എ.ഇ-യിലെ ഭരണാധികാരി ആ നാട്ടിലെ ജനങ്ങളുടെ സഹായം ഇങ്ങോട്ടെ ത്തിക്കാമെന്ന് പറഞ്ഞപ്പോൾ, അത് വാങ്ങാൻ പാടില്ലെന്ന് കേന്ദ്രസർക്കാർ പറഞ്ഞതിനെ ആഘോഷിച്ചവരാണ് ഇവിടത്തെ പ്രതിപക്ഷം. കഴിഞ്ഞ അഞ്ച് വർഷക്കാലം, സർക്കാർ കൊണ്ടുവന്ന എല്ലാ പദ്ധതികൾക്കും തടസ്സം സൃഷ്ടിക്കുകയും ഈ നാട്ടിലെ ജനങ്ങളെ എങ്ങനെയൊക്കെ വെറുപ്പിക്കാൻ കഴിയുമോ അങ്ങനെ യെല്ലാം ചെയ്തവരുമാണ് പ്രതിപക്ഷം. അതിനെയെല്ലാം മറികടന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ തെരഞ്ഞെടുപ്പ് ഫലം യു.ഡി.എഫിന് എതിരെ മാത്രമുള്ള റിസൾട്ടല്ല. ഒരു ഗവൺമെന്റിനെതിരെ കള്ളവാർത്തകൾ

നൽകിയ, കള്ളപ്രചരണങ്ങളും വ്യക്തിഹത്യകളും നടത്തിയ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പാർട്ടി നേതാക്കളുടെയും കുടുംബത്തെപ്പോലും നിരന്തരമായി ആക്രമിച്ച് വാർത്തകൾ കൊടുത്ത പത്രമാധ്യമ സംഘമുണ്ടായിരുന്ന കേരളത്തിൽ. അവരെയൊന്നും ഇന്ന് കാണാനില്ല. അവർ നൽകിയ വാർത്തകൾക്ക് കേരളത്തിലെ ജനം കണക്കാക്കിയ വില, ഈ തെരഞ്ഞെടുപ്പ് റിസൾട്ടോടുകൂടി അവസാനിച്ചു. സത്യവും നീതിയും ശരിയായ രീതിയിൽ നടപ്പിലാക്കുമ്പോൾ അതിലേയ്ക്ക് വർഗ്ഗീയതയും മറ്റ് കാര്യങ്ങളും കൂട്ടിക്കലർത്തി ഈ ഗവൺമെന്റിനെ പ്രതിസന്ധിയിലാക്കുകയാണ്. ലക്ഷദ്വീപിൽ കോൺഗ്രസ്സ് ഉണ്ടെന്നുള്ളതാണ് സമാധാനമെന്ന് ശ്രീ. ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ചു. ശ്രീ. ടി. സിദ്ദിഖിനോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്, ഫാസിസത്തിനെതിരെ, വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ 19 എം.പി-മാരെ യുംകൊണ്ട് ഡൽഹിയിലേയ്ക്ക് പോയതാണ് നിങ്ങൾ. അവർ ഇപ്പോൾ എവിടെ? കേരളത്തിൽ ഇങ്ങനെയൊരു പ്രമേയം പാസ്സാക്കുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 19 എം.പി.-മാർ രാഷ്ട്രപതിയെ ചെന്നുകണ്ട് ഈ വിഷയത്തിൽ ഇടപെടണമെന്ന് പറയാനുള്ള ത്രാണി കാണിച്ചിട്ടില്ല, അതിന് സാധിക്കുകയുമില്ല. ഇവിടെ മറ്റൊരു സുഹൃത്തായ മണ്ണാർക്കാട് എം.എൽ.എ. പറഞ്ഞു, ലീഗ് ഇപ്പോഴും വലുതാകുകയാണെന്ന്. 2011-ൽ മുസ്ലീം ലീഗിന് 22 സീറ്റ്, 2016-ൽ 19-ഉം 2021-ൽ 15-ഉം സീറ്റാണ് ലഭിച്ചത്. ഇത് മേലോട്ടാണോ താഴോട്ടാണോ പോകുന്നതെന്ന് നമുക്കറിയില്ല. ലക്ഷക്കണക്കിന് വോട്ടുകളാണ് പോയത്, ഇപ്പോഴും ന്യൂനപക്ഷ സംരക്ഷണം പറഞ്ഞ് സാമുദായിക മതസംഘടനകളെ ഭിന്നിപ്പിച്ച് അവരിൽനിന്നും എന്തെങ്കിലും കടമെടുത്ത് രാഷ്ട്രീയപ്രവർത്തനം നടത്തുന്ന പൊതുപ്രവർത്തനമല്ലാതെ എന്താണ് മുസ്ലീംലീഗ് രാഷ്ട്രീയത്തിനുള്ളത്; എന്താണ് അവർക്ക് സൂചിപ്പിക്കാൻ സാധിക്കുക? സി.പി.ഐ.(എം)-നേയും ബഹു. മുഖ്യമന്ത്രിയേയും ബി.ജെ.പി-യോടൊപ്പം ചാർത്തുന്നതിലാണ് അവർക്ക് ഇപ്പോഴും സന്തോഷം. അതിനുള്ള കള്ളപ്രചരണം ഇപ്പോഴും അവസാനിച്ചിട്ടില്ല. ഈ തെരഞ്ഞെടുപ്പുഘട്ടത്തിൽ അത് പലരും തിരിച്ചറിഞ്ഞു. 16 സീറ്റുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ ഇന്നത്തെ സ്ഥിതി അവർക്കറിയാം. സാമുദായിക കക്ഷികൾ അത് മനസ്സിലാക്കാൻ തുടങ്ങി. സുന്നികളെയും മുജാഹിദിനെയും 16 കഷണം വീതമാക്കി. ഒരു ടീമിനെ നിലനിർത്തി മുസ്ലീം സമുദായത്തെ 16 കഷണമാക്കി, അതിൽ ഏറ്റവും മോശപ്പെട്ടവരെ അതിന്റെ നേതാക്കളായി തെരഞ്ഞെടുത്തുകൊണ്ടാണ് ഇവരുടെ രാഷ്ട്രീയ അജണ്ട നടപ്പിലാക്കുന്നത്. അല്ലെന്ന് പറയാൻ സാധിക്കുമോ? ന്യായമായ വിഷയങ്ങളിൽ ഇടതുപക്ഷത്തിന് അനുകൂലമായി ശ്രീ. സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഇടപെട്ടപ്പോഴൊക്കെ അദ്ദേഹത്തെ വ്യക്തിഹത്യ നടത്തി; ശ്രീ. കാന്തപുരം എ. പി. അബൂബക്കർ മുസ്‌ലിയാരെയും വ്യക്തിഹത്യ നടത്തി. ശ്രീ. പി. കെ. കുഞ്ഞാ

ലിക്കുട്ടിയോട് ഞാൻ ഒന്നു ചോദിക്കട്ടെ, എങ്ങനെയാണ് ഇ. അഹമ്മദ് മരിച്ചത്? പാർലമെന്റിൽവച്ച് നെഞ്ചുവേദനകൊണ്ട് പിടഞ്ഞ അദ്ദേഹത്തെ ആശുപത്രി യിലേയ്ക്ക് കൊണ്ടുപോയിട്ടും എങ്ങനെയാണ് മരിച്ചത്; അത് നമുക്കാർക്കെങ്കിലും അറിയുമോ? ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ മക്കളെപ്പോലും കാണിച്ചില്ല. ഓക്സിജൻ കൊടുത്താണോ കൊടുക്കാതെയാണോ കൊന്നതെന്ന് അറിയില്ല. അതുസംബന്ധിച്ച് പാർലമെന്റിൽ ഒരു പ്രമേയം കൊണ്ടുവരാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് തൊട്ടടുത്തുള്ള സുപ്രീം കോടതിയിൽ ഒരു എസ്.എൽ.പി. ഫയൽ ചെയ്യാൻ എന്തുകൊണ്ടാണ് സാധിക്കാ തിരുന്നത്? ശ്രീ. നരേന്ദ്ര മോദിക്ക് ഇഷ്ടപ്പെടാത്തതൊന്നും ഇവർ ചെയ്യുകയില്ല. തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ പിറ്റേദിവസം മുൻ എം.എൽ.എ. അഡ്വക്കേറ്റ് എം. ഉമ്മറാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ കാവി പുതപ്പിച്ച് ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തത്. അല്ലാതെ അദ്ദേഹത്തിന് കാവി പുതപ്പിച്ചു കൊടുത്തത് ശ്രീ. വി. അബ്ദു റഹിമാനും ഡോ. കെ. ടി. ജലീലുമല്ല. ഞങ്ങളോട് മെക്കിട്ടുകയറിയിട്ട് കാര്യമില്ല. മാറിക്കൊണ്ടിരിക്കുന്ന ഈ രാഷ്ട്രീയം തിരിച്ചറിയാൻ സാധിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ....... ശ്രീ. എം. ഉമ്മർ അങ്ങനെ ചെയ്തുവെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്, അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ആരോ ഫെയസ്ബുക്കിലിട്ട ഒരു പോസ്റ്റാണ്. അബദ്ധവശാൽ അദ്ദേഹം അതിൽ വന്നുവെന്നുള്ളതാണ്. അതിന്റെ വിശദീകരണം ശ്രീ. എം. ഉമ്മർ തന്നെ നൽകിയിട്ടുണ്ട്, ശ്രീ. ഉമ്മർ അങ്ങനെയൊരു പോസ്റ്റ് ഇട്ടുവെന്ന് പറയുന്നത് ശരിയല്ല, അത് വസ്തുതാവിരുദ്ധമാണ്, രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം *.

ശ്രീ. പി. വി. അൻവർ: സർ, അത് വസ്തുതാവിരുദ്ധമല്ല, തെളിവുള്ളതാണ്. ഈ രീതിയിലുള്ള രാഷ്ട്രീയപ്രവർത്തനം കോൺഗ്രസ്സിനെ കൊണ്ടുപോയി കുളത്തി ലിറക്കിയില്ലേ? ദേശീയ കക്ഷികളെല്ലാംകൂടി ഫാസിസത്തിനെതിരെ പോരാട്ടം തുടരാൻ സഖാവ് സീതാറാം യെച്ചൂരിയുടെ നേതൃത്വത്തിൽ സംഘടനയുണ്ടാക്കി, സംവിധാനമുണ്ടാക്കി. അപ്പോൾ ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിക്കാനെത്തി. ബഹു. മുഖ്യമന്ത്രി ചോദിച്ചു, എന്താണ് ഈ സന്ദേശം, എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്ന്. നൂറ്റമ്പത് സീറ്റോളം കോൺഗ്രസ്സിന് ലഭിക്കുമായിരുന്ന ആ രാഷ്ട്രീയ സംവിധാനത്തോടൊപ്പം നിൽക്കുന്നതിനുപകരം ശ്രീ. രാഹുൽ ഗാന്ധി ഹിന്ദുക്കളെ ഭയപ്പെട്ട് കേരളത്തിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശത്ത് മത്സരിക്കുകയാണ്

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 8673/ഇ.ബി/2021/നി.സെ തീയതി 2-6-2021) സഭാരേഖകളിൽ നിലനിർത്തി.

ചെയ്തത്. അവർ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരാണ്, പാക്കിസ്ഥാനോടൊപ്പം പോകാത്ത മുസ്ലീങ്ങളാണ്. അവർ പാക്കിസ്ഥാനികളാണെന്നാണ് ബി.ജെ.പി. നടത്തിയ പ്രചരണം. ആ മുസ്ലീങ്ങളുടെ ഇടയിലേയ്ക്ക് ഹിന്ദുക്കളെ ഭയപ്പെട്ട് പച്ചക്കൊടി പുതപ്പിച്ച് ശ്രീ. രാഹുൽ ഗാന്ധിയെ കേരളത്തിലുടനീളം കൊണ്ടുനടന്നു. അതോടെ ഉത്തരേന്ത്യയിലെ മുഴുവൻ ജനങ്ങളും തിരിഞ്ഞു. കോൺഗ്രസ്സിന് അനുകൂലമായി ചിന്തിച്ചിരുന്ന സാധാരണക്കാരായ ജനങ്ങളുടെ മുന്നിൽ പാക്കിസ്ഥാന്റെ പ്രതിനിധിയായി ശ്രീ. രാഹുൽ ഗാന്ധിയെ അവതരിപ്പിക്കാനുള്ള രാഷ്ട്രീയ സാഹചര്യമുണ്ടാക്കിക്കൊടുത്തവരാണ് ഇവിടെ ഇരിക്കുന്നത്. അവരുണ്ടാക്കിയ ദുരന്തമാണ് ഇന്ന് ഈ നാട് അനുഭവിക്കുന്നത്. ഇവിടെ 19 സീറ്റിൽ താൽക്കാലികമായി ജയിച്ച് കേന്ദ്രത്തിൽ മന്ത്രിയാകാനും ഭരണം നടത്താനും പോയവർ രാജ്യത്ത് ഫാസിസത്തിനെതിരെ ഉയർന്നുവന്ന മൂവ്മെന്റിനെ തകർത്തവരാണ്. ഇവരുടെ ആവശ്യമെന്താണ്, ഈ തെരഞ്ഞെടുപ്പിൽ ഇവർ നടത്തിയതെന്താണ്; ഇപ്പോഴും ഇവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതെന്താണ്? ഇവർ നന്നാകുമെന്ന് നമ്മൾ കരുതേണ്ടതില്ല, ഒരു തർക്കവും അക്കാര്യത്തിലില്ല. പ്രതിപക്ഷം കഴിഞ്ഞ 5 വർഷം സ്വീകരിച്ച നിലപാടാണ് ഇനിയും സ്വീകരിക്കുന്നതെങ്കിൽ ഒന്നും പേടിക്കേണ്ടതില്ല, 140 സീറ്റുകളിലായിരിക്കും നമ്മൾ അടുത്ത തവണ ഭരണത്തിൽ വരുന്നത്. ഒരു വർഗ്ഗീയ കക്ഷിയുടെയും വോട്ട് വേണ്ടെന്നു പറഞ്ഞിട്ടാണ് പി. വി. അൻവർ ജയിച്ചുവന്നിട്ടുള്ളത്, ഒരു തർക്കവും അതിൽ വേണ്ട. അവിടെയുള്ള 15 പേർ ഓട് പൊളിച്ച് വന്നവരാണ്. കഴിഞ്ഞ തവണ ബി.ജെ.പി.-ക്ക് 19000 വോട്ട് ഉണ്ടായിരുന്ന നിലമ്പൂരിൽ ഇത്തവണ 8000 വോട്ടാണ് ലഭിച്ചത്. നിങ്ങൾ അത് പരിശോധിക്കണം. ലക്ഷദ്വീപിലെ ജനങ്ങൾ കണ്ണീരുകുടിക്കുമ്പോൾ ഇവരുടെ ഹൃദയം പിടയ്ക്കുകയില്ല. ഇവരുടെ ഹൃദയം പിടയ്ക്കുന്നത് എപ്പോഴാണെന്ന് അറിയുമോ? ശ്രീ. വി. അബ്ദുറഹിമാനും, ഡോ. കെ. ടി. ജലീലും, പി. വി. അൻവറും ശ്രീ. പി. നന്ദകുമാറുമൊക്കെ ജയിക്കുന്ന ദിവസം അവരുടെ ഹൃദയം പിടയ്ക്കും. അല്ലാതെ ഒരു ദിവസവും ഈ സമൂഹത്തിനുവേണ്ടി, ഈ സമുദായത്തിനുവേണ്ടി അവരുടെ ഹൃദയം പിടയ്ക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ സർക്കാരിന് നൽകിയ പിന്തുണയ്ക്ക് കേരളത്തിലെ ജനങ്ങളോട് അങ്ങേയറ്റത്തെ നന്ദിയും സ്നേഹവും ആദരവും ബഹുമാനവും പ്രകടിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന് തുടർഭരണം നൽകിയ കേരള ജനതയോടുള്ള പ്രതിബദ്ധത വെളിവാക്കുന്ന നയപ്രഖ്യാപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ നടത്തിയത്. ആ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീമതി കെ. കെ.

ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേരളത്തെ സ്നേഹിക്കുന്ന, മതേതരത്വത്തിൽ വിശ്വസിക്കുന്ന, ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്ന, ഈ നാടിന്റെ വികസനം കൊതിക്കുന്ന ഒരാൾക്കും ഈ നയപ്രഖ്യാപനത്തെ എതിർക്കാൻ കഴിയില്ല. കേരളത്തിന്റെ സമസ്ത മേഖലകളെക്കുറിച്ചും പ്രതിപാദിക്കുന്ന, നാളത്തെ കേരളം എങ്ങിനെയായിരിക്കണമെന്ന് വരച്ചുകാണിക്കുന്ന നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. ഇത്തരത്തിൽ രണ്ടാം പിണറായി വിജയൻ സർക്കാരിന് ഗവർണറെക്കൊണ്ട് നയപ്രഖ്യാപന പ്രസംഗം നടത്തിക്കുന്ന സ്ഥിതിവിശേഷം സംജാതമായത് കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ നടത്തിയ വികസനോന്മുഖവും ജനക്ഷേമകരവുമായ പ്രവർത്തനത്തിന്റെ ഫലമായാണ്. അഞ്ച് വർഷക്കാലംകൊണ്ട് കാർഷിക-വ്യാവസായിക-വിദ്യാഭ്യാസ-ആരോഗ്യ -ടൂറിസം-ക്രമസമാധാനം ഉൾപ്പെടെ സമസ്ത മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് ബോധ്യപ്പെട്ടതിന്റെ പരിണത ഫലമാണ് രണ്ടാം പിണറായി വിജയൻ സർക്കാർ. വളരെയധികം പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് ഈ നേട്ടങ്ങളെല്ലാം ഉണ്ടാക്കിയെടുത്തത്. നിപ, ഓഖി, മഹാപ്രളയം, കാലവർഷക്കെടുതി, കൊറോണ എന്നീ പ്രതിസന്ധികളോടൊപ്പം ഇവിടുത്തെ സംഘപരിവാർ ശക്തികളോടൊപ്പം ചേർന്ന് യു.ഡി.എഫ്. കൊണ്ടുവന്ന മഹാ ദുരന്തങ്ങളുമുണ്ട്. ഇ.ഡി., കസ്റ്റംസ്, സി. & എ.ജി., എൻ.ഐ.എ. ഉൾപ്പെടെയുള്ള ദുരന്തങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ട് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി, കേരളീയരെ ആരോഗ്യമുള്ള, വിദ്യാഭ്യാസമുള്ള, കിടപ്പാടമുള്ള ജനതയാക്കി മാറ്റാൻ കഴിഞ്ഞു. മഹാമാരികളിൽനിന്നും പ്രളയത്തിൽനിന്നും കേരള ജനതയെ നെഞ്ചോട് ചേർത്തുപിടിച്ച് സംരക്ഷിച്ചതിന് കേരള ജനത നൽകിയ റിവാർഡാണ് ഈ രണ്ടാം പിണറായി വിജയൻ സർക്കാർ. എന്തായിരുന്നു കഴിഞ്ഞ കാലങ്ങളിൽ പ്രതിപക്ഷം ചെയ്തത്? ഈ ഗവൺമെന്റ് ഏത് പദ്ധതി കൊണ്ടുവന്നാലും അതിനെ എതിർക്കുകയായിരുന്നു. തുടക്കം മുതൽ, 'മോൻ ചത്താലും വേണ്ടില്ല, മരുമോളുടെ കണ്ണീരുകണ്ടാൽമതി'യെന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിച്ചതിന്റെ ഫലമായാണ് പ്രതിപക്ഷത്തിന് വീണ്ടും അവിടെ ഇരിക്കേണ്ടി വന്നത്. എന്തായിരുന്നു അവരുടെ സമീപനം? പ്രളയകാലത്ത് സാലറി ചലഞ്ചിനെതിരായ നിലപാട് സ്വീകരിക്കുക മാത്രമല്ല ഉത്തരവ് കത്തിക്കുകയും കോടതിയിൽ പോവുകയുമാണ് അവർ ചെയ്തത്. ഈ നാട്ടിലെ മനുഷ്യസ്നേഹികളെല്ലാം സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് കയ്യയച്ച് ധനസഹായം നൽകിയപ്പോൾ അങ്ങനെ നൽകാൻ പാടില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും കമ്മ്യൂണിസ്റ്റ് നേതാക്കളെ പരസ്യമായി ആക്ഷേപിക്കുകയും ചെയ്തു. കഴിഞ്ഞ സഭയിലുണ്ടായിരുന്ന പലരും ഈ സഭയിലില്ല, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന പദ്ധതികളിലൊന്നായ ലൈഫ് മിഷനെതിരെ സി.ബി.ഐ-ക്ക് പരാതി

കൊടുത്തയാൾ ഇന്ന് ഈ സഭയിലില്ല. ജനങ്ങൾ നൽകിയ മറുപടിയാണത്. മഹാനായ എ.കെ.ജി-യെക്കുറിച്ച് അനാവശ്യമായ ഫെയ്സ്ബുക്ക് പോസ്റ്റിട്ട ശ്രീ. വി. ടി. ബൽറാം ഈ സഭയിലില്ല. ഈ സഭയിലേയ്ക്ക് കടന്നുവന്ന ചിലർ ബി.ജെ.പി.-യുമായി എൽ.ഡി.എഫിന് കൂട്ടുകെട്ടുണ്ടെന്ന് ആരോപിക്കുന്നു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും കസ്റ്റംസിനെയും എൻ.ഐ.എ.-യും സി.&എ.ജി.-യെയും കൂട്ടുപിടിച്ച് ബി.ജെ.പി-യൊടൊപ്പം ചേർന്നുകൊണ്ട് ബി.ജെ.പി-യുടെ പ്രസിഡന്റ് രാവിലെ 10.00 മണിക്ക് നടത്തുന്ന പത്രസമ്മേളനത്തിന്റെ കോപ്പി വാങ്ങി 11.00 മണിക്ക് പത്രസമ്മേളനം നടത്തിയ പ്രതിപക്ഷമാണ് ഈ ദുരാരോപണം ഉന്നയിക്കുന്നത്. ഈ ദുരാരോപണം ഉന്നയിക്കുമ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അദ്ദേഹത്തിന്റെ വലതുവശത്തിരിക്കുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യും എങ്ങനെയാണ് ജയിച്ചതെന്ന് കേരള ജനതയ്ക്ക് നന്നായറിയാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെയൊരു സ്റ്റേറ്റുമെന്റ് നടത്തുന്നതിനുമുമ്പ് വലതുസൈഡിലിരിക്കുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യെയും പിറകിലിരിക്കുന്ന ശ്രീ. പി. സി. വിഷ്ണുനാഥിനെയും ഒന്ന് നോക്കണമായിരുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഒരു മിനിട്ട്...

<u>മി. സ്പീക്കർ:</u> പോയിന്റ് ഓഫ് ഓർഡറാണോ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പോയിന്റ് ഓഫ് ഓർഡറല്ല. ഒരു പേഴ്സണൽ എക്സ്പ്ലനേഷനാണ്.

<u>മി. സ്പീക്കർ</u>: അത് പിന്നീട് പറയാം. ശ്രീ. എം. നൗഷാദിന് തുടരാം.

<u>ശ്രീ. എം. നൗഷാദ്</u>: സർ, 2016-ലെ തെരഞ്ഞെടുപ്പിൽ 20600 വോട്ടുണ്ടായിരുന്ന ബി.ജെ.പി-ക്ക് കുണ്ടറ നിയോജകമണ്ഡലത്തിൽ ഇത്തവണ അത് 6000-മായി മാറി. അതുകൊണ്ടല്ലേ ശ്രീ. പി. സി. വിഷ്ണുനാഥിന് നാലായിരം വോട്ടിന് കഷ്ടിച്ച് കടന്നുകൂടാൻ കഴിഞ്ഞത്; തനിക്ക് ബി.ജെ.പി-യുടെ വോട്ട് ലഭിച്ചിട്ടില്ലെന്നും അവരുടെ സഹായം തുടർന്നും വേണ്ടെന്നും നെഞ്ചത്ത് കൈവച്ചുപറയാൻ ശ്രീ. പി. സി. വിഷ്ണുനാഥിന് കഴിയുമോ? ഇങ്ങനെയുള്ള പത്ത് നിയോജകമണ്ഡലങ്ങളുടെ കാര്യങ്ങളാണ് ഇവിടെ മറ്റുള്ളവർ സൂചിപ്പിച്ചത്. ഇവിടെ കഴിഞ്ഞ അഞ്ചുവർഷക്കാലം ബി.ജെ.പി-ക്കെതിരായി 'കമാ' എന്നൊരക്ഷരം നിങ്ങൾ മിണ്ടിയിട്ടില്ല. സി.പി.ഐ.(എം.)-നെയും ബഹു. മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെപ്പോലും രാഷ്ട്രീയ വിവാദത്തിലേയ്ക്ക് വലിച്ചിഴയ്ക്കുന്ന സമീപനമാണ് എന്നും നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നിങ്ങൾ ഈ ഗവൺമെന്റിനെ ഏതെല്ലാംതരത്തിലാണ് ആക്ഷേപിച്ചത്; കിറ്റ് ഗവൺമെന്റ് എന്ന് പ്രസംഗിച്ചതല്ലേ? കിറ്റ് ഗവൺമെന്റ്

എന്ന് ആക്ഷേപിച്ചതിന് ജനങ്ങൾ കൊടുത്ത കിക്കിന്റെ ഫലമായാണ് കഴിഞ്ഞ തവണ ഉണ്ടായിരുന്നതിനേക്കാൾ ശുഷ്കിച്ച എണ്ണവുമായി അവിടെ കൂടേണ്ടിവന്നിട്ടുള്ളത്. വെൽഫെയർ പാർട്ടിയുൾപ്പെടെയുള്ളവരെ കൂട്ടുപിടിച്ചിട്ടും മുസ്ലീം ലീഗിന്റെ സീറ്റുകളുടെ എണ്ണം 22-ഉം 19-ഉം 15-ഉം ആയെന്ന് ശ്രീ. പി. വി. അൻവർ ഇവിടെ പറഞ്ഞു. പാർലമെന്റ് തെരഞ്ഞെടുപ്പിലുൾപ്പെടെ മലപ്പുറത്ത് നിങ്ങൾക്ക് സീറ്റ് മാത്രമല്ല വോട്ട് ഷെയറും കുറയുന്നു എന്നുള്ള വസ്തുത മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്നാണ് മുസ്ലീംലീഗിനെ എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. നിങ്ങൾക്ക് ഇപ്പോഴും സി.പി.ഐ.(എം), എൽ.ഡി.എഫ്. വിരോധമാണ്. ആ വിരോധം അവസാനിപ്പിക്കാതെ നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ല. കഴിഞ്ഞ കാലങ്ങളിൽ ബി.ജെ.പി. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പെട്രോൾ വില വർദ്ധനവ്, പൗരത്വ നിയമ ഭേദഗതി തുടങ്ങിയ ജനദ്രോഹ നിലപാടുകൾക്കെതിരെ, കേരളത്തിൽ അതിന്റെ ചാമ്പ്യനായി എൽ.ഡി.എഫ്. ഗവൺമെന്റ് കൂടെ നിന്നപ്പോൾ, ഒരുമിച്ച് സത്യാഗ്രഹം നടത്തിയിട്ടും ഒരുമിച്ച് സമരത്തിനില്ല എന്ന് പ്രഖ്യാപിച്ച് പിൻവാങ്ങിയവരല്ലേ നിങ്ങൾ? അതിന് ജനങ്ങൾ നൽകിയ ശിക്ഷയാണ് പ്രിയമുള്ളവരെ, നിങ്ങൾക്ക് ഇപ്പോൾ അവിടെത്തന്നെ ഇരിക്കേണ്ടിവന്നിട്ടുള്ളത്. എന്റെ നിയോജക മണ്ഡലത്തിലും ബി.ജെ.പി-ക്ക് പതിനായിരം വോട്ടാണ് കുറഞ്ഞത്. അത് ബി.ജെ.പി. എനിക്ക് ചെയ്തതാണോയെന്ന് നിങ്ങൾ പറയണം. ക്രിയാത്മക പ്രതിപക്ഷം എന്നു പറയുന്നത് നല്ലതുതന്നെ. എന്നാൽ എഞ്ചിൻ തകരാറിലായ വാഹനത്തിന്റെ ഡ്രൈവറെ മാറ്റിയിട്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ക്രിയാത്മകമായ പ്രതിപക്ഷമായാൽ നല്ലത്, പക്ഷേ, അങ്ങനെയാവുന്ന ലക്ഷണമല്ല കാണുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. എം. നൗഷാദ്: സർ, ഇന്ന് ലക്ഷദ്വീപിലെ അഡ്മിനിസ്ട്രേറ്റർക്കെതിരായിട്ടുള്ള പ്രമേയം വന്നു.

മി. സ്പീക്കർ: അത് രാവിലെ ചർച്ച ചെയ്തതാണ്. പ്ലീസ് കൺക്ലൂഡ്....

ശ്രീ. എം. നൗഷാദ്: സർ, അതുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ആ പ്രമേയത്തിന്മേലുള്ള ചർച്ചയിൽ ചൈനയേയും ടിബറ്റിനേയും കൊണ്ടുവന്നത് നമ്മൾ കണ്ടുവെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പ്രതിപക്ഷമെന്നത് 'Duty of an opposition is to propose, oppose and if possible to dispose' എന്ന് പറയാറുണ്ട്. പ്രതിപക്ഷത്തിന്റെ കർത്തവ്യങ്ങളിൽ ഞങ്ങൾ ഉറച്ചുനിൽക്കുമെന്നാണ് പറയാനുള്ളത്. ഞങ്ങൾ ഏത് കാര്യത്തിലാണ് നിങ്ങളോട് സഹകരിക്കാത്തത്?

നിങ്ങൾ കൊട്ടിഘോഷിക്കുന്ന കിഫ്ബിയുടെ ബിൽ വന്നപ്പോൾ സഭ ഐകകണ്ഠ്യേന പാസ്സാക്കിയതിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. ടി. എം. തോമസ് ഐസക് പ്രതിപക്ഷനേതാവിനെയും പാർട്ടി ലീഡർമാരെയും അഭിനന്ദിച്ചതാണ്. ഞങ്ങൾ ഏത് കാര്യത്തിനാണ് നിങ്ങളോട് സഹകരിക്കാത്തത്; നിങ്ങൾ കളവ് നടത്തുന്നതിനെയും അഴിമതി നടത്തുന്നതിനെയുമൊക്കെ ഞങ്ങൾക്ക് പിന്താങ്ങാൻ കഴിയുമോ? കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന പലരെയും കാണുന്നില്ലെന്ന് നിങ്ങൾ പറഞ്ഞു. ആഴക്കടൽ വിൽക്കാൻ പോയ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ എവിടെ; ശ്രീ. എം. സ്വരാജ് എവിടെ; അവർ ഇവിടെ തീവ്രപ്രസംഗം നടത്തിയിട്ടുള്ളവരല്ലേ? (....ബഹളം.....) ഞാൻ പറയട്ടെ, നിങ്ങൾ 16 പാർട്ടികളാണ്, ഞങ്ങൾ 6 പാർട്ടികളും. നിങ്ങൾ പഴയ കമ്മ്യൂണിസ്റ്റ് പാർട്ടിയൊന്നുമല്ല. 1957-ൽ ഒറ്റയ്ക്ക് ഭരിച്ച നിങ്ങൾ ഇന്ന് 12 പാർട്ടികളെക്കൂട്ടിയാണ് അധികാരത്തിൽ വന്നത്. ഈ കോവിഡ് മഹാമാരിയില്ലായിരുന്നുവെങ്കിൽ നിങ്ങൾ അധികാരത്തിൽ വരുമായിരുന്നോ? ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശ്രീ. ഡൊണാൾഡ് ട്രംപ് ഒഴികെ ബാക്കിയുള്ളവരൊക്കെ തെരഞ്ഞെടുപ്പ് നടത്തി അധികാരത്തിൽ തിരിച്ചുവന്നിട്ടുണ്ട്. അതിന്റെ ഒരു ലോട്ടറി നിങ്ങൾക്കും കിട്ടിയെന്നേയുള്ളൂ. അത് എല്ലാക്കാലത്തും ഉണ്ടാകില്ല. 38 കൊല്ലം ഭരിച്ച പശ്ചിമ ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയില്ല. എന്തുകൊണ്ടാണ് നിങ്ങൾ പശ്ചിമ ബംഗാളിനെയും ത്രിപുരയെയും കുറിച്ച് പറയാത്തത്? എന്റെ സുഹൃത്തായ ഇരവിപുരം മെമ്പർ വോട്ട് ഷെയറിനെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. പണ്ട് പാർട്ടി കൂടിയിട്ടാണ് വോട്ട് ഷെയറിന്റെയും വോട്ട് ചോർച്ചയുടെയും കാര്യങ്ങൾ പറഞ്ഞിരുന്നത്. ഇപ്രാവശ്യം നിങ്ങൾ കമ്മിറ്റി കൂടിയോ; പോളിറ്റ്ബ്യൂറോ കൂടിയോ; കേന്ദ്ര കമ്മിറ്റി കൂടിയോ; സ്റ്റേറ്റ് കമ്മിറ്റി കൂടിയോ; ഡിസ്ട്രിക്റ്റ് കമ്മിറ്റി കൂടിയോ; ഏരിയാ കമ്മിറ്റി കൂടിയോ; ഏതാണ് കൂടിയത്? ആകെ ഒരു മനുഷ്യനുണ്ട്, ശ്രീ. പിണറായി വിജയൻ. അദ്ദേഹം എന്താണോ പറയുന്നത് അതല്ലേ നിങ്ങൾ ചെയ്യുന്നത്? നിങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആശയം തന്നെയില്ല, ഇപ്പോൾ വൺമാൻ ഷോയാണുള്ളത്. പണ്ട് നിങ്ങൾ കോൺഗ്രസിനെപ്പറ്റി പറയുമ്പോൾ ഇന്ദിരാ ഗാന്ധിയെപ്പറ്റിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പറ്റിയുമൊക്കെ പറയുമായിരുന്നു. ഇപ്പോഴും ആ മനുഷ്യരല്ലാതെ വേറെ ആരാണുള്ളത്? ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ കാലങ്ങളിലൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടി ആരുടെയെങ്കിലും ഫ്ലക്സ് വച്ചിരുന്നോ; ആലപ്പുഴയിലെ തെരഞ്ഞെടുപ്പിന് ചുക്കാൻ പിടിച്ചത് പോളിറ്റ്ബ്യൂറോ മെമ്പർ സഖാവ് പിണറായി വിജയനല്ലേ; നിങ്ങളുടെ പാർട്ടിയുടെ ജില്ലാ കമ്മിറ്റിയെ നിങ്ങൾക്ക് വിശ്വാസമുണ്ടോ? നിങ്ങൾ കോൺഗ്രസിനെ പറയേണ്ട, കോൺഗ്രസ്സിന് ജനാധിപത്യബോധമുണ്ടായത് കൊണ്ടാണ് നിങ്ങൾ ഇവിടെ അധികാരത്തിൽ വന്നത്. ഒരു തെരഞ്ഞെടുപ്പിൽ

വിജയിച്ചുവന്നുവെന്ന് വിചാരിച്ച് എല്ലാം നന്നായി കിട്ടിയെന്ന് കരുതേണ്ട. 1977-ൽ നിങ്ങൾക്ക് 17 പേരേയുണ്ടായിരുന്നുവുള്ളൂ, അന്ന് ഞങ്ങൾ 133 പേരായിരുന്നു. 1980-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കണക്കും അപ്പുറത്തേയ്ക്ക് കൊണ്ടു പോയിട്ടാണ് നിങ്ങൾ തിരിച്ചുവന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. അധികാരം ലഭിക്കാൻ നിങ്ങൾ ആരെയൊക്കെ കൂട്ടുപിടിച്ചു. കെ. എം. മാണിയെ കൂട്ടുപിടിച്ചു. പ്രതിപക്ഷ ധർമ്മത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ.

1.00 P.M.}

2013-14-ലുണ്ടായ ധർമ്മമെന്താണ്? നമ്മളത് കണ്ടതാണ്, ഞങ്ങളെക്കൊണ്ട് അത് പറയിപ്പിക്കണോ? ക്രിയാത്മക പ്രതിപക്ഷമായിരുന്നപ്പോലും! നിങ്ങളിവിടെ കാട്ടിക്കൂട്ടിയ നായാട്ട് എന്താണ്? ശ്രീ. വി. ശിവൻകുട്ടിയുടെ സുഹൃത്തായതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. ഞാനിതൊക്ക പറയുന്നതെന്തെന്നുവച്ചാൽ, നിങ്ങൾ ഞങ്ങളെ പഠിപ്പിക്കരുത്, 1980-ൽ പേപ്പർവെയ്റ്റ് എടുത്ത് പ്രതിപക്ഷത്തെ എറിഞ്ഞ കൂട്ടരാണ് നിങ്ങൾ. എന്നിട്ട് ആ നിങ്ങളിൽനിന്നാണോ ഞങ്ങൾ അത് പഠിക്കുന്നത്? ജനാധിപത്യമൊക്കെ ഞങ്ങൾക്ക് നന്നായറിയാം. നിങ്ങളോട് എനിക്ക് പറയാനുള്ളത് ഈ തെരഞ്ഞെടുപ്പ് വിജയംമാത്രം കണ്ട് അഹങ്കരിക്കേണ്ട എന്നാണ്. നിങ്ങൾ കോൺഗ്രസ്മുക്ത ഇന്ത്യയെന്നൊക്കെ പറയുന്നുണ്ടല്ലോ. കോൺഗ്രസ് ഇല്ലാതായാൽ നിങ്ങൾ ബി.ജെ.പി-യെ വളർത്തുകയാണ് ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾക്ക് താൽക്കാലികമായി അഞ്ച് വർഷം ഇങ്ങനെ നടക്കാം. ആറുമാസം കഴിഞ്ഞതിനുശേഷം ഞാൻ ബാക്കി പറയാം. നിങ്ങൾ പറയുന്നപോലെയുള്ള കണക്കൊന്നും ഇങ്ങോട്ട് പറയാൻ നിൽക്കേണ്ട. മുസ്ലീംലീഗിന് സീറ്റ് കുറഞ്ഞുവെന്ന് പറയുകയുണ്ടായി. ഞങ്ങൾക്ക് പണ്ട് പതിമൂന്ന് സീറ്റായിരുന്നു ഉണ്ടായിരുന്നത്. 2006-ൽ ഞങ്ങൾക്ക് എട്ട് സീറ്റായിരുന്നു ഉണ്ടായിരുന്നത്. 2011-ൽ ഇരുപത് സീറ്റും 2016-ൽ പതിനഞ്ച് സീറ്റും കിട്ടി. ഞങ്ങളുടെ കൂട്ടത്തിൽനിന്നല്ലേ കെ. എം. മാണിയുടെ കേരള കോൺഗ്രസ് എൽ.ഡി.എഫ്-ലേയ്ക്ക് വന്നത്. അതെന്താണ് നിങ്ങൾ മനസ്സിലാക്കാത്തത്? അതിനനുസരിച്ച് വോട്ട് ഷെയറിംഗിൽ ചില മാറ്റങ്ങളൊക്കെയുണ്ടാകും. കഴിഞ്ഞ പ്രാവശ്യം പന്ത്രണ്ടായിരം വോട്ടിനാണ് ജയിച്ചതെന്ന് അപ്പുറത്തിരിക്കുന്ന ഒരു മെമ്പർ പറഞ്ഞല്ലോ. ഈ പ്രാവശ്യം എന്തുകൊണ്ടാണ് നിലമ്പൂരിൽ വോട്ട് 2500 ആയത്; എന്തുകൊണ്ടാണ് തവനൂരിൽ 990 ആയത്; എന്റെ സുഹൃത്ത് ഡോ. കെ. ടി. ജലീലിന് വോട്ട് 17,000-ൽ നിന്ന് എങ്ങനെയാണ് 3500 ആയത്? നിങ്ങൾ ആ കണക്കൊക്കെ പഠിച്ചതിനുശേഷം അടുത്ത സഭയിൽ വരുമ്പോൾ അതുവച്ചൊരു ഡിബേറ്റ് നടത്താം. ശ്രീ. സജി ചെറിയാൻ ആലപ്പുഴയിലെ കണക്കൊന്ന് പറയുകയും വേണം. ഇപ്പോൾ ഇവിടെ പറയുകയാണ്, 'ഏറ്റവുമധികം വനിതകൾക്ക് പ്രാധാന്യം കൊടുത്തുവെന്ന് -

പുന്നാരക്കുട്ടരേ, 1960-ൽ നിങ്ങൾ കെ. ആർ. ഗൗരിയമ്മയ്ക്ക് മന്ത്രിസ്ഥാനം കൊടുത്തപ്പോൾ എ. നഫീസത്ത് ബീവിയെ കോൺഗ്രസ് ഡെപ്യൂട്ടി സ്പീക്കറാക്കിയിരുന്നു. കോൺഗ്രസ് സയ്യിദാ അൻവറ തൈമൂറിനെ ആസാമിൽ മുഖ്യമന്ത്രിയാക്കിയിരുന്നു. നിങ്ങൾ ഇപ്പോൾ ഇങ്ങനെ പറയേണ്ടതിന്റെ കാര്യമെന്താണ്? ഇന്ദിരാ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നില്ലേ; ശ്രീമതി പ്രതിഭാ പാട്ടീലിനെ പ്രസിഡന്റാക്കിയിട്ടില്ലേ? എനിക്ക് ആകെ ഒരു എടങ്ങേറ് ശ്രീ. എ. എൻ. ഷംസീറിന്റെ കാര്യത്തിലേയുള്ളൂ. ഒരു സീനിയർ മെമ്പറായ അങ്ങയെ പാർട്ടി പരിഗണിക്കാതെ, ഏട്ടത്തിയെ നിർത്തിക്കൊണ്ട് അനുജത്തിക്ക് കല്യാണം ആലോചിച്ചമാതിരിയായി താങ്കളുടെ ഇപ്പോഴത്തെ അവസ്ഥ. എനിക്ക് അതാണ് സങ്കടം. അങ്ങ് സീനിയർ മെമ്പറല്ലേ? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, താങ്കൾ അതൊന്ന് ആലോചിക്കണം. പ്രത്യേകിച്ച് പാർട്ടിക്കാർക്ക് ക്ലാസ്സെടുക്കുന്ന ആളായതുകൊണ്ട് അങ്ങയോട് ഞാൻ അത് പ്രത്യേകമായി പറയുകയാണ്. ഞാൻ അങ്ങയെക്കുറിച്ച് പഠിച്ച് മനസ്സിലാക്കിയത് അതാണ്. അങ്ങ് മന്ത്രിയാണ്, താത്വികമായി പ്രായോഗികമാക്കണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ പ്രതിപക്ഷധർമ്മം ഉപയോഗിക്കും. ഞങ്ങളുടെ ബഹുമാന്യനായ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരുപാട് കാര്യങ്ങൾ ചെയ്തില്ലേ; അദ്ദേഹം പറഞ്ഞ ഏതെങ്കിലും കാര്യം നിങ്ങൾ നിഷേധിച്ചോ? നിങ്ങളെല്ലാം തിരുത്തി. പതിനാല് കാര്യങ്ങൾ കൊണ്ടുവന്നു, പതിനാല് കാര്യങ്ങളും തിരുത്തി. അയ്യായിരം കോടി രൂപയായിരുന്നു കടം ഉണ്ടായിരുന്നതെന്ന് ശ്രീമതി യു. പ്രതിഭ പറഞ്ഞു. നിങ്ങൾക്കറിയാമോ? 1996 മുതൽ 2001 വരെ നിങ്ങൾ കേരളം ഭരിച്ച് ട്രഷറി കാലിയാക്കിയതുകാരണം, അതിനുശേഷം ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ തിരുവനന്തപുരത്തുനിന്ന് ഡൽഹിയിലേയ്ക്ക് പോകാൻ 1750 രൂപയുടെ ടിക്കറ്റ് എടുക്കാൻ ട്രഷറിയിൽ പൈസയില്ലാതിരുന്ന ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ട്. അത് 2001-ലായിരുന്നു. എന്നിട്ടാണ് ഞങ്ങളെ പറ്റിക്കുന്ന ഈ കാര്യങ്ങളൊക്കെ നിങ്ങൾ പറയുന്നത്. നയപ്രഖ്യാപനത്തെക്കുറിച്ച് ഒരു കാര്യം പറയട്ടെ. നയപ്രഖ്യാപനമെന്നുപറഞ്ഞാൽ എന്താണ്? ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പിന്റെയും കോവിഡിന്റെയും കാര്യങ്ങളൊക്കെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് 2018-19-ൽ പ്രളയം, നിപ, 2020-ൽ ഓഖി, 2020-21-ൽ കോവിഡ് എന്നിവ വന്നു. ഇതിൽനിന്ന് ഒരു പാഠം പഠിച്ചിട്ട് എന്തെങ്കിലുമൊരു പാക്കേജ് അല്ലെങ്കിൽ ഇതിനെ മറികടക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയോ? കോവിഡിന്റെ ഒന്നാം തരംഗത്തിൽ നിങ്ങളാണ് അധികാരത്തിലുണ്ടായിരുന്നത്. രണ്ടാം തരംഗത്തിലും നിങ്ങളാണ് അധികാരത്തിലുള്ളത്. വരാൻപോകുന്ന മൂന്നാം തരംഗത്തിലും നിങ്ങളാണ് അധികാരത്തിലുണ്ടാകുന്നത്. അമ്മമാർക്കും കുട്ടികൾക്കും

ഇനി കോവിഡ് വരുമെന്ന് പറയുന്നു. മഹാരാഷ്ട്രയിൽ കുട്ടികൾക്കും അമ്മമാർക്കുംവേണ്ടി സെന്റർ തുടങ്ങി. നമ്മൾ എന്താണ് തുടങ്ങിയിരിക്കുന്നത്? ഇങ്ങനെ വാചകമടിച്ചാൽ മാത്രം മതിയോ? നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. ഈ നയ പ്രഖ്യാപനം തനിയാവർത്തനമല്ലേ? വില്ലേജ് ഓഫീസിൽനിന്നുള്ള സർട്ടിഫിക്കറ്റുകൾ ഓൺ ലൈനാക്കുമെന്ന് പറയുന്നു. ഇക്കാര്യം കഴിഞ്ഞ നാല് വർഷമായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ശ്രീ. ഇ. -ചന്ദ്രശേഖരൻ ഇവിടെയുണ്ടല്ലോ. ഭൂനികുതി സർട്ടിഫിക്കറ്റ് ഓൺലൈനാക്കും റവന്യൂ രേഖകൾ ഡിജിറ്റലാക്കും റവന്യൂ ഓഫീസ് ഇ-ഓഫീസാക്കും, വില്ലേജ് ഓഫീസ് സ്മാർട്ടാക്കും തുടങ്ങിയ കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ് ലോട്ടറിക്കാരന്റെ അനൗൺസ്മെന്റ് പോലെയായിരിക്കുന്നു. ലോട്ടറിക്കാരൻ "നാളെയാണ്..... നാളെയാണ്....." എന്നാണല്ലോ പറയുന്നത്. അതേപോലെയാണ് നിങ്ങളും പറയുന്നത്. നിങ്ങളൊന്ന് ആലോചിച്ച് നോക്കണം. ഈ സർക്കാരിനെയും മന്ത്രിമാരുടെ കഴിവിനെയും ഞങ്ങൾ ചെറുതായി കാണുന്നില്ല. നിങ്ങൾ ഞങ്ങളുടെ മന്ത്രിമാരാണ്. കേരളത്തിന്റെ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെയടുത്ത് ഞങ്ങൾക്ക് വരേണ്ടതല്ലേ? പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയായ ശ്രീ. വി. ശിവൻകുട്ടിയുടെ അടുത്തും ഞങ്ങൾക്ക് വരേണ്ടതല്ലേ. നിങ്ങൾ ഒരു കാര്യം ചെയ്യണം. ഓൺലൈനായി ചർച്ചകൾക്ക് വിളിക്കുമ്പോൾ അധികാരമേറ്റ പിറ്റേദിവസം രാവിലെതന്നെ പോകേണ്ടതില്ല. വകുപ്പിനെപ്പറ്റി നന്നായി പഠിച്ചതിനുശേഷം പോയാൽ മതി. അല്ലെങ്കിൽ മറ്റുള്ളവർ എന്തെങ്കിലും ചോദിക്കുമ്പോൾ, ആദ്യമേ തന്നെ നിങ്ങൾക്ക് അബദ്ധം പറ്റുന്നത് കാണുന്നത് ഞങ്ങൾക്ക് ഒരു ക്ഷീണമാണ്. First impression is the best impression എന്നാണ്. അത് മോശമായാൽ എല്ലാം പോയി. ഞാൻ നിങ്ങൾക്ക് ഒരുപദേശം തരികയാണ്. അക്കാര്യമൊന്ന് ശ്രദ്ധിക്കേണ്ടതാണ്. ചുമതലയേറ്റതിന്റെ പിറ്റേ ദിവസം മുതൽ മന്ത്രിമാർ ഫോൺ-ഇൻ-പ്രോഗ്രാമിലാണ്. അതും ഫ്രഷ് പരാതി പരിഹാരം നടത്തുകയാണ്. വകുപ്പിന്റെ പേരെങ്കിലും ഒന്ന് വായിച്ചിട്ട് വേണം പരിപാടിയിൽ പങ്കെടുക്കാൻ പോകുന്നത്. എന്നിട്ടേ പരാതി പരിഹാരത്തിനായി ചാനലിൽ പോകാവൂ. കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലന്റെ കാര്യം ഞാൻ പറയാം. ഒരു ദിവസം ശ്രീ. എ. കെ. ബാലൻ ഒരു പ്രഖ്യാപനം നടത്തി. അതിന് അപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി നോക്കുന്നത് നിങ്ങൾക്ക് നല്ലതായിരിക്കും. അല്ലെങ്കിൽ മന്ത്രിയിൽനിന്ന് മുൻമന്ത്രിയാകുന്ന അവസ്ഥയുണ്ടാകരുത് എന്നുള്ളത് ഇവിടെ ആരോ പറഞ്ഞു. ശ്രീ. എ. കെ. ബാലൻ കഴിവും പ്രാപ്തിയുമുള്ള ഒരു മന്ത്രിയായിരുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങ് പാർലമെന്റിലും ലോക്സഭയിലുമൊക്കെ പ്രതിപക്ഷത്തുനിന്ന് രണ്ടുമൂന്ന് മിനിറ്റ് സമയം ചോദിച്ച അവസ്ഥയുണ്ടായിട്ടുണ്ടല്ലോ. അങ്ങ് ഇവിടെയും ഞാൻ അവിടെയുമാണ് നിൽക്കുന്നത് എന്നത് പരിഗണിച്ച് രണ്ട് മിനിറ്റുകൂടി തരണം.

മി. സ്പീക്കർ: അങ്ങ് മാസ്ക് കൃത്യമായി ധരിക്കൂ.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും പത്രസമ്മേളനം നടത്തുമ്പോൾ മാസ്ക് താഴ്ത്തിവച്ചാണ് സംസാരിക്കുന്നത്. പിന്നെ ഞാനാണോ ഒരു കുഴപ്പം?

മി. സ്പീക്കർ: മാസ്ക് ധരിക്കുന്നതാണ് നല്ലത്.

ശ്രീ. പി. കെ. ബഷീർ: സർ, എല്ലാവർക്കും കോവിഡ് ചട്ടമുണ്ട്. നിങ്ങൾ പൊതുസമൂഹത്തിന്റെ വികാരം മനസ്സിലാക്കണം. സത്യപ്രതിജ്ഞ ആഘോഷപൂർവം നടത്തേണ്ടതാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, അതിൽ തെറ്റില്ല. മക്കളുടെ കല്യാണം നന്നായി നടത്തണമെന്ന് വാപ്പയ്ക്കും ഉമ്മയ്ക്കും ആഗ്രഹമുണ്ടാകും. അവരുടെ വികാരം നിങ്ങൾ മനസ്സിലാക്കണം. എല്ലാവർക്കും ആഘോഷമുണ്ടാകും. ഇത് എല്ലാവരും മനസ്സിലാക്കണം. മുസ്ലീംലീഗിന്റെ കാര്യത്തെക്കുറിച്ച് നിങ്ങൾ ആലോചിക്കേണ്ടതില്ല. ഞങ്ങൾ കഴിഞ്ഞ 52 കൊല്ലമായി മതേതര പാർട്ടിയായ യു.ഡി.എഫ്. മുന്നണിയുടെ ഭാഗമാണ്. എന്തെങ്കിലുമൊരു അധികാര നക്കാപ്പിച്ച കിട്ടുമെന്നുകരുതി ഞങ്ങൾ അങ്ങോട്ട് വരുമെന്ന് വിചാരിച്ച് നിങ്ങളാരും നടക്കേണ്ട. ഞങ്ങൾക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. ഞങ്ങളെ നിങ്ങൾ ക്ഷണിക്കേണ്ട. നിങ്ങൾ ക്ഷണിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ടുതന്നെയാണ് ക്ഷണിക്കണ്ട എന്ന് ഞാൻ പറയുന്നത്. ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടും നയവും മതേതരത്വവുമുണ്ട്. ഇന്ത്യയാകെ വ്യാപിച്ച് കിടക്കുന്ന ഒരു പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ഐക്യജനാധിപത്യ മുന്നണി ഒറ്റക്കെട്ടായി മുന്നോട്ടുപോകും. നിങ്ങളുടെ തെറ്റായ നയങ്ങളെ ശക്തമായി എതിർക്കും എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

## VIII വ്യക്തിപരമായ വിശദീകരണം

### അവാസ്തവ പ്രസ്താവന

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. നൗഷാദും ശ്രീ. സി. എച്ച്. കുഞ്ഞമ്പുവും പ്രസംഗിച്ചപ്പോൾ തൃപ്പൂണിത്തുറയിലെ എന്റെ തെരഞ്ഞെടുപ്പ് വിജയം ബി.ജെ.പി-യുമായിട്ടുള്ള ധാരണയിലാണെന്ന് പരാമർശിക്കുകയുണ്ടായി. (.....ബഹളം....) ചട്ടം 288 പ്രകാരം ബഹുമാന്യനായ സ്പീക്കർ അനുവദിച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്.

മി. സ്പീക്കർ: അദ്ദേഹം ചട്ടം 288 പ്രകാരം എഴുതിത്തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ കാൽനൂറ്റാണ്ട് കാലം ഞാൻ എം.എൽ.എ. ആയിരുന്നു. ഞാനവിടെ മത്സരിച്ച് വിജയിച്ചതെല്ലാം എൽ.ഡി.എഫ്. കൺവീനർ ഉൾപ്പെടെയുള്ള സി.പി.ഐ.(എം.)-ന്റെ പ്രഗത്ഭരായ നേതാക്കളെ തോൽപ്പിച്ചാണ്. 2006-ൽ ഞാൻ മത്സരിക്കുമ്പോൾ ബി.ജെ.പി.-ക്ക് കിട്ടിയത് 4000 വോട്ടാണ്. 2011-ൽ അത് 5000 ആണ്. 2016-ൽ അവർക്ക് 29800 വോട്ട് കിട്ടി. അന്ന് ബി.ഡി.ജെ.എസ്. ശക്തമായി അവരുടെ കൂടെയുണ്ടായിരുന്നു. അവിടെ പ്രധാനമന്ത്രി വന്നിരുന്നു. മദ്ധ്യകേരളത്തിൽ പ്രധാനമന്ത്രി വന്ന ഏക സ്ഥലം അതാണ്. തുറവൂർ വിശ്വംഭരൻ എന്ന സ്ഥാനാർത്ഥി വളരെയേറെ സ്വീകാര്യതയുള്ള നേതാവായിരുന്നു. അതു കൊണ്ടാണ് ബി.ജെ.പി.-ക്ക് അത്രയും വോട്ട് ലഭിച്ചത്. ശ്രീ. പി. രാജീവിന് അറിയാം. അദ്ദേഹം ഡി.വൈ.എഫ്.ഐ. ജില്ലാ സെക്രട്ടറിയായിരുന്നു.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... അങ്ങയുടെ വിശദീകരണം മാത്രം പറയണം, പ്രസംഗം അല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പ്രസംഗമല്ല, വിശദീകരണമാണ് നടത്തുന്നത്. ഞാൻ സി.പി.ഐ.(എം.)-ന്റെ പ്രഗത്ഭരായ നേതാക്കളെ തോൽപ്പിച്ചു തന്നെയാണ് വന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി-ക്ക് അവിടെ 25000 വോട്ടേ കിട്ടിയിട്ടുള്ളൂ. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 23000 വോട്ടേ കിട്ടിയിട്ടുള്ളൂ. ഇത്തവണ അവർക്ക് 23000 വോട്ട് കിട്ടിയിട്ടുണ്ട്. ഞാൻ അവിടെ ജയിച്ചതിൽ ഇവർക്ക് വിഷമമാണ്, കാരണം, ഇവരുടെ പൊന്നുംകുടമാണല്ലോ തകർന്നൊടിഞ്ഞു വീണത്. സി.പി.ഐ.(എം)-ന്റെ പൊന്നുംകുടം തകർന്നൊടിഞ്ഞു വീണപ്പോൾ നിങ്ങൾക്ക് വിഷമമുണ്ടാകും. അതുകൊണ്ട് ബി.ജെ.പി. വോട്ട് കൊണ്ടാണ് ഞാൻ ജയിച്ചതെന്നുപറഞ്ഞത്. ...........(മൈക്ക് ഓഫ്).......

വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എന്റെ പേര് പരാമർശിച്ചതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. ഇതിനു മുൻപുള്ള തെരഞ്ഞെടുപ്പു കളിലും ബഹുമാനപ്പെട്ട മെമ്പർ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിത്തന്നെയാണ് വിജയിച്ചതെന്ന് പറഞ്ഞത് വളരെ നന്നായി.

## ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

ശ്രീ. കെ. ആൻസലൻ: സർ, ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയ പ്രഖ്യാപനത്തിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദി പ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുന്നു. ഈ ഗവൺമെന്റ് പുതിയതല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ഗവർണറുടെ നയപ്രഖ്യാപനത്തെ പരാമർശിച്ചുകൊണ്ടുനടത്തിയ പത്രസമ്മേളനത്തിൽ 'ഈ നയപ്രഖ്യാപനത്തിൽ വലിയ പുതുമയൊന്നുമില്ല, കഴിഞ്ഞ ബഡ്ജറ്റിന്റെ തുടർച്ചയാണ് എന്ന് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം എന്ത് അടിസ്ഥാനത്തിലാണ് അങ്ങനെയൊരു പരാമർശം നടത്തിയതെന്ന് മനസ്സിലാകുന്നില്ല. കാരണം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ തുടർഭരണം സാധ്യമാകും എന്ന ഉറപ്പിന്റെ ഭാഗമായിട്ടാണ് 2021 ജനുവരി 15-ാം തീയതി ബഡ്ജറ്റ് അവതരിപ്പിക്കുകയും ജനോപകാരപ്രദമായ നിരവധി പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളത്. ഇത് കോവിഡ് മഹാമാരി പിടിമുറുക്കിയിരിക്കുന്ന ഗുരുതരമായ കാലഘട്ടമാണെന്ന് നമുക്കറിയാം. അതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി സമഗ്ര കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ആശ്വാസ നടപടികൾക്കുമായി 20,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. സാമൂഹ്യക്ഷേമ പെൻഷനുകൾ യഥാസമയം നൽകാൻ കഴിയാതിരുന്ന ഗവൺമെന്റായിരുന്നു യു.ഡി.എഫ്-ന്റേത്. നിശ്ചയിക്കപ്പെട്ട തുക കൊടുക്കാതെ പാവങ്ങളെ ആട്ടിപ്പായിച്ച യു.ഡി.എഫിനുമുന്നിലാണ് 51,90,000-ത്തോളം വരുന്നവർക്ക് പുതിയ പെൻഷനടക്കമുള്ള ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്ത് കേരള ഗവൺമെന്റ് ഇന്ത്യയ്ക്ക് മാതൃകയായി മാറിയത്. പെൻഷൻ ഇല്ലാത്ത ബി.പി.എൽ. കുടുംബങ്ങൾക്ക് ആയിരം രൂപ വീതം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സൗജന്യ ഭക്ഷണവിതരണത്തിന് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായി ആയിരക്കണക്കിനുവരുന്ന ജനകീയ ഹോട്ടലുകൾ ആരംഭിച്ച് 20 രൂപയ്ക്ക് സുഭിക്ഷമായ ഉച്ചയൂണ് കൊടുക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. എ.പി.എൽ./ബി.പി.എൽ. തരംതിരിവില്ലാതെ തൊണ്ണൂറ് ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് മാസം 400 കോടി രൂപയോളം ചെലവാക്കി ഭക്ഷ്യക്കിറ്റ് വിതരണം തുടർന്നുകൊണ്ടിരിക്കുന്നു. കുടുംബശ്രീ, വനിതാസ്വയംസഹായ സംഘങ്ങൾ എന്നിവ ശാക്തീകരിക്കുന്നതിന് 2000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സമഗ്ര ആരോഗ്യ പദ്ധതിയുടെ പുനരുദ്ധാരണത്തിന് 1000 കോടി രൂപയും തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുന്നതിനായി 2000 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. സാധാരണക്കാരന് ഇന്റർനെറ്റ് പ്രാപ്യമാക്കാൻ കഴിയുന്ന രൂപത്തിൽ കെ-ഫോൺ പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൻകീഴിൽ നാല് ലക്ഷം രൂപയ്ക്ക്

രണ്ടര ലക്ഷത്തിലധികം വരുന്ന വീടുകൾ കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കപ്പെട്ടു. കേരളത്തിലെ മുഴുവൻ ഭൂരഹിതർക്കും ഭവനരഹിതർക്കും പാർപ്പിടം ഉണ്ടാക്കിക്കൊടുക്കുന്ന പ്രഖ്യാപനത്തിലേയ്ക്ക് ഗവൺമെന്റ് പോകുകയാണ്. അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് സത്വരനടപടി സ്വീകരിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഏകദേശം ഒന്നേമുക്കാൽ ലക്ഷത്തോളം വരുന്നവർക്ക് പട്ടയം കൊടുക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. രാജ്യത്തെ നീതി ആയോഗ് പട്ടികയിൽ അഞ്ച് പ്രാവശ്യവും മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല നല്ല നിലയിൽ മുന്നോട്ടുപോകുന്നതായി കാണാൻ സാധിച്ചു. കാർഷിക മേഖലയിലെ നഷ്ടംകൊണ്ട് മനംമടുത്ത കർഷകരെ തിരിച്ചുകൊണ്ടുവരുന്നതിനും സജീവമാക്കുന്നതിനുമാവശ്യമായ ഒട്ടനവധി സമ്മിശ്ര പദ്ധതികൾ നടപ്പാക്കി കാർഷിക പുരോഗതി കൈവരിച്ചു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട, കോവളം മുതൽ ബേക്കൽ വരെയുള്ള 616 കിലോമീറ്റർ ജലപാതയും മുടങ്ങിക്കിടന്ന ദേശീയപാതയും യാഥാർത്ഥ്യമാകാൻ പോകുകയാണ്. തീരദേശ പാതയുടെയും മലയോര പാതയുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിന് സ്വന്തമായി ഒരു ബാങ്കെന്ന സ്വപ്നം യാഥാർത്ഥ്യമാക്കി കേരള ബാങ്ക് എല്ലാ എതിർപ്പുകളെയും ഇടപെടലുകളെയും അതിജീവിച്ച് പുരോഗതിയിലേയ്ക്ക് പോകുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിലാക്കി കൊള്ളയടിച്ചിരുന്ന യു.ഡി.എഫ്. ഗവൺമെന്റിൽനിന്നും വ്യത്യസ്തമായി കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള ശക്തമായ നിലപാട് സ്വീകരിച്ചു. പുനർഗേഹം പദ്ധതി യാഥാർത്ഥ്യമാക്കി 2450 കോടി രൂപ വിനിയോഗിച്ച് കടലാക്രമണ ഭീഷണി നേരിടുന്ന അൻപത് മീറ്റർ ദൂരപരിധിയിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പാർപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. പ്രതിപക്ഷത്തെ കഴിഞ്ഞ അഞ്ച് വർഷക്കാലം നയിച്ചതാരാണ്? പ്രതിപക്ഷത്തെ നയിച്ചത് കോൺഗ്രസ്സോ മുസ്ലീംലീഗോ അല്ല. അവരെ നയിച്ചത് ബി.ജെ.പി. ആണ്. ആരാണ് ബി.ജെ.പി.? അന്തർദേശീയ ക്രൂഡ് ഓയിൽ വില താഴുമ്പോൾ അതിനനുസരിച്ച് ഇവിടെ വില കുട്ടില്ല എന്ന് പ്രഖ്യാപിച്ച ഒരു കേന്ദ്ര മന്ത്രിയും പട്ടാപ്പകൽ ടോർച്ചടിച്ച് പ്രചരണം നടത്തിയ ഒരു നേതാവുമായിരുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ചാണകം മെഴുകിയും ഗോമൂത്രം കുടിക്കുകയും ചെയ്യുന്ന അന്ധവിശ്വാസികളായ ബി.ജെ.പി-ക്കാർ പറയുന്നതിനനുസരിച്ച് സഞ്ചരിച്ച ഒരു നേതൃത്വമായിരുന്നു കോൺഗ്രസ്സിനുണ്ടായിരുന്നത്. ആ നേതൃത്വത്തിന്റെ ഭാഗമായിട്ടാണ് കോൺഗ്രസ് ഇവിടെ പ്രവേശിച്ചത്. പ്രതിപക്ഷ നേതൃത്വനിരയിലെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അക്കരപ്പച്ച തേടി

നടന്ന ഒരാളാണ്. കഴിഞ്ഞ നിയമസഭയ്ക്കകത്ത് ഇരുന്നിട്ട് ഇരിക്കപ്പൊറുതി യുണ്ടായില്ല.. അഹമ്മദ് മരിച്ച ഒഴിവിലേയ്ക്ക് മലപ്പുറത്തുനിന്നും മത്സരിച്ച് പാർലമെന്റിൽ ബി.ജെ.പി.ക്കെതിരായി, ഫാസിസത്തിനെതിരായി പോരാട്ടം നടത്തുമെന്ന് വീമ്പു പറഞ്ഞ് പോയിട്ട് പ്രധാനപ്പെട്ട ബില്ലിന്റെ ചർച്ചയിലൊക്കെ വിമാനത്തിൽ താമസിക്കുകയും കല്യാണത്തിന് പോയി ബിരിയാണി കഴിക്കുകയും ചെയ്തുകൊണ്ട് വളരെ രസകരമായി ബി.ജെ.പി-ക്ക് സഹായകരമായ നിലപാടെടുത്ത അദ്ദേഹം, വീണ്ടും കേരളത്തിലെ മന്ത്രിയായി മാറാമെന്നുള്ള പൂതിയോടുകൂടി മത്സരിച്ച് ഇവിടെ വന്ന് നിരാശനായി ഇരിക്കുകയാണ്. എന്താണ് അവസ്ഥ? 1957-ലെ ഇ.എം.എസ്. അടക്കമുള്ള പ്രഗത്ഭരുടെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്, സാധാരണക്കാരുടെ പ്രയാസങ്ങൾ മനസ്സിലാക്കി സ്വാതന്ത്ര്യസമരത്തിന്റെ ഊടുംപാവും കരുത്തുമുള്ള ആ ഗവൺമെന്റിന്റെ പ്രതിനിധികൾ ഇന്ത്യയിലാദ്യമായി കേരളത്തിൽ ഭൂപരിഷ്കരണം, സൗജന്യ വിദ്യാഭ്യാസം, പോലീസിന് ശരിയായിട്ടുള്ള നയപരിപാടികൾ, കുടിയിറക്ക് നിരോധന നിയമം എന്നിങ്ങനെ ഒട്ടനവധി പരിഷ്കരണങ്ങൾ നടപ്പിലാക്കി. സാധാരണക്കാരനോടൊപ്പംനിന്ന ആ ഗവൺമെന്റിനെ, ഏത് വിഭാഗത്തിനാണോ ആ ആനുകൂല്യം കിട്ടിയത് ആ വിഭാഗങ്ങളെ ജാതിയുടെയും മതത്തിന്റെയും പേരിൽ സംഘടിപ്പിച്ച് വിമോചന സമരംനടത്തി ഭരണഘടനയുടെ വകുപ്പ് ദുരുപയോഗം ചെയ്ത് പിരിച്ചുവിടപ്പെട്ടു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങൾ ഡയസിന് പുറംതിരിഞ്ഞ് നിൽക്കാൻ പാടില്ല.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, കേരളത്തിൽ 1957-ൽ സ്ഥാപിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് വിരുദ്ധ അടിത്തറ തകർന്ന് തരിപ്പണമായത് 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പോടുകൂടിയാണ്. മുസ്ലീം ആയാലും ക്രിസ്ത്യാനിയായാലും മതന്യൂനപക്ഷ ങ്ങളെയെല്ലാം കമ്മ്യൂണിസ്റ്റ് എന്നുപറഞ്ഞ് ഭയപ്പെടുത്തി അതാത് മതവിഭാഗങ്ങളുടെ നേതൃത്വത്തിന്റെ ഭാഗമായി അണിയിച്ചൊരുക്കി യു.ഡി.എഫിന്റെ വോട്ട് ബാങ്കായി സ്വരൂപിച്ച് നടന്നിട്ടുള്ള ആ കാലഘട്ടം കേരളത്തിൽ അവസാനിച്ചു. അങ്ങനെ നിന്നിട്ടുള്ള മതന്യൂനപക്ഷങ്ങളാകെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി മാറി. ഈ തെരഞ്ഞെടുപ്പിന്റെ അവസാനമാണ് ആഴക്കടൽ വിഷയം ഉയർത്തി ക്കൊണ്ടുവന്നത്. ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി കൊടുത്തുവെന്നുള്ള കള്ളപ്രചാരവേലകൾ ഒരു ഉദ്യോഗസ്ഥന്റെ സഹായത്തോടുകൂടി നടത്തി കേരളത്തിന്റെ തീരദേശ നിയോജകമണ്ഡലങ്ങളിലാകെ യു.ഡി.എഫിന് വിജയിക്കാമെന്ന് കരുതി. എന്നാൽ ആ ദുഷ്പ്രചരണങ്ങളെ തള്ളിക്കൊണ്ട് കേരളത്തിലെ 90% തീരദേശ നിയോജകമണ്ഡലങ്ങളിലും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ വോട്ട് രേഖപ്പെടുത്തിയ ചിത്രമാണ് നമുക്ക്

കാണാൻ കഴിയുന്നത്. മലപ്പുറം എന്ന് പറയുന്ന പൊന്നാപുരം കോട്ടയുടെ അര ലക്ഷത്തിലധികം വരുന്ന വോട്ടുകളിൽ വിജയിച്ചുവരുന്ന നിയോജക മണ്ഡല ങ്ങളിലടക്കം ലീഗിന്റെ ഭൂരിപക്ഷം കുറയുകയും പതിനായിരക്കണക്കിന് വരുന്ന വോട്ടർമാർ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി മാറുകയും ചെയ്യുന്ന ശുഭകരമായ കാഴ്ചയാണ് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ബി.ജെ.പി.--യുടെ ബി-ടീമായി പ്രവർത്തിച്ച ഒരു പാർട്ടിയാണ് കേരളത്തിലെ പ്രതിപക്ഷം. ശ്രീ. രമേശ് ചെന്നിത്തലയെ എന്തുകൊണ്ട് മാറ്റിയെന്ന് അറിയില്ല. ശ്രീ. രമേശ് ചെന്നിത്തലയെക്കാൾ കേമനാകാൻ പോകുന്നില്ല ശ്രീ. വി. ഡി. സതീശനെന്നുള്ളത് പരക്കെ പറയപ്പെടുന്ന സത്യമാണ്. ശ്രീ. വി. ഡി. സതീശന്റെ സ്ഥാനാരോഹണത്തിൽ പ്രതിഷേധം പൂണ്ടിരിക്കുന്നവരാണ് അദ്ദേഹത്തിന് ചുറ്റുമിരിക്കുന്ന കോൺഗ്രസ്സിലെ പ്രധാനപ്പെട്ട നേതാക്കളെന്ന അണിയറ രഹസ്യങ്ങൾ പതുക്കെപ്പതുക്കെ പുറത്തു വരുന്ന ഒരു കാലഘട്ടമാണ്. കേരളത്തിൽ ബി.ജെ.പി-ക്കെതിരായ ഉജ്ജ്വലമായ പോരാട്ടത്തിനും രാജ്യത്തെ വർഗ്ഗീയ ഫാസിസത്തിനെതിരായിട്ടുള്ള പോരാട്ടത്തിനും തുടക്കം കുറിക്കാൻ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഈ ഗവൺമെന്റിന് കഴിയട്ടെയെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ നയപ്രഖ്യാപനത്തിൽ മൈക്രോസ്കോപ്പുവച്ച് നോക്കിയാൽപോലും ഒരു നയവും കാണാൻ സാധിക്കുന്നില്ല. എന്നാൽ 112 പേജിൽ നിറയെ പൊള്ളയായ പ്രഖ്യാപനങ്ങൾ ധാരാളമുണ്ടുതാനും. നല്ല വായനാശീലവും കാര്യപ്രാപ്തിയുമുള്ള ബഹുമാന്യനായ ഗവർണറെക്കൊണ്ട് വായിപ്പിച്ചത് കേവലം ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റുക എന്ന നിലയിൽ മാത്രമാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നയപ്രഖ്യാപനത്തെ പിന്തുണച്ചത് കേട്ടപ്പോൾ തോന്നിയത് "കൊണ്ടുനടന്നതും നീയേ ചാപ്പാ, കൊണ്ടുകൊല്ലിച്ചതും നീയേ ചാപ്പാ" എന്ന നാടൻ ചൊല്ലാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് അങ്ങനെ പറയേണ്ടിവന്ന സാഹചര്യം ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കോവിഡ് മഹാമാരിയുടെ ഈ കാലഘട്ടത്തിൽ, വിവരസാങ്കേതികവിദ്യ ഇത്രയേറെ വികസിച്ച് വിസ്ഫോടനം നടന്ന ഒരു കാലഘട്ടത്തിൽ, രാവിലെ ആറോ ഏഴോ മണിക്ക് നടക്കുന്ന ഒരു കോവിഡ് രോഗിയുടെ വിവരം അറിയാൻ വൈകുന്നേരം ആറ് മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ പത്രസമ്മേളനം വരെ കാത്തിരിക്കേണ്ട ഒരു മാധ്യമവിരുദ്ധത അല്ലെങ്കിൽ വാർത്ത പുറത്തുവരാതിരിക്കാനുള്ള ഒരു തന്ത്രം കൃത്രിമമായുണ്ടാക്കി വൈകുന്നേരം ആറുമണിയിലേയ്ക്ക് ജനങ്ങളെ ആകർഷിച്ച് ടി.വി-ക്ക് മുന്നിലേയ്ക്ക് കൊണ്ടുവരുന്നത് ഫാസിസ്റ്റ് പ്രവർത്തനം തന്നെയാണ്. ലോകത്തെമ്പാടും

നടക്കുന്ന കാര്യം അറിയാനും തന്റെയും ബന്ധുക്കളുടെയും മരണമടക്കം ഉണ്ടാകുമെന്ന ഭീതിയോടെ കാത്തിരിക്കുമ്പോൾ അതിനെ ഒരായുധമായി ശ്രീ. പിണറായി വിജയൻ ഉപയോഗിച്ചെതിനെയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെരഞ്ഞെടുപ്പിനുള്ള നേട്ടങ്ങളാക്കി ഈ മഹാദുരന്തത്തെ മാറ്റിയതിന്റെ കാരണ ങ്ങളിലൊന്ന് ഇതാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്തിനാണ് രാവിലെ ആറ് മണിക്കുണ്ടാകുന്ന ഒരു കോവിഡ് വിവരം അറിയാൻ വൈകിട്ട് ആറുമണിവരെ നമ്മൾ കാത്തിരിക്കുന്നത്? ഒരു ചാനലിനോ പത്രത്തിനോ കൊടുക്കാത്ത ലോകത്തൊരു സ്ഥലത്തുമില്ലാത്ത ഒരു ഇരുമ്പുമുറ ഇതിനുവേണ്ടി സൃഷ്ടിച്ചിരിക്കുന്നതെന്തിനാണ്? കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ തകരാറുണ്ടെന്ന് മെഡിക്കൽ കോളേജിലെ ഡോക്ടർമാർ പറയുന്നു. ഞാനിപ്പോൾ അതൊന്നും പർവ്വതീകരിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഇക്കാര്യം ശരിയാണോയെന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനാണ് ശ്രീ. പിണറായി വിജയൻ രണ്ടാമത് വന്നിരിക്കു ന്നതെന്ന് പറയുന്നു. പിണറായി സർക്കാരിന്റെ രണ്ടാം വരവ് സാധ്യമായത് കിറ്റ് കൊണ്ടല്ല, മറിച്ച് കമ്മ്യൂണൽ ഡിവിഷൻ കൊണ്ടാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതിപ്പോഴും തുടരുന്നു. ദേശാഭിമാനിയിൽ വന്ന ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയുടെ വാർത്തയടക്കം പല കാര്യങ്ങളുമുണ്ട്. ജാതീയമായും മതപരമായും ജനങ്ങളെ വിഭജിച്ച് അതിൽനിന്ന് തെരഞ്ഞെടുപ്പ് വിജയവും രാഷ്ട്രീയ വിജയവും നേടുന്ന ഈ നയത്തിലൂടെയുള്ള നിങ്ങളുടെ വിജയം ഗുണപരമാണോയെന്ന് ആലോചിക്കണം. കമ്മ്യൂണൽ കാർഡാണ് നിങ്ങൾ കളിച്ചിരിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവും എന്നെ സംബന്ധിച്ചില്ല. തെരഞ്ഞെടുപ്പ് കാലത്ത് ശ്രീ. എ. കെ. ആന്റണി ഒരു കാര്യം പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. പിണറായി വിജയൻ സർക്കാർ വീണ്ടും വന്നാൽ ഭയക്കേണ്ടത് ഞങ്ങളല്ല നിങ്ങളായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയാണെന്ന് സി.പി.ഐ.(എം.)-ന്റെ ബഹുമാന്യനായ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പിന്നീട് പറയാതെ പറഞ്ഞു. ശ്രീ. ജ്യോതി ബസുവിനുപോലും പാർട്ടിയിൽ ആധിപത്യമുണ്ടായിരുന്നില്ല എന്ന അദ്ദേഹത്തിന്റെ ആത്മഗതം അതാണ് ചൂണ്ടിക്കാണിക്കുന്നത്. മലയാള മനോരമ ഒരു വലിയ സംഭവം തന്നെയാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചറേ, അത് പറയാതിരിക്കാൻ കഴിയില്ല. കേരളത്തിൽ മുഖ്യമന്ത്രിയാകാൻ സാധ്യതയുള്ള രണ്ടാളുടെ പട്ടിക മലയാള മനോരമ പ്രസിദ്ധീകരിച്ചു. ശ്രീ. പിണറായി വിജയൻ കഴിഞ്ഞാൽ അടുത്തയാൾ പാവം ടീച്ചറാണെന്ന് പറഞ്ഞു, ടീച്ചറിന്റെ പണിയും പോയി! മലയാള മനോരമ ഈ ചതി ചെയ്യാൻ പാടില്ലായിരുന്നു. പോളിറ്റ് ബ്യൂറോയുടെയും സംസ്ഥാന സെക്രട്ടേറിയറ്റിന്റെയുമൊക്കെ അധികാരം ബഹുമാന്യനായ മുഖ്യമന്ത്രി കവർന്നെടുത്ത് നേടിയ അധികാര കേന്ദ്രീകരണത്തിന്റെ രണ്ടാം വരവാണിത്.

കേന്ദ്ര കമ്മിറ്റിയിൽ അംഗമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ താനില്ലെന്ന് അറിയുന്നത് സെക്രട്ടേറിയറ്റിൽ ചെല്ലുമ്പോഴാണ്. അത് സ്വാഭാവികമായ പാർട്ടി കാര്യമാണെന്ന് പറഞ്ഞ് ആശ്വസിക്കാം. ഞാനൊന്നും പറയുന്നില്ല. ബഹുമാന്യയായ ബൃന്ദ കാരാട്ടും ശ്രീ. സീതാറാം യെച്ചൂരിയും ഭിന്നാഭിപ്രായം പറഞ്ഞുവെന്നും ഉഗ്രപ്രതാപിയായ മുഖ്യമന്ത്രി ശ്രീ. സീതാറാം യെച്ചൂരിക്ക് ഇവിടെയെന്ത് കാര്യമെന്ന മട്ടിൽ നിന്നുവെന്നും കേൾക്കുന്നു. ഒരാളെ മാത്രം മന്ത്രിസഭയിൽ തുടരാൻ അനുവദിക്കാമോ എന്ന കേവലമായ തൊടുന്യായവും ഇവിടെ കാണുകയുണ്ടായി. ഇത് സി.പി.ഐ.(എം.) ശൈലിയാണോ? ഒന്നറിയാൻ താല്പര്യമുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ വിവാദ പുരുഷനായ ശ്രീ. സി. എം. രവീന്ദ്രനുൾപ്പെടെ എല്ലാവരും തുടരുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ ഒഴിവാക്കാൻ പറഞ്ഞ ന്യായമനുസരിച്ചാണെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ സ്റ്റാഫും മാത്രമാണോ കഴിവുള്ളവർ? ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. ജി. സുധാകരനും ശ്രീ. ഇ. പി. ജയരാജനും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ശ്രീ. എ. കെ. ബാലനും എല്ലാം കഴിവുകെട്ടവരാണെന്നാണോ? അതൊക്കെ പാർട്ടി കാര്യം. പൊതുജനം ഇതൊക്കെ കാണുന്നുണ്ട്. വ്യക്തിയല്ല പാർട്ടിയാണ് പ്രധാനമെന്ന് പറയുന്ന ശ്രീ. സീതാറാം യെച്ചൂരിയും ശ്രീ. പി. ജയരാജനും ഇത് അംഗീകരിക്കുന്നുണ്ടോ? കിഫ്ബിയിൽ ശ്രീ. കെ. എം. എബ്രഹാമിനെതിരെയും സ്റ്റാഫിൽ ശ്രീ. സി. എം. രവീന്ദ്രനെതിരെയും വലിയ ആരോപണങ്ങൾ ഉയർന്നു. ശ്രീ. എം. ശിവശങ്കറിനെതിരെ ആരോപണം ഉയർന്ന് അദ്ദേഹത്തിന്റെ പേരിൽ നടപടി വന്നപ്പോൾ പാർട്ടി ചർച്ച ചെയ്ത് ആരോപണവിധേയരായവരെ സംരക്ഷി ക്കില്ലായെന്ന് പറഞ്ഞിരുന്നു. ഇത് തമ്മിൽ എങ്ങനെയാണ് യോജിച്ചുപോകുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെങ്കിലും ഈ സഭയിൽ വെളിപ്പെടുത്തിയാൽ നല്ലതാണ്. മലയാള മനോരമ ആഴ്ചപ്പതിപ്പിൽ 'ഉറപ്പാണ് വിജയൻ' എന്ന തലക്കെട്ടുള്ള ഒരു കവർ സ്റ്റോറി വന്നിരുന്നു. മലയാള മനോരമ തന്നെപ്പറ്റി നല്ലത് പറഞ്ഞാൽ തനിക്ക് എന്തോ തെറ്റുപറ്റിയെന്ന് കണക്കാക്കണമെന്ന് പാർട്ടി പ്രവർത്തകരെ ഉദ്ബോധിപ്പിച്ചത് ഇ.എം.എസ്. ആയിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. കമ്മ്യൂണിസ്റ്റുകാർ അധികാ രത്തിൽ വന്നാൽ കെ. സി. മാമൻ മാപ്പിള വിഷം കുടിച്ച് മരിക്കുമെന്ന് പറഞ്ഞതായി കമ്മ്യൂണിസ്റ്റുകാർ കവലതോറും കള്ളം പറഞ്ഞ് നടന്നിരുന്നു. അതുംപോകട്ടേ, മലയാള മനോരമ ആഴ്ചപ്പതിപ്പിലെ ലേഖനത്തിൽ ഒന്ന് ശ്രീ. പിണറായി വിജയന്റെ അടുക്കളക്കാരനായി പതിനേഴ് വർഷം സേവനമനുഷ്ഠിച്ച ശ്രീ. റ്റി. മുരുകേശന്റെ വാർത്തയാണ്. അടുക്കളക്കാര്യം പറയുകയല്ല. മുഖ്യമന്ത്രിയുടെ പ്രിയപാചകം ഇനി നമ്മുടെ നാട്ടിലുമുണ്ടാക്കാമെന്നതായിരുന്നു. അതിലൊന്ന് കരിമീൻ പൊരിക്കുന്നതി നെക്കുറിച്ചായിരുന്നു. ശ്രീ. റ്റി. മുരുകേശൻ കരിമീൻ പൊരിക്കുന്നതുപോലെ മുഖ്യമന്ത്രി അങ്ങയുടെ സ്വകാര്യ അടുക്കളയിൽ ചുട്ടെടുത്തിരിക്കുകയാണ് സി.പി.ഐ.(എം.) മന്ത്രിമാരെ എന്ന് ആരെങ്കിലും പറഞ്ഞാൽ കുറ്റപ്പെടുത്താൻ പറ്റുമോ? പോളിറ്റ്

ബ്യൂറോയിൽ പൊരിച്ചതല്ല ഇത്. ഇത് ശ്രീ. സീതാറാം യെച്ചൂരിയും വ്യക്തമാക്കിയിട്ടുണ്ട്. 1980-കളിൽ ഡി.വൈ.എഫ്.ഐകാർ 'മ' പ്രസിദ്ധീകരണങ്ങൾ കേരളം മുഴുവൻ കൂട്ടിയിട്ട് കത്തിക്കുകയായിരുന്നു. അതിന്റെ പുക ഇപ്പോഴും അന്തരീക്ഷത്തിൽനിന്ന് മാറിയിട്ടില്ല. 'കരുതലാണ് പിണറായി' എന്ന തലക്കെട്ടിൽ ശ്രീ. ജോൺ ബ്രിട്ടാസിന്റെ ലേഖനവുമുണ്ട്. ശ്രീ. പിണറായി വിജയൻ ബ്രാൻഡ് ചെയ്യപ്പെട്ടതാണ് അദ്ദേഹത്തിന്റെ തിളക്കമാർന്ന വിജയത്തിനുകാരണമെന്ന് ശ്രീ. ജോൺ ബ്രിട്ടാസ് പറയുന്നു. അപ്പോൾ സി.പി.ഐ.(എം.)-ന്റെയോ പിണറായി വിജയൻ സർക്കാരിന്റെയോ പ്രവർത്തനങ്ങൾ തെരഞ്ഞെടുപ്പ് വിജയത്തെ സഹായിച്ചിട്ടില്ലേ? ഒരു ബഹുരാഷ്ട്ര കമ്പനിയുടെ ഉൽപ്പന്നംപോലെ ശ്രീ. പിണറായി വിജയൻ ബ്രാൻഡ് ചെയ്യപ്പെട്ടത് കൊണ്ടാണോ ഈ വിജയമുണ്ടായത് എന്നാണോ? അത് വ്യക്തമാക്കണം, ഞങ്ങൾക്ക് സംശയമുണ്ട്. അപ്പോൾ അതാണ് ഞാൻ ആദ്യം പറഞ്ഞത് ശ്രീ. പിണറായി വിജയന്റെ ബ്രാൻഡ് കമ്മ്യൂണലാണെന്ന്. അദ്ദേഹത്തെ പോലുള്ളവർ ബ്രാൻഡ് ചെയ്യപ്പെടുന്നതിനെ സംബന്ധിച്ച് വളരെ മുൻകൂട്ടി ക്രൂഷ്ചേവ് പേപ്പേഴ്സിൽ പറഞ്ഞിരുന്നു. 20-ാം പാർട്ടി കോൺഗ്രസ്സിൽ നികിതാ ക്രൂഷ്ചേവിന്റെ സീക്രട്ട് സ്പീച്ച് അങ്ങ് വായിച്ചിട്ടുണ്ടെന്ന് എനിക്കറിയാം. അതിൽ പറയുന്ന 'On the Cult of Personality and Its Consequences', 1956 ഫെബ്രുവരി 25-ന് നടത്തിയ പ്രസംഗം സഖാക്കൾ ഒന്നെടുത്ത് വായിക്കണം. അതിൽ ഈ ബ്രാൻഡിംഗിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഇ.എം.എസ്.-ഉം, എ.കെ.ജി.-യും എന്തിന് ഇ. കെ. നായനാർ പോലും ബ്രാൻഡ് ചെയ്യപ്പെട്ടിട്ടില്ല. ഇതാണ് നിങ്ങൾ അംഗീകരിക്കുന്ന ശ്രീ. പിണറായി വിജയന്റെ രണ്ടാം വരവിന്റെ കാരണമെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല. മലയാള മനോരമ ആഴ്ചപ്പതിപ്പിൽ 'ഉറപ്പാണ് വിജയൻ' എന്ന തലക്കെട്ടിൽ പറഞ്ഞിരിക്കുന്ന കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് വളരെ ഗൗരവമായി കാണണം. സി.പി.ഐ.(എം.)-ന്റെ വിജയം കേവലം ബ്രാൻഡ് ചെയ്യപ്പെട്ടതാണോ? കെ. കരുണാകരൻ മൂത്രമൊഴിക്കാൻ പോയപ്പോൾ ശ്രീ. കെ. മുരളീധരനെ പാർലമെന്റിലേയ്ക്ക് ശ്രീ. എ. കെ. ആന്റണി നിശ്ചയിച്ചുവെന്ന് ദേശാഭിമാനി പ്രാധാന്യംകൊടുത്ത് പണ്ട് എഴുതി. XXXXXXX* (...ബഹളം....) ഇനിയെങ്കിലും നിങ്ങൾ കുടുംബാധിപത്യത്തെപ്പറ്റി പറഞ്ഞ് ഞങ്ങളെ ആക്ഷേപിക്കരുത്.(...ബഹളം....)

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ചട്ടം 307 പ്രകാരം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. അദ്ദേഹം നടത്തിയ ചില പരാമർശങ്ങൾ സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. വ്യക്തിപരമായി ബഹു. മുഖ്യമന്ത്രിക്കെതിരെ നടത്തിയ പരാമർശങ്ങൾ സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. അത് എക്സ്പഞ്ച് ചെയ്യണം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ 8506/ഇ.ബി./2021/നി.സെ. തീയതി 1-6-2021) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പോയിന്റ് ഓഫ് ഓർഡർ ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തിൽ ഈ സഭയിൽ ഇല്ലാത്ത ശ്രീ. സി. എം. രവീന്ദ്രൻ അടക്കമുള്ള ആളുകളെ പരാമർശിച്ചു. അത് രേഖയിൽനിന്നും മാറ്റണം. രണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റിയും വ്യക്തിപരമായി അദ്ദേഹത്തിന്റെ കുടുംബത്തെപ്പറ്റിയുമുള്ള പരാമർശവും രേഖയിൽ ഉണ്ടാകരുത്. അത് പ്രതിഷേധാർഹമാണ്.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് ഉചിതമായ കാര്യം തീരുമാനിക്കാം.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീമതി കെ. കെ. രമ എന്നുപറയുന്ന രണ്ടക്ഷരം ഒരു പേടിസ്വപ്നമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഭരണപക്ഷത്തെയും വേട്ടയാടുമെന്ന കാര്യത്തിൽ സംശയമില്ല. അമ്പത് ശതമാനത്തിൽ താഴെ വോട്ട് ലഭിച്ച നിങ്ങൾ കുറെ കണക്കുകളും മറ്റ് കാര്യങ്ങളുമൊന്നും പറഞ്ഞ് ഞങ്ങളെ പേടിപ്പിക്കേണ്ട, ഞങ്ങൾ തിരിച്ചുവരും. കേരളത്തിന്റെ പ്രിയങ്കരനായ എഴുത്തുകാരൻ സക്കറിയ പറഞ്ഞതുപോലെ 0.26 ശതമാനത്തിന്റെ വ്യത്യാസമേ നമ്മൾ തമ്മിലുള്ളൂ. അതുകൊണ്ട് അഹങ്കരിക്കണ്ട, ഞങ്ങളെ പേടിപ്പിക്കണ്ട. നിങ്ങളുടെ വിജയം കമ്മ്യൂണൽ കാർഡുമൂലമാണ്, കമ്മ്യൂണിസ്റ്റ് കാർഡിലൂടെയല്ലെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. രണ്ടാം പിണറായി വിജയൻ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നയപ്രഖ്യാപന പ്രസംഗം നടത്തുകയുണ്ടായി. ഒന്നാമത്തെ സർക്കാരിനുവേണ്ടി 2016 ജൂൺ 24-നാണ് റിട്ട. ജസ്റ്റിസ് പി. സദാശിവം നയപ്രഖ്യാപനം നടത്തിയത്. ആ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയതു കൊണ്ടാണ് രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിലേയ്ക്ക് തിരിച്ചു വന്നത്. ഞങ്ങൾ ഒരു കാര്യം പറയാം, Getting care is a right of everyone, not a favour or a privilege. ഈ സർക്കാരിന്റെ മുഖമുദ്ര കരുതലാണ്. പൗരൻമാർക്ക് സർക്കാർ കരുതൽ നൽകുന്നു. അതിന്റെ ഭാഗമായതുകൊണ്ടുതന്നെയാണ് ഈ സർക്കാരിന് അധികാരത്തിൽ തിരിച്ചുവരാൻ കഴിഞ്ഞത്. നാം കോവിഡ് എന്ന മഹാദുരന്തത്തിന് മുന്നിലായിരുന്നപ്പോൾ സർക്കാർ എങ്ങനെയാണ് ജനങ്ങൾക്ക് കരുതൽ നൽകിയത്? ഇരുപത്തിരണ്ട് ലക്ഷം പേർക്ക് കോവിഡ് ബാധിച്ചപ്പോൾ മരണനിരക്ക് കേവലം 6612 മാത്രമായി പിടിച്ചുനിർത്താൻ കഴിഞ്ഞു. അതോടൊപ്പം കോവിഡ് കാലത്ത് 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. ആ പാക്കേജിലൂടെ എല്ലാവിഭാഗം ജനങ്ങളെയും അഡ്രസ്സ് ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞു. 47.2 ലക്ഷം ഗുണഭോക്താക്കൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകി. ആഗോള ടെണ്ടർ ക്ഷണിച്ചുകൊണ്ട് മൂന്ന് കോടി ഡോസ് വാക്സിനാണ് ഞങ്ങൾ

വാങ്ങുന്നത്, അക്കാര്യം ഇവിടത്തെ മുഖ്യധാരാ മാധ്യമങ്ങൾ അവഗണിച്ചതാണ്. ആഗോള ടെണ്ടറിലൂടെ കോവിഡ് വാക്സിൻ വാങ്ങിച്ച് തങ്ങളുടെ പൗരൻമാർക്ക് സുരക്ഷ ഒരുക്കാനുള്ള കരുതലാണ് സർക്കാർ നടപ്പിലാക്കി മുന്നോട്ടുപോകുന്നത്. ഈ സർക്കാർ ആരോഗ്യ പാക്കേജ് നടപ്പിലാക്കി. അതുപോലെതന്നെ ആളുകൾക്ക് തൊഴിൽ ഉറപ്പുവരുത്താൻ കെ-ഡിസ്ക് മുഖേനയുള്ള ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം ഈ സർക്കാർ ഒരുക്കി. 2500 സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇന്നൊവേഷൻ ഫണ്ട് നൽകി. കെ-ഫോൺ പദ്ധതിയെക്കുറിച്ച് നിങ്ങൾക്കറിയാം. കെ-ഫോൺ പദ്ധതിക്ക് ഏറ്റവും കൂടുതൽ പാരവച്ചവരായിരുന്നു കേരളത്തിലെ യു.ഡി.എഫ്. ഇവിടത്തെ പൗരൻമാർക്ക് ഇന്റർനെറ്റ് സംവിധാനം ലഭിക്കാൻ പാടില്ലെന്ന നികൃഷ്ട മനസ്സിന്റെ ഉടമകളായിരുന്നു കേരളത്തിലെ യു.ഡി.എഫ്. എന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. നിങ്ങൾ എന്തെല്ലാം ആക്ഷേപങ്ങൾ ഉന്നയിച്ചു. ആ ആക്ഷേപങ്ങളെല്ലാം കേരളത്തിലെ ജനസമൂഹം തള്ളിക്കളഞ്ഞു. 2020 നവംബർ 29-ന് കേരള ബാങ്ക് നിലവിൽ വന്നു. സഹകരണ മേഖലയെ തകർക്കാനൊരു ഭാഗത്ത് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുമ്പോൾ ആ മേഖലയെ സംരക്ഷിക്കുന്ന നിലപാടായിരുന്നു ഇടതുപക്ഷ സർക്കാർ സ്വീകരിച്ചത്. ഇ-റേഷൻ കാർഡ് രാജ്യത്തിന് മാതൃകയാകുകയാണ്. അങ്ങനെ എല്ലാതലത്തിലും കേരളം ലോകത്തിന് മാതൃകയാകുകയാണ്. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി സ്ഥാപിക്കാൻ പോകുന്നു. ഇങ്ങനെ നയപ്രഖ്യാപനത്തിലെ നിരവധി കാര്യങ്ങൾ നടപ്പിലാക്കിയ ഒരു സർക്കാരാണിത്. കിഫ്ബിയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. കിഫ്ബിയിലെ പദ്ധതികൾ തകിടംമറിക്കാൻ ശ്രമിച്ചില്ലേ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അഞ്ച് വർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾക്കെതിരെ വിമർശനത്തിനപ്പുറത്ത് ക്രിയാത്മകമായി മാറാൻ സാധിച്ചോയെന്ന് നിങ്ങൾ ആലോചിക്കണം. നിങ്ങൾ കൺസ്ട്രക്റ്റീവ് ഒപ്പോസിഷനാണോ ഡിസ്ട്രക്റ്റീവ് ഒപ്പോസിഷനാണോ? ഒരു കാര്യം ഉറപ്പിച്ചുപറയുന്നു, കഴിഞ്ഞ അഞ്ചുവർഷക്കാലം നിങ്ങൾ ഡിസ്ട്രക്റ്റീവ് ഒപ്പോസിഷനായിരുന്നു. അതുകൊണ്ടാണ് നിങ്ങൾക്ക് ഇപ്പോഴും ഈ സഭയിൽ പ്രതിപക്ഷത്ത് ഇരിക്കേണ്ടിവന്നത്. ഞാനൊരു ഭാഗ്യമുള്ള ആളാണ്. കാരണം, തുടർച്ചയായി രണ്ടുതവണ ഭരണകക്ഷിയുടെ നിയമസഭാ സാമാജികനാകാൻ എനിക്ക് കഴിഞ്ഞു. അതുമാത്രമല്ല, മറ്റൊരു ഭാഗ്യം, ഈ നിയമസഭയ്ക്കകത്ത് രണ്ട് മുൻപ്രതിപക്ഷ നേതാക്കളും ഒരു പ്രതിപക്ഷ നേതാവുമടക്കം മൂന്ന് പ്രതിപക്ഷ നേതാക്കളുടെ കൂടെ സഭയ്ക്കകത്ത് എനിക്ക് ഇരിക്കാൻ കഴിഞ്ഞു. മറ്റൊരു ഭാഗ്യം, അഞ്ച് വർഷത്തിനിടയിൽ നാല് തവണ സത്യപ്രതിജ്ഞ ചെയ്ത ആളിന്റെകൂടെയും എനിക്ക് ഈ സഭയ്ക്കകത്ത് ഇരിക്കാൻ കഴിഞ്ഞു. ഇത് അപൂർവ്വമായി ലഭിക്കുന്ന ഭാഗ്യമാണ്. എല്ലാവർക്കും ലഭിക്കണമെന്നില്ല.

എന്തുകൊണ്ട് നിങ്ങൾ തോറ്റു. അതിനുത്തരം നിങ്ങൾ തേടിപ്പോകണ്ട. ഒരു മനുഷ്യനുവേണ്ടത് ഭക്ഷണമാണ്, ആ ഭക്ഷണം നമ്മൾ കിറ്റിലൂടെ കൊടുക്കാൻ ശ്രമിച്ചപ്പോൾ അത് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞ് നിങ്ങൾ കോടതിയെ സമീപിച്ചു. ഒരു മനുഷ്യനുവേണ്ടത് കയറിക്കിടക്കാൻ വീടാണ്, അതിനുവേണ്ടി ലൈഫ് പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ നിങ്ങൾ സി.ബി.ഐ-യെ സമീപിച്ചു. ഒരു മനുഷ്യനുവേണ്ടത് ആരോഗ്യമാണ്, ഏറ്റവും മികച്ച ആതുരാലയങ്ങളാണ്. ആ ആതുരാലയങ്ങളെ തകർക്കാൻ നിങ്ങൾ പരിശ്രമിച്ചു. ഒരു മനുഷ്യനുവേണ്ടത്, അത്യാവശ്യം പണമാണ്. അതാണ് സാമൂഹ്യക്ഷേമ പെൻഷൻ. ആ പെൻഷൻ ഞങ്ങൾ കൊടുക്കാൻ ശ്രമിച്ചപ്പോൾ അതിലും നിങ്ങൾ പാരവച്ചു. അതിനാലാണ് നിങ്ങൾ പരാജയപ്പെട്ടത്. ചവാൻ കമ്മീഷനൊന്നും വരണ്ട, സാമാന്യ ബുദ്ധിയുള്ള ഏതൊരു പൗരനും മനസ്സിലാകും എന്തുകൊണ്ടാണ് കോൺഗ്രസ് തോറ്റതെന്ന്. എന്തിനെയും ഏതിനെയും എതിർക്കുക. ഞങ്ങൾ ഇത് നിയമസഭയെന്ന് പറയുമ്പോൾ നിങ്ങൾ ഇത് രാജ്യസഭയാണെന്ന് പറയും. ഞാൻ ഇരിക്കുന്ന ഈ സഭ നിയമ സഭയാണെന്ന് ഈ ഭാഗത്തിരിക്കുന്നവർ പറഞ്ഞാൽ മറുഭാഗത്തുള്ളവർ പറയും ഇത് നിയമസഭയല്ല, ലോക്സഭയാണെന്ന്. ഞങ്ങൾ ഇപ്പോൾ പകലെന്ന് പറഞ്ഞാൽ നിങ്ങൾ പറയും ഇത് രാത്രിയാണെന്ന്. ഞങ്ങളെ എതിർക്കുകയെന്നതിന് അപ്പുറത്തേയ്ക്ക് നിങ്ങൾ സത്യസന്ധമായി രാഷ്ട്രീയം കൈകാര്യം ചെയ്തിട്ടുണ്ടോ. ശ്രീ. രാഹുൽ ഗാന്ധിയെ എനിക്ക് വലിയ ഇഷ്ടമാണ്. എന്തെല്ലാമായിരുന്നു നാടകം. വെങ്കായം, തൈര്, കടലിൽ തള്ളൽ തുടങ്ങി എന്തെല്ലാമായിരുന്നു ബഹളം. ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ട് കടലിൽ തള്ളിയില്ലേ, ആ കടലിൽ തള്ളാൻ വേണ്ടി താമസിച്ച ഹോട്ടലിന്റെ വാടക കോൺഗ്രസ് കൊടുത്തില്ല. എന്തൊരു പാർട്ടിയാണ് നിങ്ങൾ? ആയിരം വീടുകൾ നിർമ്മിക്കുമെന്ന് പറഞ്ഞു, എവിടെയാണ് ആയിരം വീടുകൾ? ഞങ്ങൾ വിജയദിനം ആഘോഷിച്ചു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... ശ്രീ. രാഹുൽ ഗാന്ധി താമസിച്ച ഹോട്ടലിന്റെ വാടക കൊടുത്തില്ലായെന്നുള്ള അവാസ്തവമായൊരു പരാമർശം ബഹുമാനപ്പെട്ട മെമ്പർ നടത്തിയിരിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധി താമസിച്ച ഹോട്ടലിന്റെ വാടക കൊടുത്തില്ലായെന്നുള്ള ദേശാഭിമാനിയുടെ വ്യാജവാർത്തക്കെതിരെ, അവിടെ പണം ലഭിച്ചുവെന്ന് ഹോട്ടലിന്റെ ജനറൽ മാനേജർ മാധ്യമങ്ങൾക്ക് വിശദീകരണം നൽകിയിട്ടുണ്ട്. അതിനുശേഷവും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വന്ന് ആർക്കെതിരെയാണ് ഇങ്ങനെ പറയുന്നത്. പശ്ചിമ ബംഗാളിൽ സി.പി.ഐ.(എം) സ്ഥാനാർത്ഥിക്കുവേണ്ടി പ്രചരണത്തിന് കൊണ്ടുപോയ ശ്രീ. രാഹുൽ ഗാന്ധിക്കെതിരെയല്ലേ പറയുന്നത്?

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... കൺക്ലൂഡ്...

ശ്രീ. എ. എൻ. ഷംസീർ: സർ, കോൺഗ്രസ്സിനാവശ്യം സീരിയസ് ലീഡർഷിപ്പാണ്. ചൈൽഡിഷായി നടക്കുന്ന ആളുകളല്ല കോൺഗ്രസ്സിനുവേണ്ടത്. നിങ്ങളുടെ നേതാക്കൾ പറയുമ്പോൾ കടലിൽ ചാടുക, നിങ്ങൾ പറയുമ്പോൾ മതിൽ കടന്ന് ചാടുക; ഇതല്ല നേതൃത്വം. മറിച്ച് ജനങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുന്ന ആർജ്ജവമുള്ള നേതാക്കൾ കോൺഗ്രസ്സിലില്ലാതെ പോയി. ഇവിടെ ശ്രീ. ടി. സിദ്ദിഖ്, ജവഹർലാൽ നെഹ്റുവിനെ ക്വാട്ട് ചെയ്ത് പറഞ്ഞല്ലോ; ശ്രീ. ടി. സിദ്ദിഖിന്റെ maiden speech ആയതുകൊണ്ടാണ് ഞാൻ ഇടപെടാതിരുന്നത്. ശ്രീ. ടി. സിദ്ദിഖ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ചും വിമർശനത്തെക്കുറിച്ചും പറഞ്ഞു. ഞാൻ ചോദിക്കട്ടെ ശ്രീ. സിദ്ദിഖേ, നിങ്ങൾ സൈക്കോഫാന്റ്സിന്റെ യുഗത്തിലാണ്, സ്തുതിപാഠകരുടെ തടവറയാണ് കോൺഗ്രസ്, ശ്രീ. രാഹുൽ ഗാന്ധിയുടെ മുഖത്തേയ്ക്ക് നോക്കി വിമർശിക്കാൻ ശ്രീ. ടി. സിദ്ദിഖ് ഉൾപ്പെടുന്ന കോൺഗ്രസ്സിന് ധൈര്യമുണ്ടോ? ആ നിമിഷം കോൺഗ്രസ്സിനകത്ത് ആളുകൾ ഉണ്ടാകില്ല. അതുമാത്രമല്ല, ബി.ജെ.പി-ക്കെതിരെ ഞങ്ങൾ ഒന്നും മിണ്ടിയില്ലായെന്ന് പറയുകയുണ്ടായി. ഞാനൊരു കാര്യം ചോദിക്കട്ടേ; ബി.ജെ.പി.-ക്കെതിരാണ് ഞങ്ങളെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ; പ്രസവവാർഡ് സ്ത്രീകൾക്ക് മാത്രമെന്ന് എഴുതേണ്ട കാര്യമുണ്ടോ? വളരെ വ്യക്തമാണ്, ഈ രാജ്യത്ത് ബി.ജെ.പി-ക്കെതിരെ നെഞ്ചൂക്കോടെ നിലപാട് സ്വീകരിക്കുന്നത് ഇടതുപക്ഷ പ്രസ്ഥാനമാണ്. ഞാൻ ചോദിക്കട്ടെ, എവിടെയാണ് കോൺഗ്രസ്? നിങ്ങൾ പലയിടത്തും സിംഗിൾ ലാർജസ്റ്റ് പാർട്ടി ആയില്ലേ; ആ സിംഗിൾ ലാർജസ്റ്റ് പാർട്ടിയായ നിങ്ങൾക്ക് ഭരിക്കാൻ കഴിഞ്ഞോ; ഗോവയിൽ നിങ്ങൾക്ക് സർക്കാരുണ്ടാക്കാൻ കഴിഞ്ഞോ; വടക്കുപടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് സർക്കാരുണ്ടാക്കാൻ കഴിഞ്ഞോ; കർണ്ണാടകയിൽ എന്തുകൊണ്ട് പൊളിഞ്ഞു? അതിന്റെ കാരണം, നിങ്ങളെന്ന രാഷ്ട്രീയ പ്രസ്ഥാനം ഒരുപക്ഷം സ്തുതിപാഠകരുടേതായി മാറി എന്നതുകൊണ്ടാണ്. ഇവിടെ മുൻ പ്രതിപക്ഷ നേതാവിനെക്കുറിച്ച് പുകഴ്ത്തിപ്പാടി, അദ്ദേഹം ഇന്നയിന്ന അഴിമതികൾ പുറത്തു കൊണ്ടുവന്നുവെന്ന് പറയുകയുണ്ടായി. പിന്നെ എന്തിനാണ് അദ്ദേഹത്തെ മാറ്റിയത്, എന്തിനാണ് ആ മനുഷ്യനെ നിങ്ങൾ അപമാനിച്ച് ഇറക്കിയത്? എനിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനമാണ്. ആ മനുഷ്യനെ എന്തിനാണ് അപമാനിച്ച് ഇറക്കിയതെന്ന് പറയണ്ടേ? നിങ്ങൾ ഒരു ഭാഗത്ത് അഴിമതിക്കെതിരാണെന്ന് പറയും. മറുഭാഗത്ത് അതിന്റെ സ്തുതിപാഠകരായി മാറുന്നു. അതുപോലെ ഞങ്ങൾ വിജയദിനം ആഘോഷിച്ചതിന്റെ ഭാഗമായി ചിലയിടത്തൊക്കെ പടക്കം പൊട്ടിച്ചു, കടലാസ് പടക്കമാണ്. ആ പടക്കം പൊട്ടിച്ചപ്പോൾ ശ്രീ. വി. കെ.

പ്രശാന്തിനെതിരായി മത്സരിച്ച സ്ഥാനാർത്ഥി ശ്രീമതി വീണാ നായരുടെ ഫോട്ടോ, ആ സ്ഥാനാർത്ഥിയുടെ പൊട്ടിക്കാത്ത പോസ്റ്റർ മുഴുവൻ പടക്കം നിർമ്മിക്കാൻ ശിവകാശിക്ക് വിട്ടു; ഇതാണ് കോൺഗ്രസ്സ്. അതുകൊണ്ട് കോൺഗ്രസ്സിനെ രക്ഷപ്പെടുത്താൻ ആർക്കും സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. നിങ്ങൾ ആലോചിക്കണം, കോൺഗ്രസ്സ് എങ്ങനെയാണ് ബി.ജെ.പി.-യെ മുൻപ് ഡിഫൈൻ ചെയ്തത്. ബി.ജെ.പി-യെ അരുൺ ഷൂരി ഡിഫൈൻ ചെയ്തത് Congress+ Cow=BJP എന്നാണ്. എന്നാൽ ഞാനിന്ന് കോൺഗ്രസ്സിനെ വിശേഷിപ്പിക്കുന്നത് BJP-Cow=Congress എന്നാണ്. ഇതല്ലേ നിങ്ങളുടെ രാഷ്ട്രീയം? നിങ്ങൾക്ക് എന്ത് രാഷ്ട്രീയമാണുള്ളത്? ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പേര് ഇന്ത്യൻ നോഷണൽ കോൺഗ്രസ് എന്നാണ്. ഒരു തോന്നൽ മാത്രമാണ് കോൺഗ്രസ്. നിങ്ങൾ ജവഹർലാൽ നെഹ്റുവിൽ അഭിമാനിക്കുന്നു. ജവഹർലാൽ നെഹ്റുവിന്റെ ഏത് പാരമ്പര്യം നിങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കും? നിങ്ങൾ വർഗ്ഗീയതയ്ക്ക് എതിരാണോ? ഈ നിയമസഭയ്ക്കകത്ത് ഞങ്ങളുടെ മെസ്സിയായിരുന്നു ശ്രീ. എം. സ്വരാജ്. അദ്ദേഹത്തെ ചവിട്ടി വീഴ്ത്തിയതല്ലേ? അത് പറയുമ്പോൾ പൊള്ളുന്നു. ബി.ജെ.പി-യുടെ വോട്ട് വാങ്ങിച്ചില്ലെന്ന് തൃപ്പൂണിത്തുറ എം.എൽ.എ-യ്ക്ക് നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ? ബി.ജെ.പി-യുടെയോ ഒരു വർഗ്ഗീയശക്തിയുടെയോ വോട്ട് ഞങ്ങൾ വാങ്ങിച്ചിട്ടില്ലെന്ന് 99 അംഗങ്ങൾക്കും പറയാൻ സാധിക്കും. ഞങ്ങളെപ്പോലെ പറയാൻ നിങ്ങൾക്ക് സാധിക്കുമോ? നിങ്ങൾ ആലോചിക്കണം. വർഗ്ഗീയതയോട് സ്വീകരിച്ച മൃദുസമീപനമാണ് നിങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനത്തെ ഈ നിലയിലാക്കിയത്. ഞാൻ ഇപ്പോഴും പറയുന്നു, ഇന്ത്യൻ നാഷണൽ കോൺഗ്രസ് തകരണമെന്ന് ആഗ്രഹിക്കുന്ന ആളുകളല്ല ഞങ്ങൾ. പക്ഷേ, സ്വയം തകരാൻ നിങ്ങൾ തീരുമാനിച്ചാൽ നിങ്ങളെ രക്ഷപ്പെടുത്താൻ ആർക്കും സാധിക്കില്ല. നിങ്ങൾ നന്നാകുന്നതിന്റെ ഒരു ലക്ഷണവും കാണിക്കുന്നില്ല. നിങ്ങളിപ്പോഴെന്താണ് ചെയ്യുന്നത്? എന്തുമേതും എതിർക്കുക, സഭാസമ്മേളനത്തിൽ ഒരു പ്രമേയം കൊണ്ടുവരുമ്പോൾ അതിന് യോജിപ്പുവേണ്ടേ? ഒരു സഭാസമ്മേളനത്തിൽ പ്രമേയം അവതരിപ്പിക്കുമ്പോൾ, നയപ്രഖ്യാപനം നടത്തുമ്പോൾ അതിനകത്ത് വിയോജിക്കാം. ഞാൻ നിങ്ങളുടെ വിയോജനക്കുറിപ്പ് വായിച്ചു. പക്ഷേ, ആ വിയോജനക്കുറിപ്പുകൾക്കകത്തും നിങ്ങൾ അപവാദങ്ങളും അസത്യങ്ങളുമാണ് പ്രചരിപ്പിച്ചത്. നിങ്ങൾ വർഗ്ഗീയശക്തികളോട് സഖ്യത്തിൽ ഏർപ്പെടുന്നു. ഹിന്ദു വർഗ്ഗീയത മാത്രമല്ല, ജമാ അത്തെ ഇസ്ലാമി ഇല്ലേ?ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സഭയിൽ ഇരിക്കുന്നുണ്ടല്ലോ; ആരാണ് സഖ്യം ഉണ്ടാക്കിയത്? ഈ രാജ്യത്ത് ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുന്ന ജമാ അത്തെ ഇസ്ലാമിയുമായി സഖ്യമുണ്ടാക്കിയത് ആരാണ്; പറയണ്ടേ? ചരിത്രയാഥാർത്ഥ്യങ്ങൾ നിഷേധിക്കരുത്; നിങ്ങൾ ഒരേസമയം ജമാ അത്തെ ഇസ്ലാമിയെയും മറുഭാഗത്ത്

ആർ.എസ്.എസിനെയും കൂട്ടുപിടിച്ച് ഇടതുപക്ഷത്തെ പരാജയപ്പെടുത്താൻ സാധിക്കുമോയെന്ന് ശ്രമിച്ചു. ഞങ്ങൾ ഒറ്റയ്ക്കാണ്, കല്ല്, കരട്, കാഞ്ഞിരക്കുറ്റി മുതൽ മുള്ള്, മുരട്, മൂർഖൻപാമ്പുവരെ നിങ്ങളുടെ കൂടെയാണ്. ജാതി-മത സാമുദായിക ശക്തികൾ, കോർപ്പറേറ്റ് മാധ്യമങ്ങൾ, കേന്ദ്ര അന്വേഷണ ഏജൻസികൾ എല്ലാം ചേർന്ന് കുലുക്കിയില്ലേ ഞങ്ങളെ; ഞങ്ങൾ കുലുങ്ങിയോ? നിങ്ങൾ കുലുങ്ങിയാലും ഈ ഗവൺമെന്റ് കുലുങ്ങില്ല. നിങ്ങൾക്ക് ഇടതുപക്ഷത്തെ കുലുക്കാൻ സാധിക്കില്ല. കാരണം, ഇടതുപക്ഷം ജനങ്ങളുടെ ഹൃദയപക്ഷമാണ്. ജനങ്ങളെ സ്നേഹിക്കുന്ന മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. കിറ്റ്, ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ ലഭിച്ച ജനങ്ങളുണ്ട്. അവരുടെ ഹൃദയമിടിപ്പ് മനസ്സിലാക്കിയ സർക്കാരാണിത്. അതുകൊണ്ടാണ് ഞങ്ങൾക്ക് ഭരണത്തുടർച്ചയുണ്ടായത്. നിങ്ങൾ എന്തെല്ലാം പ്രചരിപ്പിച്ചു. നിങ്ങളിൽ പലരും മന്ത്രിമാരാകാൻ തീരുമാനിച്ചല്ലോ, വകുപ്പ് വീതം വച്ചല്ലോ? കൗണ്ടിംഗിനും തെരഞ്ഞെടുപ്പിനുംശേഷം ഒരു ഗ്യാപ്പുണ്ടായിരുന്നു, ആർക്കൊക്കെ, ഏതൊക്കെ വകുപ്പ് എന്നതായിരുന്നു ചർച്ച. പാണക്കാട് പോയി, വകുപ്പ് വീതംവച്ചു, കെ.പി.സി.സി. ആസ്ഥാനത്ത് വകുപ്പ് വീതം വച്ചു. എന്നിട്ട് ഒടുവിൽ എന്തായി? നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, ഞാൻ ഇപ്പോഴും പറയുന്നു, കോൺഗ്രസ് തകരരുത്. അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ് ശക്തിപ്പെടണം. പക്ഷേ, നിങ്ങൾ മതനിരപേക്ഷതയിൽ ഉറച്ചുനിൽക്കണം. നിങ്ങൾ ജനാധിപത്യത്തിന്റെ കാവലാളാകണം. പകരം നിങ്ങൾ ദുഷിപ്പിന്റെ രാഷ്ട്രീയക്കാരായി മാറരുത്. നിങ്ങൾ ഫിത്ന പറച്ചിലുകാരായി മാറരുത്, മറിച്ച് സത്യസന്ധമായ രാഷ്ട്രീയം ആര് ഉയർത്തിപ്പിടിച്ചാലും ആ രാഷ്ട്രീയത്തിന്റെ കൂടെ അണിനിരക്കാൻ കോൺഗ്രസ് തയ്യാറാകണം. നിർഭാഗ്യവശാൽ അത് സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ വളരെ പ്രതീക്ഷയോടെ സഭയ്ക്കകത്തുവന്നു. ഈ നിയമസഭാ സമ്മേളനം തുടങ്ങിയപ്പോൾ നിരാശയുണ്ടായിരുന്നു. കാരണം, നിങ്ങൾ കൺസ്ട്രക്റ്റീവല്ല, ഡിസ്ട്രക്റ്റീവാണ്. നിങ്ങൾ ഇടതുപക്ഷത്തിന്റെ കുറ്റം പറയുന്നവരായി മാറുന്നു. നിങ്ങൾ കുറ്റം പറച്ചിലിനപ്പുറത്ത് ക്രിയാത്മക വിമർശനം ഉന്നയിച്ചാൽ അത് ഉൾക്കൊള്ളാനുള്ള വിശാലമനസ് ഇടതുപക്ഷത്തിനുണ്ട് എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.44-ന് പിരിഞ്ഞു.)